KOTTAYAM PUBLIC LIBRARY

Call No. 910 Acc. No. 34416

Author: പൊലക്കുന്നത്തുപിള്ള . ഒ. കെ

Title: കിഴക്കേ പാകിസ്ഥാനിൽ

1199

# കിഴക്കേ പാകിസ്ഥാനിൽ

make it smile
and keep always everyone
happy

SAHITHYA PRAVARTHAKA CO-OP. SOCIETY LTD.
KOTTAYAM

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണ**
**സംഘം ലിമിററഡ്**

# KIZHAKKE PAKISTHANIL

(TRAVELOGUE)

BY

A. K. BALAKRISHNA PILLAI

First Impression April 1955

RIGHTS RESERVED

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

---

NATIONAL BOOKSTALL

POST BOX 40, KOTTAYAM

Rs. 2—0—0

# കിഴക്കേ പാകിസ്ഥാനിൽ

(യാത്രാവിവരണം)

34416

ഗ്രന്ഥകത്താവു്

എ. കെ. ബാലകൃഷ്ണപിള്ള

KOTTAYAM PUBLIC LIBRARY
KOTTAYAM.

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽ ബസാർ കോട്ടയം

വില 2 ക.

## ഏ. കെ. ബാലകൃഷ്ണപിള്ളയുടെ

### കൃതികൾ

| | |
|---|---|
| മണ്ണിൻെറ മക്കൾ | (കഥകൾ) |
| സ്നേഹവും സൗന്ദര്യവും | ,, |
| ജയിച്ചുവരും!— | ,, |
| വിവാഹം | (നോവൽ) |
| കിഴക്കേ പാകിസ്ഥാനിൽ | (യാത്രാവിവരണം) |
| സൗന്ദര്യഭൂമിയിലെ ജനത | ,, |

M910
Bal-K

Printed at Kalakeralam Press, Kottayam, Copies 1000.

# മുഖവുര

'മതം അപകടത്തിൽ!—' അവർ പെരുമ്പറയടിച്ചു—

മനുഷ്യർ കൂട്ടമായിനിന്നു പരസ്പരം വെട്ടി—പുരുഷൻെറ കർമ്മശക്തിയുള്ള ചങ്കിൽനിന്നും സ്ത്രീയുടെ സൃഷ്ടിശക്തിയുള്ള മാറിൽനിന്നും രക്തം ഒഴുകി.

ആ രക്തം ഇന്ത്യയെ രണ്ടായി പിളന്നു. ആ പിളപ്പിൽ കോടാനുകോടി ഞരമ്പുകൾ നീചമായി മുറിഞ്ഞുപോയി. ചിരകാലചൈതന്യമുള്ള മനുഷ്യബന്ധം ശിഥിലമായിപ്പോയി.

വെറുപ്പ്'!—ഇന്ത്യയിലെ 'വിശുദ്ധ'ഹിന്ദുക്കളും, പാകിസ്ഥാനിലെ 'വിശുദ്ധ' മുസ്ലീംങ്ങളും വെറുപ്പു വളത്തി. രണ്ടു രാഷ്ട്രങ്ങളും ഒരു മണ്ണിൽ നിന്നു. രണ്ടു രാഷ്ട്രങ്ങളും ഒരു വെള്ളത്തിൽ നനഞ്ഞു. എന്നാൽ അവയ്ക്കിടയ്ക്കു് ബീഭത്സകമായ ഒരു ഉരുക്കുമറ ഉയന്നുവന്നു!—

ഭീകരത!

ആളുകൾ ഭീതിയോടെ പാകിസ്ഥാനിലേയ്ക്കു നോക്കി—ബീഭത്സകമായ ആ ഉരുക്കുമറയെ നോക്കി രാഷ്ട്രീയപ്രവത്തകരും ബുദ്ധിജീവികളുമെല്ലാം മന്ത്രിച്ചു,—ഹൃദയഭേദകമായി മന്ത്രിച്ചു,—'ഭീകരത!—'

മനുഷ്യത്വം വിറങ്ങലിച്ചുനിന്നു!

അവർ മനുഷ്യരല്ലേ?—എൻെറ ചിത്തമാകെ തേക്കംകൊണ്ടു—അവർ കട്ടവാകളും കഴുത്തറപ്പുകാരും കന്യകകളുടെ നാഭി പിളക്കുന്നവരും മാത്രമാണോ?—

അവിടെ മർദ്ദനം, മുസ്ലീംങ്ങൾ ഹിന്ദുക്കളെ ആയിരിക്കട്ടെ, ഹിന്ദുക്കൾ മുസ്ലീംങ്ങളെ ആയിരിക്കട്ടെ, എനിക്ക് ഏററവും പ്രധാനം ഒരേഒരു കാര്യം മാത്രമാണ്—അവിട്ടത്തെ മനുഷ്യരും മനുഷ്യബന്ധവും!—പ്രകൃതിസുന്ദരമായ ഈ ഭൂമിയിലെ മനുഷ്യബന്ധം!—അഗാധമായ നദികളും വിശാലമായ കൃഷിഭൂമികളും അവയ്ക്കിടയിൽ വീട്ടുകളും തിങ്ങിയ പൂർവ്വപാകിസ്ഥാനിലെ മനുഷ്യബന്ധം!—

അവിട്ടത്തെ മനുഷ്യബന്ധം കണ്ടെത്താൻ ഞാൻ പോയി. ഞാൻ ആ ഉരുക്കമറ കടന്നു—

പാൽക്കുളങ്ങര<br>തിരുവനന്തപുരം } ഏ. കെ. ബാലകൃഷ്ണപിള്ള




കിഴക്കെ പാകിസ്ഥാൻ യാത്രയുടെ ചിത്രം.

# 1

## പാകിസ്ഥാൻ ഡെപ്യൂട്ടി ഹൈക്കമ്മീഷണർ ഓഫീസിൽ

എന്നെ ഹാർദ്ദവമായി അദ്ദേഹം സ്വീകരിച്ചു,- കൽക്കട്ടയിൽ പാകിസ്ഥാൻ ഡെപ്യൂട്ടി ഹൈക്കമ്മീഷണർ ഓഫീസ്സിലെ ഒന്നാംസെക്രട്ടറി. ഞങ്ങൾ തമ്മിൽ ലഘുവായ ഒരു സംഭാഷണം നടന്നു. അദ്ദേഹം ചോദിച്ചു,—എന്തിനു പൂർവ്വപാകിസ്ഥാനിൽ പോകുന്നു?—എന്നു പുറപ്പെടും? എത്ര ദിവസം അവിടെ സഞ്ചരിക്കും?—അവിടെ സ്നേഹിതരുണ്ടോ?—ഇന്ത്യയിൽ എവിടെയെല്ലാം പോയിട്ടാണു് വരുന്നതു്?

എൻെറ മറുപടി കേട്ട ശേഷം അദ്ദേഹം ഉല്ലാസത്തോടെ പറഞ്ഞു:—

"പാലും തേനും ഒഴുകുന്ന ഒരു രാജ്യം നിങ്ങൾ അവിടെ കാണും." ഞാൻ കസേരയിൽ നിന്നും എഴുന്നേൽക്കുമ്പോൾ അദ്ദേഹം തുടർന്നു:—

"അവിടുത്തെ ഹിന്ദുക്കളുടെ സ്ഥിതിഗതികൾ കൂടി ഒന്നു മനസ്സിലാക്കണം."

അദ്ദേഹം എന്നെ മററുദ്യോഗസ്ഥരുടെ. അടുക്കലേക്കയച്ചു. തൊട്ടടുത്ത വിശാലമായ ഒരു മുറിയിൽ അടുത്തടുത്ത മേശകൾക്കു മുമ്പിലായ് അവർ ഇരുന്നു. രണ്ടാംസെക്രട്ടറി!—എനിയ്ക്കാവശ്യമുള്ള വിവരങ്ങൾ ലഭിക്കുന്നതിനെന്നോണം, അദ്ദേഹവും സൗമ്യതയിലാണു സംസാരിച്ചതു്. എല്ലാ ഉദ്യോഗസ്ഥരും ഒന്നാംസെക്രട്ടറിയുടെ ചോദ്യങ്ങൾ എന്നോടാവർത്തിച്ചു. അടുത്തതായി പാസ്സ്പോർട്ട് ഓഫീസ്സർ! —കുറഞ്ഞ പൊക്കം. ഇരുണ്ട നിറം. ഞങ്ങൾ സംസാരിക്കുമ്പോൾ ഇടയ്ക്കിടയ്ക്കു് അദ്ദേഹം എന്നെ നോക്കിയെങ്കിലും, അധികവും തല കുനിച്ചു് മേശപ്പുറത്തിരുന്ന കടലാസ്സുകളിലേയ്ക്കാണു നോക്കിയതു്.

"നിങ്ങൾ എന്തിനാണു് പൂർവ്വപാകിസ്ഥാനിൽ പോകുന്നതു്?—അവിടെ ചരിത്രസ്മാരകങ്ങൾ ഇല്ല. കാശ്മീരം പോലെ ഭംഗിയില്ല. നിങ്ങൾക്കു താല്പര്യം നല്കുന്നതായി ഒന്നും ഇല്ല."—അദ്ദേഹം ഇടറിയ ശബ്ദത്തിൽ എന്നോടു പറഞ്ഞു.

ഞാൻ പറഞ്ഞു:-

"അവിടെ ജനങ്ങളുണ്ടു്. എനിയ്ക്കു് ആ സ്ഥലവും ഭൂപ്രകൃതിയും കണ്ടുകൂടേ! സാഹിത്യകാരൻ എന്ന നിലയിൽ ഞാൻ അത്രമാത്രമാണു് ഉദ്ദേശിക്കുന്നതു്."

തൻെറ മനസ്സ് ഒരു പ്രശ്നത്തിൽ വീണതുപോലെ അദ്ദേഹം പറഞ്ഞു:-

"നിങ്ങൾ എന്തിനാണു് അവിടെ പോകുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല."

"തിരുവിതാംകൂറിൽ നിന്നും ഉത്തരേന്ത്യയിലേ

ക്കും പൂർവ്വേന്ത്യയിലേക്കും വന്നതുപോലെതന്നെ. ഇന്ത്യ മുഴുവൻ കാണുവാനുള്ള ശ്രമത്തിൽ, അടുത്ത കാലം വരെ ഇന്ത്യയുടെ ഒരു ഭാഗമായിരുന്ന പാകിസ്ഥാനും കാണണമെന്നു വിചാരിച്ചു"

"അവിടെ എത്ര ദിവസം താമസിക്കാൻ പോകുന്നു?"

"ഏഴോ എട്ടോ-ചിലപ്പോൾ ഏതാനും ദിവസങ്ങൾ കൂടിയേക്കാം."

അദ്ദേഹം സംശയദൃഷ്ടികളോടെഎന്നെനോക്കി.

ഞാൻ കാര്യത്തിലേക്കു കടന്നു.

"എന്റെ യാത്രയ്ക്കു് ഒരു രൂപം നൽകുന്നതിനു് എനിക്കു ചില വിവരങ്ങൾ അറിയണം. പാകിസ്ഥാനിൽ കടന്നാൽ ഗോലന്തുഘാട്ടു് വഴിക്കാണു ഞാൻ ഡാക്കായിലേക്കു പോകുന്നതെങ്കിൽ കാളേജുള്ള ആദ്യത്തെ സ്റ്റേഷൻ ഏതാണു്?-അല്ലെങ്കിൽ ഹൈസ്കൂൾ ആയാലും മതി. അവിടെ ഇംഗ്ലീഷ് അറിയാവുന്ന ആളുകളെ എനിക്കു സഹായത്തിനു കിട്ടും."

അദ്ദേഹം മിണ്ടാതിരുന്നു. നിശ്ശബ്ദതയിൽ നിന്നും ഉണർത്താൻ ഞാൻ ചോദിച്ചു.

"പാകിസ്ഥാനിൽ കടന്നാൽ ആദ്യത്തെ റയിൽവേസ്റ്റേഷൻ 'ദർശന'യല്ലേ. അവിടെ ഹൈസ്കൂളുണ്ടോ?"

അദ്ദേഹം കയ്യിൽ പിടിച്ചിരുന്ന കടലാസ്സിലേയ്ക്കു നോക്കിപ്പറഞ്ഞു:-

"എനിക്കറിഞ്ഞുകൂടാ,-അവിടെ ഹൈസ്കൂൾ ഉണ്ടോ ഇല്ലയോ എന്നു്."

"എന്നാൽ എവിടെയാണു് ഉള്ളതെന്നു പറയൂ."

അദ്ദേഹത്തിൻെറ നിയന്ത്രണം വിട്ടുപോയി. അദ്ദേഹം പറഞ്ഞു:-

"നിങ്ങളുടെ പോക്കും വരവും ഒന്നും എനിക്കു മനസ്സിലാകുന്നില്ല. സ്കൂളുണ്ടോ, കാളേജുണ്ടോ, എനിയ്ക്കൊന്നും അറിഞ്ഞുകൂട. എനിയ്ക്കിനിയും ഒന്നും പറയാനില്ല. തീൎന്നു!-"

ഞാൻ എഴുന്നേററു് വീണ്ടും ഒന്നാംസെക്രട്ടറിയുടെ മുറിയിൽ പോയി. ഞാൻ പറഞ്ഞു:-

"എനിക്കു് അവർ വേണ്ട വിവരങ്ങൾ നൽകിയില്ല. അവരുടെ പെരുമാററം പ്രോത്സാഹകമല്ലായിരുന്നു." അദ്ദേഹം ഉടനെ ഇൻഫർമേഷൻ വകുപ്പിലെ ചെറുപ്പക്കാരനായ ഒരുദ്യോഗസ്ഥനെ വിളിച്ചുവരുത്തിയിട്ടു് അദ്ദേഹത്തോടു്, എനിയ്ക്കാവശ്യമുള്ള വിവരങ്ങൾ നൽകാൻ പറഞ്ഞു.

ഞങ്ങൾ കെട്ടിടത്തിൻെറ മുഖമുറിയിൽ ഇരുന്നു. വെളിയിലേയ്ക്കു് വലിയ വാതലുകൾകൊണ്ടു് വെളിച്ചം നിറഞ്ഞ ഒരു വലിയ മുറി ആയിരുന്നു അതു്.

മുറിയുടെ മദ്ധ്യത്തിലായി ഒരു വലിയ നീണ്ട മേശ കിടന്നിരുന്നു. സന്ദർശകർ അധികവും മുസ്ലിങ്ങൾ, ആ മേശയ്ക്കു ചുററുമായ് ആവശ്യം സാധിച്ചു കിട്ടുന്നതു കാത്തിരുന്നു. പലരും അഭയാൎത്ഥികൾ ആയിരുന്നു. ചിലർ മേശപ്പുറത്തു കിടന്ന പാകിസ്ഥാൻ പത്രങ്ങൾ നോക്കി. ചിലർ ദുഃഖത്തിൻെറ അലകളിൽപെട്ടുഴന്നു. ചിലർ മേശയിൽ തലചായ്ച്ചുകിടന്നുറങ്ങി.

മുറിയുടെ ഒരററത്തു് സന്ദർശകരെ സ്വീകരിയ്ക്കാനുള്ള ചെറുപ്പക്കാരൻ ഇരുന്നു. സന്ദർശകരുടെ പേരും വിവരവും അദ്ദേഹം രജിസ്റ്ററിൽ എഴുതി. അവക്കു കൂടിക്കാഴ്ച്ചയ്ക്കു സൌകര്യം ചോദിച്ചുകൊണ്ടു അദ്ദേഹം ഉദ്യോഗസ്ഥരോട്ടു് ഫോണിൽ സംസാരിച്ചു. ഉദ്യോഗസ്ഥരെ കാണാനുള്ള ചിററു് എഴുതിക്കൊടുത്തു് ശിപായിയുടെ കൂടെ ആളുകളെ അകത്തേയ്ക്കയച്ചു.

ഞാനും എന്നെ സഹായിക്കാൻ എത്തിയ ചെറുപ്പക്കാരനും ആ മേശയുടെ അരികിലെ രണ്ടു കസേരകളിൽ ഇരുന്നു. അദ്ദേഹം കിഴക്കൻബംഗാളിനെപ്പററി എനിക്കറിയേണ്ട വിവരങ്ങൾ നൽകിക്കൊണ്ടു് പടവും ലഘുഗ്രന്ഥങ്ങളും എന്നെ കാണിച്ചു. ഒരു കോളേജുള്ളതുകൊണ്ടു് ആദ്യം 'കുഷ്ടിയാ' എന്ന കൊച്ചു പട്ടണത്തിലിറങ്ങാൻ ഞാൻ നിശ്ചയിച്ചു.

## 2

## ജനങ്ങളെ കാണാൻ

എൻെറ ഹൃദയത്തെ ദുഃഖകഥകൾകൊണ്ടു് ഇള ക്കിമറിച്ച രണ്ടു കേന്ദ്രങ്ങൾ ഉണ്ടു്, ബോംബെയിലെ യും പൂനായിലേയും അഭയാർത്ഥിക്യാമ്പുകൾ.

ടാററാനഗറിൽ നിന്നും കൽക്കട്ടായിലേയ്ക്കുള്ള യാത്രയിൽ ഞാൻ അവളെ കണ്ടെത്തി-ചൈതന്യമു ള്ള ഒരു യുവതി. അവളുടെ ചിററപ്പനും കൂടെ ഉണ്ടാ യിരുന്നു. 1948-ൽ അവർ പൂർവ്വബംഗാളിലെ സിൽ ഹററിൽ നിന്നും രക്ഷപ്പെട്ടതാണു്. അവളുടെ ഒരു സഹോദരിയേയും അമ്മയേയും വർഗ്ഗീയലഹള കൊന്നു.

ഞാൻ ചോദിച്ചു:-

"ഇപ്പോൾ ലഹളയില്ലല്ലോ. നിങ്ങൾ മടങ്ങി പ്പോകുന്നില്ലേ!-"

കൺപീലി ഉയർത്തി, തലയിളക്കി അസ്വസ്ഥത യോടെ അവൾ പറഞ്ഞു-

"ഇല്ല. ഞാൻ ഒരിക്കലും പോകുന്നില്ല. എനി ക്കവിടെ പോകണമെന്നേയില്ല."

അവളുടെ ദൈന്യമായ ആ മുഖഭാവം ഞാൻ സ്മരിക്കുന്നു.

"ആ രാത്രി ഞാൻ മറക്കുകയില്ല." അവൾ പ റഞ്ഞു. "തീവെട്ടി, പന്തങ്ങളും കൊലയും വിളിയും...

എനിയ്ക്ക് ഇനിയും അവരുടെ മുഖത്തു നോക്കാൻ കഴിയുകയില്ല."

"നിങ്ങൾ അവരെ വെറുക്കുന്നുണ്ടോ?" അവളുടെ ചിത്തത്തിലേക്ക് ഒന്ന് എത്തിനോക്കാൻ എന്നോണം ഞാൻ ചോദിച്ചു.

അവൾ ഒരു നിമിഷം നിശ്ശബ്ദമായിരുന്നു. അവൾ പറഞ്ഞു:-

"ഞാൻ ക്രൂരതയെ വെറുക്കുന്നു."

അവൾ മടങ്ങിപ്പോകാൻ ഞാൻ ആഗ്രഹിച്ചു. പ്രകൃതിരമണീയമായ സിൽഹററിൽ, അവൾക്കു മുമ്പ് അനവധി തലമുറകളായി ബന്ധപ്പെട്ടിട്ടുള്ള ആ വീട്ടിലേയ്ക്ക്. അവളുടെ കുടുംബത്തിന്റെ പഴയ എല്ലാ സുഹൃത്തുക്കളും സഹകാരികളും അവളെ സ്നേഹപൂർവ്വം സ്വീകരിക്കുന്ന, ഹൃദയം കുളർപ്പിക്കുന്ന ആ കാഴ്ച എന്റെ ഭാവനയിൽ ഞാൻ കാണുന്നു. മനുഷ്യത്വത്തെ മാനിക്കുന്ന വിലപ്പെട്ട ആ കാലം ഉണ്ടാവില്ലേ!

അവൾ നിശ്ശബ്ദമായി ഇരുന്നപ്പോൾ, ഞാൻ ചിന്താമഗ്നനായി. ഈ പെൺകുട്ടിയെപ്പോലെ പശ്ചിമബംഗാളിനേയും വീക്ഷിയ്ക്കുന്ന ആളുകൾ പൂർവ്വബംഗാളിലും ഉണ്ടാകും!

ഞാൻ കൽക്കട്ടായിൽ എത്തി. യാതനയിൽ വിങ്ങിപ്പൊട്ടുന്ന മനുഷ്യവർഗ്ഗത്തെ ഞാൻ അവിടെ കണ്ടു. കൽക്കട്ടായിലെ തെരുവീഥികളിൽ ഇന്ത്യയുടെ ഹൃദയം തേങ്ങുന്നു!-

എവിടെ നോക്കിയാലും അഭയാർത്ഥികൾ. ആദ്യത്തെ വർഗ്ഗീയലഹള മുതൽ പശ്ചിമബംഗാളിലേയ്ക്കു പ്രവഹിച്ചുകൊണ്ടിരുന്നവർ. ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നവർ. ലക്ഷക്കണക്കിനവർ ഉണ്ടു്!

എങ്ങും ഞാൻ അവരെ കണ്ടു,-വീഥിവക്കിലെ നടപ്പാതയിലെ തുണിക്കടകളിൽ, ബസ് കൺഡക്ടറിൽ, യൂണിവേഴ്സിററി കാളേജിലെ വിദ്യാർത്ഥികളിൽ, ഡൽഹൌസിയിലെ ക്ലാർക്കിൽ. ഒന്നോ രണ്ടോ ഉറുപ്പികയ്ക്കു മാത്രമായ് ഒരു രാത്രി മുഴുവൻ സ്വയം അർപ്പിക്കുവാൻ, സായാഹ്നത്തിൽ എസ്പ്ലനേഡിലും, ധരംതല തെരുവിലും ആൾ തേടി നടക്കുന്ന യുവതികളിൽ. പ്രായമായ മകളുമായ് അഭയം തേടി വലയുന്ന കാളിഘട്ട് സത്രത്തിലെ അമ്മയിൽ.

ഈ മനുഷ്യർ തങ്ങൾ ജനിക്കുകയും സ്നേഹിക്കുകയും ചെയ്ത ചുററുപാടുകളിൽ നിന്നു പറിച്ചെറിയപ്പെട്ടവരാണു്.

വസ്ത്രങ്ങളിലും ആചാരങ്ങളിലും അവക്ക് അന്തരമില്ലായിരുന്നു. ഹിന്ദുക്കളും മുസ്ലിങ്ങളും പരസ്പരം ആഘോഷങ്ങളിൽ പങ്കെടുത്തു അവരിൽ നിന്നും പൊതുവായി നാടോടിപ്പാട്ടുകൾ ഉണ്ടായി. മതത്തിൻെറ പേരു മാത്രം അവരെ അകററി. പള്ളിയുടെയും ക്ഷേത്രത്തിൻെറയും പേരിൽ മാത്രം അവർ അകന്നു.

സുഹൃത്പത്നിയുടെ കഴുത്തു ഞെരിച്ചു. മകളുടെ ആത്മസഖിയെ നീചമായി [redacted] ചെയ്തു. വൃദ്ധരുടേയും കുഞ്ഞുങ്ങളുടേയും കഴുത്തറുത്തു.



പാകിസ്ഥാൻ വനിതാ നാഷണൽ ഗാർഡുകൾ പരേഡു നടത്തുന്നു



പൂർവ്വബംഗാൾനദിയിലെ ഒരു ചരക്കുവള്ളം

പശ്ചിമബംഗാളും പൂർവ്വബംഗാളും തമ്മിൽ അകലമില്ല. മനുഷ്യന്റെ മനസ്സിൽ നിന്നും വീണതല്ലാതെ അതിർത്തിയില്ല എങ്കിലും, ഇരുഭാഗത്തേയും ജനങ്ങൾ പരസ്പരം ഭയാശങ്കകളോടെ നോക്കുന്നു!-

കൽക്കട്ടായിൽ എന്നോടു പറഞ്ഞു, പാകിസ്ഥാനിലേയ്ക്കു പോകുന്ന അധികം ഹിന്ദുക്കളേയും ചാരമുദ്ര അടിച്ചു അറസ്റ്റു ചെയ്യുന്നുവെന്ന്-അവർ പത്രവാർത്തകൾ കാണിച്ചു പാകിസ്ഥാനിൽ നിന്നും വരുന്നവർ പറഞ്ഞു; അവിടെ അവശേഷിച്ചിട്ടുള്ള ഹിന്ദുക്കളെ കള്ളക്കേസ്സിൽ അറസ്റ്റു ചെയ്തു മർദ്ദിക്കുന്നുവെന്ന്. ഇന്ത്യയിലെ പ്രമുഖ പത്രങ്ങളിൽ ഞാൻ ഒരു വാർത്ത വായിച്ചു. മനുഷ്യത്വത്തിന്റെ നേരിയ അംശംവരെ ഞെട്ടിയ്ക്കുന്ന വാർത്ത—

പൂർവ്വബംഗാളിൽ ഒരദ്ധ്യാപികയെ അറസ്റ്റു ചെയ്തു. ലോക്കപ്പിൽ വച്ചു [redacted] ചെയ്തു മോഹാലസ്യപ്പെടുത്തി. അവരുടെ [redacted], സ്ത്രീത്വത്തിൽ, അതിനീചമായ പീഡനകൾ ചെയ്തു. തന്റെ ആ കടുത്ത അനുഭവങ്ങൾ ആ മഹതി കോടതിയിൽ പരസ്യമായി പ്രസ്താവിച്ചു. ബ്ലിററ്സും ക്രോസ്സ്റോഡ്സും ഉൾപ്പടെ ഇന്ത്യയിലെ പ്രമുഖപത്രങ്ങൾ ആ പ്രസ്താവന പ്രസിദ്ധപ്പെടുത്തി....

എനിക്കു പാകിസ്ഥാൻ കാണണമായിരുന്നു. അധികാരികളുടേതല്ല, സാധാരണ ജനങ്ങളുടേതു്. എനിക്കു ലഭിക്കുന്നിടത്തോളം ചുരുങ്ങിയ സമയത്തിനുള്ളിൽ, ഏററവും കൂടുതൽ സ്ഥലങ്ങളിൽ എത്തി, ഏററവും അധികം ആളുകളെ കാണാൻ ഞാൻ തക്കം കൊണ്ടു!—

# 3

## അതിർത്തി കടന്നു

1951 ഫെബ്രുവരി 23-ാനം- വെളുപ്പിനെ ഞാൻ എഴുന്നേററു. ടോളിഗഞ്ചിനടുത്ത രജനിസൻ റോഡിലെ എൻെറ ആതിഥേയനായ ശ്രീ. ടി. കെ. വാര്യരുടെ വസതിയിൽ നിന്നും അതിരാവിലെ ഞാൻ ഇറങ്ങി.

എൻെറ ഇടതുകക്ഷത്തിൽ, ഒരു വിരിപ്പും പുതപ്പും തലയിണയും മാത്രം ഉൾപ്പെട്ട ഒരു കിടക്കച്ചുരുൾ ഉണ്ടായിരുന്നു. വലതുകയ്യിൽ എൻെറ വസ്ത്രങ്ങൾ അടങ്ങിയ തുകൽസഞ്ചിയും.

റസ്സാറോഡിൽ നിന്നും എസ്പ്ലനേഡിലേക്ക് എനിക്കു പെട്ടെന്നു ട്രാംവണ്ടി കിട്ടി. എസ്പ്ലനേഡിൽ നിന്നും സിയാൽഡാ റയിൽവേസ്റ്റേഷനിലേക്കുള്ള അടുത്ത ട്രാമിനും കാത്തു നിൽക്കേണ്ടി വന്നില്ല. പ്രഭാതത്തിലെ കുളിർക്കാററിൽ തഴുകി ട്രാംവണ്ടി മെല്ലെ മെല്ലെ നീങ്ങി.

കല്ക്കട്ടായിൽ എനിക്കു പരിചയപ്പെട്ടുവാൻ കഴിഞ്ഞ സുഹൃത്തുക്കൾ പറഞ്ഞു:-

'പാകിസ്ഥാനിൽ ആരോടും ഭരണപരമായോ രാഷ്ട്രീയമായോ സംസാരിക്കരുത്', ആരോടും ഒന്നിനെപ്പററിയും വാദിക്കരുത്."

പൂർവ്വപാകിസ്ഥാനിൽ ആരുമായി തന്നേയും കത്തുമുഖേനയോ കമ്പിമുഖേനയോ, ബന്ധം പ്രാപിയ്ക്കുവാൻ എനിക്ക കഴിഞ്ഞില്ല. മുമ്പ് എപ്പോഴത്തേയുംപോലെ എൻെറ ഹൃദയത്തിൽ പ്രതീക്ഷയും ഉത്സാഹവും നിറകവിഞ്ഞുനിന്നു.

പത്തു മിനിററേ ഉണ്ടായിരുന്നൊള്ളു,—ഞാൻ പെട്ടെന്ന് ടിക്കററെടുത്ത് ട്രെയിനിൽ കയറി. എന്നെ പാകിസ്ഥാനിലേയ്ക്കു കൊണ്ടുപോകുന്ന ട്രെയിൻ!–

അവസാനം മണി അടിച്ചു. എഞ്ചിൻ കുഴൽ ഊതി. ട്രെയിൻ നീങ്ങി. ഞാൻ ഇരുന്നതു് ഏററവും പിന്നിലുള്ള മൂന്നാംക്ലാസ്സ് വണ്ടിയിൽ ആയിരുന്നു. ചിററഗാംങ്ങ് മെയിൽ ആയതുകൊണ്ട് ട്രെയിൻ നിറയെ ആളുകളുണ്ടായിരുന്നു.

ദീർഘയാത്രക്കാർ സാമാനങ്ങൾ വയ്ക്കുന്ന തട്ടുകളിൽ, ചായാനും ഉറങ്ങാനും സ്ഥലം പിടിച്ചു. വാതിലിനു നേരെയുള്ള ഒരു തട്ടിൽ ധോത്തി താറുടുത്ത് ബനിയനും ഇട്ട് തടിച്ച ഒരാളിരുന്നു. വണ്ടിയിൽ ഇരുന്ന എല്ലാവരേയും മാറി മാറി അയാൾ തുറിച്ചുനോക്കി. യാത്രക്കാരിൽ നല്ല ഒരു പങ്ക്, മടങ്ങി നാട്ടിലേയ്ക്കു പോകുന്ന ഹിന്ദു അഭയാർത്ഥികൾ ആയിരുന്നു

പാകിസ്ഥാനിൽ നിന്നും വരുന്ന വണ്ടികളിൽ പശ്ചിമബംഗാളിലേയ്ക്ക് ധാരാളം മുസ്‌ലിം അഭയാർത്ഥികളും മടങ്ങിവന്നു. അഭയാർത്ഥികൾക്ക് തങ്ങളുടെ നാട്ടിലേയ്ക്കു സ്വതന്ത്രമായി മടങ്ങുന്നതിനുവേണ്ടി, താല്ക്കാലികമായി പെർമിററ് പിൻവലിച്ചിരിക്കുകയാണു്,

ജീവൻ ഭയന്ന് ജീവിതം കരുതി ഒന്നോ രണ്ടോ വർഷങ്ങൾക്കു മുമ്പ് വീടും നാടും ഉപേക്ഷിച്ച് ഈ പാതയിലൂടെ അവർ പാഞ്ഞുപോയതാണ്—ഞാൻ ഓരോ മുഖത്തേയ്ക്കും സൂക്ഷിച്ചുനോക്കുകയാണ്. കല്കട്ടായിലെ വീഥികളിൽ അലഞ്ഞു തിരിഞ്ഞ ശേഷം അവർ നാട്ടിലേയ്ക്കു മടങ്ങുന്നു. അവർ ചിന്താതരളിതരായിരുന്നു. നാട്ടിൽ നിന്നും ഒളിച്ചോടി പോകേണ്ടിയിരുന്ന ക്രൂരമായ അന്നത്തെ സ്ഥിതിഗതികളെപ്പററി അവർ ചിന്തിയ്ക്കുന്നുണ്ടാവും. അവർ അന്നു കണ്ട കൊള്ളയും തീവയ്പും അവരുടെ സ്മരണകളിൽ നിന്നും ഭീതിയോടെ പൊന്തിവരുന്നുണ്ടാവും.

യാത്രക്കാരിൽ ചെറുപ്പക്കാർ വളരെ ചുരുക്കമായിരുന്നു. അധികവും കർഷകരായ ഗ്രാമീണർ. താടി നരച്ച ഒരു മാന്യൻ അദ്ദേഹത്തിന്റെ ദുഃഖാത്മകമായ മുഖം കൂടെക്കൂടെ ഇളക്കി അസ്വാസ്ഥതയോടെ വെളിയിലേക്കു നോക്കി. അയാളുടെ അരികിൽ ഇരുന്ന എട്ടുവയസ്സുള്ള മകൻ പഴയ ഒരു പുസ്തകം നിവർത്ത് പടങ്ങൾ നോക്കി. ചുരുക്കമായേ അവൻ പിതാവിന്റെ മുഖത്തേയ്ക്കു നോക്കിയൊള്ളു. ആ ചിത്രങ്ങൾ അവനോടു സംസാരിയ്ക്കുംപോലെ അവൻ ശ്രദ്ധമായ് ഇരുന്നു. മുട്ടുമ്മേൽ തലതാഴ്ത്തി ഉറക്കംതൂങ്ങുന്നപോലെ മൂകമായി ഇരിയ്ക്കാൻ അവർ പലരും ഇഷ്ടപ്പെട്ടു.

എവിടുന്നെങ്കിലും ഒരു ചിരി ഉണ്ടാകുമ്പോൾ ഞാൻ ആകാംക്ഷയോടെ അങ്ങോട്ട് എത്തിനോക്കി. അത് ഒരു കുഞ്ഞിന്റെ നിർമ്മലമായ ആഹ്ലാദമാണെന്നു ഞാൻ പെട്ടെന്നു തിരിച്ചറിയുകയായി.

എൻെറ വലത്തുവശത്തിരുന്ന രണ്ടു പേർ മാത്രം പ്രസന്നരായ് സംസാരിച്ചുകൊണ്ടിരുന്നു. രണ്ടു പഴയ സുഹൃത്തുക്കൾ വളരെക്കാലംകൂടി കണ്ടുമുട്ടിയതുപോലെ. അവർ സഹയാത്രക്കാരെ കരുണമായ് വീക്ഷിച്ചു. അടുത്തിരുന്ന കുഞ്ഞുങ്ങളെ കളിപ്പിച്ചു. ഫലിതം കണ്ടു ചിരിച്ചു.

അവരിൽ ഒന്ന്, മി. കിരൺചന്ദപാൽ!-മെലിഞ്ഞു നീളം കൂടിയ ഒരു നാല്പതാംവയസ്സുകാരൻ. എൻെറ ചോദ്യത്തിന് അദ്ദേഹം ഇംഗ്ലീഷിൽ മറുപടി പറഞ്ഞു. എനിക്കു സന്തോഷമായി-യാത്രയിലെ വിവരങ്ങൾ അറിയുന്നതിനും സഹയാത്രക്കാരുമായി സംഭാഷണം ചെയ്യുന്നതിനും അദ്ദേഹം ഭാഷകൊണ്ടു സഹായിക്കും. കല്കട്ടായിൽ പോർട്ട്കമ്മീഷണർ ഓഫീസ്സിലാണ് അദ്ദേഹത്തിനു ജോലി.

അദ്ദേഹത്തിൻെറ സ്നേഹിതൻ, മി. മഹമ്മദാണ്. കച്ചവടമാണു ജോലി. കുറഞ്ഞ പൊക്കം. ഒതുങ്ങിയ ശരീരം. ശാന്തമായ മുഖഭാവം. അദ്ദേഹത്തിനു കിരൺചന്ദപാലിനേക്കാൾ പ്രായം തോന്നിക്കും. നരച്ച കുററിത്താടി രണ്ടുപേരിലും നിന്നു. അവർ ഇരുവരും അടുത്ത സുഹൃത്തുക്കളൊന്ന്!-

മി. പാൽ പറഞ്ഞു:-

"ഞങ്ങൾ നാട്ടിലേയ്ക്ക് — നവഖലിയിലേയ്ക്കു പോകുന്നു."

നവഖലി!-അവർ ഇരുവരും എന്നെ സൂക്ഷിച്ചു നോക്കി. വർഗ്ഗീയലഹളയുടെ കേളീരംഗമായിരുന്ന നവഖലി! ഇൻഡ്യയിൽ മാത്രമല്ല, ലോകത്തിലെങ്ങും

ഉള്ള ഇന്ത്യയുടെ എല്ലാമിത്രങ്ങളും ഭീതിയോടെ ശ്വാസം പിടിച്ചുകൊണ്ടു്, ഉററുനോക്കിയ നവഖലി!-മതം രക്തതാണ്ഡവം ചവുട്ടിയ ആ ഗ്രാമങ്ങളിൽ ഗാന്ധിജി കാൽനടയായി ജനങ്ങളെ കണ്ടു. നവഖലി കേൾക്കാത്തവരായി ആരുണ്ടു്!-

കൊയ്ത്തു കഴിഞ്ഞ വിശാലമായ പാടങ്ങളിലൂടെ വണ്ടി പോയി. ചിലയിടത്തു് അവിടവിടെയായി ചുററും തെങ്ങും വാഴയും ഉള്ള പുരയിടങ്ങളോടു കൂടിയ കൊച്ചുവീടുകൾ ഉണ്ടായിരുന്നു.

'ബാരക്ക്പൂർ' 'നിയാതി', രണ്ടു സ്റ്റേഷൻ കഴിഞ്ഞു.

'റാണാഘട്ട്' ജംഗ്ഷനിൽ പാകിസ്ഥാൻ നോട്ടുകൾ മാററത്തിനു കൊണ്ടുവന്നു. രണ്ടു യുവാക്കൾ കയ്യിൽ അടുക്കി പിടിച്ചു പാകിസ്ഥാൻ നോട്ടുകൾ നീട്ടി വണ്ടി അരികിലൂടെ നടന്നു് മാററത്തിനുവേണോ എന്നു ചോദിച്ചു. പാകിസ്ഥാൻ നോട്ടുകൾ ഇന്ത്യ അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ടു് നിയമാനുസൃതമായ മാററം നടപ്പില്ല. കൽക്കട്ടായിലെ മാർക്കററുകളിൽ മാററം കൊടുക്കുന്ന കച്ചവടക്കാരുണ്ടു്. ഇതു് ഇപ്പോൾ നല്ല ഒരു ബിസിനസ്സായിതീർന്നിരിക്കുന്നു. പാകിസ്ഥാൻ ഗവണ്മെൻറു നിരക്കിൽ നിന്നും വളരെ കുറച്ചു്, പാകിസ്ഥാൻ രൂപ മാററം ലഭിയ്ക്കും.

കൽക്കട്ടായിൽ ഒരു സ്നേഹിതൻെറ സഹായത്തോടെ കച്ചവടകേന്ദ്രമായ ഹാരിസൺറോഡിലെ ഒരു മാർവാടിയുടെ കടയിൽ നിന്നു എനിയ്ക്കാവശ്യമുള്ള പാക്കു നോട്ടുകൾ മാററി വാങ്ങി.

സുന്ദരമായ ഒരു കൊച്ചുനദി ചാടിക്കടന്ന് ട്രെയിൻ പോയി.

'ബാൻപൂർ' സ്റ്റേഷനിൽ ട്രയിൻ നിന്നു. ഇതു് ഇന്ത്യാ അതിർത്തിയ്ക്കുള്ളിലെ അവസാനത്തേ സ്റ്റേഷനാണ്. കൽക്കട്ടായിൽ നിന്നും ബാൻപൂരിലേക്കുള്ള ദൂരം എഴുപത്തിമൂന്നു മൈലാണ്. ഒരു പോലീസുകാരൻ യാത്രക്കാരിൽ ഓരോരുത്തരേയും അടുത്തുവന്ന് വളരെ പതുക്കെ ചോദിച്ചു:-"ഹിന്ദുവാണോ, മുസ്ലിം ആണോ?"-മറുപടി അയാൾ ബുക്കിൽ കുറിച്ചു. ഓരോ ആഴ്ചയിലും പൂർവ്വപാകിസ്ഥാനിലേയ്ക്കും ഇന്ത്യയിലേയ്ക്കും പോകുന്ന ഹിന്ദുക്കളുടേയും മുസ്ലിങ്ങളുടേയും കണക്ക് കൽക്കട്ടാ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

തുടർന്ന് കസ്റ്റംസ് അധികാരികൾ യാത്രക്കാരുടെ സാമാനങ്ങൾ പരിശോധിച്ചു. ഓരോരുത്തരുടേയും പക്കലുള്ള ഇന്ത്യനും പാകിസ്ഥാനും നാണയങ്ങളുടെ കണക്കു ചോദിച്ചു അവയ്ക്കു സാരമായ നിയന്ത്രണമുണ്ട്. ഒരു റയിൽവേ ഉദ്യോഗസ്ഥൻ വന്ന് ടിക്കറ്റുകൾ എല്ലാം വാങ്ങി. എല്ലാവരുടേയും പെരുമാറ്റം വളരെ മര്യാദ ഉള്ളതായിരുന്നു. മി. കിരൺചന്ദപാൽ എന്നോടു പറഞ്ഞു:-

"ഇപ്പോൾ ഹിന്ദുസ്ഥാൻ എഞ്ചിൻ മാറും. പാകിസ്ഥാൻ എഞ്ചിൻ വന്ന് നമ്മെ കൊണ്ടുപോകും."

എനിക്ക് എതിരായുള്ള ബഞ്ചിൽ മൂന്ന് അഭയാർത്ഥികൾ ഇരുന്നു. ഒരു വൃദ്ധൻ, അദ്ദേഹത്തിന്റെ മകളായ ഒരു യുവതി, അവളുടെ കൊച്ചുപുത്രി രണ്ടര

വയസ്സു പ്രായമുള്ള ഒരു കൊച്ചുസുന്ദരി, 'പ്രതിമ'. അവൾ അമ്മയുടെയും അപ്പൂപ്പൻെറയും മടിയിലായി കളിച്ചു. അവളുടെ അമ്മയുടെ മുഖത്തു് വിഷാദാത്മകത്വം തങ്ങിനിന്നു. അവരുടെ കണ്ണുകളിലേക്കു നോക്കുമ്പോൾ, വളരെക്കാലം മുമ്പ് അവർ കടന്നുവന്ന ഏതോ തീവ്രമായ അനുഭവങ്ങളിൽ അവരുടെ ചിന്ത തപ്പിത്തടയുകയാണെന്നു തോന്നും. അവർ ചുരുക്കമായേ സംസാരിച്ചുള്ളു. സംസാരിക്കുമ്പോൾ, അവളുടെ ശബ്ദം മണിക്കിലുക്കംപോലെ എല്ലാവരേയും ഉണർത്തി.

'പ്രതിമ'യുടെ അപ്പൂപ്പൻ അവളുടെ അച്ഛനെപ്പററി പറഞ്ഞു. അദ്ദേഹം പരിശ്രമശീലനായിരുന്നു. സ്നേഹചിത്തനായിരുന്നു. രണ്ടുകൊല്ലത്തിനു മുമ്പ് ടൈഫോയിഡ് വന്നു മരിച്ചു. മഹമ്മദും കിരൺചന്ദപാലും സശ്രദ്ധം ഇരുന്നു. അവർ മൂവരും അവളുടെ പുനർവിവാഹത്തെ സ്പർശിച്ചു. ആരോഗ്യവും ആകർഷകത്വവും ഉള്ള ആ യുവതി പറഞ്ഞു:—

"എനിയ്ക്കിനിയും വിവാഹം വേണ്ട. വേറൊരു പുരുഷന് എനിക്കിനിയും സ്നേഹം കൊടുക്കാൻ സാദ്ധ്യമല്ല."

അവളുടെ ശബ്ദം വളരെ ഹൃദയസ്പർശകമായിരുന്നു. മൺമറഞ്ഞ ആ ഭർത്താവിനുവേണ്ടി അവളുടെ ഹൃദയം കണ്ണുനീരിൽ മുങ്ങിക്കിടക്കുംപോലെ തോന്നി. ആ അമ്മ താൻ ലോകത്തുള്ള എല്ലാ സ്നേഹവും 'പ്രതിമ'യുടെ മുഖത്തു കാണുംപോലെ, അവിടേയ്ക്കു നോക്കി. പ്രതിമ വെളുത്ത അരിപ്പല്ലു വെളിവാക്കി ചിരിച്ചു, കളിച്ചു, മൂളിപ്പാട്ടു പാടി.

34416

ഈ കുടുംബവും നവഖലിയിലേയ്ക്കു പോവുകയാണു്

കിരൺചന്ദപാൽ പൊതിക്കെട്ടഴിച്ചു് ഒരു വലിയ റൊട്ടിയെടുത്തു രണ്ടായ് മുറിച്ചു. അദ്ദേഹത്തിനും മഹമ്മദിനും ആയി. രണ്ടുപേരും ഓരോ കഷണം പ്രതിമയ്ക്കു കൊടുത്തു. ആ ഹിന്ദുവിൻേറയും മുസ്ലിമിൻേറയും റൊട്ടിക്കഷണങ്ങൾ, ഏതു ജാതിക്കാരായാലും മനുഷ്യവർഗ്ഗത്തെ മുഴുവൻ സ്നേഹംകൊണ്ടു വീക്ഷിക്കുന്ന ആ കൊച്ചുകുഞ്ഞിൻെറ ഉൾക്കളത്തിൽ സമ്മേളിച്ചു. സ്നേഹിതന്മാർ രണ്ടുപേരും അവരുടെ പ്രഭാതഭക്ഷണം കഴിച്ചുതുടങ്ങി. നാട്ടിൽ ക്ഷാമം വർദ്ധിച്ചപ്പോൾ റൊട്ടിയുടെ ഗുണം കുറഞ്ഞുവെന്നു രണ്ടുപേരും പറഞ്ഞു.

'ദർശന'യാണു് ആദ്യത്തെ പാകിസ്ഥാൻ റെയിൽവേസ്റ്റേഷൻ. സ്റ്റേഷനു രണ്ടു മിനിററിനുമുമ്പു് ട്രയിൻ നിന്നു. അവിടെ വിശാലമായ ഒരു വയൽ ആണു്. വലതുവശത്തു് ഒരു കൊച്ചു തോടു കാണാം. മഹമ്മദ് ആ തോടു ചൂണ്ടിക്കാണിച്ചുകൊണ്ടു് ബംഗാളിയിൽ പറഞ്ഞു:—

"അതിനപ്പുറം പാകിസ്ഥാൻ ആണു്."

അതിർത്തിയിലെ ആ തോട്ടിലൂടെ വെള്ളം ശാന്തമായി ഒഴുകി. അവിടെ എത്തുന്ന ആൾക്കും കുളിർമ്മ നൽകാൻ കഴിവുള്ളതുപോലെ.

അതിർത്തി!–

ഈ അതിർത്തി ഒന്നു കടക്കുവാനായി കിഴക്കുനിന്നും പടിഞ്ഞാറുനിന്നുമുള്ള അഭയാർത്ഥികളുടെ ജീ

34416

വൻ കിടന്നു പിടഞ്ഞു. ഈ അതിർത്തിയിൽ എത്തുന്നതുവരെ ഓരോ നിമിഷവും അവർ ഭയാശങ്കകളോടെ വേവലാതി പൂണ്ടിരുന്നു. ഈ അതിർത്തിയിൽ എത്തുന്നവരെ അവർ എതിർ മതക്കാരിൽനിന്നും, പിടിച്ചുപറിയും പടവെട്ടും വെടിയും മാനഹാനിയും പ്രതീക്ഷിച്ചു. ഈ അതിർത്തി കടക്കുന്നതു്, ജീവനുമുഴുവനുമായ സ്വാതന്ത്ര്യം ലഭിക്കുന്ന ആശ്വാസമായ് കിഴക്കുനിന്നും പടിഞ്ഞാറുനിന്നും ഉള്ള വണ്ടികളിലെ ആളുകൾ ആശിച്ചു. ഈ അതിർത്തിയിൽ എത്തുംവരെ, റെയിൽവണ്ടികളിൽ നിന്നും രക്തം ഭൂമിയിലേക്കു് ഒഴുകി.

അതിർത്തി!–ഇവിടം എത്ര ആശയോടെയാണു് മതത്തിൻെറ ക്ഷതം ഏററ മനുഷ്യർ അന്നു വീക്ഷിച്ചതു്!–

ട്രയിൻ നീങ്ങി...

ഞാൻ അതിർത്തി കടന്നു. പാകിസ്ഥാനിലായി.

ഞാൻ തല വെളിയിലേയ്ക്കിട്ടു് സൂക്ഷ്മദൃഷ്ടിയോടെ എങ്ങും നോക്കി.

'ഹിന്ദുസ്ഥാൻ കഴിഞ്ഞു' ഒരു യാത്രക്കാരൻ പറഞ്ഞു. അവർ ആ പദത്തിന്നു് അൎത്ഥം ഉദ്ദേശിക്കുന്നതു് 'ഹിന്ദുക്കളുടെ നാടു്' എന്നാണു്. "സിന്ധുനദി ഒഴുകുന്ന നാടു്" എന്നുള്ളതു് അവരുടെ അധികാരികൾ 'ഹിന്ദുക്കളുടെ നാടു്' എന്നു ധരിപ്പിച്ചിരിക്കുന്നു.

ആ അതിർത്തിയിൽ അത്യഗാധമായ ഒരു വിശാലജലാശയം ഇരുഭാഗത്തെയും വേർതിരിക്കുംപോലെ,

ജനങ്ങളെ ധരിപ്പിച്ചിരിക്കുന്നു. ഗംഭീരമായ ഒരു കോട്ട നിൽക്കുന്നതായി ജനങ്ങളെ ധരിപ്പിച്ചിരിക്കുന്നു.

മതം ആകുന്ന ദൂഷിച്ച ജലാശയം!- മതമാകുന്ന കോട്ട!-

മനുഷ്യനു നികത്താവുന്ന ജലാശയം!- മനുഷ്യനു നശിപ്പിക്കാവുന്ന കോട്ട!-

ട്രയിൻ മെല്ലെ ദർശനയിലേക്ക് അടുക്കുമ്പോൾ കിരൺചന്ദപാൽ, നവഖലിയിലെ തൻെറ കുടുംബത്തെ വർഗ്ഗീയലഹളക്കാലത്തു് തൻെറ മുസ്ലീംമിത്രങ്ങൾ എങ്ങിനെ രക്ഷിച്ചുവെന്നു് എന്നോടു പറയുക ആയിരുന്നു!-

ദർശനയിൽ നിന്നു് എല്ലാവരും പുതിയ ടിക്കററുകൾ വാങ്ങണം. യാത്രക്കാർ ധൃതിയിൽ മടിയിൽ നിന്നും മടിശ്ശീലയിൽ നിന്നും നോട്ടുകൾ എടുത്തു. പച്ച, ചുവപ്പു്-എല്ലാററിലും ചന്ദ്രക്കലയുള്ള നോട്ടുകൾ, കള്ളനോട്ടുകൾ ധാരാളം പ്രചരിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഞാൻ രണ്ടു നോട്ടു കൊണ്ടുപോകണമെന്നു് എന്നെ ഓർമ്മപ്പെടുത്തി.

വണ്ടിയിൽ നിന്നും ഞാൻ ഇറങ്ങുമ്പോൾ റയിൽവേഓവർബ്രിഡ്ജിൻെറ മുകളിലായ് വലിയ പാകിസ്ഥാൻ പച്ചക്കൊടി പാളിപറക്കുന്നതു കണ്ടു.

ഒരു കൊച്ചുറയിൽവേസ്റ്റേഷൻ!- പാകിസ്ഥാനിൽ നിന്നു വരുന്നവരും പാകിസ്ഥാനിലേക്കു പോകുന്നവരും ആയ എല്ലാ ആളുകൾക്കും ടിക്കററു കൊടുക്കേണ്ട പ്രാമാണ്യമാണു് 'ദർശന'യ്ക്കുണ്ടായിരു

ന്നത്ത്. എല്ലാ സ്റ്റേഷനിലും പ്ളാററുഫോമിൽ ജിന്നാ യുടെ വലിയ ചിത്രമുണ്ട്.

ടിക്കററു കൊടുക്കുന്നസ്ഥലം ഞാൻ തേടി, നല്ല വണ്ണം വസ്ത്രധാരണംചെയ്ത ഒരു മാന്യനോടു ചോദി ച്ചപ്പോൾ പറഞ്ഞു–

"ഹിന്ദുസ്ഥാനി മാലുംനൈ"

സ്റ്റേഷൻെറ പുറകുഭാഗത്തായിരുന്നു ബുക്കിംഗ് ഓഫീസ്. അവിടെ നിരവധി ക്യൂ ചേർന്ന് ആളുകൾ നിന്നു. ഓരോ പ്രധാന സ്റ്റേഷനിലേക്കും പ്രത്യേകം ടിക്കററു ദ്വാരമായിരുന്നു. എന്നോട്ട് ഒരു റെയിൽവേ ജോലിക്കാരൻ പറഞ്ഞു–

'ചാർ നമ്പർ ലൈൻ"

ക്യൂവിൽനിന്നു ഞെരിഞ്ഞു് ജന്നാലിങ്കൽ എത്തി യപ്പോൾ ചില്ലറയില്ല. അതിനടുത്ത വേറൊരു ബു ക്കിംഗ് റൂമിൽ രണ്ടു മൂന്നു റെയിൽവേ ജോലിക്കാർ സംസാരിച്ചുകൊണ്ടിരുന്നു. ഞാൻ ചോദിച്ചു അഞ്ചു രൂപായ്ക്കു് ചില്ലറതന്നു സഹായിക്കുമോ എന്ന്. കൂട്ട ത്തിൽ പ്രധാനിയെന്നു തോന്നുന്ന മാന്യൻ എഴുനേററു നിന്നു ചോദിച്ചു,–

"You hail from which place?"

"തിരുവിതാംകൂർ".

"ഓ, തിരുവിതാംകൂർ"

അവർ പുഞ്ചിരിച്ചു. എനിയ്ക്കു പെട്ടെന്ന് അ വർ ചില്ലറതന്നു.

ബുക്കിംഗ് ഓഫീസിൻെറ അടുത്തു്, തറയിലുറ പ്പിച്ച ചെറിയപെട്ടികളുടേയും തട്ടിൻേറയും പുറത്തു്,

മുറുക്കാൻ–ബീഡി–സിഗരററു കച്ചവടക്കാർ ഇരുന്നു. അവർ യാത്രക്കാരെ കൂകിവിളിച്ചു. ചിലർ പാനീയങ്ങ ൾ വിററു. ഞാൻ അവരുടെ ഓരോരുത്തരുടേയും അടു ത്തുകൂടി അവരെ സൂക്ഷിച്ചുനോക്കിക്കൊണ്ടാണ് മട ങ്ങി പ്ലാററ് ഫോമിലേക്കു വന്നത്. അവർ എന്നെ സൂ ക്ഷിച്ചുനോക്കി. എന്തോ എന്നെപ്പററി പരസ്പരം പറയുകയും ചെയ്തു.

ഞാൻ മടങ്ങി ട്രയിനിൽ എത്തിയപ്പോൾ മഹ മ്മദിന്റെ മടിയിൽ പ്രതിമ ഇരുന്നു. അദ്ദേഹം അവ ളെ കളിപ്പിക്കുകയാണ്. മുടി തടവി, കവിൾ തട്ടി, കരങ്ങൾ കൊട്ടി വെളുത്ത മൃദുലമായ കൈത്തണ്ടുകൊ ണ്ട് അവൾ അദ്ദേഹത്തിന്റെ താടിയിൽ പിടിച്ചുവ ലിച്ചു; അദ്ദേഹം ചിരിച്ചു. ഞാൻ കുഷ്ടിയായിൽ ഇറ ങ്ങുന്നതുവരെ അധികനേരവും പ്രതിമ മഹമ്മദിന്റെ മടിയിൽതന്നെ ഇരുന്നു.

ദർശനയിൽ പത്തേകാലിനാണ് ട്രയിൻ എ ത്തിയത്. ഒന്നരമണിക്കൂറോളം അവിടെ കിടന്നു. അവിടെയും പരിശോധന ഉണ്ടായിരുന്നു.

ദർശനയിൽനിന്നും കുഷ്ടിയായിലേയ്ക്ക് മുപ്പതു മൈലാണു ദൂരം. പാകിസ്ഥാൻ നാണയം ഒരു രൂപാ രണ്ടണയാണ് ചാർജ്ജ്.

എന്റെ ഇടതു വശത്തിരുന്ന മുപ്പതു കഴിഞ്ഞ മുസ്ലീം ചിററഗാംഗിലേയ്ക്കു പോകുകയാണ്. അ യാളുടെ പേരെന്തെന്നു ഞാൻ ചോദിച്ചപ്പോൾ പറ ഞ്ഞു—“നിങ്ങൾക്കിഷ്ടമുള്ളതു് എന്നെ വിളിച്ചുകൊ ള്ളൂ.” പൊക്കം കുറഞ്ഞ മെലിഞ്ഞദേഹം. ഷേവുചെ

യ്യാത്ത കുററിത്താടി. വായുടെ ഇരുവശത്തേയ്ക്കും നീണ്ടുകിടക്കുന്ന മീശ. കണ്ടുഎല്ലാററിൻെറയും നേരെ അയാഠം ചിരിച്ചു. പോലീസുകാരൻ ഞങ്ങളുടെ സാമാനങ്ങഠം പരിശോധിയ്ക്കാൻ വന്നതു്, 'പ്രതിമ' മഹമ്മദിൻെറ മീശയ്ക്കുപിടിക്കുന്നതു് അങ്ങിനെ പലതിലും അയാഠം ഫലിതം കണ്ടു. യാത്രക്കാർ വിഷാദത്തോടെ മുട്ടുകഠംക്കിടയിൽ തലതാഴ്ത്തി ഇരിയ്ക്കുന്നതു് അയാഠം അഭിനയിച്ചു. എൻെറ പുറത്തുതട്ടി ചായവില്ക്കാൻ വന്നവൻെറ നീണ്ടതാടി എനിക്കു ചൂണ്ടിക്കാട്ടി, ഒരു കപ്പു ചായ വാങ്ങിക്കൊണ്ടു അയാഠം കച്ചവടക്കാരനോടു ചോദിച്ചു—

"ഈ താടി എന്താണു്?"

"മുസ്ലീമായ നിനക്കറിഞ്ഞുകൂടേ" കച്ചവടക്കാരൻ കയത്തു

അയാഠം ഫലിതം തുടന്നു:-

"ഈ താടിയിൽ പിടിച്ചാണു് ദൈവം സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നതു്, അല്ലേ അമ്മാവാ"

അമ്മാവൻ ഖുറാൻ വിളിച്ചു ചീത്തപറഞ്ഞു.

നാലണകൊടുത്തു് അയാഠം രണ്ടു പച്ച ഷാഗാലോ കിഴങ്ങുവാങ്ങി. അതിനു് ഒരു ചെറിയ മാങ്ങായുടെ വലിപ്പമായിരുന്നു. ഒരെണ്ണം എനിക്കുതന്നു. അകവും പുറവും വെള്ളപ്പാണു്. പുറത്തെ തൊലിയുരിച്ചുകളഞ്ഞു് 'കറ കറ' തിന്നാം. ഇളം മരച്ചീനി പോലിരിക്കും. വെള്ളമയം ഇളംമധുരം. ധാരാളം ആളുകഠം ആ കിഴങ്ങു വാങ്ങുന്നുണ്ടായിരുന്നു. ഞാൻ അതു കടിച്ചതിൻപോഠം അയാഠം പറഞ്ഞു,-

"ഡാക്കായിൽ പോയാൽ നിങ്ങൾ കുറച്ചു കടകളും താടിക്കാരേയും കാണും. ചിററഗാംങ്ങിലാണെങ്കിലോ?—കപ്പൽ കാണാം. തോണി കാണാം. പെണ്ണുങ്ങളേയും കാണാം" തുടന്നയാൾ തന്നി സ്വന്തമായ ആ ചിരി ചിരിച്ചു.

രണ്ടാമത്തെ പാകിസ്ഥാൻ സ്റ്റേഷൻ 'ചുവാടങ്ക' ആയിരുന്നു. ധാരാളം ആളുകൾ ഇറങ്ങുകയും കയറുകയും ചെയ്തു. ആൾത്തിരക്കിൽ, എൻെറ കിടക്കയുടെ പുറത്ത് സ്ഥലംകൊടുത്തിരുത്തിയിരുന്ന വൃദ്ധൻ എന്നെ തട്ടികൃതജ്ഞത പറഞ്ഞുപോയി.

'ആലംദംഗ' റയിൽവേസ്റ്റേഷനോടു ചേൻ്റ് അടുത്തടുത്തായ് ഏതാനും കൊച്ചുവീടുകൾ കണ്ടു. അവ റയിൽവേ ക്വാർട്ടേഴ്സാണ്.

വിവിധ നിറത്തിലും വളർച്ചയിലും, നെല്ലിൻേറയും പരുത്തിയുടേയും പരിപ്പിൻേറയുമായ വിശാലമായ പാടങ്ങൾ. അവയ്ക്കിടയിലായ് ചിലയിടത്തു തോട്ട കാണാം. വിളവു കിടക്കുന്ന വിശാലമായ ഈ വയലുകൾ,—പച്ച, ഇളംപച്ച, മഞ്ഞ—എത്ര സുന്ദരം.—വയലുകൾക്കിടയിലെ പുൽത്തകിടികളിൽ ചെമ്മരിയാടുകളുടെ പററം ചുറുചുറുക്കോടെ തീററിയെടുത്തു.

പൊറാഡ ജംഗ്ഷനിൽ ഒരു റെയിൽവേ പോലീസുകാരൻ തോക്കുമായി വന്നു. വണ്ടിക്കകത്തു കയറി യാത്രക്കാരുടെ ഇടയ്ക്കുക്കൂടി തട്ടിമുട്ടിനടന്ന് ഒന്നു കറങ്ങിയിട്ട് ഇറങ്ങിപ്പോയി.

വണ്ടിക്കകത്തും പുറത്തും തെണ്ടികളുടെ സംഖ്യ ഒന്നിനൊന്നിനു വർദ്ധിച്ചുവരുന്നു. എല്ലാവരും

'അള്ളാ'വിളിച്ചു. ചിലർ 'അള്ളാ'യെപ്പററിയുള്ള കീത്തനങ്ങൾ പാടി.

വയലുകൾക്കിടയിൽ ധാരാളം കുളങ്ങളും മടകെട്ടികിടക്കുന്ന തോട്ടകളും ഉണ്ട്. ക്രമേണ പാടങ്ങൾ കുറഞ്ഞു. വൃക്ഷങ്ങളും വീട്ടകളും കൂടി. മാവുകളും മുളങ്കൂട്ടങ്ങളും ധാരാളമായ്. ഒരിടത്തു് ഒരു വലിയ കുളത്തിൽ ഒരു തുള്ളിവെള്ളംപോലും കാണാത്തവിധം മുഴുവനും പെരുംപായൽകൊണ്ടു് മൂടിയിരുന്നു.

മി. മഹമ്മദിനോടും മി. കിരൻചന്ദപാലിനോടും മററും എനിക്കു യാത്ര പറയേണ്ട സമയം അടുത്തു. ട്രയിൻ കുഷ്ടിയായിലേയ്ക്കു് അടുക്കുകയാണ്. മി. പാൽ നവഖലിയിലേയ്ക്കു് എന്നെ ക്ഷണിച്ചു. അദ്ദേഹത്തിൻെറ മേൽവിലാസം എഴുതിത്തന്നു,–നവഖലി ഡിസ്ത്രിക്ട്ട്. ചൌമുഹാനി റയിൽവേ സ്റ്റേഷൻ റായർ ഹാററ്പോസ്ററ്. ദൌലത്ത്പൂർ ഗ്രാമം.



അഭയാൎത്ഥികൾ കപ്പലിൽനിന്നും ഇറങ്ങുന്നു. മുൻവശത്തു നിൽക്കുന്ന യുവതി തെല്ലുനേരത്തേയ്ക്കു് മൂടുപടം മാററിയിരിക്കുകയാണു്.



കർഷകൻ

KOTTAYAM PUBLIC LIBRARY
KOTTAYAM.

4

# കുഷ്ടിയാ

'കുഷ്ടിയാ' പ്രധാനസ്റ്റേഷനു രണ്ടു നാഴിക മുമ്പു് 'കുഷ്ടിയാകോർട്ടു്' എന്നൊരു സ്റ്റേഷനുണ്ടു്. സഹയാത്രക്കാരുടെ ഉപദേശം അനുസരിച്ചു് ഞാൻ ഇറങ്ങിയതു് അവിടെയാണു്. കോടതി അടുത്താണെന്നുള്ളതാണു് ഈ കൊച്ചുസ്റ്റേഷൻെറ പ്രാധാന്യം. സമയം ഉച്ചയ്ക്കു് ഒന്നരമണിയോളമാകും.

എൻെറ കൂടെ ട്രയിനിൽ നിന്നിറങ്ങിയ രണ്ടു മാന്യന്മാർ കൂടിയുണ്ടായിരുന്നു. അവരോടു ചോദിച്ചപ്പോൾ അവക്കു സ്ഥലവും ആളുകളും ഒന്നും അറിഞ്ഞുകൂടാ.

ഞാൻ റോഡിലേക്കു കയറി. ആദ്യം കണ്ട കാഴ്ച കുറച്ചു വിശേഷപ്പെട്ടതായിരുന്നു.

ഒരു കലുങ്കിൻ കല്ലിൻെറ പുറത്തു കയറി നിന്നുകൊണ്ടു് നീണ്ട മുടിയും കുററിത്താടിയും ഉള്ള ഭീമകായനായ ഒരു നാല്പതാം വയസ്സുകാരൻ, വലതു കയ്യിൽ തിളങ്ങുന്ന ഒരു കൈക്കോടാലിയും ഇടതുകയ്യിൽ ഒരു കുറുവടിയും ആയി അത്യുച്ചത്തിൽ എന്തോ ഒക്കെ വിളിച്ചു പറയുകയാണു്. ആരേയും ആക്രമിച്ചു് വെട്ടിനുറുക്കുമെന്ന മട്ടിൽ തിളങ്ങുന്ന കൈക്കോടാലി അയാൾ ചുഴററി. അയാൾ ഒരു കൈലി ഉടുത്തിരുന്നു

നൂറോളം ആളുകളുടെ ഒരു കൂട്ടം ഭയാശങ്കകളോടെ അകന്നുമാറിനിന്നു. ചിലർ അയാളെ നോക്കി ഫലിതമയത്തിൽ ചിരിച്ചു. എങ്കിലും ആരും അയാളെ നിരായുധനാക്കുവാൻ ശ്രമിച്ചില്ല ഞാൻ അടുത്ത ഹോട്ടലിലേക്കു കയറുമ്പോൾ കോടാലിയും ഉയർത്തിപ്പിടിച്ചു് അയാൾ ആ റോഡിനു കുറുകെയായി രണ്ടുമൂന്നു പ്രാവശ്യം ഓടുന്നതു കണ്ടു.

ആ ഹോട്ടലിൽ ചോറും ചപ്പാത്തിയും ഒന്നും ഇല്ലായിരുന്നു. കടയിൽ ഇരുന്ന ഒരാൾ എനിക്കു് സിനിമാകൊട്ടകയോടു ചേർന്നുള്ള പാക്ക് റസ്റ്റാറണ്ടു് ചൂണ്ടിക്കാണിച്ചു. കാൽ ഫർലോങ്ങു നടന്നു് ഞാൻ അവിടെ എത്തി. ഒരു നഗരത്തിലാണെങ്കിൽ കുറഞ്ഞതരം ഹോട്ടലായി മാത്രം കരുതുന്ന ഈ പാക്ക് റസ്റ്റാറണ്ടിനു ഈ കൊച്ചുപട്ടണത്തിൽ ഒരു സ്ഥാനമുണ്ടു്. കക്ഷത്തിൽ ചെറിയ കിടക്കച്ചുരുളും കയ്യിൽ ബാഗുമായി കയറിച്ചെന്ന എന്നെ എല്ലാവരും സൂക്ഷിച്ചു നോക്കി. വലതുഭാഗത്തു് മറകൊണ്ടു മുറിയാക്കിയിരുന്ന ഭാഗത്തു്, ഞാൻ കയറി ഇരുന്നു. മെലിഞ്ഞു നീണ്ട ഒരു ബാലൻ വന്നു എന്തു വേണമെന്നു ചോദിച്ചു.

ബംഗാളിൽ ഹിന്ദി ഒരു പൊതുഭാഷയല്ല. മാത്രമല്ല, ചില ഹിന്ദിപദങ്ങൾ ബംഗാളി ഭാഷയിൽ ഉണ്ടെങ്കിലും ഹിന്ദി സാധാരണ ബംഗാളികൾക്കു മനസ്സിലാകുകയില്ല.

"ചാവൽ-കറി" (ചോറും കറിയും) ഞാൻ പറഞ്ഞു.

"കറി നൈ. ഫ്രൈ മച്ഛിഹേ." (കറി ഇല്ല. വറുത്ത മീനുണ്ട്.)

ഒരു പിഞ്ഞാണി നിറയെ ചോറും വേറൊരു ചെറിയ പിഞ്ഞാണിയിൽ ഏതോ വലിയ മത്സ്യത്തിൻെറ വറുത്ത രണ്ടു ചെറിയ കഷണങ്ങളും എനിക്കു കൊണ്ടുവന്നു. തൊട്ടുകൂട്ടാൻ ഒരു ഉപ്പും മുളകും ഞെരുടാൻ ഞാൻ ഒരുങ്ങി. ഞാൻ പറഞ്ഞു:—

"മൂർച്ചി, നിമക്, പിയാച്ച്." (മുളക്, ഉപ്പ്, ഉള്ളി)

രണ്ടുപേർ വന്നു കർട്ടൻ തള്ളി അകത്തു കടന്നു. ഞാൻ ഇരിക്കുന്നതുകണ്ട് അവർ പിൻവാങ്ങാൻ തുടങ്ങുമ്പോൾ, ഞാൻ പുഞ്ചിരിച്ചുകൊണ്ട് സ്വാഗതം ചെയ്തു. അവർ എൻെറ മേശയുടെ എതിർവശത്തെ രണ്ടു കസേരകളിൽ ഇരുന്നു. അവരിൽ ഒരാൾ പൊക്കംകുറഞ്ഞ മീശയുള്ള മാംസളഗാത്രനായിരുന്നു. അയാൾ ജൂബാ ധരിച്ചിരുന്നു. മറേറ ആൾക്കു നീളംകൂടി ദൃഢമായ ദേഹവും കൊമ്പൻമീശയും ഉണ്ടായിരുന്നു. ഞാൻ ഉപ്പും മുളകും ഞെരുടുമ്പോൾ 'ജൂബാ' വേലക്കാരനെ വിളിച്ചു, ചായയ്ക്കു പറയുന്നതിനു മുമ്പ്, ശാസിച്ചു,—

"ചട്ടിണി ഉണ്ടാക്കാൻ ടൊമാറേറാ (തക്കാളിക്കാ) കൊണ്ടുചെന്നു കൊടുക്ക്."

വേലക്കാരൻ പറഞ്ഞു:-

"ഇവിടെ ടൊമാറേറാ ഇല്ല."

'ജൂബാ' കയർത്തു'—

"പിന്നെ എന്തു് ഹോട്ടലാണു് ഇതു്?-എന്നാൽ മസാല ഇട്ടു്."

അവൻ പിഞ്ഞാണം എടുത്തുകൊണ്ടുപോയി മസാല ഇട്ടുകൊണ്ടുവന്നു. അതിൻെറ രുചി എനിയ്ക്കു പിടിച്ചില്ല. പക്ഷേ, എനിക്കു ക്രുദ്ധമായിരുന്നു ജൂബാ മന്ദസ്മിതത്തോടെ ഇംഗ്ലീഷിൽ പറഞ്ഞു:—

"ടൊമാറേറായ്ക്കു് ഇവിടെ സേറിനു * നാലണ മാത്രമാണു് വില. ഈ വിഡ്ഢിയുടെ കടയിൽ ടൊമാറേറാ ഇല്ലെന്നു പറഞ്ഞാൽ എന്താണു് ചെയ്യേണ്ടതു്!"

ചായ മോന്തിക്കൊണ്ടു് അയാൾ സവിനയം എന്നോടു ചോദിച്ചു:-

"എവിടുന്നു വരുന്നു?"

"തിരുവിതാംകൂർ."

"ഓ, ഹിന്ദുസ്ഥാൻെറ തെക്കേ അററം"

"എപ്പോളാണു് ഇവിടെ വന്നതു്?"

"ഇപ്പോൾ മാത്രം. ചിററഗാംങ്ങ് മെയിലിൽ."

അവരുടെ വീട്ടു് ആറു മൈൽ അകലെയുള്ള ഒരു ഗ്രാമമാണു്. സിനിമാ കാണാൻ വന്നിരിക്കുകയാണു്. വാച്ചു നോക്കിയിട്ടു് ഇനിയും അഞ്ചുമിനിററെ ഒള്ളു എന്നു പറഞ്ഞു് അവർ എഴുന്നേററു.

"സുഖമായി ഊണു കഴിക്കുക."

കർട്ടൻ തള്ളി വെളിയിലേയ്ക്കു ഇറങ്ങുമ്പോൾ തിരിഞ്ഞുനിന്നു 'ജൂബാ' എന്നോടു പറഞ്ഞു:—

"നിങ്ങൾ മുസ്ലിം ആയിരിക്കുമല്ലോ."

"അല്ല."

---

* ഒരു സേർ 2 റാത്തൽ.

അയാളുടെ മുഖഭാവം ഒന്നു മങ്ങി. പുഞ്ചിരിക്കാൻ ശ്രമിച്ചു ഞാൻ പറഞ്ഞു—

"എല്ലാ ജാതിക്കാരുമായ നല്ല മനുഷ്യരുടെ മിത്രമാണു് ഞാൻ."

അവർ എനിക്കു 'സലാം' തന്നു. പോയി. ഊണിനു പന്ത്രണ്ടണ കൊടുത്തു ഞാൻ വെളിയിൽ വന്നു. പ്രധാന റെയിൽവേസ്റ്റേഷനടുത്തേക്കു ഈ പ്രധാന റോഡു് പോകുന്നു. ഏതാണ്ടു മദ്ധ്യത്തിലാണു കോളജുഹോസ്റ്റൽ. ഇരുവശവും ചെറിയ കടകൾ കാണാം—ബീഡി, മുറുക്കാൻ, ചില്ലാ സ്റ്റേഷനറി, പാവങ്ങളുടെ കൊച്ചു പലവ്യഞ്ജനക്കടകൾ, രണ്ടുമൂന്നു വാടകസൈക്കിൾ ഷാപ്പുകൾ, റോഡരുകിലായി ധാരാളം വീടുകൾ ഉണ്ടു്. രണ്ടുനില കെട്ടിടങ്ങൾ ചുരുക്കമാണു്. കോടതിയും ഒരു ചെറിയ കാളേജും ഉള്ള ഒരു കൊച്ചുപട്ടണമാണിതു്.

ട്രൗസറും ഹ്ഫ്ഷർട്ടും ധരിച്ച ഒരു ചെറുപ്പക്കാരൻ സൈക്കിളിൽ വന്നു ഞാൻ നിർത്തിച്ചു് ഇറക്കി-ഞാൻ 'കുഷ്ടിയ' പ്രധാന സ്റ്റേഷനിൽ ഇറങ്ങേണ്ടതായിരുന്നുവെന്നു് അയാൾ പറഞ്ഞു.

"ഞാൻ ഹോസ്റ്റൽ കാണിച്ചുതരാം."

അയാൾ ഇന്ത്യൻ വിമാനസേനയിൽ ആയിരുന്നു. ദക്ഷിണേന്ത്യയിൽ വളരെകാലം താമസിച്ചിട്ടുണ്ടു്. തിരുവിതാംകൂറിൽ വന്നിട്ടുണ്ടു്. ഇപ്പോൾ കുഷ്ടിയാ മജിസ്ട്രേട്ടിന്റെ പേഴ്സനൽ സെക്രട്ടറിയാണു്.

ഞങ്ങൾ കാളേജ് ഹോസ്റ്റലിന്റെ വാതുക്കൽ എത്തി. മൂന്നു വിദ്യാർത്ഥികൾ അവിടെ സംസാരിച്ചു

നിന്നു. കൂട്ടത്തിൽ തടിച്ച മീശക്കാരനായ ഒരാളെ പേഴ്സനൽ സെക്രട്ടറി വിളിച്ചുപറഞ്ഞു:-

"ഇദ്ദേഹം വളരെ അകലെനിന്നും വന്നിരിയ്ക്കുകയാണു്."

ഔത്സുക്യത്തോടെ ഉടനെ അയാൾ കയ്യ് ഉയർത്തി അഭിവാദ്യം ചെയ്തു:-

"അസ്സലാമു അലൈക്കും."

"അസ്സലാമു അലൈക്കും."—ഞാൻ പ്രത്യഭിവാദ്യം ചെയ്തു. എത്ര ഗഹനമായ അർത്ഥമാണ് ആ വാക്കുകൾ ഉൾക്കൊള്ളുന്നതു്!-

"നിങ്ങളിൽ സമാധാനം വിളയാടട്ടെ!-"

ഇന്ന് ഈ പദങ്ങൾ ഉച്ചരിക്കപ്പെട്ടമ്പോൾ, അവയുടെ അത്ഥവ്യാപ്തി മറന്നിരിക്കുന്നു. മനുഷ്യനു ഭാവുകം നേരാൻ അവൻെറ ഉഗ്രമായ സംഘട്ടനസ്വഭാവത്തിൽ നിന്നും, ബുദ്ധിജീവി കടഞ്ഞെടുത്ത ശബ്ദം!- ഇന്ന് അവ സ്വാർത്ഥശക്തികളുടേയും മതാധിപത്യത്തിൻേറയും സംഘട്ടനം മുതൽ, ജനമർദ്ദനത്തിൻേറയും സാമ്രാജ്യസമരങ്ങളുടേയും ഗർജ്ജനസംജടിലമായ കാലത്തെ അനുസ്മരിപ്പിക്കുന്നു!-

ഈ അഭിവാദ്യത്തെ ഒരു മതത്തിനോ വഗ്ഗത്തിനോ സ്വന്തമാക്കാൻ കഴിയുമോ?

ഒരു വിദ്യാർത്ഥി എന്നെ റോഡിൻെറ ഇടത്തുവശത്തേ ഹോസ്റ്റൽ കെട്ടിടത്തിലേയ്ക്കു കൊണ്ടുപോയി. കെട്ടിടത്തിൻെറ നടുമുററത്തുകൂടെ നടന്ന് ഞങ്ങൾ മുകൾത്തട്ടിലേയ്ക്കു കോണിപ്പടി കയറി. കല്ലും സിമ

ൻറം കൊണ്ട് കെട്ടിയിട്ടുള്ള വളരെ വീതി കുറഞ്ഞ കോണിപ്പടി. ഇടതുവശത്തെ മുറിയിൽ എന്നെ ഇരുത്തി. ഒരു വിദ്യാർത്ഥി ഒരു ബംഗാളി നോവൽ വായിച്ചുകൊണ്ട് കട്ടിലിൽ ഇരുന്നു. രണ്ടുപേരും ഇൻററ്മീഡിയേററ വിദ്യാർത്ഥികൾ ആണ്. അവരോട് സംസാരിക്കാൻ ഞാൻ ശ്രമിച്ചു. തെററു വരുമോ എന്ന ഭീതിയോടെയാണ് അവർ ഇംഗ്ലീഷിൽ പറഞ്ഞതു്. പദങ്ങൾ തപ്പിയെടുത്ത് ഒരുമിച്ചു ചേർക്കാൻ അവർ വളരെ വിഷമപ്പെട്ടു. അവർ വിനീതരായിരുന്നു. എന്നേ കൊണ്ടുവന്ന വിദ്യാർത്ഥി എതിർവശത്തെ മുറിയിൽ പോയി മടങ്ങിവന്നിട്ട്, എന്നെ അങ്ങോട്ടു വിളിച്ചുകൊണ്ടുപോയി. ഇരുവശവും ജന്നലുകൾകൊണ്ടു നല്ല വെളിച്ചമുള്ള ഒരു കൊച്ചുമുറി. അടുത്തടുത്തായി രണ്ടു കട്ടിലുകൾ ഇട്ടിരുന്നു. ഓരോന്നിലും ഓരോ യുവാവിരുന്നു. അവർ എഴുന്നേററ് എനിക്കു സ്വാഗതം അരുളി. വിദ്യാർത്ഥി ബഹുമാനത്തോടെ പറഞ്ഞു:-

"ഇവർ ഞങ്ങളുടെ പ്രൊഫസ്സർമാരാണ്."

എന്നെ അവർക്കു പരിചയപ്പെടുത്താൻ എൻെറ 'വിസിററിംഗ് കാർഡും' എൻെറ പുസ്തകങ്ങളും ആണ് ഉണ്ടായിരുന്നതു്. മലയാളം അവർക്കു ഗ്രീക്കുഭാഷയാണ്. പാകിസ്ഥാനിലേയും കാഷ്മീരിലേയും ഇന്ത്യയിലേയും വലിയ ഒരു പങ്കു ജനങ്ങൾ മലയാളം എന്നൊരു ഭാഷയുണ്ടെന്ന് അറിഞ്ഞിട്ടില്ല. മലയാളത്തിനേയും കേരളത്തിനേയും ഞാൻ പോയിടത്തൊ

KOTTAYAM PUBLIC L... KOTTAYAM

ക്കെ ആളുകൾ അറിഞ്ഞു. അതെൻെറ പ്രത്യേകമായ കൃതാർത്ഥതയാണു്.

അടുത്ത മുറിയിൽനിന്നും വേറൊരു പ്രൊഫസർ കൂടി വന്നു. (ഈ കോളേജിൽ എല്ലാ അദ്ധ്യാപകരേയും പ്രൊഫസ്സർ എന്നാണു വിളിക്കുന്നതു്) എല്ലാവരും കൂടി ചാരുകസേരയിൽ എന്നെ ഇരുത്തി. അവർ പറഞ്ഞു-

"നിങ്ങൾ ഇത്ര അകലെനിന്നും വന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു."

എക്കണോമിക്ക്സ് പ്രൊഫസർ മി. ആർ. ഹുസൈൻ എം. ഏ. മെലിഞ്ഞു വെളുത്തു നീളം കൂടി, കാതിനു ഇമ്പമുള്ള ശബ്ദത്തോടുകൂടിയ ഒരു യുവാവ്. അദ്ദേഹം മററു രണ്ടു പേരേയും എനിയ്ക്കു പരിചയപ്പെടുത്തി. മി. അനിസുർറഹ്മാൻ എം. ഏ. കമ്മേഴ്സ് പ്രൊഫസർ. പൊക്കം കുറഞ്ഞു് മാംസളമായ ദേഹം. മി. നൂറുൾഇസ്ലാം എം. ഏ ഇസ്ലാം ചരിത്ര അദ്ധ്യാപകൻ. ദേഹപ്രകൃതിക്കു വിപരീതമായ് അദ്ദേഹം അനാരോഗ്യനായിരുന്നു. അവർ ചോദിച്ചു,- എൻെറ യാത്രയുടെ ഉദ്ദേശം എന്തെന്നു്.

"പാകിസ്ഥാനിലെ ജനങ്ങളും സ്ഥലങ്ങളും കാണാൻ,"-ഞാൻ പറഞ്ഞു.

"സാഹിത്യകാരനായ നിങ്ങൾ അതിനു മാത്രം ഇവിടെ വരുമെന്നു കരുതുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല." മി. റഹ്മാൻ തുടന്നു:-"മാത്രമല്ല, നിങ്ങൾ വളരെ അകലെ നിന്നും വന്നിരിക്കുന്നു."

ഞാൻ പറഞ്ഞു:-

"ഞാൻ പാകിസ്ഥാനിലേയ്ക്കു നേരിട്ടു പുറപ്പെട്ടതല്ല. എൻെറ അഖിലേന്ത്യാ പര്യടനത്തിൻെറ ഒരു ഭാഗമായി ഇവിടെ വന്നു."

ഞാൻ വിശദമാക്കി—

സാമൂഹ്യമായും സാമ്പത്തികമായും ഒററയായി കെട്ടുപിണഞ്ഞുകിടന്ന ഈ രാഷ്ട്രം രണ്ടായി പകുക്കപ്പെട്ടു. പാകിസ്ഥാനിലെ ജനങ്ങൾക്കു ഇന്ത്യയിൽ നിന്നും വേർപെട്ടു നിൽക്കുക ക്ലേശകരമാണ്.

ഇരു ഭരണകൂടങ്ങളുടേയും അകല്യവാനുള്ള ശ്രമം ജനങ്ങളെ കൂടുതൽ പീഡിപ്പിക്കും. ഇന്ത്യയിലെ ജനങ്ങളെ കാണുന്നതുപോലെ പാകിസ്ഥാനിലെ ജനതയെ അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. ജനതയുടെ രാഷ്ട്രീയവും സാമ്പത്തികവും ആയുള്ള സൂക്ഷ്മമായ പഠനത്തിനു ഞാൻ കടപ്പെട്ടവനാണ്. ഇന്ത്യയെ ഞാൻ അങ്ങിനെയാണു കാണുന്നതു് ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷത്തിൽ പാകിസ്ഥാനിൽ ഒരു പക്ഷേ എനിയ്ക്കതിനു സാദ്ധ്യമല്ലായിരിക്കാം. ഇവിടെ കഴിയുന്ന ചുരുക്കം ദിവസങ്ങളിൽ സൌകര്യം ലഭിക്കുവോളം ജനങ്ങളെ അറിയാൻ ഞാൻ ഉദ്ദേശിക്കുന്നു.

ചാരന്മാർ എന്നും ഗൂഢപ്രവർത്തകർ എന്നുമുള്ള പേരിൽ, അനുദിനം അറസ്റ്റ് ചെയ്യപ്പെടുന്ന ഇന്ത്യയിൽനിന്നും വന്നിട്ടുള്ള ആളുകളെപ്പററി അവർ സ്മരിച്ചു. അവർ തികച്ചും ആത്മാർത്ഥതയോടെ പറഞ്ഞു:-

"നിങ്ങളുടെ സഞ്ചാരത്തിന്റെ സുരക്ഷിതനിലയെ കരുതി കൽക്കട്ടായിലെ പാകിസ്ഥാൻ കമ്മീഷണരുടെ പക്കൽ നിന്നും ഒരു സർട്ടിഫിക്കേററു വാങ്ങേണ്ടതായിരുന്നു."

"അവിടത്തെ ഉദ്യോഗസ്ഥർ അതിന്റെ ആവശ്യം ഉണ്ടെന്നു പറഞ്ഞില്ല."

"ഇപ്പോഠം ഇവിടേയ്ക്കു വരാൻ പെർമിററു വേണ്ട. പക്ഷേ ആരേയും സംശയിക്കുന്ന അവസരമാണ്. നിങ്ങളുടെ ഉദ്ദേശശുദ്ധി പാകിസ്ഥാനിലെ ഉദ്യോഗസ്ഥർ അറിഞ്ഞില്ലെന്നു വരും. ഒരിക്കൽ സംശയിച്ചാൽ പിന്നെ തുടർച്ചയായി കുഴപ്പങ്ങളാണ്. ഉദ്യോഗസ്ഥർ വിഡ്ഢികളെന്നു നിങ്ങഠം അറിയുമല്ലോ."

മററു രണ്ടുപേരും തികച്ചും വാസ്തവം എന്ന ഗൗരവത്തിൽ തല കുലുക്കി.

ഞാൻ പറഞ്ഞു:-

"എന്തായാലും ഞാൻ പാകിസ്ഥാനിൽ എത്തിക്കഴിഞ്ഞു. അപകടങ്ങഠം വരുന്ന വഴി വല്ലതും ഉണ്ടെങ്കിൽ വന്നുകൊള്ളട്ടെ എങ്ങിനെ ഗ്രാമങ്ങളിൽ പോകാമെന്നും എവിടെയൊക്കെയാണു പോകേണ്ടതെന്നും എനിക്കു പറഞ്ഞുതരുക."

# 5

## അദ്ധ്യാപകരും വിദ്യാർത്ഥികളും

നദികളുടെ നാടാണ് പൂർവ്വബംഗാൾ. ഗംഗയും ബ്രഹ്മപുത്രയും യമുനയും പത്മയും ഇവിടെ ഒഴുകുന്നു. നദീതടങ്ങളിൽ വിശാലങ്ങളായ നെൽപ്പാടങ്ങൾ ഉണ്ട്. പാടങ്ങൾക്കു ചുററും കർഷകഗ്രാമങ്ങൾ നിൽക്കുന്നു.

ഗ്രാമങ്ങളിലേയ്ക്കു തിരിക്കുന്നതിനുമുമ്പ് അദ്ധ്യാപകർ പൂർവ്വപാകിസ്ഥാനിലെ സ്ഥിതിഗതികൾ വിവരിച്ചു:–

കർഷകർക്കു സംഘടനയില്ല. സാമൂഹ്യമായോ സാമ്പത്തികമായോ ഉന്നതിക്കുവേണ്ടിയുള്ള സംഘങ്ങളോ സ്ഥാപനങ്ങളോ ഇല്ല. അക്ഷരജ്ഞാനം കഷ്ടിച്ചു മൂന്നു ശതമാനം ആളുകൾക്കു മാത്രമേയുള്ളു. പട്ടണങ്ങളിൽ പോലും പെൺകുട്ടികളെ ചുരുക്കമായേ പള്ളിക്കൂടത്തിൽ അയക്കാറൊള്ളു. കാളേജുകൾ ചുരുക്കമാണ്. ഉള്ള കാളേജുകളിൽ വിദ്യാഭ്യാസത്തിന്റെ തോതു് വളരെ കുറവാണ്. വിഭജനത്തിനു മുമ്പ് ഡാക്കായിലും ചിററഗാങ്ങിലും സോഷ്യലിസ്റ്റ് പാർട്ടിയ്ക്കും കമ്മ്യൂണിസ്ററുപാർട്ടിയ്ക്കും പ്രാബല്യം ഉണ്ടായിരുന്നു. ഇപ്പോൾ അവരെ മർദ്ദനംകൊണ്ട് ദുർബലമാക്കി. ലീഗുകാർ ജനങ്ങളോടു പറയുന്നതു്,–

"ഞങ്ങളാണ് പാകിസ്ഥാൻ ഉണ്ടാക്കിത്തന്നത്. ഞങ്ങളില്ലായിരുന്നുവെങ്കിൽ ഹിന്ദുക്കൾ നിങ്ങളെ തകർത്തുമായിരുന്നു. ഞങ്ങളാണ് ഭരിയ്ക്കാനും വിധിക്കാനും അധികാരപ്പെട്ടവർ. ഞങ്ങളെ നിശ്ശബ്ദമായ് പിന്തുടരണം."

ഞാൻ അദ്ധ്യാപകരുടെ മുഖങ്ങളിലേയ്ക്കു നോക്കി. അവരുടെ ഐകകണ്ഠമായ ശബ്ദങ്ങൾ ആണവ. രാഷ്ട്രത്തിൻെറ ഭരണചക്രത്തെപററി തീവ്രമായി ചിന്തിയ്ക്കുന്ന അദ്ധ്യാപകവർഗ്ഗം ജനതയുടെ മൂല്യമായ സമ്പത്താണ്. അദ്ധ്യാപകർ തുടന്നു:-

"അധികാരം പുലത്തുകയാണ് അവരുടെ ഉന്നം. അതിനു ചിലരെ മയക്കി എടുക്കും. ചിലരെ പൊക്കിപ്പിടിക്കും. ചിലരെ ഭീതിപ്പെടുത്തും. ചിലരുടെ ജീവൻ കളയും!"-

ചായ കുടിച്ചു കഴിഞ്ഞു ഞങ്ങൾ ഗ്രാമങ്ങളിലേയ്ക്കു തിരിച്ചു.

എൻെറ കൂടെ മി. റഹ്മാനും മി. ഹുസൈനും ഉണ്ടായിരുന്നു. അവർ ട്രൌസറും ഹ്വാംഷർട്ടും ധരിച്ചിരുന്നു. പൂർവ്വപാകിസ്ഥാനിലെ യാത്രയിൽ മുഴുവൻ ഞാൻ ധരിച്ചിരുന്നതു് ബുഷ്കോട്ടും ട്രൌസറും ആയിരുന്നു.

മി. റഹ്മാൻ, തനിക്കു സാവധാനത്തിലെ നടക്കാൻ കഴിയുകയൊള്ളു വെന്നു് മുന്നറിയിപ്പു നൽകി. ഞാൻ വന്ന പ്രധാന റോഡിലൂടെയാണ് ഞങ്ങൾ പോയതു്. വലത്തോട്ടു തിരിഞ്ഞു് ഒരു ഇടവഴിയിലൂടെ കുറച്ചു നടന്നപ്പോൾ വരണ്ടുകിടക്കുന്ന ഒരു നദി

കണ്ടു. ഗോദായ് നദി! നിരവധി ചാലുകളിലായി വെള്ളം കെട്ടിക്കിടന്നു. നല്ല വെള്ളമണൽപരപ്പ്.

ഞങ്ങൾ പോയതു മജിസ്ത്രേട്ടിന്റെ ബംഗ്ലാവിന്റെ മുമ്പിലൂടെയാണ്. വളരെ വിസ്തൃതമായ സ്ഥലത്ത് ആ ബംഗ്ലാവു നിന്നു. മുൻവശത്തു വിശാലമായ പുൽത്തകിടി ഉണ്ടായിരുന്നു.

കരിമ്പിൻചാറ് എടുക്കാൻ ഗ്രാമങ്ങളിൽ ഉപയോഗിക്കുന്ന യന്ത്രങ്ങൾ ഉണ്ടാക്കുന്ന ഇടവഴിഅരികിലെ ഒരു ഫാക്ടറിയുടെ അടുത്തു ഞങ്ങൾ എത്തി. ആ യന്ത്രങ്ങൾ എനിക്കു കാണാമായിരുന്നു. വളരെ ലളിതമായ രീതിയിലുള്ള നിർമ്മാണം. ആറുമാന്തൂര് (ഏററുമാന്തൂരിനടുത്ത കരിമ്പിൻ കൃഷിത്താവളം) കരിമ്പു പിഴിയാൻ ഉപയോഗിക്കുന്നതായി ഞാൻ കണ്ടിട്ടുള്ള നാടൻ യന്ത്രങ്ങളോട് അവയ്ക്കു സാമ്യതയുണ്ട്.

തുടന്ന് അഞ്ചുമിനിററിനകം ഞങ്ങൾ ഗ്രാമത്തിൽ കയറി. ഗ്രാമപാതയിൽ വെള്ളമണൽ നിരന്നുകിടന്നു.

ഇടവഴിയുടെ ഇരുവശങ്ങളിലും തനി ബംഗാളി വീടുകൾ നിന്നു. ഓരോ വീടിനും കേരളത്തിലെപോലെ ചുററുമായ് പറമ്പും വേലിയുമുണ്ട്. ഇതു് കേരളത്തിന്റേയും ബംഗാളിന്റെയും പ്രത്യേകതയാണ്. ഇന്ത്യയുടെ മററെല്ലാ ഭാഗങ്ങളിലും ഗ്രാമങ്ങളിൽ ഒന്നോടൊന്നു ചേന്നു കൂട്ടമായി നിൽക്കുന്ന വീടുകളാണ് കണ്ടിട്ടുള്ളതു്.

ഒരു സാധാരണ ഗ്രാമീണഗൃഹം ഒരു കൊച്ചുവീടാണ്. അല്ലെങ്കിൽ ഒരു വലിയ കുടിൽ. അവയ്ക്കു

സാധാരണയായി പത്തടിനീളവും ആറടി വീതിയും കാണും. ചിലയിടത്തു് ഉപഗൃഹങ്ങളായി ഒന്നോ രണ്ടോ വീടുകൾ കൂടുതൽ കാണാം. കേരളത്തിലെ നാട്ടുംപുറത്തെ സാധാരണ ഗൃഹത്തിൻെറ വലിപ്പത്തിൽ വളരെ ചുരുക്കമായേ വീടുകൾ കണ്ടിട്ടുള്ളു. അവ കൂടുതൽ ധനശേഷി ഉള്ളവരുടേതായിരിക്കും. ചെളിയും കല്ലും മണ്ണുംകൊണ്ടു് ഉയർത്തിയ അടിത്തറ. അടിത്തറയുടെ ഭിത്തി ചെളിയും ചാണകവുംകൊണ്ടു് മിനുസമാക്കിയിരിക്കും. അടിത്തറയിൽ മുള രണ്ടായി പിളൎന്നു നിൎത്തി ചേൎത്തുകെട്ടി പണിഞ്ഞ നിരകൾ. മേൽക്കൂര തെങ്ങോലയോ കച്ചിലോ ആയിരിക്കും. പണമുള്ളവർ തകരം പാകിയിട്ടുണ്ടു്.

ഓരോ വീട്ടിനോടു ചേൎന്നും കൊച്ചുകുളം കാണാം—ഏതാണ്ടു് ആലപ്പുഴയിലേയും ചേൎത്തലയിലേയുംപോലെ. കുളങ്ങളിൽ പായൽകെട്ടിക്കിടന്നു. വീട്ടിനു വെളിയിൽ പോകാത്ത മുസ്ലിംവനിതയ്ക്കു് വീട്ടിനടുത്തായി കുളിക്കാൻ കുളം ഒഴിച്ചുകൂടുവാൻ വയ്യാത്ത ആവശ്യമാണു്. കൂററൻ മുളങ്കാടുകൾ ഇല്ലാത്ത വീടു കാണുകയില്ല. ബംഗാളിൽ മുള, കേരളത്തിൽ തെങ്ങിനു തുല്യമാണു്. വലിയ മുളകൾ മുറിച്ചു വീട്ടിനു ചുവരുകൾ പണിയും. ചെറിയ കവരങ്ങൾ വളച്ചു് വീട്ടിനും പാടത്തിനും വേലി കെട്ടും.

ഈ മുളങ്കാടുകളോടനുബന്ധിച്ചു്, ഗ്രാമീണൎക്കു പ്രേതത്തിൻേറയും പിശാചുക്കളുടേയും വിശ്വാസങ്ങളുണ്ടു്.

സായാഹ്നത്തിലെ തണലുകളിൽ, വീട്ടുമുററത്തു

കുഞ്ഞുങ്ങൾ നിന്നു കളിച്ചു-നഗ്നരും അർദ്ധനഗ്നരുമായി. വഴിയിലെങ്ങും സ്ത്രീകളില്ലായിരുന്നു. പറമ്പിലെങ്ങും സ്ത്രീകളില്ലായിരുന്നു. അയൽപക്കത്തെ വീട്ടുകാരിയുമായി സംസാരിച്ചുകൊണ്ടു നിന്ന ഒരു യുവതി ഞങ്ങളെ കണ്ടു് വീട്ടിനകത്തേക്ക് ഓടിപ്പോയി.

സ്നേഹിതർ ഫലിതമയത്തിൽ പറഞ്ഞു:-

"ഇങ്ങിനെയാണ് ഇവിടത്തെ പെണ്ണുങ്ങൾ."

അന്നും അതിനു ശേഷവും ഗ്രാമങ്ങളിൽ സഞ്ചരിച്ചപ്പോൾ സ്ത്രീകളെ കണ്ടിട്ടുണ്ടെങ്കിൽ അതു് ഒരു മിന്നൽപോലെ അവർ വീട്ടിനകത്തേയ്ക്കു ഓടി ഒളിക്കുന്നതായിട്ടായിരുന്നു. പലപ്പോഴും ഞങ്ങൾ കാണുന്നതിനു മുമ്പു്, അവർ ഞങ്ങളെ കണ്ടു് ഓടിഒളിക്കും. ഒരു ഫർലോങ്ങു നടന്നപ്പോൾ ഫലിതം പുരണ്ട ഒരു സംഭവം ഉണ്ടായി. ഇത്തവണത്തെ യുവതി ഇടവഴിയിലേയ്ക്കുള്ള വേലിവാതുക്കൽ നിന്നു. ഞങ്ങൾ അടുത്തുചെന്ന ശേഷമാണു അവൾ ഞങ്ങളെ കണ്ടതു്. ബംഗാളിലെ സാധാരണ ഗ്രാമീണയുവതികളെപ്പോലെ അവൾ ബോഡിയും ബ്ലൗസും കൂടാതെ ഒരു സാരികൊണ്ടു് ഏററവും വിദഗ്ദ്ധമായി മാംസളമായ ദേഹം മുഴുവൻ ചുററി മാറു് ഒതുക്കി മറച്ചിരുന്നു. ഞങ്ങളെ കണ്ടതോടെ അവൾ ഞെട്ടിത്തിരിഞ്ഞു. സംഭ്രാന്തി പിടിച്ച മാൻപേടയെപ്പോലെ അവൾ തിരിഞ്ഞു വീട്ടിനകത്തേക്കു ഓടി. മുററത്തു കളിച്ചുകൊണ്ടിരുന്ന കുട്ടികളെ തട്ടി അവൾ ഉരുണ്ടുവീണു. ആ നല്ല കുട്ടികൾ അതുകണ്ടു് കിടുകിടെ ചിരിയ്ക്കുയുണ്ടായി.

മി. റഹ്മാൻ ആദ്യമായി ആണ് ആ ഗ്രാമങ്ങൾ കാണുക. അദ്ദേഹം പറഞ്ഞു:-

"ഞാൻ കാളേജിൽനിന്നും വന്നാൽ ക്ലബ്ബിൽ പോകും. അവിടെ ചീട്ടോ ടേബിൾടെന്നീസ്സോ കളിക്കും, അതാണ് എൻെറ രസം. എനിക്ക നടക്കാൻ വയ്യാ."

ഇടവഴിയിൽ ഗ്രാമീണരെ കാണാം. ചന്തയിൽ പോയിട്ടു വരുന്നവർ, പാടത്തുനിന്നു വരുന്നവർ,— അവരുടെ കയ്യിൽ കെട്ടും കുട്ടയും കൈക്കോട്ടും ഉണ്ടായിരുന്നു.

മുസ്ലീങ്ങളും അധികവും ഹിന്ദുക്കളെപ്പോലെ, മുണ്ടു താറിട്ട് ഉടുത്തിരുന്നു. മുസ്ലീങ്ങൾ സാധാരണയായി തലമുടി വടിച്ചുകളയുന്നതും കേരളത്തിലാണ്. കാഷ്മീരിൽ മുസ്ലീങ്ങൾ തൊപ്പിധരിക്കുന്നതു് സാധാരണമെങ്കിലും പലരും മുടി ക്രോപ്പുചെയ്തു ഭംഗിയായ് നിർത്തും. ബംഗാളിലെ മുസ്ലീങ്ങൾ തൊപ്പിധരിക്കുന്നതു ചുരുക്കമാണ്. അവർ തലമൊട്ടയടിക്കുകയുമില്ല. നീണ്ടമുടിവളർത്തി ഭംഗിയായ് ചീകി ഒതുക്കാൻ അവർ ഇഷ്ടപ്പെടുന്നു. പെരുമാററത്തിലും ജീവിതരീതികളിലും കേരളത്തിൽ,—കാഷ്മീരിൽ പോലും ഹിന്ദുവിനെ മുസ്ലീമിൽനിന്നു വേർതിരിച്ചറിയാൻ പലതുമുണ്ടു്. ബംഗാളിൽ അതു് അപൂർവ്വമാണ്. ധോത്തിയുടേം (താറുടുത്ത മുണ്ടു്) പൈജാമയുടേം പകരമായി ചില മുസ്ലീങ്ങൾ വീട്ടിനകത്തുവെച്ചും സാധാരണക്കാർ വെളിയിലും 'ലുങ്കി' ഉടുക്കാറുണ്ടു്. കൈലി രണ്ടറവും കൂട്ടിതയ്ച്ചതിന്നകത്തേയ്ക്കു് കാലുകൾ കടത്തി ഇട്ടു് അരയിൽവച്ചു് മുണ്ടുപോലെ ഉടുക്കുന്നതാണ്,

'ലുങ്കി.' ഇന്ത്യയുടെ മററു ചില പൂർവ്വഭാഗങ്ങളിലും ബർമ്മായിലും ലുങ്കി ഉടുക്കാറുണ്ട്.

തൂമ്പായും തോളത്തുതാങ്ങി കർഷകർ ഞങ്ങളെ കടന്നുപോയി. പാടത്തെ പണികഴിഞ്ഞു വരുകയാണ്, മുണ്ടിലും ദേഹത്തും മണ്ണുപുരണ്ടിരുന്നു. ബംഗാളിലെ ഇന്നത്തെ ജനങ്ങൾ കേരളത്തിനെപ്പോലെയോ കേരളത്തിനെക്കാളുമോ അനാരോഗ്യരാണ്. രക്തം ചോന്നു വിളർത്ത ദേഹം പ്രത്യേകിച്ച് പുരുഷരിൽ സാധാരണയായി കാണാം.

വഴിയിൽ വച്ചുകണ്ട ഒരു കർഷകതൊഴിലാളി പറഞ്ഞു, ആ ഗ്രാമത്തിൻെറ പേര് 'ബറാഡി' എന്നാണെന്ന്. അയാളുടെ പുറകേ വേറൊരാൾ വന്നു. അയാൾ ധോത്തിമാത്രം ഉടുത്ത് ഒരുകഷണം തുണി കൊണ്ടു ദേഹം മറച്ചിരുന്നു. കയ്യിൽ ഒരു തുണിക്കെട്ടുണ്ടായിരുന്നു. ക്ഷീണിതമായ കണ്ണുകൾ കുനിച്ച് നടപ്പാതയിലേക്കുനോക്കി അയാൾ അതിവേഗം നടന്നു വന്നു. അല്പം അകലെനിന്നു ഞങ്ങളെ ഒന്നു നോക്കിയപ്പോൾ അയാളുടെ മുഖം കൂടുതൽ കുനിഞ്ഞു. കാൽവയ്പിൻെറ വേഗതകൂടി. അയാൾ അടുത്തെത്തിയപ്പോൾ മി. റഹ്മാൻ തടഞ്ഞു:—

"നിങ്ങൾ ഏതു ഗ്രാമത്തിലാണു താമസം?"

"ജ്ജഗേ."

അയാൾ ഒററവാക്കിൽ മറുപടി നിർത്തി. ഭയാശങ്കകൾ അയാളുടെ മുഖത്തു വ്യക്തമായി.

"നിങ്ങൾ ഹിന്ദുവാണോ, മുസ്ലിം ആണോ?"

അയാൾ ചുണ്ടു വിറപ്പിച്ചുകൊണ്ടു പറഞ്ഞു:-

"ഹിന്ദു."

അയാളുടെ മനസ്ഥിതിമനസ്സിലാക്കിയിട്ടെന്നോണം മി. റഹ്മാൻ വളരെ താഴ്മയിൽ പറഞ്ഞു,–

"ഞങ്ങൾ പട്ടണത്തിൽ നിന്നും വന്നിട്ടുള്ളവരാണ്. ഗ്രാമങ്ങൾ കാണാൻ. ഇവിടെ ഹിന്ദുക്കൾ ഇല്ലേ?"

അയാൾ കൂടുതൽ മനസ്സമാധാനത്തോടെ മറുപടി പറഞ്ഞു:–

"ഇവിടെ ധാരാളം ഹിന്ദുകുടുംബങ്ങൾ മുമ്പുണ്ടായിരുന്നു. ഇപ്പോൾ എല്ലാവരും പോയി. ഒന്നോ രണ്ടോ വല്ല മൂലയിലും ഉണ്ടാകും."

ഞാൻ പോയ എല്ലാ പാകിസ്ഥാൻ ഗ്രാമങ്ങളിലും കണ്ട ഹിന്ദുക്കളുടെ മുഖത്ത് ഈ ഭയാശങ്കകൾ വ്യക്തമായിരുന്നു. ഭയം അവരുടെ ഹൃദയത്തിന്റെ സൂക്ഷ്മതയിൽ പററിപ്പിടിച്ചുകഴിഞ്ഞു. ക്രൂരമായ അനുഭവങ്ങൾ, ഒരിക്കലും മാഞ്ഞുപോകാത്ത പാടുകൾ ഹൃദയത്തിൽ വീഴ്ത്തി. ബീഹാറിലോ, ഉത്തരപ്രവിശ്യയിലൊ ഇതേ രീതിയിൽ കഴിയുന്ന മുസ്ലിങ്ങളും ഉണ്ടാകാം. ഓ, ഈ ജനങ്ങൾ എത്ര ദയനീയമായിട്ടാണ് ജീവിതത്തെ വീക്ഷിക്കുന്നത്!–

വളരെ വിശാലമായ ഒരു വയലിന്റെ വക്കത്തു ഞങ്ങൾ എത്തി. നെല്ലുകൊയ്ത്തു കഴിഞ്ഞിരുന്നു. ചിലയിടത്തു പഠാണിച്ചെടികൾ പയററിട്ടുനിന്നു. ആ വയലിനക്കരെ ഗ്രാമമുണ്ട്. അവിടെ എത്താൻ സമയമില്ല. നേരം സന്ധ്യയാകുന്നു.

വയലിൻെറ വക്കത്തു് വേദന അനുഭവിക്കുന്ന മുഖവുമായി ഒരാൾനിന്നു. അയാളുടെ കാലിൽ ഒരു വലിയ മുറിവു കെട്ടിയിരുന്നു. ഞാൻ അയാളുമായി പരിചയപ്പെട്ടു. കിളച്ചപ്പോൾ അയാളുടെ കാലിൽ തൂമ്പാവെട്ടി ച്ഛേദിച്ചു. ഇപ്പോൾ മുറിവു വിഷാംശകമായി. അയാൾ പാടത്തു കാളയേയുംകൊണ്ടുപോയ അനുജനെ കാത്തുനില്ക്കുകയാണു്. മി. റഹ്മാനെ വിട്ടിട്ടു് ഞാനും മി. ഹുസൈനും കൂടി പാടത്തിനുള്ളിലേയ്ക്കു നടന്നു. വയലിൽ പക്ഷിവേട്ടയ്ക്കു പോയ ഒരു തടിച്ച മനുഷ്യൻ തോളിൽ ഒരു ഘനത്ത തോക്കും തൂക്കി ഒരു പയ്യനും ഒത്തുവന്നു. ഒരു യുദ്ധം ജയിച്ചുവരുന്ന ഭാവമുണ്ടായിരുന്നു അയാൾക്കു്.

അപ്പോൾ മാത്രം പാടത്തുനിന്നും പറിച്ച പഠാണിപയറിൻെറകുലകൾ ഒരുകെട്ടു് പയ്യൻെറ കയ്യിൽ ഇരുന്നു. മി. ഹുസൈൻ കുറച്ചു വാങ്ങി. പാടത്തിലേയ്ക്കു നടന്ന വഴിക്കു് ഞങ്ങൾ ഒരുമിച്ചു് അതു തിന്നുതീർത്തു. അകലെയായി പാടം കുറേശ്ശെ ജലം കെട്ടിക്കിടന്നു. ഞങ്ങൾ മടങ്ങി റഹ്മാൻ ഇരിക്കുന്ന ഭാഗമായ പാടത്തിൻെറ വക്കത്തു വന്നപ്പോൾ, ഇരുളു വന്നു കഴിഞ്ഞു. ഞങ്ങൾ മൂവരും മടങ്ങിനടന്നു.

തോളത്തു് ഒരു കമ്പിൽ രണ്ടറ്റത്തും തൂക്കിഇട്ട കുട്ടകൾ നിറയെ ചുരയ്ക്കായുമായി രണ്ടുപേർ ഓടിനടന്നുപോയി. കേരളത്തിൽ വെള്ളരിയ്ക്കായുടെ സ്ഥാനമാണു് ഇന്ത്യയുടെ പൂർവ്വോത്തരഭാഗങ്ങളിൽ ചുരയ്ക്കായ്ക്കു് ഉള്ളതു്. തോളത്തു ത്രാസുകണക്കെ തൂങ്ങുന്ന ആ ഭാരം, ആലപ്പുഴയിൽ ഇതുപോലെ തോളിൽ

മീൻകുട്ടകളും തൂക്കി കുടിയിടകളിൽ കൂടി ഓടിക്കൂവി വിൽക്കുന്ന മീൻകാരെ എന്നെ അനുസ്മരിപ്പിച്ചു.

അപ്പോഠം മാത്രം പാടത്തുനിന്നും പറിച്ച ആ ച്ചുരയ്ക്കാകഠം അടുത്ത ദിവസം രാവിലെ ചന്തയിൽ കൊണ്ടുപോകും. ഇരുട്ടുകൊണ്ടു് ഞങ്ങഠം പ്രധാനറോഡിൽ കയറി. കടകളുടെ വെളിച്ചം മാത്രമേ റോഡിൽ ഉണ്ടായിരുന്നുള്ളു. സിനിമാകൊട്ടകയുടേയും പാക്കു് ഹോട്ടലിന്റേറയും അടുത്തായി കുറച്ചു് ആഠം കൂടി നിന്നു. ക്ലബ്ബിന്റെ വാതുക്കലെത്തിയപ്പോഠം എന്റെ സുഹൃത്തുക്കഠം പറഞ്ഞു:-

"ഇവിടെ ഒരു മദ്രാസി ഇഞ്ചിനീയർ വരാറുണ്ടു്. ഞങ്ങഠം പരിചയപ്പെടുത്താം."

മദ്രാസി ആണെന്നുള്ള കാരണം കൊണ്ടു് എനിയ്ക്കു് ഇഞ്ചിനീയരെ പരിചയപ്പെടാൻ താല്പര്യം ഇല്ലായിരുന്നു. എന്തായാലും ഞങ്ങഠം ക്ലബ്ബിൽ എത്തിയപ്പോഴേക്കും ഇഞ്ചിനീയർ പൊയ്ക്കഴിഞ്ഞു.

ക്ലബ്ബിനു പ്രധാനമായുണ്ടായിരുന്നതു് ഒരു വലിയ മുറിയാണു്. പുസ്തകങ്ങഠം അടുക്കിയ അഞ്ചാറു് അലമാരികഠം നിരയോടു ചേന്നിരുന്നു. ഒരു ഭാഗത്തു് ടേബിഠം ടെന്നീസിന്റെ മേശ കിടന്നു. മി. റഹ്മാൻ ക്ലബ്ബിനകത്തു കടന്ന ഉടനെ ബാറെറടുക്കാൻ അവസരം നോക്കി. മുറിയുടെ മദ്ധ്യഭാഗത്തു് മേശകളും അവയിൽ പത്രമാസികകളും വായനക്കാക്കു് ഇരിക്കാനുള്ള ബഞ്ചും കിടന്നു. നാലഞ്ചു യുവാക്കഠം പത്രം വായിച്ചുകൊണ്ടിരുന്നു. അവരുടെ അടുത്തു് ബഞ്ചിന്റെ ഒരററത്തു ഇരുന്നുകൊണ്ടു് ഞാൻ അലമാരികളിലെ

കുറിപ്പുകളിലേയ്ക്കു നോക്കി. 'എന്റെ അച്ഛന്റെ സ്മരണയ്ക്കു്' 'ഭാര്യയുടെ സ്മരണയ്ക്കു്' എന്നിങ്ങനെ സംഭാവനക്കാരുടെ പേരു സഹിതം എഴുതിയിരുന്നു. എല്ലാം ഹിന്ദുക്കളുടെ പേരാണു. [illegible]ലെ നടക്കുമ്പോൾ റോഡരുകിലെ '[illegible]സ്' സ്കൂളിന്റെ വാതുക്കൽ അതിന്റെ സ്ഥാപകനായി എഴുതിയിരുന്നതും ഒരു ഹിന്ദുവിന്റെ പേരാണു്. കരിമ്പിൻനുനിർമ്മാണഫാക്റ്ററി ഉടമസ്ഥൻ [illegible]ണു്. പൂർവ്വബംഗാളിലെ ഏററവും വലിയ മില്ലായ 'മോഹിനി മില്ലും' ഒരു ഹിന്ദുവിന്റേതാണു്.

KOTTAYAM PUBLIC LIBRARY
KOTTAYAM

താൻ പാകിസ്ഥാൻ പത്രങ്ങൾ നോക്കി,—'ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ബംഗാൾ ഒററുകൊടുത്ത മിർജാഫറുടെ പേരു് ലാഹോറിലെ, ഒരു തെരുവിനു കൊടുത്തിരിക്കുന്നു!—ഈ റിപ്പോർട്ടിനെപ്പററി വായനശാലയിലെ യുവാക്കൾ സംസാരിച്ചുകൊണ്ടിരുന്നു. പരാതികളിലും പത്രാധിപർക്കുള്ള കത്തുകളിലും നല്ല ഒരു പങ്ക് പാകിസ്ഥാൻ ഗവമ്മെൻറിന്റെ വിദ്യാഭ്യാസവിരുദ്ധനയത്തെപ്പററി ആയിരുന്നു.

പാകിസ്ഥാൻ കാളേജു വിദ്യാർത്ഥികൾക്കു് ലോകപരിജ്ഞാനവും തൊഴിൽപാടവവും നൽകാൻ അപ്രാപ്തമായ വിദ്യാഭ്യാസരീതിയാണു് ഇപ്പോൾ ഉള്ളതെന്നു് വായനക്കാർ പരാതിപ്പെട്ടിരുന്നു. പെൺകുട്ടികളുടെ പ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങൾ ഗവമ്മെൻറിന്റെ അനാസ്ഥമൂലം തകരാൻ പോകുന്നുവെന്നു് ഫെബ്രുവരി 21-ാംനു-യിലെ 'പാകിസ്ഥാൻ ഒബ്സർവറി'ൽ പരാതി കണ്ടു. സ്കൂളുകളും കാളേ

ജുകളും ഗവമ്മെൻറ് അടയ്ക്കാൻ പോകുന്നതിനെ പ്രതിഷേധിച്ചു് 'മോർണിംഗ് ന്യൂസ്' എന്ന പത്രം പത്രാധിപക്കുള്ള കത്തുകൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. പാകിസ്ഥാൻ ഗവമ്മെൻറിൻെറ വിദ്യാഭ്യാസനയത്തെപ്പററി ക്ലബ്ബിലും ഹോസ്റ്റലിലും ചർച്ചകൾ നടന്നു.

അവർ പറഞ്ഞു:-

"ഹിന്ദുക്കൾ പോയതുതന്നെ ഇവിടത്തെ വിദ്യാഭ്യാസപുരോഗതിക്കു് വലിയ തടസ്സമാണു്. അവരായിരുന്നു അധികവും അദ്ധ്യാപകർ."

വേറൊരാൾ പറഞ്ഞു:—

"സ്കൂളുകൾ അടയ്ക്കുന്നതു് ഗവമ്മെൻറിൻെറ കരുതിക്കൂട്ടിയുള്ള നയം കൂടിയാണു്." ബാക്കിയുള്ളവർ തലയാട്ടി. അയാൾ തുടന്നു—"ജനങ്ങളെ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നതു് തങ്ങൾക്കു് അപകടമാണെന്നാണു് നേതാക്കന്മാരുടെ നിശ്ചയം. ജനങ്ങൾക്കു അറിവുണ്ടായാൽ അവർ കൊള്ളരുതായ്മകളെ എതിക്കും. ജനങ്ങളെ അടിമകളും വിഡ്ഢികളും ആക്കി ഭരിക്കണമെന്നുമാണു് അവരുടെ നയം." ഇതു ഗവർമ്മെൻറിൻെറ ഒരു ഉറച്ച നയമായി സ്വീകരിക്കുകയാണെന്നു് അദ്ധ്യാപകർ ഏററുപറഞ്ഞു.

"സ്ത്രീകളുടെ വിദ്യാഭ്യാസകാര്യമാണെങ്കിൽ പറയേണ്ട. അവരെ കാളേജുകളിലും അയക്കുകയില്ല. സ്കൂളിലും അയക്കുകയില്ല. സ്ത്രീകളുടെ സിൽഹററിലുള്ള കാളേജ് അടയ്ക്കാൻ പോകുന്നതായി റിപ്പോർട്ടുകണ്ടു."

സംസാരത്തിൽ പങ്കെടുത്ത മററു യുവാക്കൾ പലരും വിദ്യാർത്ഥികളായിരുന്നു. ഗവമ്മെൻറിനും ലീഗിനും എതിരായി അവർക്കു വളരെയധികം പറയാനുണ്ട്.

സ്ക്കൂളുപോലെ ആശുപത്രികളും ആവശ്യത്തിനു മതിയാകുകയില്ല. നേഴ്സുകൾ അധികവും ഹിന്ദുക്കളും ക്രിസ്ത്യാനികളും ആണ്. ചിററഗാങ്ങിൽ ധാരാളം ക്രിസ്ത്യാനികളുണ്ട്. വിദ്യാഭ്യാസത്തിനു പോകാത്തതുകൊണ്ട് എല്ലാ ഉദ്യോഗത്തുറകളിലും മുസ്ലിംസ്ത്രീകൾ വളരെ വിരളമാണ്.

ഇരുട്ടത്തു തപ്പിക്കൊണ്ടു പടി കയറി ഞാനും ഹുസൈനും ഹോസ്റ്റൽ മുകളിൽ എത്തി. ഞങ്ങൾ മുറിയിൽ കടക്കുമ്പോൾ മി. ഇസ്ലാം തറയിൽ ഇരുന്ന് ഊണു കഴിച്ചുകൊണ്ടിരുന്നു. രണ്ടുപേർക്കുള്ള ചോറും കറികളും ഓരോ കപ്പു പാലും പിഞ്ഞാണങ്ങളിൽ അടുക്കി വച്ചിരുന്നു. വേലക്കാരൻ മുക്ളിലേക്കു വന്നു. അവർ അയാളെ 'റസ്റ്റം' എന്നു വിളിച്ചു. ലുങ്കി മാത്രം ഉടുത്ത ഒരു അരോഗദൃഢഗാത്രൻ!–താടിയിൽ മാത്രം ഒന്നരഇഞ്ചോളം മുടി വളത്തി താടിക്കു താഴെ ക്രർപ്പിച്ചു വെട്ടിയിരുന്നു. അതയാളുടെ ഈശ്വരഭക്തിയെ വെളിവാക്കി. അയാളുടെ മുഖത്തിന് അസാധാരണമായ ഒരു ശാന്തിവിശേഷം ഉണ്ടായിരുന്നു. വളരെ ആകർഷണീയമായി അയാൾ പുഞ്ചിരിച്ചുനിന്നു.

മി. ഹുസൈൻ ചോദിച്ചു:–

"നിങ്ങൾ, ഞങ്ങളുടെ ചോറും കറിയും കഴിക്കുമല്ലോ."

"തീർച്ചയായും."

തറയിൽ ഒരു പായിട്ടു ഞങ്ങൾ ഇരുന്നു. റസ്സൂം പിഞ്ഞാണങ്ങൾ നിരത്തി. ചോറിനു കറികൾ, രസവും ഏതോ വലിയ ആററുമീൻ വലിയ കഷണത്തിൽ നുറുക്കിയതു്, ഉരുളക്കിഴങ്ങും ടൊമാറേറായും ഇട്ടുവച്ച കറിയും ആയിരുന്നു. കൽക്കട്ടാ ഹോട്ടലുകളിലെ മീൻകറിയുടെ അനുഭവത്തിൽ, ഞാൻ സംശയത്തോടെയാണു് മീൻകറി നോക്കിയതെങ്കിലും മുളകു് അത്ര കുറവല്ലാതിരുന്നതിനാൽ കഴിക്കാൻ വല്ലായ്മ തോന്നിയില്ല. മീൻ നല്ല രുചിയുള്ളതായിരുന്നു. ഹുസൈൻ ചോദിച്ചു:—

"കറി എങ്ങിനെ ഇരിക്കുന്നു?"

"നല്ലതുതന്നെ."—ഞാൻ പറഞ്ഞു.

ആററുമീനാണെന്നും വളരെ വില കൂടിയതാണെന്നും അദ്ദേഹം പറഞ്ഞു.

ചോറെല്ലാം നുള്ളിപ്പെറുക്കി ഉണ്ടശേഷം, ഹുസൈൻ പിഞ്ഞാണം കുറച്ചു വെള്ളമൊഴിച്ചു കഴുകി. തുടന്നു കപ്പിൽ ഇരുന്നപാലു പിഞ്ഞാണിയിലൊഴിച്ചു രണ്ടു പഴവും കുറച്ചു ചോറും ഇട്ടു് വെരകിത്തിന്നു അതിൻെറ സ്വാദേറിയ മണം എൻെറ മൂക്കിൽ വന്നു കയറി. എങ്കിലും പതിവില്ലാത്തതുകൊണ്ടും മീൻകറിയുടെ പുറകേ ആയതുകൊണ്ടും എൻെറ പങ്കു പാലും പഴവും ഞാൻ ഊണു കഴിഞ്ഞു് പ്രത്യേകം കഴിക്കുകയാണു ചെയ്തതു്. ഞാനും ഹുസൈനും ഉണ്ടുതീരാറായപ്പോൾ മി. റഹ്മാൻ ക്ലബ്ബിൽ നിന്നും വന്നു് തൻെറ ചോറിൻെറ മുമ്പിൽ ഞങ്ങളോടുകൂടി.

ഞാൻ ഡാക്കായെപ്പററി ചിന്തിച്ചുതുടങ്ങി. എനിയ്ക്കു് അങ്ങോട്ടു കുതിയ്ക്കണം. ഞാനും ഹുസൈനും കൂടി രാത്രി ഒൻപതു മണിക്കു് റയിൽവേസ്റ്റേഷനിൽ പോയി. ഡാക്കായിലേക്കുള്ള ട്രെയിനിൻെറ വിവരങ്ങ്ൾ അറിയാൻ. തെരുവു ശാന്തമായി കഴിഞ്ഞു. റോഡുവക്കത്തുള്ള വീടുകളിൽപോലും ചുരുക്കമായേ വിളക്കു കാണ്ടോള്ളു. നല്ല തണുപ്പു്. ഹുസൈൻ കോട്ടിട്ടു് വിറച്ചു.

രണ്ടര മണിക്കൂർ യാത്രകൊണ്ടു് ആദ്യം 'ഗോവലന്തു' എന്ന സ്റ്റേഷനിൽ ഇറങ്ങണം. അതു് പത്മാനദിക്കരെയിലാണു്. നദിയിലൂടെ പതിന്നാലു മണിക്കൂർ നേരത്തെ കപ്പൽ യാത്ര കൊണ്ടു് 'നാരായൺഗഞ്ചിൽ' എത്തും. അവിടെ നിന്നും ഡാക്കായിലേക്കു ചുരുങ്ങിയ നേരത്തെ ട്രയിൻയാത്രയുണ്ടു്. കുഷ്ടിയായിൽ നിന്നും 'ഗോവലന്തു' വിലേയ്ക്കു രണ്ടു ട്രെയിൻ ഉണ്ടു്. ഒന്നു രാത്രി പത്തു മണിക്കു്. മററൊന്നു വെളുപ്പിനെ നാലുമണിക്കു്. 'ഗോവലന്തു'വിൽ നിന്നും നാരായൺഗഞ്ചിലേയ്ക്കു് ദിവസം ഒരു കപ്പൽ മാത്രമേയുള്ളു. വെളുപ്പിനെയുള്ള ട്രെയിൻ എത്തിയശേഷമെ രാവിലെ 'ഗോവലന്തു'വിൽ നിന്നും കപ്പൽ തിരിക്കുകയുള്ളു. രാത്രി പത്തു മണിയ്ക്കുള്ള ട്രയിനിൽ പോയാൽ രാത്രിയിൽ ആറു മണിക്കൂറോളം 'ഗോവലന്തു' വിൽ കഴിയണം. വെളുപ്പിനെയുള്ള ട്രയിനിൽ പോകാം എന്നു കരുതി.

താഴത്തെ ഒരു വലിയ മുറിയിൽ എനിക്കു് ഉറങ്ങാൻ സൗകര്യപ്പെടുത്തി. ഹോസ്റ്റലിലെ വിദ്യാർത്ഥി

കൾ എല്ലാം എൻെറ ചുററും കൂടി. ഫലിതത്തിൻെറയും ചിരിയുടേയും ബഹളമായിരുന്നു. ചിലർ കട്ടിൽ തുടച്ചു വൃത്തിയാക്കി. ഞാൻ കിടക്ക നിവത്തപ്പോൾ ചിലർ എനിക്കു കൊതുകുവല രകട്ടി. മനുഷ്യനെ കടിച്ചു വററിക്കുന്ന കൊതുക് അവിടെ ഉണ്ടെന്നും മലമ്പനി വന്നു തുള്ളുന്നതു സാധാരണമാണെന്നും അവർ പറഞ്ഞു. കറുത്തു ആരോഗ്യമുള്ള ഒരു യുവാവ്, തൻെറ സുഹൃത്തുക്കൾ പറയാൻ വിമ്മിഷ്ടപ്പെട്ടതു് വ്യക്തമാക്കാൻ നേതൃത്വം കൊടുത്തു.

എൻെറ ജോലി എന്താണ്?-ഞാൻ എവിടെ പോകുന്നു?-എന്തിനു പോകുന്നു?-എന്നെല്ലാം അവർ പരസ്പരം പൊറുപൊറുത്തു. എന്നെ കണ്ടാൽ ബംഗാളി ആണെന്നേ തോന്നുകയുള്ളൂവെന്നും എനിക്കു ബംഗാളിഭാഷ കൂടെ വശമുണ്ടെങ്കിൽ ആരും എന്നെ സംശയിക്കുകയില്ലയെന്നും ഒരാൾ പറഞ്ഞു. കേരളത്തിലേയും ബംഗാളിലേയും ഭൂപ്രകൃതിക്കു വളരെ സാമ്യതയുണ്ടെന്നും ഞങ്ങളും ചോറാണു കഴിക്കുന്നതെന്നും പറഞ്ഞപ്പോൾ അവർ ആകസ്മികമായി പരസ്പരം നോക്കി. ഞങ്ങളുടെ സംഭാഷണം അനവധി വിഷയങ്ങളിലൂടെ പൊട്ടുന്നനവേ നീങ്ങിക്കൊണ്ടിരുന്നു. ജിന്നാസാഹിബിൻെറ കാര്യം പറഞ്ഞപ്പോൾ അദ്ദേഹം ലിയാക്കത്തു് ആലിഖാനേക്കാൾ വലിയ ആളായിരുന്നുവെന്നുമാത്രം അവർ വ്യക്തമായി പറഞ്ഞു. ഒരാൾ പറഞ്ഞു അദ്ദേഹമാണ് പാകിസ്ഥാൻ ഉണ്ടാക്കിയതെന്നു്. എങ്കിലും ഭരിക്കാനുള്ള ഭാഗ്യം ലിയാക്കത്തു്

ആലിഖാനാണ് കിട്ടിയതെന്ന് വേറൊരാൾ പറഞ്ഞു. ഒരു കൂട്ടച്ചിരിയുണ്ടായി.

മുതിൎന്ന ആ വിദ്യാർത്ഥി എന്നോടു പറഞ്ഞു:-

"ഞാനും കൂടെ ഈ മുറിയിൽ കൂട്ടുകിടക്കാം. പക്ഷെ വെളുപ്പിനെ നാലുമണിക്കു റയിൽവേസ്റ്റേഷനിലേക്കു പോകാൻ ഉണൎത്താനുള്ള ചുമതല ഞാൻ ഏല്ക്കുകയില്ല."

തന്റെ ചുമലിൽ നിന്നും എന്തോ ഭാരം ഇറക്കും പോലെ മൂന്നാലു പ്രാവശ്യം അതയാൾ ആവൎത്തിച്ചു പറഞ്ഞു. ഞാൻ സമ്മതിച്ചപ്പോൾ അയാൾ ആശ്വാസം കൊണ്ടിരിക്കണം.

എന്നും പകൽ മുഴുവൻ ദീർഘമായ നടത്തയ്ക്കും ഇടവിടാതുള്ള സംഭാഷണത്തിനുശേഷവും, വൈകിയാണ് ഉറങ്ങാൻ കഴിഞ്ഞിരുന്നതു്. അതുകൊണ്ടു് ചിലപ്പോൾ നേരം വെളുക്കുന്നതിനു മുമ്പ് എഴുന്നേൽക്കാൻ കഴിഞ്ഞിരുന്നില്ല. വെളുപ്പിനെ മൂന്നുമണിയ്ക്ക് എഴുന്നേററില്ലയെങ്കിൽ ഗാഢമായി ഉറങ്ങണമെന്നു ഞാൻ നിശ്ചയിച്ചു. അങ്ങിനെതന്നെ പററി. ഉണൎന്നപ്പോൾ അഞ്ചരമണിയായി. പുതപ്പു വലിച്ചു മൂടിക്കൊണ്ടു്, കഴിഞ്ഞ എല്ലാ ദിവസങ്ങളിലേയും ഉറക്കക്ഷീണം പോകട്ടെ എന്നു കരുതി വളരെ വൈകിയാണ് ഉണൎന്നതു്. രാവിലെ വിദ്യാർത്ഥിസുഹൃത്തുക്കൾ അഭിവാദ്യം ചെയ്തു ചോദിച്ചു. സുഖമായി ഉറങ്ങിയോ എന്ന്.

ഒരു വിദ്യാൎത്ഥി വന്നു പറഞ്ഞു.—

"എന്റെ മുറിയിലേയ്ക്കു സാർ ദയവായി ഒന്നു വരുമോ?"

ഞാൻ അകത്തു ചെന്നപ്പോഠം തൻെറ സഹപാഠിയെ എനിക്കു പരിചയപ്പെടുത്തി. രണ്ടുപേരും ജൂനിയർ ബി. ഏ. ക്കാരാണ്. ചരിത്രവും ധനതത്വശാസ്ത്രവും വിഷയം. അവർ അതിയായ ജിജ്ഞാസയോടെ എന്നോടു ധാരാളം ചോദ്യങ്ങഠം ചോദിച്ചു,-

'കേരളം എന്നുവച്ചാൽ എന്താണ്? അവിടെ എന്തു ഭാഷയാണ് സംസാരിക്കുന്നതു്? അവിടെ ധാരാളം നദികളുണ്ടോ? അനവധി കാളേജുകളുണ്ടോ? എന്തെല്ലാം ജാതിക്കാരുണ്ടു്?'

എട്ടുപത്തു മിനിട്ടുകഠംക്കുള്ളിൽ മുറിക്കകവും വെളിയിലും ധാരാളം വിദ്യാത്ഥികളെക്കൊണ്ടു് നിറഞ്ഞു.

ഹോസ്റ്റൽ അങ്കണത്തിലെ കുഴൽകിണററിൽ നിന്നു ഞാൻ കുളിച്ചു.

അദ്ധ്യാപകർ എന്നെ കാളേജിൽ കൊണ്ടുപോകാൻ നിശ്ചയിച്ചു. ആദ്യപീരിയേഡു് ക്ലാസ്സുണ്ടായിരുന്നതുകൊണ്ടു് ഹുസൈനും റഹ്മാനും നേരത്തേപോയി. ഇസ്‌ലാമിക് ചരിത്രാദ്ധ്യാപകൻ മി ഇസ്‌ലാമിൻെറകൂടെ ഉച്ചയ്ക്കു മുമ്പായി ഞാൻ കാളേജിലേക്കു തിരിച്ചു. പ്രധാന റോഡിൽനിന്നും തിരിഞ്ഞു് ഇടവഴിയിലൂടെയും, കുററിക്കാടുകഠംക്കിടയിലെ നടപ്പാതയിലൂടെയും ആയിരുന്നു മാഗ്ഗം. ഒരു മൈൽ ഉള്ളിലോട്ടുമാറി വിശാലമായ ഒരു പാടത്തിൻെറ നടുക്കായി കാളേജുനിന്നു. പൂത്തിയാകാത്ത ഒരു രണ്ടു നില കെട്ടിടം. മുകളിലത്തെ നിലയിൽ രണ്ടുമുറി മത്രമേ പൂത്തിയായിട്ടുള്ളു. അവിടെയാണ് പ്രിൻസിപ്പാളിൻെറ മുറി. ഞങ്ങഠം ആദ്യം അദ്ധ്യാപകർ ഇരിക്കുന്ന താഴ

ത്തെ മുറിയിലേയ്ക്കുപോയി. അവിടെ ഹുസൈനും റ ഹ്മാനും എന്നെ അഭിവാദ്യം ചെയ്തു. അവരുടെ സഹ പ്രവർത്തകർക്ക് ആദ്യം എന്നെ പരിചയപ്പെടുത്തി - ഫിലാസഫി, ഹിസ്റ്ററി, ബംഗാളി, കെമിസ്ട്രി എന്നീ വിഷയങ്ങളുടെ അദ്ധ്യാപകർ, അവർ എല്ലാവരും സാ ഹിത്യത്തോട് അടുപ്പമുള്ളവർ ആയിരുന്നു.

സൌഹൃദമേറിയ ഇത്തരം സന്ദർഭങ്ങളിൽ ഞാ ൻ നേരിടാനുള്ള ചോദ്യങ്ങൾ ആദ്യം എന്റെ ജന്മനാ ടിനെ പററി ആയിരിക്കും. കേരളത്തിനേയും മലയാ ളത്തിനേയും പററി പറഞ്ഞുകൊണ്ട് ഞാൻ തുടങ്ങും. ഇന്ത്യയിലെ അനവധി കാളേജുകളും പൊതുസ്ഥാപ നങ്ങളും സംഘങ്ങളും പൊതുപ്രവർത്തകരും ആയുള്ള ബന്ധംകൊണ്ട്, കേരളത്തിനേയും മലയാളത്തിനേ യും ഇന്ത്യയ്ക്ക വളരെയേറെ അടുപ്പിക്കുവാൻ എനി ക്കു കഴിഞ്ഞു:-

ബുദ്ധിജീവികളുമായുള്ള വേഴ്ചകളിൽ ഭാഷ യേയും സാഹിത്യത്തേയും പററിയുള്ള ചർച്ചകൾ എ ങ്ങും സാധാരണമായിരുന്നു. ഈ ചർച്ചകളിൽ ആ ദേശഭാഷ സാഹിത്യരൂപങ്ങളും രീതികളും ഞാൻ അ റിയുമ്പോൾ, കേരളത്തിനെപ്പററി അവർ എപ്പോഴും എന്നിൽനിന്നും ഗ്രഹിച്ചു.

കൂട്ടത്തിൽ മുതിർന്ന ദേഹവും നാല്പതിനോടടുത്തു പ്രായവുമുള്ള തടിച്ചു ദൃഢഗാത്രനായ ബംഗാളി പ്രൊ ഫസ്സർ, അദ്ദേഹത്തിന്റെ ശാന്തപകപമായ ശബ്ദ ത്തിൽസാഹിത്യത്തെപ്പററി സംസാരിച്ചു. എന്റെ പു സ്തകങ്ങൾ എടുത്തു താളുകൾ മറിച്ചുകൊണ്ട് അതിൽ

നിന്നും ഒരു കഥ പറയുവാൻ ചരിത്ര പ്രൊഫസ്സർ ആവശ്യപ്പെട്ടു. 'സ്നേഹവും സൌന്ദര്യവും' എന്ന സമാഹാരത്തിലെ 'സ്നേഹത്തിൻെറപോരാൽ' എന്ന കഥ ഞാൻ പറഞ്ഞു തങ്ങളുടെ കസേരകൾ അവർ എൻെറ അടുത്തയ്ക്കു വലിച്ചിട്ടു. മി. ഹുസൈൻ പറഞ്ഞു:-

"നിങ്ങളുടെ ഏതെങ്കിലും ഒരു കഥ ഞങ്ങളെ തർജ്ജിമചെയ്തു കേൾപ്പിക്കുക"

അതിലുള്ള വിഷമംകൊണ്ടു് ഒരു പേജുമാത്രം മതിയാക്കണമെന്നുള്ള അപേക്ഷയെ എനിക്കു് അവരെകൊണ്ടു് അംഗീകരിപ്പിക്കണമായിരുന്നു. ഞാൻ ആദ്യം മലയാളത്തിൽ ഓരോ വരിയും വായിച്ചുകൊണ്ടു് ഇംഗ്ലീഷിലേക്കു് ഏതാണ്ടു് വിവർത്തനം നൽകി. മലയാളഭാഷയുടെ ശബ്ദം അവർ അതിയായ ആകർഷണീയതയോടെ ശ്രദ്ധിച്ചു. അവർ എൻെറ ഭാഷാരീതിയേയും സാങ്കേതികമാർഗ്ഗത്തേയും അഭിനന്ദിച്ചു.

അടുത്തതായി എന്നെ കാളേജുഗ്രന്ഥാലയം കാണിച്ചു. അദ്ധ്യാപകർ തമ്മിലുള്ള സംഭാഷണത്തിൽ അത്യധികമായ അടുപ്പവും സ്നേഹനിർഭരമായ സ്വരവും മധുരമായി വിളങ്ങി.

ഡാക്കായിൽ എനിക്കു ബന്ധം പുലർത്താൻ അവർ സ്നേഹിതരെ പററി ആലോചിച്ചു. മിത്രങ്ങളെ സമ്പാദിച്ചു തന്നു് എൻെറ ശ്രമം സഫലമാക്കുവാനുള്ള അവരുടെ ഹൃദയംഗമമായ മനോവ്യാപാരം ഓരോരുത്തരുടേയും മുഖത്തുകാണാം. ഒരാൾ പഴയ ഒരു മിത്രത്തിൻെറ പേർ അവതരിപ്പിക്കുമ്പോൾ അയാൾ വ

ഗ്ഗീയലഹളയിൽ മരിച്ചുപോയെന്നോ, ഇന്ത്യയിലേയ്ക്കു പൊയ്ക്കളഞ്ഞുവെന്നോ വേറൊരാൾ പറയും. മരണത്തിനും മതമർദ്ദനത്തിനും, വിദേശജീവിതത്തിനും ഇടയായ അനവധി മിത്രങ്ങളെ പററിയുള്ള ശോകദാരുണമായ സ്മരണകൾ അവരിൽ ഉദിപ്പിച്ചു ബംഗാളിപ്രൊഫസ്സർ പറഞ്ഞു:-

"ഡാക്കായിലുള്ള സ്നേഹിതർ പലരും എവിടെയാണെന്ന് അറിഞ്ഞുകൂട. ലഹളക്കാലത്ത് പലരും മരിച്ചു. പലരുടേയും മേൽവിലാസം ഇപ്പോൾ നിശ്ചയമില്ല."

ഡാക്കാ യൂണിവേഴ്സിററിയിൽ ധനതത്വശാസ്ത്രത്തിൻെറ തലവൻ വളരെ ജനസമ്മതിയുള്ള ഒരു മദ്രാസിയാണെന്ന് അവർ പറഞ്ഞു. പക്ഷെ, ഒരു പൂർവ ബംഗാളിയുമായി ബന്ധപ്പെടുവാൻ ഞാൻ താല്പര്യപ്പെട്ടു. പ്രിയപ്പെട്ട ഒരു മിത്രത്തെ മി. ഹുസൈൻ ചൂണ്ടി. അദ്ദേഹം ഡാക്കാ യൂണിവേഴ്സിററിയിലെ അദ്ധ്യാപകനായ മി. അഹ്ളക്കുർ റഹ്മാൻ ആയിരുന്നു.

വെളുപ്പിനെ നാലുമണിക്കു ട്രയിനിൽ എനിക്കു ഡാക്കായിലേയ്ക്കു പുറപ്പെടാൻ അവർ സൌകര്യം ആലോചിച്ചു. ബംഗാളി പ്രൊഫസ്സർ സ്റ്റേഷനടുത്തു വേറൊരാളിൻെറ അതിഥിയായി ആണ് താമസം. ഞാൻ അവിടെ താമസിച്ചു വെളുപ്പിനെ പുറപ്പെടാം.

പക്ഷേ ഒരു കരാറു വേണം!—ഞാനും അവിടെ അതിഥിയായിരിക്കുകയും അവിടെനിന്നും അത്താഴം കഴിക്കുകയും വേണം.

എന്തായാലും സന്ധ്യകഴിഞ്ഞപ്പോൾ ആ പ്ളാൻ തെററി.

കാളേജിൻെറ മുകൾഭാഗത്ത് പണിതീരേണ്ട നിലയിൽ നിന്ന് ഞാൻ ചുററും നോക്കി. അകലെയായി ഒരു ഷെഡു കാണാം. ഇന്ത്യയിൽ നിന്നും വന്ന അഭയാർത്ഥികൾ താമസിയ്ക്കുന്നതാണ്. അടുത്ത ഗ്രാമങ്ങളിലും അഭയാർത്ഥികളെ താമസിപ്പിച്ചിട്ടുണ്ട്.

ആടുകൾ പാടത്തിൽ കൂട്ടമായ് നിന്നു മേഞ്ഞു. ഒരു ബാലൻ മറെറാരിടത്ത് പശുക്കളെ മേയ്ച്ചു.

പ്രിൻസിപ്പാൽ സ്ഥലത്തില്ലായിരുന്നു, അതുകൊണ്ട് അദ്ദേഹത്തെ കാണുവാൻ കഴിഞ്ഞില്ല.

കാളേജിൻെറ മുൻവശത്ത് ഇടതുഭാഗത്തായി വിദ്യാത്ഥികളുടെ വെയിററിംഗ്ഷെഡ് നിമ്മിച്ചിരുന്നു. തറ തല്ലി ഒതുക്കി മെഴുകി പനമ്പുകൊണ്ട് ചുവർ മറച്ച ഒരു നീണ്ട കൊട്ടിൽ ആയിരുന്നു. അതിന് ഇരുപതടിയോളം അകലെയായി കാളേജു ശിപായിയുടെ കൊച്ചുകുടിൽ നിന്നു. അതിനോടു ചേന്ന് വിദ്യാർത്ഥിനികളുടെ വെയിററിംഗ് റൂമും ഉണ്ടായിരുന്നു. പനമ്പുകൊണ്ടു ഉണ്ടാക്കിയ ഒരു വലിയ കുടിൽ!-കഴിഞ്ഞ കൊല്ലം ആകെ നാലു വിദ്യാർത്ഥിനികൾ ഉണ്ടായിരുന്നു. ഈ കൊല്ലം രണ്ടുപേർ മാത്രമേ ഉള്ളു. വിദ്യാർത്ഥിനികൾക്കു വിദ്യാർത്ഥികളോടു സംസാരിക്കാൻ സൌകര്യ്യം ഇല്ല. സൗകര്യ്യം കൊടുത്തിട്ടില്ല. സംസാരിക്കാൻ സമ്മതിക്കുകയുമില്ല. എന്തായാലും അവർ പരസ്പരം സംസാരിക്കാറുമില്ല. പൊതുവെ കരുതിയിരിക്കുന്നത് പെൺകുട്ടികൾ പഠിക്കാൻ വളരെ മോശമാണെന്നാണ്.



ഡാക്കാ യൂണിവേഴ്സിററി കാളേജ്



ചണം

മി. ഹ്സൈനമൊത്ത് ഞാൻ വിദ്യാർത്ഥികള്ടെ വെയിററിംഗ് ഷെഡ്ഡിലേക്ക പോയി. പെട്ടെന്നു ബെല്ലടിക്കകയാൽ ധാരാളം വിദ്യാത്ഥികൾ എൻെറ ക്രടെ അകത്തുവന്നു ക്രടി. അവർക്ക ഇരിക്കാൻ ബഞ്ചുകൾ കിടന്നു. വളരെപ്പേർ നിന്നു. ചിന്ത, രൂപംകൊള്ളുന്ന പ്രായം. ബുദ്ധിയുടേയും മനസ്സിൻേറയും ഉൽക്കണ്ഠ ക്രമ്പിനിൽക്കുന്ന കാലം.

കാളേജ്, ക്ലാസ്, ഇഷ്ടമുള്ള വിഷയങ്ങൾ, പാകിസ്ഥാൻ തുടങ്ങി അവരോട്ടു ഞാൻ ചോദിച്ചു. ഇന്ത്യ ഒരു വിദേശരാജ്യമായി അവരുടെ ശബ്ദങ്ങൾ വ്യഞ്ജിപ്പിച്ചു. സ്വാർത്ഥതാല്പൎയ്യത്തിൻേറയും അധികാരഭ്രാന്തിൻേറയും അടിസ്ഥാനത്തിൽ ഇന്ത്യയെ രണ്ടായിപിളൎന്ന ആ വിഷബീജം, ഈ ഉപഖണ്ഡം മുഴുവൻ തൻെറ നാടായി കാണേണ്ട യുവഹൃദയങ്ങളിൽ കുത്തിവയ്ക്കുന്ന ജനദ്രോഹത്തിനെതിരായി യുവതലമുറ അടുത്ത ഭാവിയിൽ തല ഉയത്താതിരിക്കുകയില്ല.

ഞാൻ ജനിക്കുകയും വളരുകയും ചെയ്ത ഇന്ത്യയുടെ ആ ഭാഗത്തെപ്പററി അവക്കറിയണം.

ഞാൻ കേരളത്തെപ്പററി പ്രസംഗരൂപത്തിൽ സംസാരിച്ചു. അവർ ചോദ്യങ്ങൾ ചോദിച്ചും തങ്ങളുടെ ആശയഗതി വ്യക്തമാക്കിയും വിലപ്പെട്ട ആ ക്രടിക്കാഴ്ച തുടൎന്നു.

കേരളം വളരെ സുന്ദരമായ ഒരു ഭ്രവിഭാഗം ആണെന്നു ഞാൻ പറഞ്ഞു. തിരുവിതാംക്രർ, കൊച്ചി, മലബാർ ഈ മൂന്നു ഘടകങ്ങൾ ചേൎന്നതാണവിടം. കിഴക്കു കൃഷികൊണ്ടു്പണം വിളയുന്ന പച്ചമലകളും,

പടിഞ്ഞാറ് സമ്പത്തു നിറഞ്ഞ അഗാധവും വിശാലവും ആയ അറേബ്യൻ സമുദ്രവും മലകളിൽ നിന്നും കൊച്ചുനദികൾ ഒഴുകുന്നു. അവ കൃഷിഭൂമികളെ തഴുകി കടലിലോ കടലോരത്തെ കായലുകളിലോ ചെന്നു ലയിക്കുന്നു.

കായലോരത്തെ കുടിലുകളിൽ തൊണ്ടു തല്ലിക്കഴിയുന്ന കുടുംബങ്ങളുണ്ട്. അവർക്കു തണൽ നൽകി, കേരവൃക്ഷങ്ങൾ നീണ്ട ഇലകൾ വിടർത്തി ഉല്ലാസമായി നിൽക്കും.

"അവിടെ എവിടെയാണ് വീട്?"—അവർ ചോദിച്ചു.

"തിരുവിതാംകൂറിൽ. അവിടെ കായലുപോലെ ഓളംതല്ലി വിശാലമായി കിടക്കുന്ന നെല്ലു വിളയുന്ന പാടങ്ങൾ ഉണ്ട്. വെള്ളം നിറഞ്ഞ പാടങ്ങൾക്കു നടുക്ക് അനവധി തുരുത്തുകൾ നിൽക്കുന്നു. തുരുത്തുകളിൽ ചുററും വാഴയും തെങ്ങും നിൽക്കുന്ന കൃഷിക്കാരുടെയും പണിക്കാരുടെയും വീടുകൾ കാണാം. അവയിലൊന്നാണ് ഞാൻ പിറന്ന വീട്."

അവർ പറഞ്ഞു:—

"അവിടുത്തെ കൃഷിയെപ്പററി പറയൂ."

"ആ പാടങ്ങളെ വേർതിരിച്ചുകൊണ്ട് തോടുകളും നദികളും ഒഴുകുന്നു. ആ പാടങ്ങളുടെ വരമ്പിൻ വക്കുകളിൽ പാടം പണിക്കാരായ പുലയരുടെ കുടിലുകൾ ഉണ്ട്. കൃഷിക്കാലം അടുക്കുമ്പോൾ വരമ്പു കുത്തി യന്ത്രം വച്ചു വെള്ളം വെളിയിൽ തള്ളും. ഉഴവുകാർ സന്തോഷത്തോടെ കൂകിവിളിച്ച് ആ ചെള

യിൽ ഇറങ്ങും.-വിത്തു വിതയ്ക്കും; മുളകൾ ഉയരും; നേരിയ നെല്ലോലക്കൂട്ടം ആടും; കതിരുകൾ പൊങ്ങും; സ്ത്രീകൾ കൊയ്ത്തുഗാനം ആല[illegible]ന്നു കതിരറുക്കും."

KOTTAYAM PUBLIC LIBRARY • KOTTAYAM •

അവർ ഉററു ശ്രദ്ധിച്ചു നിന്നു.

ഞാൻ ചോദിച്ചു:—

"അതിസുന്ദരമായ ആ നാടു കാണാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? കേരളത്തിലെ മലകൾ കാണാൻ കൊച്ചാറുകൾ കാണാൻ, തടാകങ്ങൾ കാണാൻ, നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ?-"

അവർ അതീവസന്തോഷത്തിൽ മന്ദഹസിച്ചുകൊണ്ടു് ആർത്തു പറഞ്ഞു:—

"ഞങ്ങൾ ഇഷ്ടപ്പെടുന്നു."

വിശുദ്ധമായ യുവത്വത്തിന്റെ ജ്ഞാനതൃഷ്ണയിൽ മനുഷ്യത്വബോധം തുടിയ്ക്കുന്ന വികാരതരളിമയേറിയ അവരുടെ ഒത്തൊരുമിച്ചുള്ള ശബ്ദം സാന്ദ്രമായ സംഗീതധ്വനികൾ പോലെ എന്റെ കർണ്ണങ്ങളിൽ പതിഞ്ഞു.

ഞാൻ ഹൃദയതരളിതനായി പറഞ്ഞു:—

"എന്നാൽ അതു നിങ്ങളുടെ നാടാണെന്നു കരുതൂ. നല്ലവരായ എല്ലാ ആളുകളും അവിടവും ഇവിടവും തങ്ങളുടെ നാടാണെന്നു കരുതട്ടെ-മനുഷ്യന്റെ വിശാലബുദ്ധി വീക്ഷണത്തിൽ, സത്യവും നന്മയും കണ്ടുപിടിക്കുന്നതിനും അവയിൽ ലയിക്കുന്നതിനുമുള്ള തേക്കത്തിൽ എല്ലാ കോട്ടകളും തകർന്നുപോകും."

# 6

## ഹാഫിസ്

കെമിസ്ട്രി പ്രൊഫസ്സർ മി. അല്ലാവുദീൻ!-യൌസരം ഫുൾഷർട്ടും ധരിച്ചു മെലിഞ്ഞു് പൊക്കം കുറഞ്ഞു് ഇരുണ്ട നിറത്തിലുള്ള ഒരു ചെറുപ്പക്കാരൻ. വളരെ സൌഹൃദമായി അടുപ്പമേറിയ ശബ്ദത്തിൽ അദ്ദേഹം സംസാരിച്ചു. കാളേജിൽ നിന്നു്, അദ്ദേഹവും ഒത്തു് ഞാൻ പുതിയ ഗ്രാമങ്ങളിലേക്കു തിരിച്ചു. മി. ഹുസൈനും കൂടെ ഉണ്ടായിരുന്നു. കാളേജിൽ നിന്നും ആദ്യം കിഴക്കോട്ടു് ഒരു മൈൽ നടന്നു് തെക്കുപടിഞ്ഞാറോട്ടു നെടുകേ പോയി. നടപ്പാതയ്ക്കു് ഇരുവശവും പച്ചക്കാടു തിങ്ങിനിന്നു. വീട്ടിനോടു ചേർന്നു വലിയ വൃക്ഷലതാദികൾ ഉള്ളിടത്തു് കേരളഗ്രാമത്തിലെ ഒരു കാവിൻെറ മട്ടു തോന്നിയ്ക്കും. എങ്ങും മുളങ്കൂട്ടവും കുളവും കാണാം. നൂറുകണക്കിനു വീടുകൾ ഞങ്ങൾ പിന്നിട്ടു. വഴിപ്പാതയിലോ വീട്ടുമുററത്തോ എങ്ങും സ്ത്രീകളെ കാണ്മാനില്ലായിരുന്നു.

ഞങ്ങൾ ഒരു പാടത്തിലേയ്ക്കു ഇറങ്ങുകയാണു്. വഴിയിൽ ധാരാളം പൊക്കം കുറഞ്ഞ ഈന്തപ്പനകൾ അടുത്തടുത്തുനിന്നു. വയലുകളുടെ അരികിലും അവ ധാരാളമായി കാണാം. സുഹൃത്തുക്കൾ പറഞ്ഞു, ഈന്തപ്പഴത്തിനേക്കാൾ വില പനയിൽ നിന്നും കിട്ടുന്ന

കള്ളിനാണെന്ന്. ഈന്തപ്പഴത്തിന്നു സ്വാദും മധുരവും കുറവാണ്. എങ്കിലും ആളുകൾ ഉപയോഗിക്കാറുണ്ട്. കള്ളിൽ നിന്നും ചക്കര ഉണ്ടാക്കും. ചക്കര ഗ്രാമത്തിൽ ഉപയോഗിക്കുന്നു.

ആ പാടത്തിന്ന് ഒരുഴകണ്ടു്,-വൃക്ഷക്കൂട്ടങ്ങളുള്ള ഗ്രാമങ്ങളാൽ ചുററി, കൊയ്ത്തു കഴിഞ്ഞു് വരമ്പുകൾ തെളിഞ്ഞു് കിടന്നു. തലയിൽ വെളുത്ത ഒരു വട്ടത്തൊപ്പിയും ബനിയനും ഇട്ടു് മദ്ധ്യവയസ്കനായ ഒരാൾ പാടത്തിൻെറ ഒരു മൂലയിലായി നിന്നു. ഒരു പയ്യൻ വടിയുമായി നിന്ന് മദ്ധ്യവയസ്കൻെറ പശുക്കളേയും കാളകളേയും മേയിച്ചു. രണ്ടു കാളകൾ തമ്മിൽ കുത്തുന്നുണ്ടായിരുന്നു. മദ്ധ്യവയസ്കൻ അല്ലാവുദീനോടു പറഞ്ഞു:—

"കുത്തി അവയുടെ മദം തീരട്ടെ."

ഞങ്ങൾ പോരുമ്പോഴും അവ ഗംഭീരമായി കുത്തി ഇടിക്കുന്നുണ്ടായിരുന്നു. പശുക്കൾ തങ്ങളുടെ പട വെട്ടുന്ന കാമുകരെ നിസ്സഹായതയോടെ വ്യസനകരുണമായി നോക്കിനിന്നു.

പാടത്തിൻെറ നടുക്കുകൂടെ ഒരു കാളവണ്ടിപ്പാത കണ്ടു. വയലിലെ കട്ടകളിൽ തട്ടി, വരമ്പുകൾ കടന്നു് കററയുടെ ഭാരം താങ്ങുന്ന വണ്ടിച്ചക്രം ഉരുണ്ടതുകൊണ്ടു മാത്രം ഉണ്ടായ പാത—പൈതാപ്പാടുകൾ കഴിഞ്ഞു താണു കിടന്നു. ഇന്ത്യയിലെ അനവധി ഗ്രാമങ്ങളിലും ഞാൻ ഇത്തരം കാളവണ്ടികൾ ഉണ്ടാക്കിയ പാതകൾ കണ്ടു. ഗ്രാമറോഡുകളുടെ അഭാവത്താൽ

കാളകൾ എത്ര കഷ്ടപ്പെട്ടാണ് ഈ കട്ടകൾ തട്ടി ഭാരം വലിയ്ക്കുക!—

വയലിൻെറ നടുക്ക് ഒററഒററയായി ഒരു തരം ചെറിയ വൃക്ഷങ്ങൾ നിന്നു. വണ്ണം കുറഞ്ഞ തടിയും ചെറിയ ഇലയും. തടിയ്ക്കു നല്ല ബലമാണ്. കാളവണ്ടിച്ചക്രമുണ്ടാക്കാം കായും ഇലയും കന്നുകാലി തിന്നും.

വയലിൻെറ നടുക്കൂടെ ആറേഴ് അടി വീതിയിൽ ഒരു തടിയൻ വരമ്പു പൊക്കി അതിൻെറ പുറത്തു് ഇഷ്ടിക പാകിയിരുന്നു ഗ്രാമങ്ങളിലേയ്ക്കുള്ള പാതയാണതു്. ആ പാതയിലൂടെ കുറച്ചു ദൂരംകൊണ്ടു ഞങ്ങൾ പാടത്തിൻെറ അപ്പുറത്തുള്ള ഗ്രാമത്തിൽ കയറി. ബേർവൃക്ഷങ്ങൾ നിറയെ പഴങ്ങൾ തൂങ്ങിക്കിടന്നു. ബേർ രണ്ടു തരത്തിലുണ്ട്,-ചിലതിൽ കോഴിമുട്ടയുടെ ആകൃതിയിലും ചക്കക്കുരുവിൻെറ വലിപ്പത്തിലും ഉള്ള പഴങ്ങൾ ഉണ്ടാകുന്നു. മറേറത്തരത്തിൽ ഞാറയ്ക്കായുടെ വലിപ്പത്തിൽ അതുപോലെ ഉരുണ്ട പഴങ്ങളാണ്. പഴുക്കുമ്പോൾ അവയുടെ പച്ചനിറം മാറി മഞ്ഞച്ചുചുവക്കും ഇവിടെ കണ്ട അധികം ബേർ വൃക്ഷങ്ങളിലും രണ്ടാമത്തെ തരത്തിലുള്ള ഉരുണ്ട പഴങ്ങളായിരുന്നു. അവയ്ക്കു പുളിപ്പു കലന്ന മധുരമാണ് സ്വാദ്. കൽക്കട്ടായിലും മററെല്ലാ ഉത്തരേന്ത്യൻനഗരങ്ങളിലും ബേർ പഴത്തിനു സേറിന് (രണ്ടുറാത്തൽ) നാലണ മുതൽ എട്ടണവരെ വിലയുണ്ടു്.

"ഇലച്ചില്ലകളിൽ നിന്ന് പഴുത്തു ചുവന്ന ബേർ പഴങ്ങൾ തൂങ്ങി സുന്ദരമായി നിന്ന ഒരു വൃക്ഷത്തിൻെറ

അടുത്ത വീട്ടിൽ ഞങ്ങൾ ചെന്നുനിന്നു. അകത്തു സ്ത്രീകളുടെ വളരെ മൃദുലമായ സംസാരം മർമ്മരമായി കേൾക്കാം. പക്ഷേ വാതൽ മറവിലേയ്ക്കു പോലും ഒരു മുഖം വന്നില്ല. മറവിൽ നിന്നുപോലും മറുപടിയുടെ ഒരു വാക്കു ലഭിച്ചില്ല. ആ വീട്ടിൽ അപ്പോൾ ആണുങ്ങൾ ഇല്ലായിരുന്നു. ഞങ്ങൾക്കു ബേർപഴ്വും കിട്ടിയില്ല. എൻെറ സുഹൃത്തുക്കൾ ചിരിച്ചുകൊണ്ടു പറഞ്ഞു:—

"ഇതാണു് ഇവിടുത്തെ പ്രശ്നം."

ഞങ്ങൾ പിന്നിട്ട ഗ്രാമങ്ങളിൽ ഒന്നു് 'കാളിശങ്കർപൂർ' ആണു്. അർത്ഥംകൊണ്ടു്, ശിവൻെറയും കാളിയുടേയും വാസസ്ഥലമെന്നാണു്. അവിടെ ഇപ്പോൾ എല്ലാ വീടുകളും മുസ്ലിങ്ങളാണു്. ഞങ്ങൾ ആ പേരിനെപ്പററി ചില ഗ്രാമീണരോടു ചോദിച്ചു. അവർ അറിവാകുന്നതിനു മുമ്പുതന്നെ കാളിയും ശങ്കരും എവിടേയ്ക്കോ ഓടിപ്പോയതുപോലെ, അവക്കു്, അതിനേപ്പററി ഒന്നും അറിഞ്ഞുകൂടാ. പേരിൻെറ അർത്ഥത്തിൽ നിന്നു് അവിടെ ഉണ്ടായിരുന്ന ഹിന്ദു ആധിപത്യം സ്പഷ്ടമാണു്.

ഒരു വീട്ടുകുളത്തിനകത്തു കിടന്ന സാധനം എന്നെ ആകർഷിച്ചു. 'ഡോങ്ക' അവർ പറഞ്ഞു. അതു് ഒരു കൊച്ചുവള്ളമാണു്. ഒന്നും രണ്ടും ആളുകൾ അതിൽ ആറുകളുടെ അക്കരെ ഇക്കരെ പോകും. ആ വള്ളത്തിൻെറ നിർമ്മാണത്തിൽ കലാകൌതുകം ഉണ്ടായിരുന്നു. വീണയുടെ അററത്തു് താഴോട്ടുള്ള വളവു മാ

ററിയാൽ അതിൻെറ ആകൃതി ആയിരുന്നു ഡൊാക്കുകൾ.

അടുത്തതായി 'മല്ലാത്തിഹോറിയാ' എന്ന ഗ്രാമത്തിൽ ഞങ്ങൾ എത്തി. ചായ കുടിക്കാത്ത ക്ഷീണം ഞങ്ങൾക്കുണ്ടായിരുന്നു. നാട്ടുവഴിക്കരികിലെ ഒരു ഗ്രാമീണപീടികയിൽ ഞങ്ങൾ എത്തി. മണ്ണെണ്ണയും, ഉപ്പും, മുളകും വിൽക്കുന്ന തനി നാടൻപീടിക!—കച്ചവടക്കാരൻെറ മടിയിൽ ഉടുപ്പിടാത്ത അയാളുടെ പെൺകുഞ്ഞ് ഇരുന്നു. അയാളും അടുത്തിരുന്ന സ്നേഹിതനും ഞങ്ങളെ കണ്ടു എഴുന്നേററു.

"അസ്സലാമു അലൈക്കും."

ഞങ്ങൾ മൂവരും ഒരുമിച്ച് അതേ ശബ്ദത്തിൽ പ്രത്യഭിവാദ്യം ചെയ്തു. കടയുടെ മുമ്പിൽ ചീകിമിനുക്കിയ മുളകൊണ്ട് ഒരു നാടൻ ബെഞ്ച് തറയിൽ ഉറപ്പിച്ചിരുന്നു. ഞങ്ങളെ അതിൽ ഇരുത്തി. സ്നേഹിതരെ ആകർഷകത്വമുള്ള ആ നാട്ടുബെഞ്ചിൽ ഇരുത്തി, കളിയും കാര്യവും പറഞ്ഞു കടക്കാരനു ചിരിക്കുകയും ചിന്തിക്കുകയും ചെയ്യാം—

അടുത്തുള്ള പുരുഷന്മാരും കൊച്ചുകുട്ടികളുമായി ഒരു സംഘം ഞങ്ങളുടെ ചുററും കൂടി. ലുങ്കിയും, താറുടുത്ത ധോത്തിയും ധരിച്ചിരുന്ന അർദ്ധനഗ്നരായ ആ ഗ്രാമീണസംഘത്തിൽ നിന്ന്, ഞങ്ങളുടെ വസ്ത്രധാരണത്തിനു വളരെ അകൽച്ച ഉണ്ടായിരുന്നു.

ഞാൻ അവർക്കു പരിചിതനാക്കപ്പെട്ടു.—

"മദിരാശിയിൽനിന്നും ഇവിടെയുള്ള ഗ്രാമങ്ങൾ കാണാൻ വന്നിരിക്കുന്നു."

എന്നെ നോക്കുമ്പോൾ പ്രസന്നതയുടെ കൊള്ളിമീൻ അവരുടെ മുഖത്തു പാളി.

ഒരാൾ എൻെറ പേരു് ചോദിച്ചു സ്നേഹിതർ പേരു പറഞ്ഞിട്ടു തുടൎന്നു:—

"ഇദ്ദേഹം നമ്മുടെ ബന്ധുവാണു്."

സ്നേഹിതരുടെസഹായത്താൽ ഞാൻ അവരോടു സംസാരിക്കാൻ ശ്രമിച്ചു. അവർ പറഞ്ഞു:—

"ഞങ്ങൾ കൃഷിപ്പണിക്കാരാണു്."

"എല്ലാവർക്കും പണിയുണ്ടോ?"

"ഭൂമിയുള്ളവർക്കു തങ്ങളുടെ ഭൂമിയിൽ പണി ചെയ്യാം. ഇല്ലാത്തവർക്കു ഭൂമിയുള്ളവർ പണി തരുമ്പോഴേ ചെയ്യാനൊക്കൂ."

ക്ഷീണിച്ച ശരീരത്തിലും മുഷിഞ്ഞ വസ്ത്രങ്ങളിലും അവർ നിന്നു. അവർ പറഞ്ഞു:-

"ഞങ്ങൾ ക്ഷീണിച്ചിരിക്കുന്നതു് ഞങ്ങൾ പാവങ്ങളായതുകൊണ്ടാണു്."

അവർ തുടൎന്നു:-

"പാകിസ്ഥാനുണ്ടാകുമ്പോൾ ഞങ്ങളുടെ കഷ്ടപ്പാടു തീരുമെന്നു പറഞ്ഞു. ലഹളയുണ്ടായി. ഹിന്ദുക്കൾ പോയി. മുസ്ലീങ്ങൾ മുസ്ലീങ്ങളെ ഭരിക്കാൻ തുടങ്ങി. പക്ഷേ ഞങ്ങളിന്നും പട്ടിണിക്കാർ."

കടയുടെ നേരെ മുൻവശം അവരുടെ പള്ളി നിന്നു. ഒരു സാധാരണ ബംഗാളി കുടിലിനു വൃത്തിയുണ്ടു്. പക്ഷേ, പള്ളിയുടെ ചുററും കാടും പടലും പിടിച്ചുകിടന്നു. അവർക്കു പട്ടിണി ഉണ്ടാക്കിയ ദൈ

വത്തിന്നെ അവർ നോക്കുകയില്ലെന്നു നിശ്ചയിച്ചിരിക്കുകയാണെന്നു തോന്നും.

ലുങ്കി ഉടുത്തു തോളത്തു ഒരു ഷാളും ഇട്ടു് കുറച്ചു ദീക്ഷ വളൎന്ന ഒരാൾ എന്റെ അടുത്തുനിന്നു. കടക്കാരൻ പറഞ്ഞു:-

"ഇദ്ദേഹമാണു് അഞ്ചുനേരം പള്ളിയിൽ വാങ്കു വിളിച്ചു് ആളുകളെ വരുത്തുന്നതു്."

മി. ഹുസൈൻ ചോദിച്ചു:-

"ഹാഫിസ് ഇവിടെ ഇല്ലേ?-"

ഖുറാൻ മുഴവൻ കാണാതെ അറിയാവുന്ന ആളാണു് 'ഹാഫിസ്.' അദ്ദേഹം മതോപദേശം നല്കും.

കടക്കാരൻ ഹാഫിസിനെ വിളിയ്ക്കാൻ ആളയച്ചു.

കടക്കാരന്റെ അടുത്തിരുന്ന ആൾ വെളിയിൽ ഇറങ്ങി പുറകിലുള്ള കുടിലിനെ നോക്കി ഉറക്കെ വിളിച്ചു. ഒരു സ്ത്രീ വെളിയിലേക്കു വന്നു. ബെഞ്ചിന്റെ വലത്തേ അററത്തിരുന്ന എന്നെ കണ്ടു അവൾ പെട്ടെന്നു കടയുടെപുറകിലെ മറയിലേയ്ക്കു മാറി. അവൾ സംസാരിക്കുന്ന ശബ്ദം വളക്കിലുക്കം പോലെ എനിക്കു കേൾക്കാം. പെട്ടെന്നു ഒരു ബാലൻ, കേരളത്തിൽ ഗ്രാമവീടുകളിൽ സാധാരണ ഉപയോഗിക്കുന്ന ഇടങ്ങഴിയുടെ രൂപത്തിൽ ചൂരൽ ചുററി അഴകായി ഉണ്ടാക്കിയ ഒരു കൂട നിറയെ ഉരുണ്ടു ചുവന്ന ബേർ പഴങ്ങളുമായി വന്നു. അതവൻ എന്റെ കയ്യിലേയ്ക്കു തന്നു. ഞാൻ അവനു തന്നെ ആദ്യം കുറച്ചു

ട്ടത്തു കൊടുത്തു അവൻ വാങ്ങിയില്ല. മററു കുട്ടികൾ എല്ലാം വാങ്ങി. ആ ബേർ പഴങ്ങൾ ഞാനും മി. ഹുസൈനും ധാരാളം തിന്നു. അതിനു ഉരുണ്ട ചെറിയ കുരു ഉണ്ട്. കുരു തുപ്പിക്കളയണം. ആ പഴങ്ങൾ പഴുത്തു വളരെ പാകമായതായിരുന്നു. മി. അല്ലാവുദ്ദീൻ ചുരുക്കമായേ കൂടയിൽ കയ്യ് വച്ചൊള്ളു. അദ്ദേഹത്തിന് ഇഷ്ടം മധുരപലഹാരങ്ങൾ ആണ്.

പെട്ടെന്ന് ഹാഫിസ് വന്നു. വളരെ മെലിഞ്ഞ് എല്ലുമാത്രമായ ഒരു മനുഷ്യൻ. നാൽപതിനോടടുത്തു പ്രായം ഉണ്ടാകണം. ലുങ്കിയും നീളൻവെള്ള ജൂബായും ധരിച്ചിരുന്നു. കട്ടംതവിട്ടുനിറത്തിൽ പൊക്കമേറിയ ടർക്കിത്തൊപ്പി തലയിൽ ഇരുന്നു. തൊപ്പിയുടെ മുകളിൽ നിന്നും കമ്പിളിനൂലുകൾ തലയുടെ ഒരു വശത്തേക്കു ചാഞ്ഞുകിടന്നു. മുറുക്കി ചുവന്ന പല്ലും വായും. ചെറുതായി വളർന്ന താടി അദ്ദേഹത്തിനുണ്ടായിരുന്നു.

എന്നോടു ചേർന്ന് ബഞ്ചിൽ അദ്ദേഹത്തെ ഇരുത്തി.

അദ്ദേഹം മട്രിക്കുലേഷൻവരെ പഠിച്ചിട്ടുണ്ട്, എന്നു പറഞ്ഞു. അതുകൊണ്ടു ഞാൻ നേരിട്ടു സംസാരിക്കാൻ ഒരുങ്ങി. അദ്ദേഹം പുഞ്ചിരിച്ചു. വളരെക്കാലം കൂടി ഉപയോഗിക്കുന്ന രീതിയിൽ അദ്ദേഹം ഇംഗ്ലീഷ് പറഞ്ഞു. പലപ്പോഴും ബംഗാളിയോ ഹിന്ദിയോ പദങ്ങൾ ഇംഗ്ലീഷിനോടു കൂട്ടിക്കലർത്തി. അദ്ദേഹം പതുങ്ങിയ ശബ്ദത്തിൽ ക്ഷീണിതമായ സ്വരത്തിൽ സംസാരിച്ചു. അദ്ദേഹം വിഷാദനിമഗ്നനായിരുന്നു. അദ്ദേഹം പറഞ്ഞു:–

"എൻെറ വീട്ട് ഇവിടെയല്ല, പശ്ചിമബംഗാളിലാണ്. വിഭജനത്തോടെ ഞാൻ ഇവിടെ വന്നു."

ഞാൻ ചോദിച്ചു:-

"എവിടെയാണു താമസം?"

അദ്ദേഹം പള്ളിയിലേക്കു ചൂണ്ടിക്കാണിച്ചു,-

"അവിടെ തന്നെ."

"ഊണോ?"

"കുഷ്ഠിയാ ടൌണിലെ ഹോട്ടലിൽ നിന്ന്."

ഞാൻ അദ്ദേഹത്തിനു ബേർപഴങ്ങൾ കൊടുത്തപ്പോൾ അദ്ദേഹം തിന്നാറില്ല എന്നു പറഞ്ഞു.

അദ്ദേഹത്തിൻെറ മുഖത്ത് നിരാശയുടെ വ്യക്തമായ നിഴലുകൾ ഉണ്ടായിരുന്നു. പശ്ചിമബംഗാളിൽ നിന്നു പ്രവഹിച്ച അനേകായിരം അഭയാർത്ഥികളുമൊത്ത് അദ്ദേഹവും മുസ്ലീങ്ങളുടെ ഭരണത്തിൻ കീഴിൽ വന്നു. വർഗ്ഗീയലഹളക്കാലത്ത് പശ്ചിമബംഗാളിൽ തൻെറ ജീവന് അപകടകരമായി അദ്ദേഹത്തിനു തോന്നിയിട്ടുണ്ടെങ്കിൽ അതു ശരിതന്നെ. പാകിസ്ഥാനിൽ അദ്ദേഹം സ്നേഹവും ഭക്തിയും സുഭിക്ഷതയും സുഖവും ആശിച്ചു. പക്ഷേ അദ്ദേഹം ഈശ്വരോപദേശങ്ങൾ നൽകിയ ജനങ്ങൾ അദ്ദേഹത്തേക്കാൾ ക്ലേശിക്കുന്നവർ ആയിരുന്നു. അദ്ദേഹം കടുത്ത ദാരിദ്ര്യം അനുഭവിക്കുന്നു. വേദന അനുഭവിക്കുന്നു.

ഹാഫിസ് പറഞ്ഞു:-

"ഈ ഗ്രാമീണർ വളരെ സാധുക്കളാണ്. അവക്കു

പ്പണമില്ല, വേണ്ട തൊഴിലുമില്ല. അവർക്കുള്ളത് അജ്ഞതയും അന്ധവിശ്വാസവും മാത്രമാണ്."

അദ്ദേഹം വിഷാദത്തോടെ തുടർന്നു:–"അവർക്കു കുഞ്ഞുങ്ങളെ എഴുത്തു പഠിപ്പിക്കണമെന്നില്ല. അവർക്കു ഗവമ്മെൻറു സ്ക്കൂളുണ്ടാക്കി കൊടുക്കുന്നുമില്ല. ഉള്ള സ്ക്കൂളുകൾ തന്നെ ഗവമ്മെൻറു അടയ്ക്കുകയാണ്."

ഞങ്ങളുടെ നടപടികളെ സൂക്ഷിച്ചുകൊണ്ട് വളരെ നേരമായി ഒരു ബാലൻ കൂടെ ഉണ്ടായിരുന്നു. അവൻ സ്ലേറ്റും പുസ്തകവും താങ്ങി ഞങ്ങളുടെ അടുത്ത് ആ കടയുടെ വാതുക്കൽ നിന്നു. ഹാഫിസ് പറഞ്ഞു:–

"അവൻ കുഷ്ടിയായിലാണ് പഠിക്കുന്നത്. അഞ്ചുമൈൽ നടന്നുചെന്നു പഠിക്കാൻ എത്ര പേരുണ്ടാവും?"

പള്ളിയിൽ നിന്നും ബാങ്കുവിളി കേട്ടു. ഹാഫിസ് എഴുന്നേററു,—

"ഞാൻ പോകട്ടെ."

ഞങ്ങൾ പരസ്പരം കൈകൂപ്പി. ഞങ്ങൾ കടയിൽ നിന്നും തിരിക്കുന്നതിനു മുമ്പ് രണ്ടു ഇളംകരിക്കിൻകുലകൾ കൂടി വെട്ടിക്കൊണ്ടുവന്നു. ഞങ്ങൾ മൂവരും ഓരോന്നു കുടിച്ചു. ഞാനതിനു പന്ത്രണ്ടണ വില കൊടുത്തു.

വീണ്ടും ഒരു വയലിലിറങ്ങി മറുകര കടക്കുമ്പോൾ നെയ്ത്തിൻെറ 'ടക......ടക' ശബ്ദം കേട്ടു.

സന്ധ്യ അടുത്തുവരുന്നു. ആ ഗ്രാമത്തിൽ നെയ്ത്തുകാരുടെ നിരവധി വീടുകളുണ്ട്. 'കുമാംഗഢ' എന്നാണു ഗ്രാമപ്പേര്.

അടുത്തടുത്തായ് നാലഞ്ചു കുടിലുകൾ, നടുക്കു നിന്ന രണ്ടെണ്ണത്തിനു കൂടുതൽ വലിപ്പമുണ്ട്. ഒരു കുടിലിൻെറ മുമ്പിൽ എത്തിയപ്പോൾ വാതൽ പെട്ടെന്ന് അകത്തുനിന്നും അടഞ്ഞു. അടയുന്ന വാതൽവിടവിലൂടെ വെളുത്തു കൃശമായ ഒരു കൈ ചലിക്കുന്നതു കണ്ടു. പീടികയിൽ കണ്ടതുപോലെ മുളകൊണ്ട് തറയിൽ ഉറപ്പിച്ചുണ്ടാക്കിയ ഒരു ബഞ്ചും രണ്ടു സ്ററൂളും, തിണ്ണയിൽ ഉണ്ടായിരുന്നു. ഒരു ചെറിയ പനമ്പായും കിടന്നു.

മുററത്ത് വിവിധ നിറത്തിലുള്ള നൂലുകൾ പാവിട്ടതു് അടുക്കിയും ഒതുക്കിയും ഒരാൾ ഇരുന്നു.

ഒരു ചെറുപ്പക്കാരൻ അടുത്ത കുടിലിലെ 'തറി' യിൽ നെയ്തുകൊണ്ടിരുന്നു. ഞങ്ങൾ അകത്തുകയറി അയാളുടെ അടുത്തുചെന്നു. കുടിലിൻെറ ഇരുവശമായി ഓരോ തറികൾ തറയോട്ട് ഉറപ്പിച്ചിട്ടുണ്ട്. കുടിലിൻെറ മുകളിൽ നിന്ന് ഒരു ഇരുമ്പുതിരിവിളക്ക് തൊന്നുനിന്നു.

'രാത്രിയിൽ നെയ്യാൻ.'

തറയിൽ ഇരുന്നു നെയ്യാൻ സൌകര്യപ്പെടുത്തിയാണു തറി ഇട്ടിരുന്നതു്. ഇരിപ്പിടത്തിൽ നിന്നു താഴോട്ടു കാലു നീട്ടാൻ ഒരു കുഴിയും ഉണ്ടായിരുന്നു. പിന്നീടു കാഷ്മീരിലെ ഗ്രാമങ്ങളിൽ ഞാൻ സഞ്ചരിച്ചപ്പോഴും, ഇരുന്നു നെയ്യുന്ന രീതിയാണു അവിടെ കണ്ടതു്. നിന്നു നെയ്യുന്നതിനേക്കാൾ ഇരുന്നു നെയ്യുന്നതാണ് കൂടുതൽ സൗകര്യമെന്നു രണ്ടു കൂട്ടരും എന്നെ അറിയിച്ചു.

നെയ്ത്തുകാരൻ, മെലിഞ്ഞു കറുത്ത് വിനയമസൃണമായ പെരുമാററത്തോടുകൂടിയ ഒരു ചെറുപ്പക്കാരൻ ആയിരുന്നു. 'ലുങ്കി'യാണ് നെയ്ത്തിൽ പ്രധാനമെന്ന് അയാഠം പറഞ്ഞു. അയാഠം എന്തുകൊണ്ടു് ഈ ജോലിയിൽ പ്രവേശിച്ചു എന്നു ഞാൻ ചോദിച്ചു. അയാഠം പറഞ്ഞു:-

"മില്ലും മല്ലും ഉണ്ടാകുന്നതിനു വളരെ മുമ്പു മുതലേ ഗ്രാമീണക്കു തുണി ഉണ്ടാക്കിക്കൊടുക്കുന്ന പാരമ്പര്യം ഞങ്ങളുടെ കുടുംബത്തിനുണ്ടു്. അതുകൊണ്ടു് ഈ തൊഴിൽ ഞാൻ ഇഷ്ടപ്പെടുന്നു."

അയാഠം തറിയുടെ വിവിധഭാഗങ്ങളും പ്രവത്തനവും എനിക്കു കാണിച്ചുതന്നു. ആ ചെറുപ്പക്കാരൻ എഴുന്നേററുനിന്ന് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു:-

"സാധനങ്ങളുടെ വില കൂടിയിരിക്കുന്നു. ഗ്രാമത്തിൽ പണവും ഇല്ല. ഞങ്ങഠംക്കു വില കുറഞ്ഞു് നൂലും ആഹാരസാധനങ്ങളും കിട്ടിയാൽ വില കുറച്ചു വസ്ത്രങ്ങളും വിൽക്കാൻ സാധിയ്ക്കും. അപ്പോഠം ഗ്രാമത്തിൽ വലിയ സന്തോഷമുണ്ടാകും."

"അതെ." ഞാൻ പറഞ്ഞു.

നേരം ഇരുണ്ടുവരുന്നു. ഞങ്ങഠം മടങ്ങിപ്പോകാൻ ഇറങ്ങി. നെയ്ത്തുകാരൻ വെളിയിൽ വന്നു വഴി കാണിച്ചു. വയലിലിറങ്ങി ഞങ്ങഠം മടങ്ങിനടന്നു. കാളകളെ മുമ്പിൽ നടത്തി ഉഴുതു കഴിഞ്ഞ നുകവും ഏന്തി കർഷകതൊഴിലാളികഠം ഞങ്ങഠംക്കെതിരേ നടന്നുവന്നു. സൃഷ്ടിയുടെ ചൈതന്യവാഹകർ!-

പട്ടണത്തിലേക്ക മദ്ധ്യവഴി ആയപ്പോഠം ഒരു ന ട്ടവരമ്പിൽ വച്ച് മി: അല്ലാവുദീൻ പറഞ്ഞു.—

"ഞാൻ നില്ക്കട്ടെ. എനിക്ക വീട്ടിലേക്ക കുറച്ചുദൂ രം മടങ്ങി നടക്കണം."

ഞങ്ങഠം മേൽവിലാസം കൈമാറി. ഉഴുതുമറിച്ച പാടം ചവുട്ടി ഞാനും ഹുസൈനും നടന്നു. ഇരുഠം ക ണ്ണുമൂടുംമുമ്പ് ഞങ്ങഠം ഒരു കൊച്ചു റോഡിൽ എത്തി. മി. ഹുസൈന്നു വഴികിട്ടി. ആ റോഡ് അദ്ദേഹത്തിന റിയാം. മുസ്ളീം വനിതകളെ മൂടിപ്പൊതിഞ്ഞ് ജീ വിതം മുഴുവൻ ചുവരുകഠംക്കകത്തു നിത്തുന്ന സാമുദാ യികാചാരത്തിന്റെ പശ്ചാത്തലത്തിൽ, പ്രേമത്തേ യും സന്മാൎഗ്ഗത്തേയും ഞാനും മി. ഹുസൈനും ചർച്ച ചെയ്തു. ഈ സാമുദായിക നിലയുടെ ഘനത്ത പ്രതിഫ ലനം ഡാക്കായിലെ യുവാക്കളിൽ ഞാൻ കണ്ടു.

ഞങ്ങഠം പ്രധാന റോഡിലേയ്ക്കു കയറുമ്പോഠം ഇരുവശങ്ങളിലും വലിയ ജനക്കൂട്ടം കണ്ടു. കൂടാരങ്ങളും കൊച്ചുവിളക്കുകളും—സ്ത്രീപുരുഷന്മാരുടെ സംസാര വും കുഞ്ഞുങ്ങങ്ങളുടെ കരച്ചിലും കേഠംക്കാം. പിരിയു വാൻ പോകുന്ന അന്തിച്ചന്തയുടെ പ്രതീതി ആദ്യം എനിക്കുണ്ടായി. എങ്കിലും അതല്ല എന്നുടൻ എനിക്ക മനസ്സിലായി.

"ഇവർ ആരാണ്?" ഞാൻ ചോദിച്ചു.

"ഞാൻ പറയാം" മി. ഹുസൈൻ.പറഞ്ഞു. നട ത്തയുടെ വേഗം കൂടിയെന്നു എനിക്കു തോന്നി. പ്രധാ നറോഡിലും ഇരുഠം തന്നെ. കുറച്ചു ദൂരത്തോളം ഞങ്ങ ളുടെ പുറകേ ഒരു പോലീസ്സുകാരൻ ഉണ്ടായിരുന്നു.

പിന്നീട് അയാൾ അതിവേഗം നടന്നു ഞങ്ങളുടെ മുമ്പിൽ എത്തി. ഒരു ചെറിയ മുറുക്കാൻ കടയുടെ വാതുക്കൽ എത്തി അയാൾ ഒരു സിഗരററു കത്തിച്ചു. ഞങ്ങൾ കടന്നുപോയപ്പോൾ കടയുടെ വെളിച്ചത്തിൽ ഞങ്ങളെ അയാൾ വളരെ സൂക്ഷ്മദൃഷ്ടിയോടെ നോക്കി. ഞങ്ങൾ സംസാരിച്ചുകൊണ്ടു നടന്നു.

ഹോസ്റ്റലിലേയ്ക്കു തിരിയുമ്പോൾ മി. ഹുസൈൻ പറഞ്ഞു:-

"ആ ജനക്കൂട്ടം ബീഹാറിൽ നിന്നും യു.പി. യിൽ നിന്നും ഉള്ള അഭയാർത്ഥികളാണ്. അവർ വളരെ ക്രൂരമായ അനുഭവങ്ങളിൽ നിന്നും വന്നിട്ടുള്ളവരാണ്."

ഞാൻ ചോദിച്ചു:-

"എന്താണ് അവിടെവച്ചു പറയാഞ്ഞത്?"

"നിങ്ങൾ അവരുടെ അടുത്തേയ്ക്കു പോകണമെന്നു പറയുമെന്നു എനിക്കറിയാം."

അതെ, എനിയ്ക്കവരുടെ അടുത്തേയ്ക്കു പോകണമായിരുന്നു!—

# 7

## രാത്രിയിലത്തെ യാത്ര

അത്താഴംകഴിഞ്ഞു് അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും ഞാൻ യാത്രപറഞ്ഞു. റസ്റ്റവും ഒത്തു റയിൽവേ സ്റ്റേഷനിലേയ്ക്ക തിരിച്ചു.

കുഷ്ടിയായിൽ നിന്നും കൂടുതൽ ഉപദേശങ്ങ ഠം എനിക്ക ലഭിച്ചു. എന്നെക്കണ്ടാൽ ബംഗാളി അല്ലെന്നു് ആരും സംശയിക്കുകയില്ലെന്നു് അവർ പറഞ്ഞു. ഗവർമെൻറു ഉദ്യോഗസ്ഥരുമായു് സംസാരിക്കാൻ ഇടകൊടുക്കരുതു്. ആരുമായും അധികം അടുത്തു് ഇട പെടരുതു്.

പ്ളാററുഫോമിൽ മെഴുകുതിരിയുടെ പ്രകാശം പോലും കൂടാതെ വിളക്കുകഠം നിന്നുകത്തി. ട്രയിനിലും അങ്ങിനെ ആയിരുന്നു. പൂർവപാകിസ്ഥാനു് ഇന്ത്യയിൽനിന്നും വരാതെ കൽക്കരി ഇല്ലാത്തതാണു കാരണം. ഇരുട്ടത്തു് ആരെങ്കിലും കഴുത്തിൽ വന്നുപിടിച്ചാൽ, പിടിക്കുമ്പോഠം മാത്രമേ അറിയുകയൊള്ളൂ. രണ്ടു സമയങ്ങളിലേയും ട്രയിനിൻെറ സൗകര്യത്തെപ്പററി സ്റ്റേഷൻ മാസ്റ്റർ പറഞ്ഞു.—

"രാത്രി പത്തുമണിക്കുള്ള വണ്ടിയിൽ പോയാൽ ഇരിക്കാനും കിടക്കാനും ട്രയിനിലും കപ്പലിലും സ്ഥലംകിട്ടും. വെളുപ്പിനെ നാലുമണിക്കുള്ള

തിൽ പോയാൽ എത്തിനോക്കുവാൻ സ്ഥലം ഉണ്ടാവുകയില്ല."

വെള്ളതേഞ്ഞും തറപൊടിഞ്ഞും കിടന്ന ഒരു സ്റ്റേഷനായിരുന്നു അതു്. അവിടെ എല്ലാംകൂടി പ്ലാററുഫോമിൽ നട്ടപലക പൊളിഞ്ഞ ഒരു ബെഞ്ചു കണ്ടു. ആർക്കും വേണ്ടാത്തതുപോലെ അതു ഒഴിഞ്ഞു കിടന്നു. ഞാനതിൽ ഇരുന്നു. പ്ലാററുഫോമിൽ യാത്രക്കാർ പലരും തറയിൽ കിടപ്പുണ്ടായിരുന്നു.

റസ്റ്റത്തിനോടു സംസാരിക്കാനുള്ള എൻെറ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. അയാൾക്കു കൊട്ടം ബംഗാളി മാത്രമേ അറിയൂ. എനിക്കു തുറക്കുവാൻ വയ്യാത്ത ഒരു അനുഭവഭണ്ഡാഗാരംപോലെ റസ്റ്റം ശാന്തമായി നിന്നു. വിനയം തുളുമ്പുന്ന ശബ്ദത്തിൽ ഏററവും സ്പർശകമായി അയാൾ എന്തോഎല്ലാം കട്ടം ബംഗാളിയിൽ പറഞ്ഞു. ആംഗ്യംകാണിച്ചുകൊണ്ട് അയാൾ രണ്ടു മൂന്നു പ്രാവശ്യം അറിയിച്ചു.

"ട്രയിനിൽ 'കയറിയാൽ ഉടൻ സുഖമായി ഉറങ്ങിക്കൊള്ളണം "

വെളിച്ചം മിന്നിക്കൊണ്ടുമാത്രം ട്രയിൻ വന്നു. വെളിച്ചത്തിൻെറ കുറവിൽ അല്പം വിഷമിച്ച് ഞാൻ വാതൽ കണ്ടുപിടിച്ചു. നാല്പതിനോടടുത്തു പ്രായവും കുററിമുടിയും നരയ്ക്കാൻ തുടങ്ങിയ കുററിത്താടിയും ഉള്ള ഒരു സുമുഖൻ എനിയ്ക്കു സ്ഥലം നീങ്ങിത്തന്നുകൊണ്ട് ചിരിച്ചു പറഞ്ഞു:—

**"Sit down"**

പക്ഷെ സംസാരിയ്ക്കാൻ സൗകര്യം നൽകുവോ

ളം അയാൾക്ക് ഇംഗ്ലീഷ് അറിയാമായിരുന്നില്ല. അയാൾ മുഷിഞ്ഞുതുടങ്ങിയ വെള്ള ജുബ്ബായും പൈജാമായും ധരിച്ചിരുന്നു. ആദ്യകാഴ്ചയിൽ തന്നെ എനിക്ക് അയാളോട്ട അടുപ്പം തോന്നി. വിനയം വിതുമ്പുന്നശബ്ദം, സ്നേഹാർദ്രമായ വാക്കുകൾ, ഷംസുദ്ദീൻ എന്നു പേരു്. തനിക്കും 'ഗോവാലന്തു'വിൽ നിന്നും കപ്പലിലാണു പോകേണ്ടതെന്ന് അയാൾ പറഞ്ഞു.

'കുല്നാ പാസഞ്ചർ' എന്നാണ് ഈ ട്രയിനിന്റെ പേരു്. അതു പുറപ്പെടുന്നതു് പാകിസ്ഥാനിൽ കുല്നാ എന്ന സ്ഥലത്തുനിന്നാണ് എന്റെ വണ്ടിയിലെ യാത്രക്കാർ മുഴുവനും മുസ്ലീങ്ങൾ ആയിരുന്നു. ഭക്തികൊണ്ടു് താടിവളത്തുന്നവരും ലൂസ്ജുബ്ബായും ലുങ്കിയുംഇട്ടവരും, പൈജാമാക്കാരും ചില ധോത്തിക്കാരും എല്ലാം ഉണ്ടായിരുന്നു.

പതിവുപോലെ ബാഗിനകത്തു് വാച്ചും കണ്ണാടിയും പേനയും നോട്ടുബുക്കും എടുത്തുവച്ചു പൂട്ടി. തലയിണയിൽ ചേർത്തുവച്ചു. കൂട്ടയാത്രക്കാരുടെ കാരുണ്യം കൊണ്ടു കിട്ടിയ കുറച്ചു സ്ഥലത്തിൽ ഞാൻ ഒന്നു ചുരുണ്ടുകൂടി.

രണ്ടുമണിക്കൂർ പെട്ടെന്നു കഴിഞ്ഞുപോയി. ട്രയിൻ 'ഗോവാലന്തുഘാട്ടി'ൽ എത്തി. ഷംസുദ്ദീൻ എന്നെ തട്ടിവിളിച്ചു

തറയിലേക്കു ഞങ്ങൾ ചാടി ഇറങ്ങി. നിരവധി റയിൽപാതകൾ വെള്ളമണൽ പരപ്പിൽ തെളിഞ്ഞു കിടന്നു. വളരെ തുറസ്സായ ഒരു സ്ഥലമായിരുന്നു. അവിടം. നിലാവിന്റെ ധവളിമയിൽ വെള്ളമണൽ

മുങ്ങിക്കിടന്നു. അകലെ കാട്ടുവളന്നു ചുററിനിൽക്കുന്ന ഒരു ക്രൂററൻകുന്നോ കെട്ടിടമോ കാണാം. ആകാശത്തു നക്ഷത്രങ്ങൾ രശ്മികൾ നീട്ടി നൃത്തംവച്ചുകൊണ്ടു നിന്നു. ആ സ്ഥലത്തിന് ആ അദ്ധ്രാത്രിയിൽ ഒരു സൗന്ദര്യലഹരി ഉണ്ടായിരുന്നു.

കഷ്ടിച്ച് അൻപതടി മാത്രം ദൂരമുള്ള സ്റ്റീമർജട്ടിയിലേക്കു യാത്രക്കാർ കെട്ടും ഭാണ്ഡവും താങ്ങി വളരെവേഗം നടന്നുപോയി. ജട്ടിയിലേക്കുള്ള വീതികുറഞ്ഞ പാതയുടെ ഇരുവശങ്ങളിലും അനവധി ബീഡി സിഗററ്-ചായ കടകൾ ഉണ്ടു്. കടക്കാർ യാത്രക്കാരെ ഒച്ചയുണ്ടാക്കി വിളിച്ചു. കടകൾ താല്ക്കാലികാവശ്യത്തിനു മുളയും പനമ്പുംകൊണ്ടു് ഉണ്ടാക്കിയതാണു്. ഞാൻ ഷംസുദീനെ ഒരു ചായകുടിക്കാൻ ക്ഷണിച്ചു. ചായക്കടയിൽനിന്നും വെളിയിലേയ്ക്കിറങ്ങുമ്പോൾ അയാൾ 'ബെർക്കലി' സിഗററ് പായ്ക്കററു എടുത്തു നീട്ടി. ഞങ്ങൾ സിഗററും കത്തിച്ചു കടിച്ചുകൊണ്ടു കപ്പലിലേയ്ക്കു നടന്നു.

ഗംഭീരമായ ഒരു ചരക്കു കപ്പലിൻെറ കുറുകെ ക്രൂടിയാണു് ഞങ്ങളുടെ കപ്പലിലേയ്ക്കു കടന്നതു്. നിലാവിൽ അവളെ ഞാൻ സൂക്ഷിച്ചു നോക്കി. വലിപ്പത്തിൽ അവൾ ഒരു കടൽ കപ്പലിനു തുല്യം തന്നെ പക്ഷെ ചുവരുകൾ വെള്ളത്തിൽനിന്നും ആറടിയിലധികം ഉയരത്തിൽ അല്ലായിരുന്നു. ഇത്തരം കപ്പലുകളുടെ നിമ്മാണം, ഗംഭീരനദികളായ പത്മയ്ക്കും യമുനയ്ക്കും ബ്രഹ്മപുത്രയ്ക്കും വേണ്ടിയാണു്.

യാത്രക്കാർ ധൃതിയിൽ വന്നുകയറി തങ്ങളുടെ

വിരിപ്പുകൾ നിവത്തി സ്ഥലം റിസർവുചെയ്തു. കുഞ്ഞുങ്ങളുമൊത്ത് ആണും പെണ്ണും പുതച്ചുമൂടി നീണ്ടുനിവന്നു കിടന്നു. ഞങ്ങൾ ചായകുടിച്ച സമയംകൊണ്ട് ആളുകൾ സ്ഥലം മുഴുവൻ കൈവശപ്പെടുത്തി എന്നു തോന്നി. അടിത്തട്ടിൽ സ്ഥലം ഒട്ടും ഉണ്ടായിരുന്നില്ല. മുകൾത്തട്ടിൽ മുമ്പിലത്തെ അററത്ത് ഇരിക്കണമെന്നായിരുന്നു എൻെറ ഉദ്ദേശം, അവിടം ഒന്നും രണ്ടും ക്ലാസ്സുകളിലെ മുറികളാണ്. പിന്നിൽ ഇൻറർ ക്ലാസ്സുകാക്കുള്ള തുറസ്സായ ഭാഗവും. ഇരിക്കാൻ ഏതാനും ബഞ്ചുകൾ ഉണ്ടെന്നുള്ളതായിരുന്നു ഇൻറർ ക്ലാസ്സിൻെറ പ്രത്യേകത. മൂന്നാം ക്ലാസ്സിൽ സ്ഥലം തേടി രണ്ടു പ്രാവശ്യം ഞങ്ങൾ വലം വച്ചു. അവസാനം ഇൻറർ ക്ലാസ്സിനടുത്തായി ഞങ്ങൾക്കു അല്പം സ്ഥലം കിട്ടി. ഞങ്ങൾക്കു പുറകോട്ടാണ് കപ്പലിൻെറ മുക്കാലിൽ അധികഭാഗവും, എൻെറ വിരിപ്പു വിരിച്ച്, ഞാനും ഷംസുദീനും അതിൽ കിടന്നുറങ്ങി.

# 8

## കപ്പൽ

രാവിലെ ആറുമണിയ്ക്കു് ഷംസുദ്ദീൻ എന്നെ വിളിച്ചു. വെളുപ്പിനെ എത്തിയ ട്രെയിനിലെ യാത്രക്കാർ കൂടി ആയപ്പോൾ കപ്പലിൽ ഒരിടത്തും നിന്നനങ്ങുവാൻ സ്ഥലം ഇല്ലാതായി. സ്ത്രീകളേയും കുഞ്ഞുങ്ങളേയും കൈയ്ക്കു പിടിച്ചു് ഒന്നിരിയ്ക്കുവാൻ സ്ഥലം കിട്ടുന്നതിന്നു് ആളുകൾ ചുററിത്തിരിഞ്ഞു നടന്നു.

ഏഴുമണി ആയപ്പോൾ എൻജിൻ ഘനത്ത 'ഫും...ഫും' ശബ്ദം മുഴക്കി. ഏഴര ആയപ്പോൾ കപ്പൽ ഒന്നു കുലുക്കിക്കൊണ്ടു് വലത്തോട്ടു് തിരിഞ്ഞു് പത്മായുടെ മാറിലേയ്ക്കു് നീങ്ങി. പെട്ടെന്നു വേഗത വർദ്ധിച്ചു.

വലതു വശത്തോട്ടു തിരിഞ്ഞാണു് എൻെറ ഇരിപ്പിടം. ഞാൻ മുന്നോട്ടു വന്നു് നദിയിലേക്കു നോക്കി. മൂടൽമഞ്ഞു് മായ്ഞ്ഞുതുടങ്ങുന്നു. അക്കരെ വളരെ അകലെയായി നേരിയ ഒരു വരപോലെ കാണാം. അനവധി സ്റ്റീംബോട്ടുകളും കപ്പലിൻെറ ആകൃതിയിലുള്ള കൊച്ചുബോട്ടുകളും അടുത്തും അകലെയും ആയി കിടന്നു. പന്നഗം കെട്ടിയ വലിയ ചങ്ങാടങ്ങൾ അകലെ എവിടേയ്ക്കോ ഉന്നം വച്ചു, രണ്ടു വശങ്ങളിലേയ്ക്കും കുറുക്കേയും നീങ്ങി. ചെറിയ മോട്ടോർ ബോട്ടു

കളും സ്റ്റീംലാഞ്ചുകളും ഞങ്ങൾക്കെതിരായി വന്നും പോയും ഇരുന്നു. അവ എല്ലാററിനേയുംകാൾ ആകർഷകമായ ഒരു കാഴ്ചയുണ്ടായിരുന്നു-കൊച്ചുവള്ളങ്ങളിൽ തുഴഞ്ഞുതള്ളി അരത്തുണിയും തലത്തൊപ്പിയും ആയി മുക്കുവർ വലയെറിഞ്ഞു മീൻ പിടിച്ചു!-

എണ്ണൂറു പേരിലധികം യാത്രക്കാരെ വഹിക്കുവാൻ ഈ കപ്പലിനു തൻേറടമുണ്ട്. താഴേയും മുകളിലും മൂന്നാംക്ലാസു മുഴവൻ യാത്രക്കാർ തിങ്ങിക്കൂടി ഇരുന്നു. നേരത്തെ സ്ഥലം കിട്ടിയ ധാരാളം പേർ കിടന്നുറങ്ങി. ജോലിക്കാർ എത്തി, ജനക്കൂട്ടത്തിന്നിടയ്ക്കായി കപ്പലിൻെറ ഇരുവശങ്ങളിലും ആളുകളെ ഒന്നകററി ഒററയടി വീതിയിൽ ഓരോ പാതയുണ്ടാക്കി, ആളുകൾക്ക് നടന്ന് ഹോട്ടലിലേയ്ക്കും മററും പോകാൻ. ഇൻററ്ക്ലാസ്സിൻെറ മുമ്പിലുള്ള എൻെറ ഇരിപ്പിടത്തിനടുത്തുമുതൽ വലതുവശത്തെ പാത തുടങ്ങി.

ഒരു വലിയ ജനക്കൂട്ടത്തിൽ ഇരിക്കുന്ന പ്രതീതി തോന്നും. ചിലർ സംഘം കൂടി സംസാരിച്ചു. ചിലർ ചീട്ടു കളിച്ചു.

എൻെറ പിന്നിലായി കപ്പലിൻെറ ഇടതുവശം ഇൻററ്ക്ലാസ്സിനോടു ചേന്ന് മൂന്നാംക്ലാസ്സ് സ്ത്രീകൾക്ക് സൌകര്യം കൊടുത്തിരുന്നു. അവിടെ നിന്നു കുഞ്ഞുങ്ങളുടെ കരച്ചിലും സ്ത്രീകളുടെ ശബ്ദവും വളക്കിലുക്കവും കേൾക്കാം.

ചില സ്ത്രീകൾ, തങ്ങളുടെ കൂടെയുള്ള പുരുഷന്മാരോടൊത്ത് ആണുങ്ങളുടെ കൂട്ടത്തിൽതന്നെ ഇരുന്നു. ബൂക്കാ (മൂടുപടം) ധരിച്ച സ്ത്രീകൾ ചുരുക്കമാ

യിരുന്നു, എല്ലാവരും സാരിയും ബ്ളൗസും അണിഞ്ഞിരുന്നു.

കപ്പലിൻെറ മുൻഭാഗം ഇരുവശങ്ങളും വളരെ ചെറിയ മുറികളായി പകുത്തിരുന്നു. അവയിൽ വലത്തുവശത്തു് രണ്ടാംക്ലാസും ഇടത്തുവശത്തു് ഒന്നാംക്ലാസും ആയിരുന്നു. രണ്ടാംക്ലാസ്സ് മുറികളിൽ, ഒന്നിനു മുകളിൽ ഒന്നായി ഈരണ്ടു കട്ടിലുകൾ മാത്രം ഉണ്ടു്. 'രണ്ടാംക്ലാസ്സ്' എന്നു ഓർത്തുകൊണ്ടു കിടന്നാലേ അവിടെ വീർപ്പുമുട്ടാതിരിയ്ക്കുകയൊള്ളൂ. ഒന്നാംക്ലാസ്സിലെ മുറികൾ ഒററക്കട്ടിലോടുകൂടി ആഡംബരം ഉള്ളതായിരുന്നു. ശ്വാസംമുട്ടിയ്ക്കുന്ന ആ കൊച്ചുമുറികളെക്കാൾ സ്വർഗ്ഗം തന്നെയാണു് ശതക്കണക്കിനു മനുഷ്യമുഖങ്ങൾ തിങ്ങിയ മൂന്നാംക്ലാസ്സിലെ ഇരിപ്പിടം. അവിടെ മനുഷ്യശബ്ദത്തിൽ മുഴുകി ഇരിക്കുക എന്തൊരു ആനന്ദമാണു്!-

കപ്പലിൻെറ മുൻഅററത്തു് പത്തുപന്ത്രണ്ടടി സ്ഥലം ഒഴിച്ചിട്ടിരുന്നു. അവിടെ പിൻനിരയോടു ചേന്നു് മുൻവശത്തേയ്ക്കു് മുഖമായി അഞ്ചു കസേരകൾ നിരത്തിയിട്ടിട്ടുണ്ടു്. ഒന്നാംക്ലാസ്സുകാരുടെ വിശ്രമസ്ഥലം ആണതു്. ഒന്നാംക്ലാസുകാർ മാത്രമേ അങ്ങോട്ടു കടക്കാവൊള്ളൂ എന്നു് പ്രത്യേകം വലിയ അക്ഷരത്തിൽ ബോർഡു് എഴുതിയിട്ടുണ്ടു്.

ഒന്നും രണ്ടും ക്ളാസ്സുകാർക്കും, ഇൻറർക്ളാസ്സിനും ഇടയ്ക്കു കപ്പലിനു കുറുകെയായി കൂടിയ ക്ളാസ്സ് യാത്രക്കാരുടെ കക്കൂസുകളും കുളിമുറികളും ആണു്. ഞാൻ അവയാണു് ഉപയോഗിച്ചതു്. അകത്തു കട

നാഴപ്പോൾ വാതുക്കൽ നിന്ന ഭൃത്യൻ പുഞ്ചിരിച്ചു. കുളിമുറി വലിയ കണ്ണാടിയും വസ്ത്രങ്ങൾ തൂക്കുന്നതിനു വില കൂടിയ സ്റ്റാൻഡും കൊണ്ട് അലംകൃതമായിരുന്നു. കുളി കഴിഞ്ഞു ഞാൻ വെളിയിൽ ഇറങ്ങിയപ്പോൾ ഭൃത്യൻ 'ബക്സി' (പാരിതോഷികം) ചോദിച്ചു. 'ബക്സി' കൊടുത്തു.

കുളി കഴിഞ്ഞപ്പോൾ വിശപ്പു തുടങ്ങി. മുകൾത്തട്ടിൽ കപ്പലിൻെറ പിൻഭാഗത്ത് ചായക്കടയിൽ എത്തി. അതിന്നടുത്തുതന്നെ കപ്പലിൻെറ വലത്തെ നിരയോടു ചേൎന്ന് മൂന്നാംക്ളാസ്സ യാത്രക്കാൎക്ക ഹോട്ടൽ ഉണ്ട്.

ചായക്കടയിൽ ആൾക്കൂട്ടം കൂടിനിന്നു. മൂന്നാലു പേർ സാധനങ്ങൾ എടുത്തുകൊടുത്തു. സാധനങ്ങൾക്കെല്ലാം വലിയ വില ആയിരുന്നു. കൽക്കട്ടായിൽ മുക്കാൽ അണയ്ക്കു വിൽക്കുന്ന പച്ചവാഴപ്പഴത്തിനു ഇവിടെ രണ്ടരയണ. കൊച്ചുഗ്ലാസ്സിൽ കൊള്ളുന്ന അരത്തുടം ചായയ്ക്കു രണ്ടണ. രണ്ടു പഴവും രണ്ടു ചായയും രണ്ടണയ്ക്കു ബിസ്കറ്റും രണ്ടണയ്ക്കു റൊട്ടിയും രണ്ടണയ്ക്ക ബേർപഴവും തിന്നിട്ട് തൃപ്തിആകുക സാദ്ധ്യമല്ലായിരുന്നു. അവിടെ നിന്നും പനച്ചക്കരയുടെ സ്വാദും ഞാൻ അറിഞ്ഞു. ഉണ്ണിഅപ്പത്തിൻെറ വലുപ്പത്തിൽ വെളുത്തു തെളിമയുള്ളതായിരുന്നു അവ. അതിനും വിലക്കൂടുതൽ ആയിരുന്നു.

എൻെറ വലതുവശത്തെ വിരിപ്പിൽ ഒരു വൃദ്ധനും അയാളുടെ മരുമകനും ഇരുന്നു. നരച്ചു വെളുത്ത താടിയും മുടിയും ഉള്ള അബ്ദുള്ള മെലിഞ്ഞു പൊ

ക്കം കുറഞ്ഞ ദേഹം. അദ്ദേഹം മൽമൽകട്ടത്തയും പൈജാമയും ധരിച്ചിരുന്നു. അദ്ദേഹം ശാന്തനായിരുന്നു. അദ്ദേഹം സന്തോഷചിത്തനും സുഹൃത്സംഭാഷണലോലുപനും ആയിരുന്നു. അദ്ദേഹത്തിന്റെ മരുമകൻ ജലാലുദ്ദീൻ മാംസത്തിൽകവിഞ്ഞു് എല്ലുകളുള്ള ഒരു മുപ്പതാംവയസ്സുകാരനായിരുന്നു. കുററിമീശ തടവി, ഉന്തിയ മുകൾപ്പല്ലു് ഉയർത്തി ചിരിച്ചുകൊണ്ടു് അയാൾ ഉല്ലാസത്തോടെ ഇരുന്നു.

ഞാൻ കോണിപ്പടി ഇറങ്ങി താഴത്തെ തട്ടിലെത്തി. അവിടെ കൂടുതൽ ആളുകൾ തിങ്ങിഇരുന്നു.

ഗ്രാമങ്ങളിൽ വച്ചു് പുരുഷന്മാരെ കാണുമ്പോൾ അകന്നൊളിക്കുന്ന സ്ത്രീകൾ കപ്പലിനകത്തു് മൂടുപടവും സങ്കോചവും കൂടാതെപുരുഷന്മാരോടൊത്തിരുന്നു. മൂടുപടത്തിലൊളിഞ്ഞുനടക്കുന്ന കാശ്മീറിലെ മുസ്ലിം സ്ത്രീകൾ, ഒരു ഘോഷയാത്ര കാണുവാൻ റോഡുവക്കത്തോ നദിവക്കത്തോ നിരന്നിരിക്കുമ്പോൾ മുഖത്തുനിന്നും മൂടുപടം കഴുത്തിലേയ്ക്കുനീക്കി അപ്പോൾ മാത്രം വിടർന്ന പുതുകുസുമങ്ങൾ പോലെ ആർത്തുചിരിച്ചു് ഇരിക്കുന്നതു കാണാം. തലയിൽ നിന്നും സാരിത്തുമ്പു വലിച്ചു മുഖത്തു മൂടി മെല്ലെയുള്ള കാൽവെയ്പുകളിൽ ഗ്രാമവീഥിയിലൂടെ നടക്കുന്ന ഉത്തരേന്ത്യൻ വനിത യാതൊരു സങ്കോചവും കൂടാതെ പൊതുക്കുളത്തിൽ നിന്നു് പലപ്പോഴും [redacted] നഗ്നയായി കുളിക്കും. വേണ്ടിടത്തു മുഖമറകൂടാതെ നില്ക്കുകയും അന്യപുരുഷരോടു സംസാരിക്കുകയും ചെയ്യും. സ്ത്രീയ്ക്കു ഇരുളു നൽകുന്ന

ഈ ആചാരങ്ങൾ ആചാരത്തിനുവേണ്ടി മാത്രം ഇന്നു പാലിയ്ക്കപ്പെടുന്നു!—

സ്ത്രീകൾ സാരിയിൽ മൂടി കുഞ്ഞുങ്ങൾക്കു മുല കൊടുത്തു. വീട്ടിന്നകത്തെന്നപോലെ കുഞ്ഞുങ്ങളെ കയ്യുകളിൽ ഉയർത്തി കളിപ്പിച്ചു. അവരുടെ ആണുങ്ങളോടും മററു സ്ത്രീകളോടും സ്വാതന്ത്ര്യമായി സംസാരിച്ചു.

കപ്പലിൻെറ അടിത്തട്ടിൽ ഏതാണ്ടു നടുവിലായി അഞ്ചിലൊന്നു ഭാഗത്തിൽ കൂടുതൽ യന്ത്രങ്ങൾ കരസ്ഥമാക്കിയിരുന്നു യന്ത്രത്തിൻെറ ഒരു ഭാഗം തുറന്നുകിടന്നു. ഘനത്ത ഉരുക്കുറോളറും നീണ്ടുഘനത്ത പാളങ്ങളും ഒരേ രീതിയിൽ തെന്നി ചലിച്ചുകൊണ്ടിരുന്നു. എഞ്ചിൻെറ മന്ദ്രഗംഭീരമായ ശബ്ദം സർവ്വത്ര പ്രതിദ്ധ്വനിച്ചു. യന്ത്രത്തിനു പുറകിലെ ഇരുളടഞ്ഞ മുറിയിൽ നിന്ന് തലയിൽ ഒരു തുണിക്കഷ്ണവും കെട്ടി, കരിപുരണ്ട പൈജാമായും ഹാഫ്ഷർട്ടും ധരിച്ച്, ഒരാൾ തുമ്പാകൊണ്ട് കൽക്കരി വാരി ജ്വലിച്ചുകൊണ്ടിരുന്ന അഗ്നിഗുഹകളിലേക്ക് തള്ളിക്കൊടുത്തു ആ മുറിയുടെ വശങ്ങളിലൂടെ നടക്കുന്നതു അപകടമാണെന്നു ബോർഡുണ്ട്. സ്ഥലം കിട്ടാത്തതുകൊണ്ട് അവിടേയും കുഞ്ഞുങ്ങളേയും മടിയിൽ വച്ച് സ്ത്രീകൾ ഉൾപ്പടെ നിരവധി ആളുകൾ ഇരുന്നു. മാത്രമല്ല, അവക്കും ഇടയ്ക്കുകൂടെ ആളുകൾ നടക്കുന്നുണ്ടായിരുന്നു.

ഒരേ രീതിയിൽ തുടർച്ചയായി ഒഴുകി ചലിച്ചുകൊണ്ട് പരസ്പരം ആലിംഗനം ചെയ്തു നിൽക്കുന്ന ആ

യന്ത്രസമൂഹത്തെ കുറച്ചുനേരം ഞാൻ നോക്കിനിന്നു. മനുഷ്യൻ നിർമ്മിക്കുന്ന സാമഗ്രികൾക്കു് മനുഷ്യനേക്കാൾ കൃത്യനിഷ്ഠയും പ്രവൃത്തിതല്പരതയും കാണുന്നതു് പ്രത്യേകം തന്നെ!-യാതൊന്നുംതന്നെ ബാധകമാകാതെ, തങ്ങൾ ലക്ഷ്യസ്ഥാനത്തേയ്ക്കു് ഈ ജനസഞ്ചയത്തെ എത്തിക്കുമെന്നു് ആ യന്ത്രസമൂഹം ഉച്ചത്തിൽ ഉൽഘോഷിക്കുകയായിരുന്നു.

ആദ്യത്തെ സ്റ്റേഷൻ 'ആചേ' ആയിരുന്നു. പല സ്ഥലങ്ങളിലും സ്റ്റേഷൻ, പാടങ്ങളുടെ അരികിലാണു്. സ്റ്റേഷനോടനുബന്ധിച്ചു് ഒരു പററം കടകളോ വീടുകളോ മിക്കയിടത്തും ഉണ്ടായിരുന്നില്ല. യാതൊരു സ്റ്റേഷനും ജട്ടി ഉണ്ടാക്കിയിട്ടില്ല. നദീതീരം ഉറപ്പില്ലാത്ത വെള്ള മണൽ ആണു്. ജലപ്രവാഹത്തിൽ കര ഇടിഞ്ഞു കിടന്നു. കപ്പൽ ഏകദേശം പന്ത്രണ്ടടി അകലത്തിൽ നിൽക്കും. അവർ എത്തിയ ഉടൻ കപ്പൽക്കാർ അടിത്തട്ടിൽനിന്നും കരയിലേക്കു വടം എറിഞ്ഞുകൊടുക്കും. അടുത്തതായി മൂന്നു പലകകൾ കപ്പലിൽ നിന്നും കരയിലേക്കു ചേർത്തു് ഇറക്കുകയായി. മൂന്നു പലകകളും നിരപ്പിൽ ചേർന്നിരിയ്ക്കുവാൻ അവർ അടിയിൽ ഒന്നു രണ്ടു പലകകൾ കൂടി കുറുക്കെവെച്ചു കെട്ടും. അവയിൽ സൈഡുപലകകളിൽ രണ്ടററത്തും തുണുകൊടുത്തു തടികൊണ്ടുള്ള കയ്യൂരി ഉറപ്പിച്ചിട്ടുണ്ടു്. ഈ പ്രയത്നങ്ങൾ എല്ലാം ഞൊടി ഇടയ്ക്കുള്ളിൽ അവർ നിർവ്വഹിക്കും. 'രണ്ടുമൂന്നു മിനിട്ടുകൾക്കകം ജട്ടി തയ്യാർ!–തുടന്നു് അതിലൂടെ ആളുകൾ കയറുകയും ഇറങ്ങുകയും ആയി. ഓരോ സ്റ്റേഷനിലും, കപ്പൽ എട്ടും പത്തും മിനിട്ടു വീതം താമസിച്ചു.

രണ്ടാമത്തെ സ്റ്റേഷനായ കുഞ്ചൻപൂരിൽ എന്റെ ട്രെയിൻ സുഹൃത്തായ മി ഷംസുദ്ദീൻ ഇറങ്ങി. പോകുന്നതിനുമുമ്പ്, അയാൾ സിഗരററു പായ്ക്കററ് എടുത്തുതുറന്നു. അതിൽ രണ്ടു സിഗരററുണ്ടായിരുന്നു. പായ്ക്കററ് എനിക്കു നീട്ടിക്കൊണ്ട് അയാൾ പുഞ്ചിരിച്ചു പറഞ്ഞു:—

"ഇതു് നമുക്കു രണ്ടുപേർക്കും സുഖമായ് പുകയ്ക്കാം."

ഈ സാധാരണക്കാരനിൽ വളരെയധികം പ്രത്യേകതകൾ ഞാൻ കണ്ടു. വളരെ ചുരുക്കമായേ അയാൾ സംസാരിച്ചിരുന്നുള്ളൂ. പറയുന്നതു പൂർണ്ണമായിരിക്കും. മുന്നിൽ കാണുന്ന ഓരോ സാധനത്തേയും ഓരോ വ്യക്തിയേയും സശ്രദ്ധം നോക്കും. അറിയാനുള്ള ജിജ്ഞാസ അയാളുടെ കണ്ണുകളിൽ ഓളംവെട്ടും. തനിയ്ക്കു വശമുള്ള ഇംഗ്ലീഷ് പദങ്ങളും ഹിന്ദിപദങ്ങളും ചേർത്തു അയാൾ സൂക്ഷിച്ചു സംസാരിച്ചു.

അയാൾ ജീവിതകഥ പറഞ്ഞു. ഒരു ഉയർന്ന ഗവർമ്മെൻറ് ഉദ്യോഗസ്ഥന്റെ കീഴിൽ അയാൾ ജോലി ആരംഭിച്ചു. അയാൾക്കു ക്രൂരമായ ചില അനുഭവങ്ങൾ അവിടെ ഉണ്ടായി. അയാൾ വളരെ ദുഃഖിതനായി. അയാളുടെ മനശ്ചാഞ്ചല്യം അകററുവാൻ വിവാഹം കഴിക്കുന്നതാണ് പരിഹാരമാർഗ്ഗം എന്ന് അമ്മ ഉപദേശിച്ചു. മുപ്പത്തിരണ്ടാമത്തെ വയസ്സിൽ പതിനാറു വയസ്സുള്ള ഒരു പെൺകുട്ടിയെ അയാൾ കല്യാണം കഴിച്ചു. അയാൾ എന്നോടു പറഞ്ഞു:-

"അവൾ, മധുരമായി ശബ്ദിക്കുന്ന ഒരു കിളി

യേപ്പോലെയാണു്. അവളുടെ സൌന്ദര്യം ആ മന സ്സിൽനിന്നും വരുന്ന ശബ്ദമാകുന്നു. അവൾ ഒരിക്ക ലും എന്നെ സങ്കടം കാണിക്കാറില്ല."

അയാളുടെ പ്രത്യേകമായ സൌന്ദര്യനിരീക്ഷണ ത്തിൽ അവളുടെ ചിത്രം ഞാൻ കാണാൻ ശ്രമിച്ചു.

എൻെറ ചോദ്യത്തിനു മറുപടിയായി അയാൾ പറഞ്ഞു:—

"മേലിൽ ഒരിക്കലും ഞാൻ ഉയന്നവരെ സേവി ക്കുകയില്ല. ഞാൻ കൃഷിപ്പണിക്കു മടങ്ങിപ്പോന്നു."

മാധുര്യം തുളുമ്പുന്ന വചനങ്ങൾക്കു കരുത്തുള്ള യുവാവായ ആ നാൽപതാംവയസ്സുകാരൻ എൻെറ ഇരുകൈകളും എടുത്തു കുലുക്കിയിട്ടു് യാത്ര പറഞ്ഞു്, കപ്പലിൻെറ അടിത്തട്ടിലേയ്ക്കു പോയി. കപ്പലിൻെറ അരികിൽ വന്നുനിന്നുകൊണ്ടു് അയാൾ കരയ്ക്കിറങ്ങു ന്നതു ഞാൻ നോക്കി. കയ്യിലെ തുണിക്കെട്ടു കക്ഷത്തി ൽ തിരുകി കപ്പൽ വിടുന്നതുവരെ അയാൾ കാത്തു നിന്നു. കപ്പൽ വിട്ടു.—ഞങ്ങളുടെ കൂടിക്കാഴ്ചയുടെ അ വസാന നിമിഷങ്ങളിൽ അയാൾ പുഞ്ചിരിക്കൊണ്ടു് കയ്യുകൾ ഉയത്തി വായുവിൽ ആട്ടി എനിക്കു യാത്ര പറഞ്ഞു!-സ്നേഹാത്മകമായ ആർദ്രതയിൽ എൻെറ ഹൃദയം താലോലംകൊണ്ടു!—

ഞാൻ മടങ്ങി ഇരിപ്പിടത്തിലേയ്ക്കു വന്നപ്പോൾ വൃദ്ധനായ അബ്ദുള്ള എന്നോടു പറഞ്ഞു, എനിക്കു ബംഗാളി അറിഞ്ഞുകൂടായെന്നും എല്ലാ സഹായവും എനിക്കു ചെയ്തുതരണമെന്നും അദ്ദേഹത്തോടു്, ഷം സുദ്ദീൻ പറഞ്ഞിട്ടുള്ളതായി.

അടുത്ത ഏതാനും മിനിററുകൾക്കുള്ളിൽ കപ്പലിൻെറ അടിത്തട്ടിൽ ഒന്നുപോയി ചുററിക്കറങ്ങിയിട്ട് ഞാൻ മടങ്ങിവന്നു. അബ്ദുള്ള എന്നെ അടുത്തിരുത്തി ചുമലിൽ തട്ടിക്കൊണ്ട് കപ്പൽ മുഴുവൻ ചുററിനടന്നാൽ മതിയോ എന്നു ചോദിച്ചു. അദ്ദേഹത്തിൻെറ മരുമകൻ ജലാലുദ്ദീന് കുറച്ച് ഇംഗ്ലീഷ് അറിയാം. 'എവിടെ പോകുന്നു?'—എന്നു ചോദിച്ചവരോടെല്ലാം 'ഡാക്കാ യൂണിവേഴ്സിററി' എന്നു ഞാൻ മറുപടി പറഞ്ഞു.

"ഞാൻ യൂണിവേഴ്സിററി കണ്ടിട്ടുണ്ട്. ആയിരക്കണക്കിനു യുവാക്കൾ പഠിക്കുന്ന വലിയ വലിയ കെട്ടിടങ്ങൾ അവിടെ ഉണ്ട്." അദ്ദേഹം ചോദിച്ചു:—

"വീടെവിടെയാണ്?"

"മലബാർ."—ഞാൻ പറഞ്ഞു.

വൃദ്ധൻ താടി തടവി ഒന്നാലോചിച്ചുകൊണ്ടു പറഞ്ഞു.

"മലബാറിൽ മാപ്പിളമാരുണ്ട്."

"അവരെ എങ്ങിനെ അറിയാം."—ഞാൻ ഔത്സുക്യത്തോടെ ചോദിച്ചു.

"അവർ ഞങ്ങളേക്കാൾ ധീരതയുള്ള മുസ്ലിംങ്ങളാണെന്നു കേട്ടിട്ടുണ്ട്."

ഇന്ത്യയുടെ രണ്ടററത്തു കിടക്കുന്ന ഇരുകൂട്ടരും ജാതീയമായ കാരണംകൊണ്ട് പരസ്പരം എങ്ങിനെ അറിഞ്ഞുവെന്ന്, അറിയാൻ ഞാൻ ആഗ്രഹിച്ചു. അദ്ദേഹം പറഞ്ഞു:—

"മാപ്പിളലഹള ഞാൻ അറിഞ്ഞിട്ടുണ്ട്."

ഏതെങ്കിലും മാപ്പിളയുമായി അദ്ദേഹത്തിനു പരിചയമുണ്ടോ എന്നു ഞാൻ ചോദിച്ചു. മലബാർ മാപ്പിളമാരുടെ കല്ക്കട്ടായിലുള്ള ഹോട്ടലുകളിൽ നിന്നും അദ്ദേഹം ആഹാരം കഴിച്ചിട്ടുണ്ട്. അവിടെ വച്ച് അവരോടു സംസാരിച്ചിട്ടുണ്ട്. അവരിൽ ചിലർ പാകിസ്ഥാനിലേയ്ക്കു കടന്നിട്ടുണ്ടെന്നു ജലാലുദ്ദീൻ പറഞ്ഞു. ഡാക്കായിൽ ചെന്നപ്പോഠം ഞാൻ അറിയുകയുണ്ടായി ചിലർ പട്ടാളത്തിലും പോലീസിലും ഉണ്ടെന്ന്. അവർ ഹൈദ്രാബാദിലെ റസ്സാക്കർ പ്രസ്ഥാനത്തോട് ബന്ധപ്പെട്ടിരുന്നവരും ആയിരുന്നത്രേ!—

അബ്ദുള്ള കുടുംബകാര്യത്തെപ്പററി പറഞ്ഞു. ഗ്രാമത്തിലാണു വീട്. കൃഷിയാണു ജോലി. രണ്ടു മക്കളുടെ ഭർത്താക്കന്മാർക്ക് നാരായൺഗഞ്ചിലാണു ജോലി. അവരിൽ ഒരാളാണ് ജലാലുദ്ദീൻ. നാരായൺഗഞ്ച് പൂർവ്വപാകിസ്ഥാനിലെ മരംഅറുപ്പ്, കപ്പൽ, ബോട്ടുനിർമ്മാണം തുടങ്ങിയ വ്യവസായങ്ങളുടെ സങ്കേതമാണ്.

"അവിടെ ഒന്നാംതരം മീനും ഒരുപാടു കിട്ടും" —ജലാലുദ്ദീൻ കൂട്ടിച്ചേർത്തു അദ്ദേഹം ഹിന്ദി സംസാരിച്ചു.

"ഞാൻ യു. പി. യിലും ഒക്കെ പോയിട്ടുണ്ട്."

ഹിന്ദുക്കളിൽപോലും ബംഗാളിൽ ഹിന്ദി അറിയാവുന്നവർ ചുരുക്കമാണ്. സ്ത്രീകളുടെ വിഭാഗത്തിൽ നിന്നും ഒരു കൊച്ചുകുട്ടിയേയും കയ്യിൽ പിടിച്ച്, ഒരാഠം ചിരിച്ചുകൊണ്ടു് ഞങ്ങളുടെ അടുത്തേയ്ക്കു വന്നു.

ഇരുണ്ട നിറം, വട്ടമുഖം, കററിമീശ, വിരിഞ്ഞ മാറ്, കുറഞ്ഞ പൊക്കം.

അയാളെ ചൂണ്ടി അബ്ദുള്ളാ പറഞ്ഞു:—

"അഹമ്മദാണ്!— നിങ്ങൾ താഴോട്ടു പോയപ്പോൾ ഇയ്യാൾ കാണാൻ വന്നിരുന്നു."

അയാൾ ഞങ്ങളുടെ കൂടെയിരുന്നു. അതുവരെ പരിചയപ്പെട്ടതിൽ കൂടുതൽ ഇംഗ്ലീഷ് അറിയാവുന്നതു അയാൾക്കായിരുന്നു. മഹമ്മദ് എന്നോടു ചോദിച്ചു:—

"തിരുവിതാംകൂറിന്റെ തലസ്ഥാനം തിരുവനന്തപുരം അല്ലേ? അവിടെ ചിത്രാലയം ഇല്ലേ?"

"ഉണ്ടു്." അയാൾക്കു തിരുവനന്തപുരത്തെപ്പററി കൂടുതൽ അറിയാവുന്നതു തുടർന്നു ഗ്രഹിക്കുവാനുള്ള ജിജ്ഞാസയോടെ ഞാൻ പറഞ്ഞു. അഹമ്മദ് തുടർന്നു:—

"എനിക്കു ചിത്രത്തിലും ഗാനത്തിലും വലിയ ഭ്രമമാണു്."

അയാളോട് ഒരു ബംഗാളിഗാനം പാടാൻ ഞാൻ പറഞ്ഞു. അയാൾ ഉടനെ പാടി, രാഗമാധുര്യം ഒഴുകുന്ന ശബ്ദത്തിൽ. അയാൾ പറഞ്ഞു:—

"ഇതു ഗ്രാമപ്പാട്ടാണ്. നിങ്ങളുടെ നാട്ടിലും നാടോടിപ്പാട്ടുകൾ ഇല്ലേ?"

"ഉണ്ടു്."

ഞാൻ മാപ്പിളപ്പാട്ടുകളെപ്പററിയും മററും പറഞ്ഞു.

34416

അയാളുടെ കയ്യിൽ തൂങ്ങിക്കിടന്ന കുട്ടിയ്ക്കു നല്ല സുഖമില്ല. അവൻ വിളറിനിന്നു. അയാളുടെ ലാളനയ്ക്കുവേണ്ടി അവൻ ഞരങ്ങുകയും മൂളുകയും ചെയ്തു. അവന്റെ ചെള്ളയ്ക്കു് ഒന്നു തട്ടുകയോ, സ്നേഹമായി എന്തെങ്കിലും ഒന്നു പറയുകയോ ചെയ്യുമ്പോൾ, അവൻ മൂളലും ഞരങ്ങലും നിർത്തി നേരിയതായി പുഞ്ചിരിക്കും. അവൻ തന്റെ സഹോദരിയുടെ കുട്ടിയാണെന്നു് അഹമ്മദ് പറഞ്ഞു. സഹോദരിയും കുഞ്ഞുങ്ങളും കുറച്ചു ദിവസമായി അയാളുടെ കൂടെ ആയിരുന്നു. സഹോദരിയുടെ ഭർത്താവിനു 'താരാപാഷാ' എന്ന സ്റ്റേഷനിലാണു ജോലി. അയാൾ സഹോദരിയേയും കുഞ്ഞുങ്ങളേയും ഭർത്താവിന്റെ അടുക്കലേയ്ക്കു കൊണ്ടുപോകുകയാണു്. മൂന്നുനാലു വയസ്സുള്ള ആ ബാലനെ തോളിൽ ഏന്തി അയാൾ കപ്പൽ മുഴുക്കെ കൊണ്ടുനടന്നു. ഇടയ്ക്കിടയ്ക്കു് അയാൾ സഹോദരിയുടെ അടുത്തേയ്ക്കു എഴുന്നേററു പോയി. അയാളുടെ സാഹോദര്യസ്നേഹം കുളിർമ്മയോടെ ഞാൻ നോക്കിയിരുന്നു.

ഓരോ സ്റ്റേഷനും എത്തുംമുമ്പു് കപ്പൽ കൂവി. ഗ്രാമീണർക്കു കപ്പൽ ഒരു സമയമറിയിപ്പും ആഹ്ലാദവസ്തുവും ആയിരുന്നു. ദിവസം ഒരിക്കൽ മാത്രമാണു് അവർ അവരുടെ അടുത്തേയ്ക്കു് എത്തുന്നതു്. മററൊരു കപ്പൽ നിത്യവും ഒരിക്കൽ നാരായൺഗഞ്ചിൽ നിന്നും ഗോവന്തഘാട്ടിലേയ്ക്കും പോകും. ആ കപ്പൽ ഞങ്ങളെ കടന്നുപോകുന്നതു ഞാൻ ശ്രദ്ധിച്ചു അവർ ഞങ്ങളിൽ നിന്നും ഒരു ഫർലോങ്ങോളം അകലെയുടെയാണു് പോയതു്. ഇരുകപ്പലിലേയും പണിക്കാർ

KOTTAYAM PUBLIC LIBRARY KOTTAYAM.

37916

താഴത്തുനിന്ന് കൈകറം ഉയർത്തി, തുവാല വീശി സൌഹൃദം പകൎന്നു. രണ്ടു മിനിററിനകം അവളുടെ പിന്നാലെ തിളച്ചുപതയുന്ന നുര മാത്രം നീണ്ട ഒരു ചാലായി കണ്ടു.

ഓരോ സ്റ്റേഷനിലും ഞങ്ങളുടെ കപ്പൽ അടുക്കുമ്പോറം കടവിൽ വള്ളങ്ങളിൽ കാത്തുകിടക്കുന്ന കച്ചവടക്കാർ തുഴഞ്ഞുവന്ന് കപ്പലിൻെറ അടുത്തേയ്ക്ക് എത്തുകയായി. അവർ വള്ളങ്ങളിൽ എഴുന്നേററു നിന്ന് അതിവേഗം തുഴഞ്ഞു കപ്പൽ അവൎക്കു സന്തോഷവും കൊണ്ടുവന്നിരിക്കുന്നു,-“ഹോയ്...ഹോയ്”... തുടങ്ങി എന്തോ ഒക്കെ ശബ്ദങ്ങറം അവർ ഗാനാത്മകമായ് വിളിച്ചുപറഞ്ഞു. ആൎത്തുവിളിച്ചുകൊണ്ട് കപ്പലിൻെറ അടുത്തേയ്ക്കുള്ള അവരുടെ വരവു കാണുക വളരെ സന്തോഷമായിരുന്നു. പച്ചയ്ക്കു തിന്നുന്ന കൊച്ചുവെള്ളരിയ്ക്കാ, വാഴപ്പഴം, കടല വറുത്തതു്, നാരങ്ങാ, തക്കാളിയ്ക്കാ, പലഹാരങ്ങറം തുടങ്ങി പലതും അവർ കൊണ്ടുവന്നു. ആളുകറം താഴത്തെ നിലയിൽ ഇറങ്ങി വില പറഞ്ഞു വാങ്ങി.

ഓരോ സ്റ്റേഷനിലും പുതിയ പല കാഴ്ചകളും എനിക്കു കിട്ടി. മൂന്നാമത്തെ സ്റ്റേഷനായ ‘ജലാൽദി’യിൽ കുതിരപ്പുറത്തു് ആളുകറം വന്നു. അവിടം കുതിരയുടെ കേന്ദ്രമാണെന്ന് അഹമ്മദു പറഞ്ഞു. നാലാമത്തെ സ്റ്റേഷനായ ‘രാസ്ക്കര’യിൽ അകലെ നിന്നായി ഒരു പല്ലക്കും ചുമന്ന് രണ്ടുപേർ നദിക്കരയിലേക്കു വരുന്നതു ഞാൻ കണ്ടു. അവർ വന്നതു് നദിവക്കു വരെയുള്ള ഒരു പാടത്തിലൂടെയാണെന്ന് ഞാൻ ഓ

ക്കുന്നു. കപ്പൽ ജട്ടിയിൽ അടുത്തു കഴിഞ്ഞുമാത്രമാണ് പല്ലക്ക തുറന്നതു്. രണ്ടു സ്ത്രീകഠം അകത്തുനിന്നും വെളിയിൽ ഇറങ്ങി. അവർ മൂടുപടം ധരിച്ചിരുന്നു. കപ്പലിനകത്തു കയറിയ ഉടൻ അവർ മൂടുപടം വലിച്ചുമാറുന്നതു കാണുക രസകരമായിരുന്നു. സൌന്ദര്യവും അവരുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല.

എൻെറ തൊട്ടു മുമ്പിലായി രണ്ടു ഭാര്യമാരോടു കൂടി ഒരാഠം ഇരുന്നു. അയാഠക്ക് വളരെ വെളുപ്പു നിറവും സാധാരണ വണ്ണവും പൊക്കവും ചീകിഒതുക്കിയ മുടിയും ഉണ്ടായിരുന്നു. അയാഠം ജൂബായും പൈജാമായും ധരിച്ചിരുന്നു. അയാളുടെ പെരുമാററത്തിൽ നഗരജീവിതത്തോടുള്ള അടുപ്പംവ്യക്തമാക്കി. ആകാരസൌഷ്ഠവം കൊണ്ടു്, റാണിയുടെ പ്രൌഢിയോടുകൂടി രണ്ടു പത്നിമാരും അയാളുടെ വലതുവശത്തിരുന്നു. രണ്ടു ഭാര്യമാൎക്കും സാഹോദര്യമായ രൂപസാദൃശ്യത ഉണ്ടായിരുന്നു. അയാഠക്കൊപ്പംപൊക്കം, ദൃഢമായ ദേഹപുഷ്ടി, ആകർഷകതയുമുള്ള മാംസളമായ ആകാരം, വട്ടമുഖം. ഉരുണ്ടുയൎന്ന മാർവിടം. അ അവരുടെ ബ്ലൌസ്സിനു മാത്രം അൽപം നിറവ്യത്യാസം ഉണ്ടായിരുന്നു. രണ്ടുപേരും ചുവപ്പു്—തവിട്ടുപുള്ളികളുള്ള ഒരേതരം വോയിൽസാരി ഉടുത്തു നഗരത്തിൽനിന്നും വാങ്ങിയ പ്ലാസ്റ്റിക്ക് ചെരുപ്പു് അവർക്കുണ്ടായിരുന്നു.

ജ്വലനമുള്ള ഈ സൌന്ദര്യറാണികഠക്കു നടുക്ക് ഭൎത്താവു് അന്തസ്സിൽ ഇരുന്നു

രാവിലെ അയാഠം സഹയാത്രക്കാരൻെറ പക്കൽ

നിന്നും പത്രം വാങ്ങി വായിച്ചു. കൂടെക്കൂടെ ഞാൻ കപ്പലിൽ ചുററിക്കറങ്ങിയിട്ട് വരുമ്പോഠം എന്നോടു സമയം ചോദിച്ചു. കാണാനും അറിയാനും ഉള്ളതെല്ലാം തൻെറ പത്നികളിൽ ഉണ്ടെന്നുള്ളതുപോലെ, അയാഠം അകലെ എങ്ങും നോക്കിയില്ല. സഹയാത്രക്കാരോടു സംസാരിച്ചുമില്ല പത്നികളുടെ നേരെ തിരിഞ്ഞു് അയാഠം അതിമൃദുലമായ് പുഞ്ചിരിച്ചു.

മൂന്നാലുമണിക്കൂറോളം അവർ മൂവരും മാറി മാറി ഉറങ്ങി. ആദ്യം ഞാൻ കാണുമ്പോഠം ഭർത്താവു ഉറങ്ങുകയാണ്. അയാളുടെ അടുത്തു്, ഭാര്യമാർ തങ്ങഠംക്കു് ഓരോരുത്തർക്കും പ്രത്യേകമായി ഓരോ ലോകം കാണാനുള്ളതുപോലെ അചഞ്ചലരായി ഇരുന്നു. അവർ പരസ്പരം ഉരിയാടിയില്ല. പതിന്നാലു മണിക്കൂർ നീണ്ടുനിന്ന ആ യാത്രയിൽ അവർ ഒരിക്കൽ പോലും ഉരിയാടുന്നതു ഞാൻ കണ്ടുമില്ല.

അയാളുടെ അടുത്തിരുന്നവഠം അയാളിൽ കൂടുതൽ സ്വാധീനം കാണിച്ചു. അവളുടെ ആ കണ്ണുകഠം അമൂല്യമായ സ്വത്തുതന്നെ ആയിരുന്നു. അവയുടെ ഓരോ ചലനവും അയാളെ അവളിലേയ്ക്കു ആഞ്ഞു പിടിച്ചുകൊണ്ടിരുന്നു. അവയിൽനിന്നും അസാധാരണമായ വശ്യശക്തി പ്രസരിച്ചു. തുടുത്ത കവിളുകഠം വികസിപ്പിച്ചു് മൃദുലങ്ങളായ ചുണ്ടുകഠം അകററി, കൺമണികഠം തെന്നിച്ചു്, അവഠം ഭർത്താവിനോടു് ഉരിയാടി. അവളുടെ ശബ്ദം അയാഠംക്കു് അമൃതായിരുന്നു. അവഠം ശബ്ദിക്കുമ്പോഠം ഉള്ള സൗകുമാര്യമേറിയ ആ ഭാവം അയാഠംക്കു് ഹൃദയം മുഴുവൻ ഇള

കുന്ന സൗന്ദര്യലഹരി ആയിരുന്നു. അവൾ മന്ദഹാസം പുരട്ടി അധരങ്ങൾ ചലിപ്പിക്കുമ്പോൾ അയാൾ സർവ്വ ലോകങ്ങളും മറന്ന് അവളിൽ ലയിച്ചിരുന്നു.

ആ അവസരങ്ങളിൽ എല്ലാം മററവൾ കഠിനമായ വ്യഥ അനുഭവിക്കുംപോലെ മൂകമായി ഇരുന്നു. അവൾക്കും തുടുത്ത കവിളുകളും അഴകേറിയ അധരങ്ങളും ഉണ്ട്. പക്ഷെ സഹപത്നിയുടെ കണ്ണുകൾ കിട്ടിയിരുന്നില്ല. പരാജയബോധവും, ഹൃദയത്തിന്റെ ക്രൂരതലായ സ്പർശനസ്വഭാവത്തിന്റെയും ഫലവുമായി കടുത്ത വ്യഥയുടെ നാളുകൾകൊണ്ട് ആ കണ്ണുകളുടെ വശ്യശക്തി മങ്ങിയതായിരിക്കാം. അയാളും ചുരുക്കമായേ അവളോടു സംസാരിച്ചുള്ളു. മുഴുവൻ സമയവും അവൾ തികച്ചും മൌനമായിരുന്നു. ഭർത്താവിൽ നിന്നും അകന്ന ഒരു മനോഭാവം അവൾക്കുതോന്നിക്കഴിഞ്ഞു. അവളുടെ അകൽച്ചയിൽ അയാൾ വിഷാദനാണെന്നു തോന്നും. തനിക്കു നിവൃത്തിയില്ലാത്തവിധം അയാൾ മററവളുടെ വശ്യശക്തിയ്ക്ക് അടിമപ്പെട്ടതുപോലെ തോന്നും. അവളുടെ പരാജയബോധം മനസ്സിലാക്കിയ എതിരാളി തനിക്കു ലഭിക്കുന്ന ഓരോ അവസരവും ഭർത്താവിനെ തന്നിൽ മാത്രമായ് ഉറപ്പിയ്ക്കാൻ ബുദ്ധിപൂർവ്വം വിനിയോഗിച്ചു.

അയാൾ ചിലപ്പോൾ ചിന്താമഗ്നനായിരുന്നു,— അവളോടു കാരുണ്യം കാണിക്കാനല്ല എല്ലാ തേക്കങ്ങളേയും മററവൾ വശ്യതയേറിയ ഭാവത്തിലും ഭാഷയിലും നിഹനിക്കുന്നതിൽ നിന്നും സ്വതന്ത്രമാകാൻ

കഴിവില്ലാത്തതുപോലെ; ആ മൂന്നു മുഖങ്ങളും കൂട്ടുമ്പോൾ ജീവിതം മാത്രമായ ഒരുനാടകം ഞാൻ കണ്ടു.

കപ്പലിൽ ഉറങ്ങുന്നവരും ചിന്താമഗ്നരും ധാരാളം ആയിരുന്നു. ചെറുപ്പക്കാർ അവിടവിടെയായി സംഘം കൂടി എപ്പോഴും വെടിപറഞ്ഞും ചീട്ടുകളിച്ചും ഉല്ലാസമായ്ക്കഴിഞ്ഞു. അവരിൽ ഒരു ഭാഗം എൻെറ അടുത്തിരുന്നവർ ആയിരുന്നു. മൂന്നാംക്ലാസിൽ വളരെ ചൂടായിരുന്നതിനാൽ മിക്ക പുരുഷന്മാരും ഉടുപ്പ് ഊരിക്കളഞ്ഞു. എൻെറ അടുത്ത് രണ്ടു പത്നികളുടെ ഭർത്താവിൻെറയും അപ്പുറത്തായി ഇരുന്ന ഒരു തടിച്ചു പൊക്കം കുറഞ്ഞ യുവാവ് എല്ലായ്പോഴും എവിടേയും ആയി ചിരിക്കാൻ എന്തെങ്കിലും തിരഞ്ഞു. അയാൾ കാണിച്ചതെല്ലാം ഫലിതമായി കൂട്ടുകാർ സ്വീകരിച്ചു.

ബാർബറും പോളീഷ്കാരനും ആളുതേടി അലഞ്ഞുകൊണ്ടിരുന്നു. ഫലിതക്കാരൻ ബാർബറേ വിളിച്ച് അഞ്ചുപ്രാവശ്യം നിരക്കു ചോദിച്ചു. ഒരു പ്രാവശ്യം മുഖം വടിച്ചുകഴിഞ്ഞ് അയാൾ പറഞ്ഞു:—

"മുടി മുഴുക്കയും പോയില്ല. ഒന്നൂടെയാട്ടെ." ബാർബർ വീണ്ടും ബ്രഷ് എടുത്തു സോപ്പു പതച്ച് അയാളുടെ ചെള്ളയിൽ പുരട്ടി വടിച്ചുതുടങ്ങി. വിചിത്രമായ ഈ ഫലിതത്തിനും ബാർബറു പകുതിക്കൂലി മാത്രം കൊടുക്കുന്നതിനും, അയാൾക്കു ചങ്ങാതികളിൽ കൂട്ടുകിട്ടി.

അടുത്തതായി ഫലിതക്കാരൻ പോളീഷ്കാരിൽ ഒരു ബാലനെ വിളിച്ചു. പോളീഷ് ചെയ്യുന്നതു് തല

യിലാണ്. ബാലൻ തൻെറ കുപ്പിയിൽ നിന്നും എണ്ണ കയ്യിൽ ഒഴിച്ചു ഫലിതക്കാരൻെറ തലയിൽ പുരട്ടി. അയാളുടെ മുടിയെല്ലാം കൂടി മുകളിലോട്ടു നീട്ടി ഒതുക്കിപ്പിടിച്ചു കയ്യു രണ്ടും കൂട്ടി അടിച്ച് 'കശു പിശു' എന്നു ചില മന്ത്രങ്ങളും ചിരിച്ചുകൊണ്ടു ചൊല്ലി. അയാളുടെ ഇളകിമറിഞ്ഞു കിടന്ന നീണ്ട മുടി രണ്ടു മിന്നിറകൾക്കുള്ളിൽ മേനിയിൽ ഒതുങ്ങിയതായി. ഈ പോളീഷ്കൊണ്ടു് ഉദ്ദേശിക്കുന്നതു് മുടിയ്ക്കു് ഒതുക്കവും തലയ്ക്കു കുളിർമ്മയും ആണു്. പോളീഷ്കാരൻ തലയുടെ നാഡിക്കെട്ടുകളിൽ അമർത്തിതിരുമ്മും. തല പല വശത്തേയ്ക്കു് വെട്ടിച്ചു ഞൊട്ടവിടും. തെന്നിന്ത്യ ഒഴിച്ച് എല്ലാ ഭാഗങ്ങളിലും ഈ രീതിയുണ്ടു്. ഈ പോളീഷ് തലയ്ക്കു കുളിർമ്മ ഉണ്ടാക്കുകതന്നെ ചെയ്യുന്നു!—

ഫലിതക്കാരൻ പോളീഷ് ബാലനോടു പറഞ്ഞു തലയിൽ ചെയ്യു തിരുമ്മും കുത്തും ദേഹത്തു ചെയ്യാൻ. അയാൾ ചമ്രംപടിഞ്ഞിരുന്നു് തൻെറ തടിച്ച ദേഹം അഭിമാനത്തോടെ ഞെളിഞ്ഞുവീർപ്പിച്ചു. മസിലുകൾ ഉരുട്ടിക്കാണിച്ചു. ബാലൻ കാണികളെ ചിരിപ്പിയ്ക്കത്തക്കവണ്ണം ഫലിതമയത്തിൽ തിരുമ്മി. ഫലിതക്കാരൻ എന്നോടു് വിളിച്ചു പറഞ്ഞു:—

"ഇവൻ കാണിയ്ക്കുന്നതെല്ലാം ജാഡയാണ്. ഇവൻ വലിയ കള്ളനാ."

കയ്യിലെ മസില് വീർപ്പിച്ച് അയാൾ ബാലനോടു പറഞ്ഞു:—

"ഇടിച്ചു തിരുമ്മെടാ."

ബാലൻ അയാഠംക്കു നോവുന്ന സ്ഥാനം നോക്കി നാല് ഇടി കൊട്ടത്ത് ഒന്നു തിരുമ്മും. എന്നിട്ട് അവൻ ഉറക്കെ വിളിച്ചു പറയും,-

"ഇതു് കല്ലോ ഇരുമ്പോ മറേറാ ആണു്."

ദേഹം നൊന്താലെന്താ ഫലിതക്കാരൻ ബാലൻെറ ഇടി തൻെറ ദേഹത്തിനു ലഭിക്കാവുന്ന ഏററവും വലിയ അഭിനന്ദനം ആയി സ്വീകരിച്ചു

പെട്ടെന്നു് ഞങ്ങളുടെ എല്ലാം ശ്രദ്ധയെ പിടിച്ചു പററിക്കൊണ്ടു് ഒരു മാജിക്കുകാരൻ വന്നു. തടിച്ചു നീളം കൂടിയ ഇരുണ്ട മനുഷ്യൻ. അയാഠം ലുങ്കിയും വെള്ളജൂബായും ധരിച്ചിരുന്നു. ജനങ്ങളെ വളരെ നേരം രസിപ്പിക്കുന്നതിന് അയാളുടെ ഫലിതത്തിനു കഴിഞ്ഞു. അയാഠം ഒരു മുഴം നീളത്തിലുള്ള രണ്ടു കമ്പെടുത്തു പറഞ്ഞു,-

"ഒന്നു്, പാകിസ്ഥാൻ. ഒന്നു്, ഹിന്ദുസ്ഥാൻ. ഇവർ രണ്ടുപേരും വലിയ കൂട്ടുകാർ ആയിരുന്നു. ഇപ്പോഠം തെററിപ്പിരിഞ്ഞു. രണ്ടുപേരും കൂടി അടിവയ്ക്കാനാണു് ശ്രമം. അടിക്കുന്നതു നോക്കു്."

അയാഠം രണ്ടു കമ്പുംകൂടി കൂട്ടി അടിച്ചു. ഒരു കമ്പു് ഒടിഞ്ഞുപോയി.

"നോക്കു."-അയാഠം പറഞ്ഞു:- "അടിവച്ചാലുള്ള ഫലം ഇതായിരിക്കും. അതുകൊണ്ടു അടിവയ്ക്കണോ?" അയാഠം ചോദിച്ചു.

"വേണ്ട." ജനങ്ങഠം പറഞ്ഞു.

അയാളുടെ ഫലിതം ഈ കണക്കിനു ഒരു മണിക്കൂറിലധികം നീണ്ടുനിന്നു. സ്നേഹിതരെ പലപ്പോഴും

പരിഭാഷയ്ക്ക ആശ്രയിക്കേണ്ടിയിരുന്നതുകൊണ്ടു് പല ഭാഗവും എനിക്കുപിടി കിട്ടിയില്ല. വഴിയേപോകുന്ന ആളുകളേയും കൂട്ടിപ്പിടിച്ചു് ഫലിതം പറയാനും അയാൾക്കു കഴിവുണ്ടായിരുന്നതുകൊണ്ടു് ആളുകൾ രസിച്ചു.

ഉച്ച ആയപ്പോൾ യാത്രക്കാർ തങ്ങളുടെ തുണിക്കെട്ടുകൾ അഴിയ്ക്കാൻ തുടങ്ങി. പലരും ചോറും റൊട്ടിയും കൂടെ കരുതിയിരുന്നു. ഹോട്ടലിലും വലിയ ഒരു കൂട്ടം ആളുകൾ ഉണ്ടായിരുന്നു. നേരത്തെ ചെന്നാൽ സൌകര്യമായിരിയ്ക്കാമെന്നു് അഹമ്മദ് പറഞ്ഞു. അങ്ങിനെ ഞങ്ങൾ ഹോട്ടലിൽ എത്തി. മുകൾത്തട്ടിൽ വലതുവശത്തോടു ചേൻ്നു് ഏകദേശം ഇരുപതടി നീളത്തിലും ഏഴടി വീതിയിലും ആയിരുന്നു ഹോട്ടലിലെ സ്ഥലം. നീണ്ട ഒരു ഉയൎന്ന മേശയുടെ ഇരുവശവും ഇരിയ്ക്കാൻ ഓരോ ബഞ്ചിട്ടിരുന്നു. പതിനാലുപേരോളം ഇരുന്നു് ഊണു കഴിച്ചു. ഇരിപ്പിടം കിട്ടാൻ ഞാനും മി. അഹമ്മദും കുറച്ചുനേരം കാത്തിരുന്നു. അഹമ്മദിൻെറ വാത്സല്യധാമവും കൂടെ ഉണ്ടായിരുന്നു.

കപ്പലിലെ വൃത്തികേടു നോക്കുമ്പോൾ, ഹോട്ടൽ തികച്ചും വൃത്തിഉള്ളതായിരുന്നു. ചായക്കടയേക്കാൾ വളരെ ന്യായമുള്ളതും. തുമ്പപ്പൂപോലെ വെളുത്ത ചോറു്, ഉരുളക്കിഴങ്ങു് ഇട്ടു പാകപ്പെടുത്തിയ ഒന്നാംതരം ഇറച്ചിക്കറി. എൻെറ ഒൻപതു മാസക്കാലത്തെ അഖിലേന്ത്യാ യാത്രക്കാലത്തിനിടയ്ക്കു് ഇത്ര രുചിയേറിയഇറച്ചിക്കറി മറെറങ്ങുനിന്നും കിട്ടുകയുണ്ടായില്ല. ടൊമാറേറാ അരിഞ്ഞുണ്ടാക്കിയ രസികൻ

പട്ടിണിയും ഉണ്ടായിരുന്നു. ഹോട്ടൽക്കാർ വളരെ വിനയത്തോടെ പെരുമാറി. ഒരുറുപ്പിക നാലണ മാത്രമായിരുന്നു ഊണിന്നു ചാർജ്ജ്.

ഊണു കഴിഞ്ഞു് വീണ്ടും ഞാൻ കപ്പലിൽ ചുററിക്കറങ്ങി. അധികനേരവും താഴത്തെ നിലയിൽ ആയിരുന്നു. നാട്ടുഭാഷയിൽ ശബ്ദിച്ചു് കൂട്ടമായി ഇരിക്കുന്ന ആ ഗ്രാമീണ മുഖങ്ങളെ കാണുക എന്തൊരു ആനന്ദമാണു്!–

# 9

## കപ്പൽ—
## മനുഷ്യത്വം തുടിയ്ക്കുന്നു—

എൻെറ ഇരിപ്പിടത്തിലേയ്ക്കു മടങ്ങിവന്നപ്പോൾ ജലാലുദ്ദീൻ വായ് തുറന്ന് കൊമ്പൻ പല്ലയത്തി എന്നെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു. എൻെറ വിരിപ്പിലും ചുററും ആയി, ആളുകൾ കൂടിയിരുന്നു. അവരിൽ എല്ലാ തരക്കാരും ഉണ്ടായിരുന്നു. മീശക്കാരും തൊപ്പിക്കാരും താടിക്കാരും ധോത്തിക്കാരും വൃദ്ധരും യുവാക്കളും. അവർ എല്ലാവരും എന്നെ എന്തോ ആകാംക്ഷയോടെ സൂക്ഷിച്ചുനോക്കുകയാണു്.

പെട്ടെന്നു്, എല്ലാവരുടേയും നടുക്കായി എനിക്കു ഇരിക്കാവുന്നിടത്തോളം സ്ഥലം അവർ ഒഴിച്ചു. ജലാലുദ്ദീൻ എന്നെ പിടിച്ചിരുത്തി. അവരുടെ എല്ലാ മുഖങ്ങളിലും ഉല്ലാസവും ഉൽക്കണ്ഠയും തത്തിക്കളിച്ചു. അബ്ദുള്ള എൻെറ ചുമലിൽ സ്നേഹപൂർവ്വം തട്ടി.

ലുങ്കിയും ജൂബായും ധരിച്ച സുമുഖനായ ഒരു ചെറുപ്പക്കാരൻ പറഞ്ഞു:-

"ഞങ്ങൾ മദിരാശി ബാബുവിനെ കാണുവാൻ വന്നിരിക്കുന്നു"

അബ്ദുള്ള, എന്നേയും എല്ലാവരേയും നോക്കി പുഞ്ചിരിച്ചു.

"ആദ്യം പേരു പറയട്ടെ-"

തല പററവെട്ടിയ മെലിഞ്ഞ ഒരു യുവാവു പറഞ്ഞു. മൂന്നാംക്ലാസ്സിൽ എൻജിൻെറ ചൂടുകൊണ്ട് അയാഠം ജൂബായും എല്ലാം അഴിച്ച് മടിയിൽ ചുരുട്ടിക്കൂട്ടി വച്ചിരുന്നു. മടിയിൽ ഒരു തൊപ്പിയും ഉണ്ടായിരുന്നു

"ബാലകൃഷ്ണപിള്ള"—ഞാൻ പറഞ്ഞു. ഞാൻ അവരുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. അബ്ദുള്ള എന്നെ മനസ്സിലാക്കി. അദ്ദേഹം വെള്ളത്താടി തടവിക്കൊണ്ടു പറഞ്ഞു:—

"നിങ്ങഠം ആരായിരുന്നാലും ഞങ്ങഠംക്കിഷ്ടമാണ്."

ശാന്തപ്രകമ്പമായ ആ ശബ്ദം എൻെറ ഹൃദയത്തിലേയ്ക്കു നുഴഞ്ഞിറങ്ങി. ആ വൃദ്ധൻെറ വാക്കുകഠംക്കു പുറകേ അവർ തലയാട്ടുന്നതു ഞാൻ കണ്ടു. ആ വാക്കുകഠം മഹത്തായ മനുഷ്യസ്വഭാവവിശേഷം ആയിരുന്നു. ആ വാക്കുകഠം മഹത്തായ മനുഷ്യസ്നേഹപ്രകാശം ആയിരുന്നു!-

ആ വാക്കുകളിൽ എൻെറ ഹൃദയം ആർദ്രമാകുകയാണ്...

അവർ എന്നിൽ പുഞ്ചിരി പൊഴിയുന്നു. എത്ര ശ്രദ്ധയോടെ എന്നെ നോക്കുന്നു!-

അടുത്തിരുന്ന പുതിയ ആളിനെ അബ്ദുള്ള എനിക്കു പരിചയപ്പെടുത്തി.

"ഇതു് ഡാക്ടർ സാഹിബ്ബാണ്. 'സാഹാ'-" അദ്ദേഹം മദ്ധ്യവയസ്കനായ ഒരു ഹിന്ദു ആയിരുന്നു,

ധോത്തിയിലും കോട്ടിലും മാന്യമായി അദ്ദേഹം വസ്ത്രധാരണം ചെയ്തിരുന്നു.

ജലാലുദ്ദീന്റെ തോളിൽ കയ്യിട്ടിരുന്ന അദ്ദേഹത്തിന്റെ പ്രായക്കാരനായ ഒരാൾ ചോദിച്ചു:-

"എന്താണ് 'പിള്ള'?"

ഡാക്റ്റർ സാഹാ പറഞ്ഞു:-

"പാകിസ്ഥാൻഗവമ്മെൻറുമായി കറാച്ചിയിൽ ഇപ്പോൾ വ്യവസായസംഭാഷണം നടത്തുന്ന ഒരു 'പിള്ള'യുണ്ടല്ലോ!"

ഡാ: സാഹാ ഇംഗ്ലീഷ് സ്വതന്ത്രമായി സംസാരിച്ചു. ആ ജനക്കൂട്ടവുമായി ഉണ്ടായ ഹൃദയാവർജ്ജകമായ ആ സംഭാഷണത്തിൽ എനിക്കു മനസ്സിലാകാത്തത് അദ്ദേഹവും അഹമ്മദുംകൂടി ഇംഗ്ലീഷിലേക്കു പരിഭാഷ ചെയ്തു. ഞാൻ പറഞ്ഞു:-

"ഞാനും അതുപോലെയൊരു പിള്ളയാണ്. 'ബാനർജി'യും' 'ചൌധരി'യുംപോലെ മാത്രമാണ് 'പിള്ള' എന്നുള്ളത്.

ചോദ്യകാരൻ തുടന്നു-"ആ പിള്ളയും നിങ്ങളും ഒരു വീട്ടുകാരാണോ?.."

"ഒരു രാജ്യക്കാർ മാത്രമാണ്."

"ആ രാജ്യം ഏതാണ്?"

ജലാലുദ്ദീൻ മറുപടി പറഞ്ഞു:—

"തിരുവിതാംകൂർ."

ഡാ: സാഹാ പറഞ്ഞു:-

"എവിടെയാണെന്ന് എനിക്കറിയാം."

മററുള്ളവർ പറഞ്ഞു:-

"ഞങ്ങറംക്കറിഞ്ഞുകൂടാ, തിരുവിതാംകൂർ എവിടെയാണെന്നു്."

ഞാൻ ട്രൌസറിൻെറ പോക്കററിൽ നിന്നും എൻെറ കൊച്ചുനോട്ടുബുക്കെടുത്തു. ഇന്ത്യയുടെ ഒരു പടം വരച്ചു. ആദ്യം കറാച്ചിയും ഡാക്കായും കൽക്കട്ടായും ബോംബെയും മദിരാശിയും പടത്തിൽ അടയാളപ്പെടുത്തി. പിന്നീട് കേരളം വരച്ചു. അതിൽ തിരുവിതാംകൂറും അടയാളപ്പെടുത്തി. ഞാൻ ചെയ്തതെല്ലാം അവർ എത്തിവലിഞ്ഞു നോക്കി. തിരുവിതാംകൂർ കണ്ടതുപോലെ അവരുടെ കണ്ണുകറം തിളങ്ങി. വാഹനങ്ങളിലും ഗ്രാമങ്ങളിലും വച്ചു് ഞാൻ ഇങ്ങനെ അനവധി പടം വരച്ചു—എൻെറ നാടു കാണിച്ചുകൊടുക്കാൻ.

അവിടം വളരെ വളരെ ദൂരെയല്ലേ?" അബ്ദുള്ളായുടെ പുറകിൽ നിന്ന നാല്പതുവയസ്സായ താടിക്കാരൻ ചോദിച്ചു.

"അതെ."

ആ ദൂരം അവർ അറിയുന്നതായി എല്ലാവരുടേയും മുഖത്തു ഞാൻ കണ്ടു.

"അവിടെ എവിടെയാണു് ബാബുവിൻെറ വീടു്?"

പേനമുനകൊണ്ടു് ഞാൻ വീടു കാണിച്ചു.

"ഗ്രാമമാണോ പട്ടണമാണോ?"

"ഗ്രാമം"

"അവിടത്തെ ആളുകൾ എന്തു ജോലി ചെയ്യുന്നു?"

"കൃഷി."

"അവിടത്തെ കൃഷി എങ്ങിനെയാണ്?"

ഞാൻ കൃഷി വിവരിച്ചു......

പാടത്തു പണിയ്ക്കിറങ്ങുന്ന സ്ത്രീകളെപ്പററി പറഞ്ഞപ്പോൾ അവർ പറഞ്ഞു:—

"ഇവിടെ സ്ത്രീകൾ പാടത്തു പണിയ്ക്കിറങ്ങുകയില്ല."

"എന്തുകൊണ്ട്?"

ഒരു നിമിഷനേരത്തെ നിശ്ശബ്ദത ഉണ്ടായിരുന്നു. ഞാൻ അവരുടെ മറുപടി കാത്തിരുന്നു. അവർ ഓരോരുത്തരായി പറയാൻ തുടങ്ങി:-

"അവക്കു വീട്ടിൽ ധാരാളം ജോലിയുണ്ട്."

വേറൊരാൾ പറഞ്ഞു-"പെണ്ണുങ്ങളെ പാടത്തിറക്കി കഷ്ടപ്പെടുത്തി ജോലി ചെയ്യിക്കുന്നതു കഷ്ടമാണ്."

മൂന്നാമത്തു ഒരാൾ പറഞ്ഞു—"ദൈവം അവക്കു പ്രസവഭാരം കൊടുക്കുന്നു. ഇനിയും അവരെക്കൊണ്ടു പാടത്തു ജോലി ചെയ്യിക്കുകകൂടി വേണോ?—"

സംഭാഷണത്തിൽ ബദ്ധശ്രദ്ധരായി എൻെറ ചുററും മുപ്പതിലധികം ആളുകൾ ഉണ്ടായിരുന്നു. ആരും പറഞ്ഞില്ല, സ്ത്രീകൾ പണിയ്ക്കിറങ്ങാത്തതു് അവരെ ആണുങ്ങൾ കാണും എന്നുള്ളതുകൊണ്ടാണെന്ന്. അവക്കു് ആണുങ്ങളോടൊത്തു ജോലി ചെയ്യേണ്ടിവരും

എന്നുള്ളതുകൊണ്ടാണെന്നു്. അങ്ങിനെ വിശ്വസിക്കുന്ന ആളുകൾ പൂർവ്വപാകിസ്ഥാനിൽ ഉണ്ടായിരിക്കാം.

ആചാരം മാറും, നിശ്ചയമാണു്. മനുഷ്യന്റെ മനസ്സ് പ്രബുദ്ധതയിൽ ഉണരുമ്പോൾ, നന്മയ്ക്കുവേണ്ടി ദുഷിച്ച ആചാരാനുഷ്ഠാനങ്ങൾ എന്നെന്നേക്കുമായി ത്യജിയ്ക്കപ്പെടും!–

പുറമെനിന്നും കൂടുതൽ ആളുകൾ ഞങ്ങളിലേയ്ക്കു അടുക്കുന്നു. ആ രണ്ടു യുവതികളും അവരുടെ ഭർത്താവും കൂടി ഞങ്ങളുടെ സംഭാഷണത്തിൽ ആകൃഷ്ടരായിരിക്കുകയാണു്. ഇൻറർക്ലാസ്സിലെ കണ്ണുകൾ എല്ലാം ഞങ്ങളെ ശ്രദ്ധിക്കുകയാണു്.

കൃഷിഅല്ലാത്ത സമയങ്ങളിൽ പുഞ്ചപ്പാടങ്ങൾ വെള്ളം നിറഞ്ഞു് ഓളംവെട്ടി കിടക്കുന്നതു പറഞ്ഞപ്പോൾ അവർ പറഞ്ഞു:–

"ഞങ്ങൾക്കും അതുപോലത്തെ ചില പാടങ്ങളുണ്ടു്."

താടിക്കാരൻ ജിജ്ഞാസയോടെ ചോദിച്ചു–"അപ്പോൾ ആ പാടങ്ങളിൽ നദിയുടെ ആഴമുണ്ടായിരിക്കുമോ?"

"വെള്ളപ്പൊക്കമില്ലാത്ത കാലങ്ങളിൽ നിലയുണ്ടു്."

"അവിടെ വെള്ളപ്പൊക്കം എങ്ങനെയാണു്?"

"നദികൾ ചെറിയവയായതുകൊണ്ടു് വെള്ളപ്പൊക്കംകൊണ്ടു സാധാരണ നാശമുണ്ടാകാറില്ല."

വെള്ളപ്പൊക്കം എന്നു കേട്ടപ്പോൾ അവരിൽ ചിലക്കു 'അയ്യോ!" എന്നു വിളിക്കണമെന്നു തോന്നി.

ഡാക്ടർ സാഹാ പറഞ്ഞു:-

"ഇവിടെ വെള്ളപ്പൊക്കം വളരെ ഭയങ്കരമാണ്."

അവക്ക് ഓരോരുത്തക്കും ഓരോ വിവരണം നൽകിയാൽ കൊള്ളാമെന്ന് അവരുടെ മുഖത്തു നോക്കിയാൽ തോന്നും. ജലാലുദ്ദീൻ പറഞ്ഞു:—

"ചുഴലി അടിച്ചു് വെള്ളം ചുഴററി ഉയരും. വെള്ളം ഉയന്ന് അടിച്ചു പതഞ്ഞു് ഈ കരകളെല്ലാം മണ്ണിടിഞ്ഞു് നദിയിൽ ലയിക്കും. വള്ളവും ബോട്ടും കപ്പലും മുങ്ങും. ജൂൺ ജൂലൈ സെപ്റ്റംബർ മാസങ്ങളിൽ ഈ നദി എന്തു ഭയങ്കരമായിരിക്കും—"

അഹമ്മദ തുടന്നു-"വിളവു നശിച്ചു് നാട്ടിൽ പട്ടിണി ഉണ്ടാകും. മനുഷ്യനെ വെള്ളവും ക്ഷാമവും കൊല്ലും."

നദിയിലേക്കു നോക്കി അബ്ദുള്ള പറഞ്ഞു:- "ഇപ്പോൾ എന്തു ശാന്തമായിരിക്കുന്നു!"

ഞാൻ ഇരുകരയിലേക്കും നോക്കി. പത്തു മൈലോളം വീതിയുണ്ടത്രേ!-എന്തു് അഗാധമാണ്!-പക്ഷേ മൂന്നോ നാലോ പേർ മാത്രം ഇരിക്കാവുന്ന കൊച്ചുവള്ളങ്ങൾ തുഴഞ്ഞുപോകുന്നു. ഇതു ഒരാശ്ചയ്യമല്ല. കുട്ടനാട്ടിൽ, വെള്ളപ്പൊക്കകാലത്തു ഭീമമായ ഓളങ്ങളെക്കൊണ്ടു് കായൽപോലെ വെള്ളം ഉയന്നുമറിയുമ്പോൾ സ്ത്രീകളും എട്ടും പത്തും വയസ്സുള്ള കൊച്ചുകുട്ടികളും കൊച്ചുവള്ളത്തിൽ തുഴഞ്ഞു് വിശാലമായ പാടത്തിന്റെ അക്കരെ കടക്കുന്നതു സാധാരണമാണ്. അഷ്ടമുടിക്കായലിലും വേമ്പനാട്ടുകായലിലും കൊച്ചുവള്ളങ്ങളിൽ ആളുകൾ പോകുന്നു. മനുഷ്യൻ, പ്രകൃ

തിയുടെ എല്ലാ ഭയങ്കരതയിലും എപ്പോഴും ചെറുത്തു നില്ക്കുന്നു. വിജയിയ്ക്കുവാനുള്ള അവന്റെ വാസന!-

"തിരുവിതാംകൂർ ഹിന്ദുസ്ഥാൻ ആണോ?"- പുത്തുതായ് വന്നുകൂടിയ ഒരാൾ ചോദിച്ചു-

"ഹിന്ദുസ്ഥാൻ എന്നു വച്ചാൽ എന്താണ്?"

"ഹിന്ദുക്കളുടെ നാട്."

സിന്ധുനദി ഒഴുകുന്ന നാടായതുകൊണ്ട് ഹിന്ദുസ്ഥാൻ എന്നു ഇന്ത്യയെ വിളിയ്ക്കപ്പെട്ടു എന്നും ആ പദത്തിന് ജാതീയമായ ബന്ധം ഒന്നും ഇല്ലെന്നും ഞാൻ അവരെ മനസ്സിലാക്കി.

ഞാൻ ചോദിച്ചു:-"നിങ്ങൾ മററു ജാതിക്കാരുമായ് കഴിയാൻ ആഗ്രഹിക്കുന്നുണ്ടോ?"

അവരിൽ നിന്നും നാലഞ്ചുപേർ ഒരുമിച്ചു പറഞ്ഞു:-"ഹിന്ദുക്കളും വേണം."

അതോടെ ചിന്താനിർഭരമായ ഒരു ഭാവം അവരുടെ മുഖത്തുണ്ടായതു കണ്ടു

"എന്തുകൊണ്ട് ഹിന്ദുക്കളും വേണം?"

അയാൾ പറഞ്ഞു-"പണ്ടു കാലം മുതലേ ഇവിടെ ഹിന്ദുക്കൾ ഉണ്ടായിരുന്നു."

അബ്ദുള്ള ശാന്തമെങ്കിലും ശക്തിയായ ശബ്ദത്തിൽ എല്ലാവരോടും തിരിഞ്ഞുപറഞ്ഞു:-

"ആദ്യം ഇവിടെ ഹിന്ദുക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരിൽ നിന്നുമാണ് മുസ്ലിംങ്ങൾ ഉണ്ടായത്. അവർ നമ്മുടെ സഹോദരങ്ങളാണ്!"

അവരിൽ അധികംപേരുടേയും തല മെല്ലെ ചാ

ഞ്ചാടി. അവർ അബ്ദുള്ള പറഞ്ഞതു അംഗീകരിക്കു കയാണു്!-

അബ്ദുള്ള എന്നോടു തുടൻ-"ആരാണു വർഗ്ഗീയലഹള ഉണ്ടാക്കിയതു്? ഈ സാധാരണ ജനങ്ങളാണോ,.....ഹിന്ദു, മുസ്ലിമിനെ ആക്രമിക്കുമെന്നും, മുസ്ലിമിൻെറ മതം നശിപ്പിക്കുമെന്നും, ഇവിടെ അധികാരികളാകേണ്ടവർ പറഞ്ഞു പരത്തി. ബീഹാറിലും യു. പി. യിലും മുസ്ലിംങ്ങളെ കൊന്നുവെന്നു പറഞ്ഞു് ഇവിടെ ജനങ്ങളെ ഇളക്കി."

അബ്ദുള്ളയുടെ കണ്ണുകളിൽ വിഷാദം വന്നു. തെല്ല നിശ്ശബ്ദതയ്ക്കു ശേഷം അബ്ദുള്ളയുടെ അടുത്തിരുന്ന ഒരു നാല്പതാം വയസ്സുകാരൻ ചോദിച്ചു:-

"താങ്കളുടെ നാട്ടിൽ എന്തെല്ലാം ജാതിയുണ്ടു്?"

അയാളുടെ തൊണ്ട ഇടറിയിരുന്നു. അയാളുടെ നീണ്ട മീശ മുഖത്തിനു ഗൗരവത്തേക്കാൾ, ശാന്തതയേറിയ കണ്ണുകൾക്കു കൂടുതൽ പ്രകാശം നൽകി. ഞാൻ പറഞ്ഞു-"ഹിന്ദുവും ക്രിസ്ത്യാനിയുംമുഹമ്മദീയനും ഉണ്ടു്."

"ഇവരിൽ ആരാണു് മന്ത്രി?"-അയാൾ തന്നെ ചോദിച്ചു.

"എല്ലാവരിൽ നിന്നും."

ബംഗാളിലും ഉത്തരേന്ത്യയിലും വർഗ്ഗീയലഹള മനുഷ്യരുടെ ജീവനിലും സന്മാർഗ്ഗത്തിലും നീചമൃത്താം ഹവുട്ടുമ്പോൾ, കേരളത്തിൽ ഒരൊററ മുസ്‌ലീംപോലും കൊല്ലപ്പെട്ടില്ല എന്നു ഞാൻ അവരോടു പറഞ്ഞു.

"അതു നല്ല നാടാണു്."-സ്വന്തം ചിന്തയിൽനിന്നും ഉണന്നു് അബ്ദുള്ള പറഞ്ഞു.

ജനക്കൂട്ടത്തിൻെറ വിവിധഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ തെരുതെരെ വന്നു.

"അവിടെ മുസ്ലിങ്ങൾക്കു നല്ലപള്ളിയുണ്ടോ?"

"അവർ അഞ്ചുനേരവും നിസ്കരിക്കുമോ??"

"അവർ എന്തു ജോലി ചെയ്യുന്നു?"

കേരളത്തിലെ മുസ്ലിംങ്ങളിൽ വലിയ ഒരു വിഭാഗം പട്ടണത്തിൽ താമസിക്കുന്നുവെന്ന് ഞാൻ പറഞ്ഞു. അവർ കച്ചവടം ചെയ്യാൻ ഇഷ്ടപ്പെടുന്നു. വളരെപ്പേർ ശരീരംകൊണ്ട് കട്ടത്ത ജോലി ചെയ്യുന്നു. അവർ മററുള്ളവരേക്കാൾ ആരോഗ്യവാന്മാരാണ്."

എൻെറ നേരെയെങ്കിലും കൂട്ടത്തിൽ കുറച്ചു പുറകിലിരുന്ന ഒരു ചെറുപ്പക്കാരൻ വിളിച്ചു പറഞ്ഞു–

"ഞങ്ങളും അവരും തമ്മിൽ ഒരു വ്യത്യാസം കേൾക്കട്ടെ."

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "അവർ പലരും തല മൊട്ടയടിയ്ക്കും."

എല്ലാവരും ചിരിച്ചു.

"അത് എന്തുകൊണ്ടാണ്?"

"തൊപ്പി വയ്ക്കാനായിരിക്കും."

"ഞങ്ങൾ തൊപ്പി വച്ചാലും തല മൊട്ടയടിയ്ക്കുകയില്ല."

ഞാൻ പറഞ്ഞു–"വിദ്യാഭ്യാസമുള്ളവർ ഇപ്പോൾ തല മൊട്ടയടിയ്ക്കാറില്ല."

ആ ചെറുപ്പക്കാരൻതന്നെ വിളിച്ചു ചോദിച്ചു:–

"ഒരു പെണ്ണിനെക്കാൾ കൂടുതൽ അവർ വിവാഹം കഴിയ്ക്കുമോ?"-

"വളരെ ചുരുക്കമായ്." ഞാൻതുടർന്നു പറഞ്ഞു- "അവർ സാധാരണയായി കള്ളു കുടിക്കാറില്ല."

അവർ അതിൽ തികച്ചും അഭിമാനം കൊണ്ടു. താടിക്കാരൻ എല്ലാവരോടും ആയി പറഞ്ഞു.

"ഖുർആൻ പ്രകാരം കള്ളു കുടിക്കുന്നതു പാപമല്ലേ?"-

കുറച്ചുനേരമായി അബ്ദുള്ള എന്നോടു പറയാൻ ചുണ്ടിലെന്തോ പിടിച്ചു വച്ചിരിക്കുന്നതായി എനിക്കു തോന്നി. 'എന്തായിരിക്കും?' എന്നു ഞാൻ നോക്കിയപ്പോൾ അദ്ദേഹം പറഞ്ഞു:-

"അവിടെ അരിയും മീനും ധാരാളം കിട്ടുമോ? അതു അറിയുന്നതു് കുറച്ചു നന്നായിരിക്കും."

താടിക്കാരൻ ചോദിച്ചു:-"കിട്ടുമെങ്കിൽ അവിടേയ്ക്കു മക്കളും മരുമക്കളും ആയി പോകാൻ നിങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ?"

ആ കൊച്ചുഫലിതത്തെ തട്ടി നീക്കിക്കൊണ്ടു് മുട്ടു നിവർത്തു് കൈകൾ ചുററി മുന്നോട്ടും പിന്നോട്ടും ഒന്നു് ആട്ടി അബ്ദുള്ള പറഞ്ഞു:-

"അരിയും മീനും നമ്മുടെ നിത്യജീവിതത്തെ സംബന്ധിക്കുന്നതാണു്."

ഞാൻ പറഞ്ഞു:-

"അവിടേയും അധികം ആളുകളും അരിയും മീനും ഇഷ്ടപ്പെടുന്നു. പക്ഷെ വേണ്ടതുപോലെ ലഭിയ്ക്കുന്നില്ല."

"അവിടെ ജലാശയങ്ങൾ പോരാത്തതുകൊണ്ടാണോ?"

"അല്ല" ഞാൻ പറഞ്ഞു-"നിങ്ങൾക്ക ധാരാളം നദികളുള്ളപോലെ, ഞങ്ങൾക്ക് കായലുകളും കടൽത്തീരവും ഉണ്ട്."

ജലാലുദ്ദീൻ പറഞ്ഞു.-"ഇവിടെ ഗവൺമെൻറു സഹായത്തിൽ, മത്സ്യം പിടിക്കുന്നില്ല."

ഞാൻ വ്യക്തമാക്കി,-"നിങ്ങളേയും ഞങ്ങളേയും ഭരിക്കുന്നതു് ജനങ്ങളുടെ ആവശ്യങ്ങളെ കണക്കാക്കിയുള്ള ഗവൺമെൻറ് അല്ല. പ്രകൃതി നൽകിയിട്ടുള്ള വിഭവങ്ങളേയും അവ എല്ലാ മനുഷ്യർക്കും വേണ്ടതുപോലെ ഉപയോഗപ്പെടുത്തുകയുംചെയ്യുന്നതിന്, ചുമതല അറിഞ്ഞിട്ടുള്ള ഒരു ഗവൺമെൻറ് അല്ല"

ചിലർ താടി ആട്ടി. ചിലർ പറഞ്ഞു-"അതെ അതെ"

ഡാ: സാഹായ്ക്ക ഇറങ്ങേണ്ട സ്റ്റേഷനായി. അദ്ദേഹം എന്നെ നാട്ടിലേക്ക ക്ഷണിച്ചു- ഭദ്രാസൻഗ്രാമം, ഫരിത്പൂർ ഡിസ്ട്രിക്ട്.

അബ്ദുള്ള പറഞ്ഞു.-"നിങ്ങളുടെ മേൽവിലാസം എനിക്ക എഴുതി തരുക."

താടിക്കാരൻ പറഞ്ഞു—"എൻെറ കയ്യിൽ കടലാസ്സില്ല. എനിക്കും മേൽവിലാസം വേണം."

ഞാൻ നോട്ടുബുക്കിൽനിന്നും കടലാസുകീറി എൻെറ മേൽവിലാസം വീണ്ടും വീണ്ടും എഴുതി, ഒരാൾക്കല്ല-രണ്ടാൾക്കല്ല-അനവധി പേർക്ക്.



ഒരു ഹിന്ദുക്ഷേത്രം – സരസ്വതീപൂജയുടെ ഒരു രംഗം



നവാബ് ഷെയസ്ഥഖാന്റെ പള്ളി

ഞാൻ പറഞ്ഞു–"നിങ്ങളിൽ പലക്കും എഴുതാൻ അറിഞ്ഞുകൂടല്ലോ. നിങ്ങൾ എങ്ങിനെ എനിക്കു കത്തെഴുതും?"

എൻെറ ചുററുനിന്നും പെട്ടെന്നു മറുപടികൾ കേട്ടു,–

"ഹാഫിസ്സിനെക്കൊണ്ടു് എഴുതിയ്ക്കും."

"അദ്ധ്യാപകനെക്കൊണ്ടു് എഴുതിയ്ക്കും".......

"എൻെറ കൊച്ചു മോനു് എഴുത്തറിയാം"...

ഞാൻ ചോദിച്ചു.–

"നിങ്ങൾ എനിക്കു് എന്തു് എഴുതും?"

"ചോദിക്കുന്നതെല്ലാം"–

ഞാൻ പറഞ്ഞു:–

"നിങ്ങളുടെ കുഞ്ഞുങ്ങൾ പരീക്ഷകൾ പാസ്സാകുമ്പോൾ എഴുതണം. നിങ്ങളുടെ അയൽപക്കത്തുള്ള ഒഴിഞ്ഞ വീടുകളിലേക്കു നിങ്ങളുടെ ഹിന്ദുസഹോദരങ്ങൾ മടങ്ങി വരുമ്പോൾ എഴുതണം. നിങ്ങൾക്കു വേണ്ടുവോളം അരിയും മീനും ലഭിയ്ക്കുകയും, നിങ്ങളെ വഞ്ചിച്ചു ചൂഷണം ചെയ്യാതിരിക്കുകയും ചെയ്യുന്ന നിങ്ങളുടേതായ ഗവൺമെൻറു് ഉണ്ടാകുമ്പോൾ എഴുതണം. നിങ്ങൾക്കു മംഗളം ഉണ്ടാകുന്ന അവസരങ്ങളിൽ എല്ലാം എഴുതണം."

ആ നല്ല മനുഷ്യർ സന്തോഷത്തോടെ തലകുലുക്കി.

ജീവിതക്ലേശങ്ങളുടെ തീവ്രതയിൽ എനിക്കു് എഴുത്തെഴുതണമെന്നുള്ള ഓർമ്മ അവർക്കു വിട്ടുപോയേക്കാം.

അവർ ലളിതഹൃദയരാണ്. അവർ മനുഷ്യത്വബോധം ഉള്ളവരാണ്.

ഞാൻ മനുഷ്യഹൃദയത്തിൽ സ്പർശിച്ചതായി അറിഞ്ഞു!-എൻെറ മനസ്സ് മനുഷ്യനിലുള്ള ആശയോടെ തെളിമയാൻ നിന്നു!!-

ഒന്നാംക്ലാസ്സുകാർക്കു മാത്രം പ്രവേശിക്കാൻ അനുവാദമുള്ള കപ്പലിൻെറ മുൻഅററത്തേക്കു ഞാൻ കൂടെക്കൂടെ പോയി. നദിയുടെ മാറിലേക്കു നോക്കിക്കിടന്ന ആ അഞ്ചു കസേരകളിൽ ഒന്നിൽ ഇരുന്നു. വളരെ വിശാലമായ നദിയുടെ അകലെയുള്ള ഇരുകരകളിലും തുറസ്സായ നെൽപാടങ്ങളോ, തെങ്ങും കമുകും ചേർന്ന കൂട്ടങ്ങളോ, വെള്ളമണൽ പരപ്പോ കാണാം. പാടങ്ങളിലൂടെ രണ്ടോമൂന്നോപേർ കതിരപ്പുറത്ത് ആകാശം മുറിച്ചു പാഞ്ഞുപോകുന്നതു എത്ര നല്ല കാഴ്ചയാണ്!-

നദിയിലെ ഓളങ്ങൾ മുറിച്ചു കൊച്ചുവള്ളങ്ങൾ പോകുന്നു. ജലലീല എന്നോണം ഓളങ്ങൾ തമ്മിൽ കൂട്ടി അടിയ്ക്കുന്നു. വളരെ ചുരുക്കമായ് ഒരു നീണ്ട മീൻ ഓളങ്ങൾക്കു മുകളിൽ വെള്ളിമിന്നൽ പോലെ ഒന്നു മറിയും.

മൂന്നാംക്ലാസ്സ് ഭാഗത്തെ വലിയ ഒച്ചപ്പാടില്ലിവിടെ. എൻജിൻെറ ഘനത്ത ശബ്ദം പോലും വളരെ ലാഘവമാണ്. ആ മുൻഅററത്ത് ഏകനായി നദിയിലേക്കു നോക്കി ഇരിക്കുമ്പോൾ, കപ്പൽ പ്രശാന്തമായ് മുന്നോട്ടു നീങ്ങുന്നൊന്നു തോന്നും. ആ ഒച്ചപ്പാടിൽ ഒരു ഭാഗമായിരുന്നതിനുശേഷം, ഇവിടത്തെ പ്രശാന്തത എന്തു വിലയേറിയതാണ്,-ലാളിത്യമുള്ള, മനു

ഷ്യത്വബോധമുള്ള, അവരുടെ ശബ്ദങ്ങൾ എന്റെ ഹൃദയത്തിൽ ഉൽഘോഷിക്കുന്നു. അവ എന്റെ ചിത്തത്തിൽ ഉറയ്ക്കുകയാണ്. അവരുമൊത്തുണ്ടായ ഹൃദയാവർജ്ജകങ്ങളായ ആ രംഗങ്ങൾ എന്റെ ചിത്തത്തിലും അഗാധമായ സ്മരണമണ്ഡലത്തിലും ഉറയ്ക്കുകയാണ്!! -അതിമഞ്ജുളമായ മനുഷ്യശബ്ദങ്ങൾ!!-

ഏററവും സുഖകരമായ് കുളിക്കാററു വീശും-

സൂര്യാസ്തമയത്തിനുമുൻപ് കപ്പലിലെ ഏതാനും യാത്രക്കാർ, നാലും അഞ്ചും പേർവീതം ചേന്ന സംഘങ്ങളായ്, നിസ്കരിക്കുന്നതിനു മുൻവശത്തേയ്ക്കു വന്നു. അവർ തുവത്തു വിരിച്ച് വരിവരിയായി നിന്നു മെക്കായിലേക്കു തിരിഞ്ഞു പ്രാർത്ഥിച്ചു. ഞാൻ കസേരയിൽനിന്നും എഴുനേററു നിന്ന് അവർ പ്രാർത്ഥിക്കുന്നതു വീക്ഷിച്ചു. താടി നീട്ടി വളത്തിയ ഭക്തനായ ഒരു മദ്ധ്യവയസ്കൻ എന്നോടു ചോദിച്ചു.

"നിസ്ക്കരിച്ചോ?"

ഞാൻ പുഞ്ചിരിച്ചു.

പ്രാർത്ഥന!-അതു് ചിത്തത്തെ വിശുദ്ധീകരിക്കുന്ന ആത്മപരിശോധന ആയിരിക്കട്ടെ.

പ്രാർത്ഥന!-അതു് മനുഷ്യത്വത്തിന്റേയും മനുഷ്യസ്നേഹത്തിന്റേയും ദീപ്തിയെക്കുറിച്ചുള്ള കുളിരേറിയ അനുസ്മരണമായിരിച്ചട്ടെ.

പ്രാർത്ഥന!-അതു് സത്യത്തിനും സ്നേഹത്തിനും നീതിക്കും വേണ്ടിയുള്ള നിരന്തരമായ യത്നത്തിന് മനസ്സാക്ഷിയോടുള്ള വാഗ്ദാനമായിരിക്കട്ടെ!!-

ഇവിടെവച്ച് ഓരോ തരത്തിൽ പ്രത്യേകതയു

ള്ള രണ്ടുപേരെ ഞാൻ കണ്ടുമുട്ടി. രണ്ടുപേരും ഒന്നാം ക്ലാസ്സ് യാത്രക്കാർ ആയിരുന്നു. ആദ്യത്തെയാൾ തടിച്ചു കുറുത്തു പൊക്കംകുറഞ്ഞ ഒരു നാല്പതാംവയസ്സുകാരൻ ആണു്. ഞാൻ ആദ്യം കാണുമ്പോൾ അദ്ദേഹം, റാൽഫ് പാർക്കറുടെ 'Conspiracy Against Peace' എന്ന ഗ്രന്ഥം വായിച്ചുകൊണ്ടു് ഇരിയ്ക്കുക ആയിരുന്നെങ്കിലും, തൊഴിലുകൊണ്ടു് അദ്ദേഹം ഒരു വ്യവസായി ആയിരുന്നു. തന്റെ കൊച്ചുകുഞ്ഞുമായി എന്റെ അടുത്ത കസേരയിൽ വന്നിരുന്നു്, അദ്ദേഹം ചിന്താമഗ്നനായി തുടർച്ചയായി വിലകൂടിയതരം സിഗരററു വലിച്ചു. വളരെ ശാന്തമായ ശബ്ദത്തിലെങ്കിലും സംഭാഷണം ഹൃദ്യമായിരുന്നു. അദ്ദേഹം പറഞ്ഞു,—

"വിഭജനത്തിനുമുമ്പു ഇന്നത്തെ ഇന്ത്യൻ പ്രദേശങ്ങളുമായി സ്വതന്ത്രമായി കച്ചവടം ചെയ്തു ഒരു പാരമ്പര്യം ഞങ്ങൾക്കുണ്ടു്. കൽക്കട്ടപോലെ വലിയ ഒരു തുറമുഖവും നഗരവും പൂർവ്വപാകിസ്ഥാനിലില്ല. വിഭജനവും, ഇന്ത്യ പാകിസ്ഥാൻനാണയം അംഗീകരിയ്ക്കാതിരിക്കുകയും ചെയ്തതോടെ, ഇന്ത്യയുമായുള്ള വ്യവസായ ബന്ധം തകർന്നു. ബ്രിട്ടനും അമേരിക്കയും ആയി കച്ചവടം ചെയ്യാൻ ഞങ്ങൾ വളർന്നിട്ടില്ല. അവിടങ്ങളിലേക്കു് അയയ്ക്കുന്ന സാധനങ്ങളുടെ കുത്തക പിടിച്ചിരിക്കുന്നതു് വെള്ളക്കാരും, ഭരണാധികാരികളുടെ സഹായവും സ്വാധീനവും ഉള്ള ചുരുക്കം വ്യക്തികളുമാണു്. കൽക്കരി തുടങ്ങിയ സാധനങ്ങൾ ഇന്ത്യയിൽ നിന്നല്ലാതെ, അമേരിക്കയിൽനിന്നും കൊണ്ടുവരാൻ പാകിസ്ഥാനു സാദ്ധ്യമല്ല. ഇന്ത്യയുടെ സ

ഫകരണം കൂടാതെ പാകിസ്ഥാൻെറ വ്യവസായ പു രോഗതി വിഷമമാണ്."

രാത്രി ആയപ്പോഴാണ് ഫെറിപൂർ എന്ന സ്ഥ ത്തെ അഡീഷണൽ ഡിസ്ക്രിക്ട്മജിസ്ട്രേട്ടിനെ ഞാ ൻ കണ്ടതു്. അദ്ദേഹവും കാററുകൊള്ളാൻ വെളിയി ലേക്കു വരുകയായിരുന്നു. നീളം കൂടി ഇരുണ്ട നിറ ത്തിൽ ഒരു ചെറുപ്പക്കാരൻ. അദ്ദേഹം കോട്ടിലും സൂ ട്ടിലും മോടിയിൽ വസ്ത്രധാരണം ചെയ്തിരുന്നു. അതി യായ താല്പര്യത്തോടെ അദ്ദേഹം എന്നോടു സംസാരി ച്ചു. യു. പി യിൽ അദ്ദേഹം പഠിച്ചിരുന്ന കാലത്തു പരിചയപ്പെട്ടവാൻ കഴിഞ്ഞ മലയാളി സുഹൃത്തുക്ക ളെപ്പററി പറഞ്ഞു. യു. പി. യിലെ പട്ടണങ്ങളെ അ ദ്ദേഹം പുകഴ്ത്തി. പാകിസ്ഥാനിൽ നിന്നും മടങ്ങി ഞാൻ യു. പി. യിലേക്കു പോകുമ്പോൾ അവിടെ ഞാൻ പ്രത്യേകം കാണേണ്ട സ്ഥലങ്ങൾ വിവരിച്ചു.

ഞങ്ങളുടെ സംഭാഷണത്തിൽ വളരെനേരം, ബം ഗാളിലെങ്ങുമുള്ള സെമിന്ദാരി രീതിയെപ്പററി പറ ഞ്ഞു ചിലവഴിച്ചു. സെമിന്ദാരിരീതി ഇല്ലായ്മ ചെ യ്യുന്നതു് ഗവമ്മെൻറിന് കൈകാര്യം ചെയ്യാൻ വിഷ മമുള്ള ഒരു കാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. സെ മിന്ദാർക്കു കീഴിലും, വേല ചെയ്യുന്ന കർഷകനു മുകളി ലുമായി അനവധി ഘടകങ്ങൾ ബന്ധപ്പെട്ടു നില്ക്കുന്നു. സെമിന്ദാരുടെ പ്രതിനിധികൾ-അവരുടെ ഏജൻറ ന്മാർ-ഏജൻറന്മാരുടെ ഉദ്യോഗസ്ഥന്മാർ-അവർ ഭ രണത്തിനു വിനിയോഗിക്കുന്ന വീതക്കാർ-കാര്യസ്ഥർ -എന്തായാലും അടുത്ത പത്തു കൊല്ലം കൊണ്ട് സെമി

ന്ദാരി നിർത്തലാക്കാൻ ഭരണകൂടം ആലോചിക്കുന്നു. പക്ഷേ അതുകൊണ്ട് സെമിന്ദാരന്മാക്ക് തക്കതായ പ്രതിഫലം കൊടുക്കണമെന്നാണ് നിശ്ചയം.

ഡാക്കായിൽ എത്തി മററു പലരുമായി ചർച്ച നടത്തിയപ്പോൾ ഇപ്പോഴത്തെ ഭരണകൂടത്തിൻകീഴിൽ സെമിന്ദാരി രീതി നിർത്തലാക്കുന്ന കാര്യം സംശയമായി. അസംബ്ളി അംഗങ്ങളിൽ നല്ല ഒരു പങ്ക് സെമിന്ദാരന്മാരും അവരുടെ പ്രതിനിധികളുമാണ്!-

പ്രകൃതിദത്തമായ സമ്പത്തുക്കൾ പൂർവ്വബംഗാളിനു വേണ്ടുവോളം ഉണ്ടെങ്കിലും ആളുകൾ വളരെ ദരിദ്രരാണെന്നു ഡിസ്ട്രിക്ട്മജിസ്ട്രേട്ട് സമ്മതിച്ചു. പ്രതിഫലം കൊടുക്കാതെ സെമിന്ദാരിസിസ്റ്റം നിർത്തലാക്കി സാധാരണ കർഷകന് ഭൂമി കൊടുക്കേണ്ട ന്യായത്തെപ്പററി ഞാൻ പറഞ്ഞു. അദ്ദേഹം ഒന്നും എതിർത്തുപറഞ്ഞില്ല. എന്നെ ശ്രദ്ധിച്ചുകേൾക്കുകയും കൂടുതൽ ചിന്താമഗ്നനായി ഇരിക്കുകയും മാത്രം ചെയ്തു. രണ്ടു കപ്പു ചായ കൊണ്ടുവരാൻ അദ്ദേഹം ഒന്നാംക്ലാസ്സ് ഡൈനിംഗ്റൂമിലെ ഭൃത്യനോടു പറഞ്ഞപ്പോളാണ്, മൂന്നാംക്ലാസ്സ് വിഭാഗത്തിൽ നിന്നും 'നാരായൺഗഞ്ച്...നാരായൺഗഞ്ച്' എന്ന വിളി, ബഹളമായി കേട്ടതു്. ഞാൻ എഴുന്നേററു ചെന്ന് മൂന്നാംക്ലാസ്സിലേയ്ക്കു നോക്കിയപ്പോൾ ആളുകൾ എഴുന്നേററ് അക്ഷമരായി തിരിഞ്ഞും മറിഞ്ഞും നില്ക്കുന്നതു കണ്ടു മജിസ്ട്രേട്ടിനെ അങ്ങിനെ ഇടയ്ക്കുവച്ച് എനിക്കു പിരിയേണ്ടിവന്നു. ഞാൻ പെട്ടെന്ന് എന്റെ ഇരിപ്പിടത്തിൽ എത്തി. അബ്ദുള്ളാ എന്റെ ബാഗ്ഗും കിടക്കയും സൂക്ഷിച്ചു എടുത്തുതന്നു.

സമയം രാത്രി ഒൻപതര ആകും-കപ്പൽ നാരായൺഗഞ്ചിൽ അടുത്തു. ഞാനും അബ്ദുള്ളയും ജലാലുദ്ദീനും പരസ്പരം ഏററവും ഹൃദയസ്പർശകമായി യാത്ര പറഞ്ഞു.

ആളുകൾ എല്ലാം കെട്ടും പെട്ടിയുമായി താഴത്തെ നിലയിൽ ഇറങ്ങി തിങ്ങിനിന്നു. കരയിലേയ്ക്കിറങ്ങുന്ന വാതലിൽ വലിയ തിരക്കും തള്ളും ആയിരുന്നു. ആദ്യക്കൂട്ടത്തിൽ തന്നെ ഒരുവിധം ഞാൻ കരയ്ക്കെത്തി. നദീതീരത്തു ധാരാളം 'ബാഞ്ജുകളും ബോട്ടുകളും കിടന്നു. ജലാശയഗതാഗതത്തിൻെറ ഒരു കേന്ദ്രമാണു് നാരായൺഗഞ്ചു്. പക്ഷേ റയിൽവേസ്റ്റേഷൻ വളരെ ചെറുതായിരുന്നു.

ഡാക്കായിലേക്കു ഞങ്ങളെ കൊണ്ടുപോകാനുള്ള ട്രയിൻ കാത്തുകിടന്നു.

## 10

# റെയിൽവേസ്റ്റേഷനിലെ രാത്രി

രാത്രി, പതിനൊന്നരമണി!—

ഡാക്കാ!-ഒരു കൊച്ചുറെയിൽവേസ്റ്റേഷൻ. പാകിസ്ഥാനിലെ മററു സ്റ്റേഷൻപോലെ ഇതിനും വൃത്തിയും മേന്മയും കുറവായിരുന്നു. തറയും ഭിത്തിയും എല്ലാം അഴുക്കുപിടിച്ചുകിടന്നു.

വരാന്തയിൽ റെയിൽവേജോലിയുള്ള ഒരു ചെറുപ്പക്കാരനെ കണ്ടു. ഞാൻ അന്വേഷിച്ചു:—

“അടുത്തു ചോറു കിട്ടുമോ?-”

അയാൾ എന്നെ സ്റ്റേഷനു വെളിയിൽ കൊണ്ടുപോയി, അടുത്ത ഒരു ഹോട്ടൽക്കാരനോട് എനിയ്ക്കാവശ്യമുള്ളതു തരാൻ പറഞ്ഞു. മെലിഞ്ഞുപൊക്കം കുറഞ്ഞ ഇരുണ്ട നിറത്തിലുള്ള ഹോട്ടൽക്കാരൻ. അയാളുടെ ഹോട്ടൽ വളരെ ലളിതമായി നിർമ്മിച്ച ഒരു സാധാരണ കട ആയിരുന്നു. അടിച്ചൊതുക്കിയ തറയിൽ ഉറപ്പിച്ച ഒരു ഓലക്കൊട്ടിൽ മാത്രം!-ഹോട്ടൽക്കാരൻ. എനിക്കു ചോറും നല്ല മുട്ടക്കറിയും, ഉരുളക്കിഴങ്ങും ഉള്ളിയും കൂടിയുള്ള തോരനും തന്നു. അയാൾ എന്നെ സൂക്ഷിച്ചുനോക്കിയിട്ട് ചോദിച്ചു:-

“തെക്കേ ഇന്ത്യയിൽ അല്ലേ വീട്?”

KOTTAYAM PUBLIC LIBRARY KOTTAYAM

"അതെ."

അയാൾ പെട്ടെന്നു് തീവ്രമായ് പറഞ്ഞു—

"ഞാൻ കൽക്കട്ടായിലാണു ഇത്രകാലം താമസിച്ചിരുന്നതു്. ഈ നശിച്ച വിഭജനം ഇല്ലായിരുന്നുവെങ്കിൽ അവിടം വിടേണ്ടതില്ലായിരുന്നു. ഞാൻ ആത്മാർത്ഥമായി നിങ്ങളോടു ചോദിക്കുന്നു, ഈ കൊലയും കിറുക്കും എന്തിനായിരുന്നു?-

അയാൾ ഒരുവിധം ഇംഗ്ലീഷിലാണു് സംസാരിച്ചതു്. ഹൃദയത്തിൽ വിങ്ങിപ്പൊട്ടുന്ന അയാളുടെ വികാരങ്ങൾ അറിയിക്കാൻ ഒരാളെ കാത്തിരുന്നതുപോലെയാണു് അയാളിൽ നിന്നും വാക്കുകൾ ബഹിർഗ്ഗമിച്ചതു്. അയാൾ തന്റെ ഊർജ്ജസ്വലമായ സംഭാഷണത്തിനിടയ്ക്കു് എനിക്കു വില കണക്കാക്കാതെ ധാരാളം മുട്ടക്ഷണങ്ങൾ തന്നു. ഞാൻ ഊണു കഴിഞ്ഞു് കൈകഴുകുമ്പോൾ അയാൾ പറഞ്ഞു.—

"ഞാൻ നിങ്ങളോടു് ഉറക്കെ പറയുകയാണു്- കാരണം, എനിയ്ക്കീ കാര്യങ്ങളെപ്പററി നേരിട്ടു് അറിവുണ്ടു്. ഞാനും കുറച്ചു നഷ്ടപ്പെട്ടവനാണു്. ഈ വഴക്കും കൊലയും ജനങ്ങളുടേതായിരുന്നില്ല. ജനങ്ങൾക്കു വേണ്ടിയും ആയിരുന്നില്ല. ഇതു് ശ്യാമപ്രസാദ് മുക്കർജിമാരുടേയും ലിയാക്കത്തു് ആലിഖാൻമാരുടേയും ആയിരുന്നു."

ഞാൻ വെളിയിലേക്കു് ഇറങ്ങുമ്പോൾ അയാൾ ചിന്താപാരവശ്യത്തോടെ ഹോട്ടലിൽ നടന്നു വട്ടം കറങ്ങുന്നതു കണ്ടു.

അത്ര വൈകിയേ എനിയ്ക്കു് ഡാക്കായിൽ എത്താൻ കഴിയുകയൊള്ളു എന്നു് ഞാൻ അറിഞ്ഞിരുന്നില്ല. ആറുമണിക്കു് എനിക്കു വന്നുചേരാൻ കഴിയും എന്നായിരുന്നു, കുഷ്ടിയായിൽ വച്ചു് എന്നോടു പറഞ്ഞിരുന്നതു്.

അർദ്ധരാത്രിയായതുകൊണ്ടു് നേരം വെളുക്കും വരെ സ്റ്റേഷനിൽ തന്നെ കഴിച്ചുകൂട്ടുന്നതാണു് നല്ലതെന്നു് ഞാൻ കരുതി. ഉയന്ന ക്ലാസ്സ് വെയിററിംഗ് റൂമിൽ കഴിയാൻ ഞാൻ സാദ്ധ്യത തേടി. പക്ഷെ ഞാൻ വന്നിരിയ്ക്കുന്നതു് മൂന്നാംക്ലാസ്സ് വണ്ടിയിലാണു്. സ്റ്റേഷൻ അധികൃതർ ആ കാരണം പറഞ്ഞു തടഞ്ഞാൽ അടുത്ത ഏതെങ്കിലും സ്റ്റേഷനിലേയ്ക്കു് ഒരു ഉയന്ന ക്ലാസ്സ് ടിക്കററു വാങ്ങി അവകാശം സ്ഥാപിക്കാൻ ഞാൻ തയ്യാറായി. കറുത്തു പൊക്കം കുറഞ്ഞ അസിസ്റ്റൻറു് സ്റ്റേഷൻമാസ്റ്റർ ഒരു മിന്നൽപോലെ ഒന്നു് എൻെറ മുഖത്തു നോക്കിയിട്ടു്, തലകുനിച്ചുവച്ചു പറഞ്ഞു:—

"നിങ്ങൾക്കു് ഇവിടെയെങ്ങും ഉറങ്ങാൻ സാദ്ധ്യമല്ല."

ഞാൻ ഉടനെ പറഞ്ഞു:—

"ഞാൻ എന്നാൽ ഒരു ഉയന്ന ക്ലാസ്സ് ടിക്കററു വാങ്ങും., അപ്പോൾ എനിക്കു് ഉയന്ന ക്ലാസ്സ് വെയിററിംഗ്റൂമിൽ ഉറങ്ങാൻ അവകാശം ഉണ്ടാകും."

"എനിക്കറിഞ്ഞുകൂടാ.– എൻെറ മേലുദ്യോഗസ്ഥൻ ഒരു മണി കഴിഞ്ഞു വരും. അപ്പോൾ അദ്ദേഹം പറയുന്നതുപോലെ ചെയ്യൂ."

ഞാൻ തിണ്ണയിൽ നിൽക്കുകയാണ്. എൻെറ കണ്ണുകളിൽ ക്ഷീണം തൂങ്ങിനിൽക്കുംപോലെ തോന്നി. എനിക്ക് ഉറങ്ങാൻ തിടുക്കമുണ്ട്. ഒരു പോലീസുകാരൻ, ഞാൻ സ്റ്റേഷനിൽ ഇറങ്ങിയതു മുതൽ എന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കി. പെട്ടെന്ന് അയാൾ എൻെറ നേരെ വന്നു, ബംഗാളിയിൽ എന്തോ ചോദിച്ചു. ഞാൻ പറഞ്ഞു എനിക്ക് ബംഗാളി അറിഞ്ഞുകൂടാ എന്ന്. അയാൾ ബംഗാളിയിൽ തന്നെ കുറച്ചു ഗൗരവത്തിൽ ചോദ്യം തുടന്നു. എനിക്കു ബംഗാളി അറിഞ്ഞുകൂടാത്തത് അയാളുടെ കുററമാണെന്ന് ഞാൻ പറഞ്ഞതുപോലെ ആയിരുന്നു, അയാളുടെ ഭാവം. ഞാൻ അയാളെ വിളിച്ച് അസി: സ്റ്റേഷൻമാസ്റ്ററുടെ മുറിക്കകത്തു കൊണ്ടുപോയി. ആ കറുത്ത മനുഷ്യനെ തട്ടി വിളിച്ചുകൊണ്ട് ഞാൻ പറഞ്ഞു:—

"ഈ പോലീസുകാരന് എന്താ അറിയേണ്ടതെന്ന്, ദയവായി ചോദിക്കൂ."

അയാൾക്കറിയേണ്ടത് ഇത്രയൊക്കെയാണ്,- 'വീടെവിടെ?- തൊഴിൽ എന്ത്?'

ഞാൻ വിസിററിംഗ്കാർഡ് സ്റ്റേഷൻമാസ്റ്ററുടെ മേശപ്പുറത്തു വച്ചിട്ട് വീടും തൊഴിലും പറഞ്ഞുകൊടുക്കാൻ പറഞ്ഞു. പോലീസുകാരൻ ചോദ്യങ്ങൾ തുടന്നു:-

"എന്തിനു ബംഗാളിൽ വന്നു?—എന്തിനു ഡാക്കായിൽ വന്നു?—ഡാക്കായിൽ അറിയാവുന്ന അഞ്ച് ആളുകളുടെ പേരു പറയുക. ഇവിടെ നിൽക്കുന്നതിൻെറ ഉദ്ദേശം എന്ത്?"

സാഹിത്യകാരൻ ഡാക്കായ്യൂണിവേഴ്സിററി സന്ദർശിയ്ക്കേണ്ട ആവശ്യം ഒരു വിധത്തിലും പോലീസുകാരനു മനസ്സിലായില്ല. ഞാൻ മൂത്രം ഒഴിക്കാൻ പോയപ്പോൾ അയാൾ എൻെറ പുറകേ വന്നു. എൻെറ കിടക്കച്ചുരുൾ അസി: സ്റ്റേഷൻമാസ്റ്ററുടെ മുറിക്കു മുമ്പിൽ കിടക്കുക ആയിരുന്നു. പോലീസുകാരൻ അതു ചൂണ്ടി എന്നോടു പറഞ്ഞു:-

"കിടക്ക ആരെങ്കിലും കൊണ്ടുപോയാൽ ആരോടും പരാതി പറയാൻ പാടില്ല."

വിചിത്രം തന്നെ!-ഞാൻ എൻെറ കിടക്കയുടെ പുറത്തു കയറി ഇരുന്നു.

ഒരുമണി കഴിഞ്ഞു് സ്റ്റേഷൻമാസ്റ്റർ വന്നു. തടിച്ചു ഉയരം കൂടിയ ഒരു മനുഷ്യനെന്നു് ഞാൻ ഓക്കുന്നു അയാൾ പറഞ്ഞു, എനിക്കു ഉയന്ന ക്ളാസ്സ് ടിക്കററും ഒന്നും അപ്പോൾ കിട്ടുകയില്ലെന്നു്. വേണമെങ്കിൽ ഇൻറർക്ളാസ്സുമുറിയിൽ എനിക്കുറങ്ങാം എന്നും പറഞ്ഞു.

എൻെറ പുറകേ മുറിയിലേക്കു് ആ പോലീസുകാരനും വന്നു. ഞാൻ കിടക്ക വിരിയ്ക്കുമ്പോഴും കിടക്കുമ്പോഴും എന്നെ സൂക്ഷിച്ചുകൊണ്ടു് അയാൾ മുറിയുടെ വാതുക്കൽ തന്നെ നിന്നു. കിടക്കയിൽ ചേന്ന ഉടൻ ഉറക്കം വന്നു് എന്നെ ഉമ്മവച്ചു. പോലീസുകാരൻ എത്ര മണിക്കൂർ, വാതുക്കൽ കാത്തുനിന്നോ എന്തോ!-

# 11

## ഡാക്കാ യൂണിവേഴ്സിററി

അതിരാവിലെ ഒരു വിദ്യാർത്ഥി എന്നെ റയിൽവേസ്റ്റേഷനിൽ നിന്നും സലിമുള്ള മുസ്ലിംഹാളിലേയ്ക്കുള്ള വഴി കാണിച്ചു. വീതി കുറവില്ലാത്ത താറിട്ട റോഡ്. പ്രഭാതത്തിൽ റോഡ് വിജനമായിരുന്നു. ഗവമ്മെൻറ് ഓഫീസുകളും വസതികളും ആയ ബംഗ്ലാവുകൾ ഇരുവശങ്ങളിലും നിന്നു.

ഹോസ്റ്റലിൻെറ വലിയ മതിൽക്കെട്ടു കാണായി. ഞാൻ അകത്തു കയറി കെട്ടിടത്തിനുള്ളിലായി. പെട്ടെന്ന് ഹോസ്റ്റൽ വൈസ് പ്രസിഡണ്ടു് എൻെറ മുമ്പിൽ വന്നു. വളരെ മെലിഞ്ഞു പൊക്കം കൂടിയ ഒരു എം. എ. എൽ എൽ. ബി. വിദ്യാർത്ഥി,–മി. എം. ഹബിബട്ടു് റഹ്മാൻ. അദ്ദേഹം എന്നെ തൻെറ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

ധാരാളം വിദ്യാർത്ഥികൾ അവിടെ കൂടി. പലരും എന്നെ പരിചയപ്പെട്ടത്തി. അവർ പഠിക്കുന്ന ക്ലാസ്സുകൾക്കു പുറമേ, അവരുടെ പ്രത്യേകമായ കഴിവുകളും എനിയ്ക്കു പറഞ്ഞുതന്നു. കവി, ലേഖകൻ, നടൻ, ഗായകൻ, പത്രപ്രവത്തകൻ, പ്രാസംഗികൻ,– വളരെ പേർക്കു് ഞാൻ ഹസ്തദാനം ചെയ്തു.

രണ്ടു നിലയിലുള്ള ആ വലിയ ഹോസ്റ്റൽ കെട്ടി

ടങ്ങളെപ്പററി അവർ തികച്ചും അഭിമാനിതർ ആയിരുന്നു. കെട്ടിടങ്ങളുടെ വിശാലമായ നടുമുററങ്ങളിൽ പച്ചപ്പന്തലുകളും പുഷ്പവാഹിനികളും നട്ടുപിടിപ്പിച്ചിട്ടുണ്ട്.

ഞാൻ കുളിക്കാൻ പോയി. ഒരു വലിയ മുറിയിൽ ചുററും ഭിത്തിയിൽ പൈപ്പുകൾ ഘടിപ്പിച്ചിരുന്നു. ലുങ്കിയുടുത്തുനിന്നു വിദ്യാർത്ഥികൾ കുളിച്ചു.

കൽക്കട്ടായിൽ ഒരു മാന്യൻ എനിയ്ക്കു പരിചയപ്പെടുത്തിയ ഒരു പ്രൊഫെസ്സറുണ്ട്, മി. ജി!-പക്ഷേ അദ്ദേഹം പ്രബുദ്ധരായ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഇടയ്ക്ക് വളരെ കുപ്രസിദ്ധനാണെന്ന്, വിദ്യാർത്ഥികൾ എന്നോടു പറഞ്ഞു. അടുത്തു തന്നെ അദ്ദേഹം പാകിസ്ഥാൻ ഗവമെൻറിൻേറ നയതന്ത്രപ്രതിനിധികളിൽ ഒരാളായി നിയമിക്കപ്പെടാൻ ഇടയുണ്ടെന്നാണ് അവരുടെ അറിവ്. എന്തായാലും കാപ്പികുടി കഴിഞ്ഞു് ഞാൻ 'ജി'യെ കാണാൻ കാളേജിലേയ്ക്കു പുറപ്പെട്ടു. ആ യാത്രകൊണ്ടു് 'ജി'യെ കാണാൻ കഴിയാതെ വന്നുവെങ്കിലും, വളരെ ഗുണകരമായിരുന്നു. എൻെറ കൂടെ, സലിമുള്ള ഹോസ്റ്റലിലെ വളരെ പ്രബുദ്ധതയുള്ള വിദ്യാത്ഥികളിൽ ഒരാൾ ഉണ്ടായിരുന്നു-മി. 'എസ്'-സാധാരണ പൊക്കത്തിൽ മെലിഞ്ഞു വെളുത്ത ഒരു എം. എസ്‌സി. വിദ്യാർത്ഥി ആയിരുന്നു അദ്ദേഹം. മാർഗ്ഗമദ്ധ്യേ ഉള്ള പൊതുസ്ഥാപനങ്ങളും ഉദ്യോഗസ്ഥരുടെ ബംഗ്ലാവുകളും അയാൾ എനിക്കു വിശദമായി പറഞ്ഞുതന്നു. പെരുമാററത്തിൽ അയാൾ പ്രത്യേകനായിരുന്നു. ഹൃദയം തുറ

ന്നു വളരെ അടുപ്പത്തിൽ ഹൃദയം മുട്ടി സംസാരിച്ചു. കണ്ണടയുടെ പുറകിൽ ചിന്താദ്യോതകങ്ങളായ രണ്ടു കണ്ണുകൾ ഉണ്ടായിരുന്നു. പാകിസ്ഥാനിലെ ന്യായാധിപരിൽ ഒരാളിന്റെ ആദ്യപത്നിയിലുള്ള പുത്രനാണ്. പിതാവിനോടു ഈ പുത്രൻ ഒരപരാധം ചെയ്തു. ഒരു ഹിന്ദുബാലികയെ സ്നേഹിച്ചു. തന്റെ പിതാവിന്റെ രണ്ടാമത്തെ ഭാര്യയിലുള്ള പുത്രികളെ മി. എസ്. തന്റെ ഉററസഹോദരികളായി കരുതുന്നു. പക്ഷേ അയാൾക്കു പിതാവിന്റെ പുത്രവൈരാഗ്യംകൊണ്ട് അവിടെ പോകുക സാദ്ധ്യമല്ല. പഠിത്തച്ചിലവുകൾക്കു് പിതാവൊന്നും അയച്ചുകൊടുക്കാതായിട്ട് വളരെക്കാലമായി. അയാൾ പറഞ്ഞു,-

"ഞാൻ ട്യൂഷനെടുക്കുന്നു."

വിഭജനവും വർഗ്ഗീയലഹളയേയും തുടന്ന് അദ്ദേഹത്തിന്റെ കാമുകി അവളുടെ പിതാവുമൊത്ത് ബനാറീസിലേക്കു പോയി.

'എസ്' ചോദിച്ചു:—"ബനാറീസിലേക്കു് എനിക്ക് അപകടം കൂടാതെ പോകുവാൻ കഴിയുകയില്ലേ?"

അയാളുടെ ചോദ്യം എന്നെ വല്ലായ്മപ്പെടുത്തി

ഇന്ത്യയിൽ മുസ്ലിംങ്ങൾക്കു സുരക്ഷിതമായി ജീവിക്കുകയും സംസാരിക്കുകയും സാദ്ധ്യമല്ല എന്ന കുപ്രചരണത്തിൽ പാകിസ്ഥാൻജനത മുങ്ങിക്കിടക്കുകയാണ്. ഞാൻ 'എസ്'നോടു പറഞ്ഞു-

"ഞാൻ പാകിസ്ഥാനിൽ സഞ്ചരിക്കുന്നതിനേക്കാൾ സ്വച്ഛമായ് നിങ്ങൾക്കു ബനാറീസിലേക്കു പോകാൻ കഴിയും."

ഷേയ്ക്ക് ലീഗിനെപ്പോലെയുള്ള മുസ്ലിം നേതാക്കൾ ഇപ്പോഴും ഇതു പ്രചരിപ്പിച്ചു നടക്കുകയാണ്

'എസ്' പറഞ്ഞു!—

"അടുത്ത അവധിക്കു ഞാൻ പോകും. ഞാൻ പരീക്ഷയിൽ ജയിക്കുമ്പോൾ അവളെ വിവാഹം കഴിക്കുകയും ചെയ്യും."

"മതകാര്യത്തിൽ എന്തു ചെയ്യുവാൻ പോകുന്നു?"

"എനിക്ക് ഒരു മതവും ഇല്ല. ഞാൻ സ്നേഹിച്ച പെണ്ണിനെ എനിക്കു വേണം. അവളും എന്നെ സ്നേഹിക്കുന്നു."

മി. എസ്. ഭൂമിശാസ്ത്രവകുപ്പിലെ വിദ്യാർത്ഥിയെ എനിക്കു പരിചയപ്പെടുത്തി. വെളുത്തു നീളംകൂടി സുന്ദരനായ ഒരു ചെറുപ്പക്കാരൻ. കാമുകനാണ്. പ്രേമാർദ്രമായ കണ്ണുകൾ. ആകർഷകമായ അദ്ദേഹത്തിന്റെ മന്ദഹാസത്തിൽ വിഷാദം ഒരു വെള്ളിരേഖപോലെ തിളങ്ങി. അദ്ദേഹത്തിന്റെ കൊച്ചുസുന്ദരിയെ എനിക്കു കാണിച്ചുതന്നു. അവൾ വളരെ ഉയർന്ന ഒരു കുടുംബത്തിൽ നിന്നും വരുന്നവളാണ്. അവളുടെ മാതാപിതാക്കൾ പണമുള്ളവനെ തേടുന്നു. ഞങ്ങളുടെ കൂടെ അപ്പോൾ ഉണ്ടായിരുന്ന വേറൊരു വിദ്യാർത്ഥി പറഞ്ഞു:—

"അയാൾക്കുവേണ്ടി അവൾ മരിക്കും."

ഞങ്ങൾ കാണാൻ പോയ പ്രൊഫസർ 'ജി'യെപ്പററി ആ വിദ്യാർത്ഥികൾ എന്റെ ചുററും നിന്നു സംസാരിച്ചു. അധികാരികളുടെ കുതന്ത്രങ്ങൾക്കു കൂട്ടുനിൽക്കുന്ന അവസരസേവകരെപററി. സ്വന്തം താല്പ

യ്യങ്ങൾക്കു വേണ്ടി അവർ ജനങ്ങളെ ഒററു കൊടുക്കു ന്നു. വിദ്യാർത്ഥികളും പിന്നീട് പല അദ്ധ്യാപകരും എന്നോടു പറഞ്ഞു—

"പാകിസ്ഥാനിലെ യാതൊരു ഉദ്യോഗസ്ഥരേയും കാണരുത്."

ഊണു കഴിക്കാൻ ഞാനും, 'എസ്സും' ഹോസ്റ്റലി ലേക്കു മടങ്ങി. മിക്കവരും ഊണുകഴിഞ്ഞു പൊയ്ക്കഴിഞ്ഞു. വിശാലമായ ഹാളിൽ ചുരുക്കം വിദ്യാത്ഥികൾ മാത്രം ഇരുന്ന് ഊണു കഴിച്ചു. ഒരു വലിയ പിഞ്ഞാണി നിറയെ ചോറും അതുപോലെ വേറൊന്നിൽ ഇറച്ചിക്കറിയും കൊണ്ടുവന്നു. ഞങ്ങൾ കൊച്ചുപിഞ്ഞാണങ്ങൾ മുമ്പിൽ നിരത്തി. അവയിലേയ്ക്ക് മററെല്ലാവരേയും പോലെ കപ്പുകൊണ്ടാണ് ചോറുവാരി ഇട്ടത്. ഇറച്ചിക്കറി ചോറിലേക്കു വിളമ്പിയത് സ്ഫൂൺ കൊണ്ടായിരുന്നു

ഞാനും 'എസ്സും' യൂണിവേഴ്സിററി കാളേജിലേയ്ക്കു പോയി. മൈതാനംപോലെ വിശാലമായ മുററത്തിൻെറ ഇരുവശങ്ങളിലുമായി വമ്പിച്ച രണ്ടുനിലകെട്ടിടങ്ങൾ നിന്നു. വലതുവശത്തായിരുന്നു സാമ്പത്തികശാസ്ത്രവകുപ്പ്.

ഞങ്ങൾ കോണിപ്പടി കയറി മുകളിലത്തെ നിലയിൽ എത്തി ട്രൌസറിലും ഫുൾഷർട്ടിലും, വിദ്യാർത്ഥികൾ സംഘം ചേൎന്നു സംസാരിച്ചുകൊണ്ടിരുന്നു. തലയിൽ സാരിമൂടിയ വിദ്യാർത്ഥിനികൾ കൂട്ടമായി നീങ്ങി. അവരിൽ ആരും ബൂർക്കാ (മൂടുപടം) ധരിച്ചിരുന്നില്ല. അവരിൽ അധികവുംഉയൎന്ന കുടുംബങ്ങളിൽ

നിന്നും വരുന്നവരാണ്. വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും തമ്മിൽ സംസാരിക്കാറുണ്ടെന്ന്, എന്നോടു പറഞ്ഞു.

കാമുകരുടെ ബഹളമാണ് ഈ കാളേജ്. പാകിസ്ഥാനിൽ കണ്ട ഒരു പ്രശ്നത്തിന് ഉത്തരം കിട്ടി. ബാല്യപ്രായം മുതൽ സ്ത്രീകളെ മൂടിപ്പൊതിഞ്ഞു വളർത്തുന്ന രീതി ഇന്ത്യയിലേയ്ക്കും വച്ചു ഏററവും കൂടുതൽ പൂർവ്വബംഗാളിലെ മുസ്ലീങ്ങളുടെ ഇടയ്ക്കാണ്. 'സ്ത്രീ' എന്നാൽ എന്തെന്ന് കാണുകയും അറിയുകയും ചെയ്യാതെ പുരുഷൻ വളരും. സ്ത്രീക്ക് പിടികിട്ടാത്ത ഒരു പ്രശ്നമാണ് പുരുഷനും. നാട്ടിലായാലും പള്ളിക്കൂടത്തിൽ ആയാലും ആദ്യം കാണുന്ന യുവതിയുടെ മുമ്പിൽ യുവാക്കൾ പ്രേമാർച്ചന ചെയ്യുകയായി. പാകിസ്ഥാനിൽ ഞാൻ യുവാക്കളിൽ നിന്നും കേട്ട പ്രേമകഥകൾക്കു കണക്കില്ല. കാമുകരല്ലാത്ത യുവാക്കൾ ചുരുക്കമാണ്.

പെട്ടെന്നു, കുഷ്ടിയായിലെ മി. ഹുസൈൻ പരിചയപ്പെടുത്തിയ മി. അഹ്ളക്കുർ റഹ്മാനെ ഞാൻ കണ്ടു. സാമാന്യം വെളുത്തു മെലിഞ്ഞു പൊക്കം കുറഞ്ഞ ഒരു ചെറുപ്പക്കാരൻ. അദ്ദേഹം നീണ്ട ഷെർവാണിയും പൈജാമായും ധരിച്ചിരുന്നു. ഞങ്ങൾ ഹാർദ്ദമായി ഹസ്തദാനം ചെയ്തു!-

ഒരു വലിയ മുറിയിൽ നീളമേറിയ ഒരു മേശയ്ക്കു ഇരുവശങ്ങളിലുമുള്ള കസേരകളിൽ കാളേജിലെ അദ്ധ്യാപകർ ഇരുന്നു. ഓരോരുത്തരേയും മി. അഹ്ള

ക്കൂർ റഹ്മാൻ എനിക്കു ആദ്യമായി പരിചയപ്പെടുത്തി–തുടന്ന് ഓരോരുത്തരും ആയി ഹസ്തദാനവും.

സൌഹൃദവും സന്തോഷവും നിറഞ്ഞ സംഭാഷണം ഉണ്ടായി. അവർ ഓരോരുത്തരായി കേരളത്തിലെ ജനതയെപ്പററി, അവരുടെ ജീവിതനിലയെപ്പററി, തൊഴിലിനെപ്പററി, അവിടത്തെ വിദ്യാലയങ്ങളെപ്പററി, അദ്ധ്യാപകരേപ്പററി ചോദിച്ചു. ഭാഷയുടേയും നാട്ടുകാരുടേയും കലകളുടെയും സംസ്കാരത്തിൻെറയും സന്ദേശവാഹകനായി, ഞാൻ അവരുടെ മുമ്പിൽ ഇരുന്നു!–ദീർഘമായ ഞങ്ങളുടെ സംഭാഷണം, പരസ്പരം അറിയാനുള്ള നീണ്ട യത്നമായിരുന്നു!–

അവരിൽ പലരുടേയും വകയായി ചായയും കാപ്പിയും മധുരപലഹാരങ്ങളും വരുത്തി. എത്ര കപ്പു ചായ ഞാൻ കുടിച്ചുവെന്ന് നിശ്ചയമില്ല!–

അവരിൽ അഞ്ചാറുപേരെ ഞാൻ വ്യക്തമായി ഓർക്കുന്നു,–പൊക്കം കുറഞ്ഞ ഒതുങ്ങിയ ദേഹവും, കറുത്തു നീണ്ട താടിയും കൌതുകമുള്ള കണ്ണുകളും ഉള്ള ബംഗാളി ലക്ചറർ. ദീർഘകായനായ സോഷ്യോളജി ലക്ചറർ. തടിച്ചു ദൃഢഗാത്രനായ ഇംഗ്ലീഷ് ലക്ചറർ മി. അമിയാചക്രവത്തി. യൂണിവേഴ്സിററി കോർട്ടിലേയ്ക്കു് അദ്ധ്യാപകരിൽ നിന്നും അഞ്ചുപേരെ തിരഞ്ഞെടുക്കുന്നതിന് പതിനഞ്ചുപേർ സ്ഥാനാർത്ഥികളായി നിന്നിരുന്നവരിൽ ഏകഹിന്ദുവായിരുന്ന മി. അമിയാചക്രവത്തി ഏററവും അധികം വോട്ടുകൾ ലഭിച്ചു വിജയിയായി. മുസ്ലിങ്ങളുടെ വോട്ടുകൾകൊണ്ടുമാത്രം അദ്ദേഹത്തിനു വിജയിക്കാമായിരുന്നു.

അഹ്ളക്കുർ റഹ്മാൻ, അടുത്തതായി എന്നെ ഗ്രന്ഥാലയവും കാളേജിന്റെ ഇതരഭാഗങ്ങളും കൊണ്ടുപോയി കാണിച്ചു.

പിന്നീട്ട് അദ്ദേഹം എന്നെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. വഴിയിൽ അഹ്ളക്കുറിന്റെ ധാരാളം സുഹൃത്തുക്കളെ കണ്ടു. അവരിൽ ചിലർ ഓണേഴ്സ്ക്ലാസ്സ് വിദ്യാർത്ഥികളാണ്. അഹ്ളക്കുർ റഹ്മാൻ കഴിഞ്ഞ കൊല്ലം മാത്രമാണ് എം. ഏ. പാസ്സായത്. വിദ്യാർത്ഥികാലത്ത് പ്രക്ഷോഭണങ്ങൾക്കു വിദ്യാർത്ഥികൾക്കു നേതൃത്വം നൽകി. ഉയർന്ന നിലയിൽ പാസ്സായതുകൊണ്ട് ജോലി കൊടുക്കാതിരിക്കുവാൻ അധികൃതർക്കു നിവൃത്തി ഉണ്ടായിരുന്നില്ല. ഫലിതത്തിലും ചിരിയിലും ആയി അദ്ദേഹം ഹൃദയം തുറന്നു സംസാരിച്ചു,-പഠിത്തകാലത്തു ഉണ്ടായ ധനക്ലേശങ്ങൾ, മകന്റെ വിപ്ലവാവേശത്തിൽ പോലീസ്സിനെ ഭയന്നു കഴിഞ്ഞ അമ്മ,-അടുത്തതായി അദ്ദേഹത്തിന്റെ പ്രേമവിവാഹം...

നവാബ്പൂർ റോഡിലൂടെയാണ് ഞങ്ങൾ വന്നത്. അവയ്ക്കടുത്തുള്ള ഇടവഴികൾക്കും വീടുകൾക്കും പ്രാധാന്യമുണ്ട്. അവിടം ഭരണാധികാരികളുടെ കുതന്ത്രങ്ങൾക്കു കൂട്ടുനിന്ന്, വർഗ്ഗീയലഹളയുടെ തീയും കൊണ്ട് നാടു മുഴുവൻ ചുററിനടന്നു കൂട്ടക്കൊല നടത്തിയ 'കട്ടി'വർഗ്ഗത്തിന്റെ താവളങ്ങളിൽ ഒന്നായിരുന്നു. 'കുട്ടി'കൾ തൊഴിലുകൊണ്ട്, ആടുമാടുകൾ അറുക്കുന്നവരും മാംസക്കച്ചവടക്കാരുമാണ്. അടിയ്ക്കും ലഹളയ്ക്കും അവർ പ്രസിദ്ധരാണ്. വർഗ്ഗീയലഹളയു

ടെ കാലം കഴിഞ്ഞപ്പോൾ അധികാരികൾ അവരെ ഇടതുപക്ഷപ്രവത്തകക്കും പുരോഗമനപ്രസ്ഥാനങ്ങൾക്കും എതിരായി അഴിച്ചുവിട്ടു. അവക്ക് 'സർദാർ' എന്ന പേരിൽ നേതാവുണ്ട്. പരമ്പരാഗതമായി സർദാറുകളെ നിയന്ത്രിക്കുന്നതു് ഡാക്കായിലെ നവാബാണ്. പഴയ ഭരണാധികാരവും ധനപ്രഭുത്വവും, ബൂഷ്വാവിപ്ലവത്തിൽ നവാബിനു നഷ്ടപ്പെട്ടു. ഇന്നു ബൂഷ്വാകൾക്കു കൂട്ടുനില്ക്കാൻ, 'കുട്ടി' ശക്തിയും നവാബിനു താങ്ങായിത്തീന്നിരിക്കുന്നു ഗവർണ്ണർ ജനറൽ നാസിമുദ്ദീൻെറ ജ്യേഷ്ഠനാണ്. ഇപ്പോഴത്തെ നവാബ് ഹബിബുള്ള.

ഡാക്കായിലെ വീതി കുറഞ്ഞ പ്രധാന ബസ്സാറിലൂടെയാണ് ഞാനും അബ്ദുൾ ഗഫൂർ റഹ്മാനും ഇടവഴിയിലേക്കു കയറിയതു്. ബസ്സാറിൻെറ ഇരുവശവും മിക്കവാറും ഒററനിലക്കെട്ടിടങ്ങളിൽ കടകൾ നിന്നു തെരുവിൽ സ്ത്രീകളെ ആരേയും കണ്ടില്ല. സൈക്കിൾ റിക്ഷായിൽ രണ്ടു പഞ്ചാബിസ്ത്രീകൾ മാത്രം കടന്നുപോയി.

വളരെ വീതികുറഞ്ഞ ഇടവഴികളിലൂടെ ഞങ്ങൾ ചുററിക്കറങ്ങിപ്പോയി. ഇരുവശവും പഴകി ദ്രവിച്ച കെട്ടിടങ്ങൾ തിങ്ങിനിന്നു.

പെട്ടെന്നു മതില്ക്കെട്ടിലെ ഒരു വാതുക്കൽ റഹ്മാൻ മുട്ടി. അദ്ദേഹം എനിയ്ക്കു നേരത്തെ ഒരു ഫലിതം പറഞ്ഞുതന്നു.—

"അവളെ, നിങ്ങൾക്കു നേരത്തെ പരിചയമുള്ളതുപോലെ അവളോടു സംസാരിക്കണം. അപ്പോൾ

അവരം നിങ്ങരക്കൊപ്പം അതു നടിക്കുന്നതു കാണാം."

പക്ഷെ ആ ഫലിതം പ്രയോഗിക്കുന്നതിൽ ഞാൻ പരാജയപ്പെട്ടു.

അവരം അകത്തുനിന്നും ചോദിച്ചു,-"ആരു്?"

അഹ്ളക്കുറിൻെറ ശബ്ദം തിരിച്ചറിഞ്ഞു മിസ്സിസ് മറിയം റഹ്മാൻ കതകു തുറന്നു. പൊക്കം കുറഞ്ഞു സാധാരണ ദേഹത്തിൽ വെളുത്ത ഒരു പെൺകുട്ടി. അവരം വെള്ള സാരിയും ബ്ലൗസും അണിഞ്ഞിരുന്നു. ഞങ്ങളെ കണ്ടു് അവരം ഹാർദ്ദവമായി പുഞ്ചിരിച്ചു. അവളുടെ വലതു കയ്യിൽ ഒരു നോട്ടുബുക്കുണ്ടായിരുന്നു. അവരം ഭത്താവിനോടു പരാതിപ്പെട്ടു,—

"അങ്ങയുടെ സ്നേഹിതർ മൂന്നാലുപേർ വന്നു സംസാരിച്ചു് എൻെറ ഒരു മണിക്കൂറിലധികം കളഞ്ഞു."

അവരം ഇൻറർമീഡിയററു പരീക്ഷയ്ക്കു പഠിക്കുകയാണു്.

ഞാൻ പറഞ്ഞു,-

ഞാൻ പോയിക്കഴിയുമ്പോരം എന്നെപ്പററിയും മിസ്സിസ്സ് റഹ്മാൻ ഇതേ പരാതിതന്നെ നിങ്ങളോടു പറഞ്ഞേയ്ക്കും."

മറിയം ചിരിച്ചുകൊണ്ടു പറഞ്ഞു-

"നിങ്ങളുടെ കായ്യത്തിൽ ഞാൻ പറയുന്നില്ല."

ഒരു കെട്ടിടത്തിൻെറ ഒരു ഭാഗമായ ഒരു വലിയ മുറി ആയിരുന്നു അതു്. മറേറ ഭാഗത്തും മറിയത്തിൻെറ ബന്ധുക്കരം തന്നെയാണു് താമസം. ഒരരി

കിൽ ജനാലിനോട്ട് ചേൻ്റ് ഒരു കട്ടിലും ഒരു ചാരു കസേരയും രണ്ടു മൂന്നു സാധാരണ കസേരകളും കിടന്നു. ചുവർ അലമാരിയിൽ പുസ്തകങ്ങളും നോട്ടുബുക്കുകളും അടുക്കിയിരുന്നു. ഒരു മൂലയിൽ കേടുവന്ന ഒരു വീണ ചാരിഇരുന്നു.

മറിയം ഞങ്ങൾക്കു ചായ കൊണ്ടുവന്നു. വിദ്യാസ്ഥാപനങ്ങളെപ്പററി മറിയവുമായി ഞാൻ സംസാരിച്ചുതുടങ്ങി. അവൾ പറഞ്ഞു, ഹിന്ദുക്കൾ നാടു വിട്ടതോടെ സ്ത്രീകളുടെ വിദ്യാഭ്യാസം വളരെ അപകടത്തിലാണ്. മുസ്ലിംപെൺകുട്ടികൾ കാളേജിൽ പോയി തുടങ്ങിയിട്ടേ ഒള്ളു. ഒരുവിധം സ്വതന്ത്രമായി മറിയം ഇംഗ്ലീഷ് സംസാരിച്ചു. സ്കൂളിനേയും കാളജിനെപ്പററിയും പറഞ്ഞതിനേക്കാൾ കൂടുതൽ താൽപര്യത്തോടെ അവൾക്കു പൂർവ്വബംഗാളിൽ സ്ത്രീകളുടെ ജീവിതത്തെപ്പററി പറയാനുണ്ടായിരുന്നു. സ്ത്രീകൾ വീട്ടിനകത്തും ബൂർക്കായിൽ മൂടിയും, കഴിയുന്നതിനെ അവൾ വെറുക്കുന്നു. അവൾ ഒരിക്കലും അങ്ങനെ ആയിരുന്നില്ല. വിശാലമായ ലോകത്തെ കാണാൻ അവൾക്ക് ആഗ്രഹമുണ്ട്. അവൾ പറഞ്ഞു:-

"പഠിത്തം കഴിഞ്ഞു ഞാൻ ഭർത്താവും ഒത്തു വേല ചെയ്യും."

പൂർവ്വപകിസ്ഥാനിൽ ഞാൻ സംസാരിച്ചതായ ഏകവനിത മറിയം ആണ്. ആചാരങ്ങളുടെ അടിമത്വത്തിൽ അമന്ന് ഇരുളിൽകിടന്നു വീർപ്പുമുട്ടുന്ന മുസ്ലിം സ്ത്രീകളിൽ നിന്നും ഉയത്തെഴുന്നേററ ചുരുക്കം പെൺകുട്ടികളിൽ ഒരാളാണ് അവൾ, നാട്ടിൻെറ

സാമൂഹ്യമായ വിപ്ലവബുദ്ധി അവളിൽ പ്രതിബിംബിക്കുന്നു!–

അന്നു രാത്രി, സലിമുള്ള മുസ്ലിംഹാളിൻെറ പുതിയ ഭാരവാഹികളുടെ ഉൽഘാടനം ആണ്. സന്ധ്യ ആയപ്പോൾ ഞങ്ങൾ രണ്ടു സൈക്കിൾ റിക്ഷായിൽ ഹോസ്റ്റലിലേക്കു തിരിച്ചു. മറിയം റിക്ഷായിൽ നേരത്തെ കടന്നുപോയി. മൂടികെട്ടാത്ത വണ്ടികളിൽ സ്ത്രീകൾ സഞ്ചരിയ്ക്കുക വളരെ ചുരുക്കമാണ്. ആരെങ്കിലും സഞ്ചരിച്ചാൽ അവർ നാട്ടുകാരുടെ കടുത്ത ശ്രദ്ധയ്ക്കു പാത്രമാകും. ചിലപ്പോൾ 'കുട്ടി'വർഗ്ഗത്തിൻെറആക്രമണവും ഉണ്ടാകാം. പശ്ചിമപാകിസ്ഥാനിൽനിന്നും വന്നിട്ടുള്ള ഉദ്യോഗസ്ഥരുടെ സ്ത്രീകൾ, തികച്ചും പുരോഗമനകക്ഷികൾതന്നെയാണ്. അവർ മൂടുപടം കൂടാതെ തെരുവിൽ ഇറങ്ങി നടക്കും. തുറന്ന വണ്ടികളിൽ സഞ്ചരിക്കും. അവക്കെതിരായും നാട്ടുകാക്കു അമർഷമുണ്ട്. റഹ്മാനും ഞാനും ഒരുമിച്ചിരുന്ന റിക്ഷ, നവാബ്റോഡിൽ എത്തിയപ്പോഴെയ്ക്കും സന്ധ്യ ഇരുണ്ടു. മറിയം ഞങ്ങൾക്കു കണ്ണെത്താത്തവിധം മുൻപേ പോയി. പൂർവ്വബംഗാളിലെ ചുററുപാടുകളിൽ ആ പെൺകുട്ടിയുടെ തൻേറടവും, ഭർത്താവിന് അവളുടെ തൻേറടത്തിലുള്ള വിശ്വാസവും എനിക്കു ചിന്തിക്കാതിരിക്കാൻ കഴിഞ്ഞില്ല.

കാളേജിൻെറ അടുത്തുവച്ച് ഞങ്ങൾ മറിയത്തിൻെറ റിക്ഷായുമായി ഒന്നിച്ചു.

റോഡിനോടു ചേന്ന് അത്ര വലിപ്പമല്ലാത്ത ഒരു കെട്ടിടം റഹ്മാൻ എനിക്കു കാട്ടിത്തന്നു. അതാണ് അസംബ്ളിമന്ദിരം.

കാളേജിൻെറ മുമ്പിൽ റിക്ഷാകളിൽ നിന്നും ഇറങ്ങി ഞങ്ങൾ ഹോസ്റ്റലിലേക്കു നടന്നു. വഴിയിൽ വച്ചു കണ്ട മി. റഹ്മാൻെറ സുഹൃത്തുക്കളോട് മറിയം ക്ലേശം കൂടാതെ ഭർത്താവിനോടൊത്തു സംസാരിച്ചു. വഴിയിൽവച്ച് ഭാഷകളുടെ പ്രാദേശികമായ സ്വരഭേദാന്തരങ്ങളെപ്പററി ഞാനുംമറിയവും സംസാരിക്കാൻ ഇടയായി. റഹ്മാൻെറ അമ്മയുടെ വീട് പൂർവ്വബംഗാളിൻേറയും പൂർവ്വഭാഗമാണ്. അവിടത്തെ ബംഗാളി സംസാരഭാഷയ്ക്കു് കുറച്ച് അന്തരമുണ്ട്. മറിയം പറഞ്ഞു:-

"എനിക്ക് ഭർത്താവിൻെറ അമ്മയോട് സംസാരിക്കാൻ അവിടത്തെ ഭാഷ പഠിക്കണം."

ഹോസ്റ്റൽ ഹാളിൽ എത്തിയപ്പോഴേക്കും സദസ്സ് ഏതാണ്ട നിറഞ്ഞിരുന്നു. വിദ്യാത്ഥികളെ കൂടാതെ അദ്ധ്യാപകരും പ്രത്യേകം പ്രത്യേകം ക്ഷണിക്കപ്പെട്ട അതിഥികളും ഉണ്ടായിരുന്നു. സ്ത്രീകൾ ചുരുക്കമായിരുന്നു. അവർ തലയിൽ സാരിയിട്ടു ഇരുന്നു.

ഡാക്കായിലേത്ത് ഒരു റസിഡൻഷ്യൽ യൂണിവേഴ്സിററിയാണ്. എല്ലാം വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഹോസ്റ്റലിലല്ല താമസിക്കുന്നതെങ്കിലും ഹോസ്ററലിനോട് ബന്ധപ്പെട്ടിരിക്കണമെന്നു നിയമപരമായ നിർബന്ധമുണ്ട്. ഏററവും വലുതായ ഈ ഹോസ്റ്റൽ, ഡാക്കാ നവാബായിരുന്നദ്ദേഹവും ഇപ്പോഴത്തെ നവാബിൻെറ പിതാവും മുസ്ലിംലീഗിൻെറ സ്ഥാപകരിൽ ഒരാളും പ്രസിഡണ്ടും ആയിരുന്ന മി. സലിമുള്ളയുടെ നാമത്തിലുള്ളതാകുന്നു. ഈ ഹോസ്റ്റൽ

മുസ്ലിം വിദ്യാൎത്ഥികൾക്ക വേണ്ടി മാത്രം ഉള്ള താണ്. ഹിന്ദുവിദ്യാൎത്ഥികൾക്ക് ഹോസ്റ്റൽ ആയി ഡാക്കാഹാളും ജഗന്നാഥഹാളും ഉണ്ട്. വിഭജനവും വൎഗ്ഗീയലഹളകളും കൊണ്ടു അധികം ഹിന്ദുക്കളും പാകിസ്ഥാൻ വിട്ടതോടെ ഹിന്ദുവിദ്യാർത്ഥികളും കുറഞ്ഞു. ഇപ്പോൾ ഹിന്ദുവിദ്യാർത്ഥികൾ രണ്ടുശതമാനം മാത്രമാണ് ഉള്ളത്. കഴിഞ്ഞ കൊല്ലം ഫെബ്രുവരിയിലാണെങ്കിൽ എനിക്ക ഡാക്കായിലേക്ക കടക്കുവാൻ സാദ്ധ്യമാകുമായിരുന്നില്ല എന്നു സുഹൃത്തുക്കൾ പറഞ്ഞു. അപ്പോൾ വർഗ്ഗീയലഹള ഉണ്ടായിരുന്നു.

ഹോസ്റ്റലിലെ ആ വർഷഭാരവാഹികളുടെ ഉൽഘാടനനിദാനമായ ഫെബ്രുവരി 26-ാംതീയതി ഞാൻ ഡാക്കായിൽ ഉണ്ടായതു് തികച്ചും യാദൃച്ഛികമാണ്. എനിക്കതുകൊണ്ടു പുതിയ ഒരു നടപടിക്രമം കാണുവാൻ കഴിഞ്ഞു—ഈ വിദ്യാസ്ഥാപനത്തിന്റേതു്, എനിക്ക പരിചയപ്പെടുവാൻ കഴിഞ്ഞിട്ടുള്ളതിൽനിന്നും വ്യത്യസ്തവും കൂടുതൽ അന്തസ്സുള്ളതും ആയിരുന്നു.

ആദ്യമായി പേശ്-ഈ-മാം, (പ്രാൎത്ഥനയ്ക്കുനേതൃത്വം നൽകുന്ന ദേഹം) വിശുദ്ധ ഖുറാനിൽ നിന്നും പ്രാൎത്ഥനാഗീതം ചൊല്ലി. അടുത്തതായി പുതിയ ഭരണസമിതിയുടെ അധികാരസ്ഥാപനം ആയിരുന്നു. ഹോസ്റ്റലിന്റെ സ്ഥിരംപ്രസിഡണ്ട്, വൈസ്പ്രസിഡണ്ടിനെ പീഠത്തിലേക്ക ക്ഷണിച്ചു. വൈസ്പ്രസിഡണ്ട് ആദ്യം പ്രസിഡണ്ടിനേയും പിന്നീട് പ്രധാന അതിഥിയേയും (വൈസ് ചാൻസലർ) സലാം ചെയ്തു് ഹസ്തദാനം വാങ്ങി സ്ഥാനം സ്വീകരിച്ചു. പിന്നീട്അ

ദ്ദേഹം സദസ്സിനു സ്വാഗതം നൽകി. ഭരണസമിതിയിലെ മററംഗങ്ങളായ സെക്രട്ടറി, ജോയിൻറ്സെക്രട്ടറി തുടങ്ങിയവരേയും പീഠത്തിലെ ഇരിപ്പിടങ്ങളിലേക്കു ക്ഷണിക്കപ്പെട്ടു. അവരും സ്ഥാനം സ്വീകരിക്കുമ്പോൾ വൈസ് പ്രസിഡണ്ടിനെപ്പോലെ സലാം വയ്ക്കുകയും ഹസ്തദാനം ചെയ്യുകയും ചെയ്തു. ഭരണസമിതിയിൽ രണ്ടുവിദ്യാത്ഥിനികളും ഉൾപ്പെടുന്നു. അവർ സ്ഥാനം സ്വീകരിച്ചപ്പോൾ സദസ്സിൽ നിന്നും ഉച്ചത്തിൽ കരഘോഷം മുഴങ്ങി തുടന്നു പ്രസിഡണ്ടിനേയും, പ്രധാന അതിഥിയായ വൈസ് ചാൻസലരേയും വിദ്യാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളേയും എല്ലാം, അദ്ധ്യാപകരുടേതായ രണ്ടു കൊച്ചുപുത്രികൾ ഹാരം അണിയിച്ചു.

സ്ഥാനം കഴിയുന്ന സമിതിയിലെ ഒരംഗം പുതിയ ഭരണസമിതിക്കു സ്വാഗതം പറഞ്ഞു. സ്ഥാനം ഒഴിയുന്ന സെക്രട്ടറി റിപ്പോർട്ടു വായിച്ചു. അടുത്തതായ് വിദ്യാർത്ഥികളിൽനിന്നും പുതുതായ് തെരഞ്ഞെടുക്കപ്പെട്ട വൈസ് പ്രസിഡണ്ട് മി. ഹബിബട്ട് റഹ്മാൻ പ്രസംഗിച്ചു പ്രസംഗം ബംഗാളിയിൽ ആയിരുന്നു. നല്ല ഒരു പ്രാസംഗികൻെറ ഘനവും തെളിമയും പ്രസംഗത്തിന് ഉണ്ടായിരുന്നു. അദ്ദേഹം യൂണിവേഴ്സിററിയുടെ അനാശാസ്യമായ ഭരണനയത്തെ എതിത്തു. കൊറിയായിലെ അമേരിയ്ക്കൻ ആക്രമണത്തെ അധിക്ഷേപിച്ചു. കാഷ്മീർ പ്രശ്നം സൗഹാർദ്ദമായി തീർക്കേണ്ടതാണെന്നു പറഞ്ഞു. ഇന്ത്യയുമായുള്ള സൗഹാർദ്ദബന്ധം പാകിസ്ഥാനു വളരെ ആ

വശ്യമാണെന്ന് വെളിവാക്കി. എല്ലാപ്രസ്താവനകൾക്കും സദസ്സിൽനിന്നും ഹർഷാരവം മുഴങ്ങി.

പൂർവ്വപാകിസ്ഥാനിലെ ജനങ്ങളെ സ്പർശിക്കുന്ന ഒരു പ്രധാന സംഗതി വലിയ വർത്തമാനമായി എങ്ങും അലയടിക്കുന്നുണ്ട്!-അതു് പശ്ചിമ പാകിസ്ഥാനിൽനിന്നും പൂർവപാകിസ്ഥാനിലേയ്ക്കു വളർന്നു വരുന്ന അധികാരത്തിന്റേയും ഭാഷയുടേയും സ്വാധീനമാണ്. പഞ്ചാബികളുടെ വർദ്ധിച്ചുവരുന്ന ഉദ്യോഗാധിപത്യത്തെ ബംഗാളികൾ പരസ്യമായി എതിർത്തു. ഉർദ്ദു നിർബന്ധിത ഭാഷയാക്കണമെന്നുള്ള ഗവൺമെന്റു നിശ്ചയം അവരെ അരിശം പിടിപ്പിച്ചു ഞാൻ പൂർവപാകിസ്ഥാനിൽ സഞ്ചരിക്കുമ്പോൾ, ഭരണകൂടത്തിന്റെ ഉറുദു പ്രസ്ഥാനത്തിനെതിരായുള്ള ജനങ്ങളുടേയും ബുദ്ധിജീവികളുടേയും പ്രതിഷേധം ഉച്ചത്തിൽ മുഴങ്ങുക ആയിരുന്നു. തങ്ങളുടെ ബംഗാളിക്കു മുകളിലുള്ള ഉറുദു ആധിപത്യത്തെ എന്തുത്യാഗത്തിലും തടയാൻ തയാറായിരുന്നതുകൊണ്ടു, പാകിസ്ഥാൻ ഉദയം മുതൽ വ്യക്തമായി വന്ന പഞ്ചാബി-ബംഗാളി ഭിന്നിപ്പ് വളരെ വളർന്നു. അദ്ധ്യാപകരിൽനിന്നും വിദ്യാർത്ഥികളിൽനിന്നും ഞാൻ കേട്ടു,-

"പഞ്ചാബികളുടെജീവിതരീതിയും ആചാരവും സംസ്കാരവും അല്ല ഞങ്ങളുടേതു്. ഉറുദു പഞ്ചാബികളുടേയും പശ്ചിമപാകിസ്ഥാൻകാരുടേയും ആണ്. അവരെ ഞങ്ങൾ വെറുക്കുന്നു. ഞങ്ങളുടെ ഭാഷ ഞങ്ങളുടെ ബംഗാളി ആയിരിക്കണം. വേണമെങ്കിൽ ഉറുദു ആവശ്യമുള്ളവർ പഠിച്ചുകൊള്ളട്ടെ"

ഉത്തരേന്ത്യയിൽ എങ്ങുമുള്ള മുസ്ലീങ്ങൾ ഉറദു തങ്ങളുടെ മതഭാഷ ആയി സ്വീകരിയ്ക്കുകയും, നാട്ടുഭാഷകളേയും മാതൃഭാഷകളേയും പുറം തള്ളുകയും ചെയ്യുന്നു. കാഷ്മീരിലും അങ്ങിനെയാണ്. അവിടുത്തെ വിദ്യാലയങ്ങളിൽ ഹിന്ദി ഹിന്ദുവിദ്യാർത്ഥികളും, ഉറദു മുസ്ലീം വിദ്യാർത്ഥികളും പഠിക്കുന്നു. മതത്തിൻെറ പേരിൽ ഒരു ഭാഷ പഠിക്കുകയും മററൊരു ഭാഷ പുറംതള്ളുകയും ചെയ്യുന്നതു ഖേദകരമാണ്. ഈ രീതിയിൽനിന്നും തികച്ചും വ്യത്യസ്ഥമായി കണ്ടതു് ബംഗാളിലെ മുസ്ലീങ്ങൾ മാത്രമാണ്. ഹിന്ദിയെന്നപോലെ ഉറദു ഒട്ടും അറിയാത്ത, അറിയേണ്ട ആവശ്യമുണ്ടെന്നു തോന്നാത്ത ആളുകളാണ് അവിടെ ഭൂരിപക്ഷവും. എന്തുതന്നെയായാലും മാതൃഭാഷയെ പുറം തള്ളി ഉറദു സ്വീകരിക്കുവാൻ ബംഗാളികൾ തയാറില്ല. ഈ ജനശബ്ദങ്ങൾ, വൈസ്പ്രസിഡണ്ടു തൻെറ പ്രസംഗത്തിൽ ശക്തിയായി അവതരിപ്പിച്ചു. ബംഗാളിഭാഷയോടുള്ള അവരുടെ സ്നേഹം തങ്ങളുടെ ദേശീയമായ പാരമ്പര്യവും സംസ്കാരവും പാലിക്കാനുള്ള യത്നമാണ്.

അടുത്തതായ് ജനറൽ സെക്രട്ടറിയെ തുടന്ന് വൈസ് ചൻസലരും പ്രസിഡണ്ടും പ്രസംഗിച്ചു. ആ പ്രസംഗങ്ങളിൽ വിദ്യാർത്ഥികൾ തങ്ങളുടെ ആവശ്യങ്ങൾ സ്വച്ഛമായ ഹൃദയത്തിൽ സൂക്ഷിക്കണമെന്നും വിപ്ളവകാരികൾ ആകരുതെന്നും ഉപദേശിച്ചു. പ്രസംഗവേളകളിലും ശേഷവും, വൈസ് വൈസ്ചാൻസലർ പറഞ്ഞതിനെ വിദ്യാർത്ഥികൾ കക്കശമായി നിരൂപണം ചെയ്തു.

തുടന്ന് വിദ്യാർത്ഥികളുടെ കലാപ്രകടനം ഉണ്ടായിരുന്നു. ബംഗാളിലെ കലാസ്വഭാവങ്ങളുടെ ഏതാണ്ട് ഒരാശയം എനിയ്ക്കവിടെ കാണാൻ കഴിഞ്ഞു. നാടൻപാട്ടുകൾ, വിദ്യാർത്ഥികൾ ഏററവും ഹൃദയാവർജ്ജകമായ് ചൊല്ലി. ഓടക്കുഴലും അതുപോലെ ആയിരുന്നു. ഹൃദയത്തിലേക്ക് ചുഴിഞ്ഞിറങ്ങുന്ന ആ ബംഗാളി നാടോടിപ്പാട്ടുകളുടെ അനുഭൂതി ഞാൻ ഇപ്പോഴും അറിയുന്നു. ഗാനങ്ങളും ഏററവും മധുരമായിരുന്നു. ഒരു വിദ്യാർത്ഥി (പഞ്ചാബിൽനിന്നും വന്നിട്ടുള്ളതെന്ന് എന്നോടു പറഞ്ഞു) ഉറദു ഗാനങ്ങൾ പാടിയപ്പോൾ സദസ്സോട്ടുക്കനിന്നും പ്രതിഷേധം ഉണ്ടായി 'കേൾക്കണ്ടാ' എന്നു വിളിച്ചുപറഞ്ഞു. അവസാനം സദസ്സിൻെറ ഒന്നടങ്കമുള്ള എതിർപ്പിൽ ഒന്നു രണ്ടു മിനിററുകൾക്കകം ഗായകന് ദയനീയമായി പാട്ടു നിർത്തേണ്ടിവന്നു. അയാൾ പ്ലാററ്ഫോമിൽ നിന്നും എഴുന്നേററുപോയി. ബംഗാളികളുടെ ഉറദു വൈരം അത്യധികം വളർന്നിട്ടുണ്ട്!—

ഹാസ്യവും ഗാനവും നാട്യവും കലർന്ന ആ കലാപ്രകടനങ്ങൾ!-അവ, യുവതാത്തിൽ, ഹൃദയത്തിനകത്തു് ഓളം വെട്ടുന്ന കലാവാസനകളുടെ നൈസർഗ്ഗികമായ ബഹിർഗ്ഗമനം ആണ്. അവയ്ക്കു പാകപ്പിഴ ഉണ്ടാകും. പക്ഷെ, വാസനയുടെ തികവിൽ അവ ആസ്വാദകരുടെ ബോധത്തെ ഉണർത്തി ഈ വിദ്യാർത്ഥികളിൽ-ഇന്ത്യയിൽ ഒട്ടുക്കുള്ള വിദ്യാർത്ഥികളിൽ, എത്ര പേർക്ക് ഈ കലാവാസനകളെ വച്ചു പുലർത്താനും വികസിപ്പിക്കുവാനും കഴിയുന്നുണ്ട്? ഡിഗ്രിയുടെ സ

സ്വാതന്ത്ര്യത്തോടെ അവർ ജോലിക്കു തേണ്ടുകയായി. തുടൻ ഭൌതികമായ സ്വയരക്ഷയ്ക്കു വേണ്ടിയുള്ള മത്സരത്തിലും സംഘട്ടനത്തിലുംപെട്ടു ഈ കഴിവുകൾ എത്ര ദയനീയമായി തേഞ്ഞുപോകുന്നു!–

കലാപ്രകടനങ്ങൾക്കുശേഷം എനിക്കു ഊണു കഴിക്കാൻ ഞാനും വൈസ്പ്രസിഡണ്ട് മി. ഹബിബട്ട് റഹ്മാനും വെളിയിലേക്കു പോയി. ഹോസ്റ്റലിലെ ഊണുസമയം കഴിഞ്ഞിരുന്നു. ഞങ്ങളുടെ കൂടെ പത്രപ്രവത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു യുവാവും ധാരാളം വിദ്യാർത്ഥികളും ഉണ്ടായിരുന്നു. അടുത്ത ഭേദപ്പെട്ട ഒരു ഹോട്ടലിൽ ഞങ്ങൾ കയറി. മി. റഹ്മാൻ ചോദിച്ചു—

“ഞങ്ങളുടെ ‘ഹിൽഷാ’ മത്സ്യം കൂട്ടിയിട്ടുണ്ടോ?”–

എനിക്കു ചോറും ഹിൽഷാ കറിയും വന്നു. രണ്ടു തടിയൻ അയില ചേന്ന വലിപ്പത്തിൽ ഉള്ള മത്സ്യം. കുറുകെ ഒരിഞ്ചു വീതിയിൽ നുറുക്കിയിട്ടുള്ള കഷണം. ഏതാണ്ട് വറുത്തരച്ച മട്ടിൽ ഉണ്ടാക്കിയ കറി. ഈ മത്സ്യത്തിൻെറ സ്വാദ് അസാധാരണമായിരുന്നു. അവർ പറഞ്ഞു:–

“ബംഗാളിലെ ‘കോഡ്’ മത്സ്യം ആണിത്.”

കൊഴുപ്പുമയമാണ്. ഈ മത്സ്യത്തിൻെറ കേന്ദ്രമാണത്രെ പത്മാനദി. ഹിൽഷായുടെ കാലമാണെങ്കിലും പാകപ്പെടുത്തിയതോളം പെട്ടെന്നു തീൻപോയതായി ഹോട്ടൽക്കാരൻ പറഞ്ഞു.

ഊണുസമയത്തും അതിനുശേഷവും വിദ്യാർത്ഥികളുമൊത്തു് വളരെ പ്രിയതരമായ ഒരു രാഷ്ട്രീയചർച്ച ഉണ്ടായി.

അന്നു സായാഹ്നത്തിൽ വളരെനേരം എന്നോടൊത്തു സംസാരിക്കുക ഉണ്ടായ എണ്ണപ്പെട്ട ഒരു അദ്ധ്യാപകൻ തൻെറ വീട്ടിലേയ്ക്കു് എന്നെ ക്ഷണിച്ചുകൊണ്ടു പറഞ്ഞു,—

"സി. ഐ. ഡി. കളുടെ ഒരു നോട്ടപ്പുള്ളിയാണു് ഞാൻ. എങ്കിലും നിങ്ങളെ എൻെറ കൂടെ താമസിപ്പിയ്ക്കുവാൻ ആഗ്രഹിക്കുന്നു, നിങ്ങൾക്കതിൽ സന്തോഷം ഉണ്ടാവില്ലേ?"

"തീർച്ച" ഞാൻ പറഞ്ഞു.

കൂടെയുണ്ടായിരുന്ന മിത്രങ്ങൾ പറഞ്ഞു, ഞാൻ ഹോസ്ററലിൽ വിദ്യാർത്ഥികളും ഒത്തു താമസിക്കുന്നതാണു് അദ്ദേഹത്തിൻേറയും എൻേറയും രക്ഷയ്ക്കു നല്ലതെന്നു്.

തൻെറ മുറി എനിക്കുവേണ്ടി ഒഴിവാക്കിയിട്ടു്, മി. ഹബിബട്ടു് റഹ്മാൻ സഹപാഠികളിൽ ആരുടെയോ മുറിയിലേക്കു് ഉറങ്ങാൻ പോയി.

SAHITHYA PRAVARTHAKA CO-OP. SOCIETY LTD. KOTTAYAM

# 12

## ജയിലുകളും ജനങ്ങളും

എനിയ്ക്ക് ഏകനായി ഡാക്കായിലെ തെരുവീഥികളിലൂടെ നടക്കണമായിരുന്നു—എങ്ങും കാണുന്ന മുഖങ്ങളിലേയ്ക്കു നോക്കി. കഴിവുള്ളിടത്തോളം ആളുകളോടു ഉരിയാടിക്കൊണ്ടു്.

രാവിലെ എട്ടുമണിക്കു ഞാൻ ഹോസ്റ്റലിനു വെളിയിൽ ഇറങ്ങി. മാർക്കററിനെ ലക്ഷ്യമാക്കി ഞാൻ നടന്നു.

പാത, ഇരുവശവും കൊച്ചുകടകൾ നിറഞ്ഞ വീതികുറഞ്ഞ ഒരു റോഡായിരുന്നു.

ഞാൻ സെൻട്രൽ ജയിൽ കടക്കുകയാണു്. റോഡുവക്കത്തു് ഇരുളറകൾ നിറഞ്ഞ ആ ക്രൂററൻ കെട്ടിടം നില്ക്കുന്നു. എൻെറ പാകിസ്ഥാൻ സുഹൃത്തുക്കൾ പറഞ്ഞിട്ടുള്ള ബുദ്ധിജീവികളും ഇടതുപക്ഷരാഷ്ട്രീയ പ്രവത്തകരും പലരും ആ മതില്ക്കെട്ടിനുള്ളിൽ ഇപ്പോൾ കിടക്കുകയാണു്. അവരെ ഡാക്കായിലെ വിദ്യാലയങ്ങളിൽവച്ചു്, മിത്രഗൃഹങ്ങളിൽവച്ചു്, തെരുവീഥികളിൽ വച്ചു് എനിക്കു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ -അവരെ പരിചയപ്പെടുകയും ഹസ്തദാനം ചെയ്യുകയും തങ്ങളുടെ പ്രവത്തിദേശത്തിൽപ്പെട്ട ജനതയുടെ സമരശക്തികളെ അവരിൽ നിന്നും ഗ്രഹിക്കു

കയും ചെയ്തിരുന്നെങ്കിൽ!—ഞാൻ വളരെ സന്തോഷം കൊള്ളുമായിരുന്നു. ഞാൻ വളരെ പ്രചോദനം കൊള്ളുമായിരുന്നു. അവർ കേരളത്തിലെ ജനതയേയും രാഷ്ട്രീയാന്തരീക്ഷത്തേയും പററി ചോദിച്ചു മനസ്സിലാക്കുമ്പോൾ എനിക്കു ആശ്വാസവും തൃപ്തിയും ഉണ്ടാകുമായിരുന്നു. പക്ഷേ, അവർ ജയിലഴിയ്ക്കുള്ളിലാണ്.—

ഈ കോട്ടകളിൽ അവരെ അധികകാലം ശ്വാസം മുട്ടിയ്ക്കാനൊക്കുമോ?—തങ്ങളിൽ നിന്നും പിടിച്ചെടുത്തവരെ, തിരിയെ പിടിച്ചു വാങ്ങിക്കാൻ ജനങ്ങൾക്കറിയാം!—

ഞാൻ മൗലവി ബസാറിലേയ്ക്കു കടന്നു. വളരെ വീതി കുറഞ്ഞ ഒരു തെരുവ്. മുറുക്കാൻ കടയുടെ വലിപ്പത്തിലുള്ള കൊച്ചുകടകൾ ധാരാളം ആയിരുന്നു. ഒരു മുറുക്കാൻ കടയിൽ മൂന്നു യുവാക്കൾ ചിരിച്ചുകളിച്ചിരുന്നു. ഹോർലിക്ക്സ് കുപ്പികളിൽ പച്ചചുവപ്പു നിറത്തിലുള്ള മിഠായി കിടന്നു. ഞാൻ ഒരണയ്ക്കു മിഠായി തരാൻ പറഞ്ഞു. അയാൾ എൻെറ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു് ആ മിഠായി എടുത്തുതന്നു. എന്നിട്ടു് ഏററവും വിനയമസൃണമായി ചോദിച്ചു,—

"താങ്കളുടെ ദേശം എവിടെയാണ്?"

ഇന്ത്യയുടെ തെക്കേഅററമായ തിരുവിതാംകൂർ എന്നു ഞാൻ പറഞ്ഞു. അവരിൽ ഒരാൾ പറഞ്ഞു—

"മദ്രാസിനടുത്തല്ലേ?"

"അതെ." ഞാൻ തുടന്നു:—"എനിക്കു ബംഗാളി അറിഞ്ഞുകൂടാ."

കടയുടെ ഉള്ളിലോട്ടു നീങ്ങി ഇരുന്ന ഒരു മെലിഞ്ഞ ചെറുപ്പക്കാരൻ മുന്നോട്ടാഞ്ഞു പറഞ്ഞു,–

'I Know bit English.'

കടക്കാരൻ എന്നോടു സന്തോഷത്തോടെ ചോദിച്ചു:–

"എന്നാൽ അകത്തേയ്ക്കു വരുമോ?"

കടക്കാരന്റെ നേരെ എതിർവശത്ത്, എനിയ്ക്കിരിക്കാൻ ഒരു പലകക്കഷണം ഇട്ടുതന്നു.

ഞാൻ മറുപടി ആയി പറഞ്ഞു,–അവരെപ്പോലുള്ള ജനങ്ങളെ കാണാനും സംസാരിക്കാനും ആണ് പൂർവ്വപാകിസ്ഥാനിൽ എത്തിയതെന്ന്. അവരുടെ തൊഴിലും ആചാരവും ചിന്തകളും മനസ്സിലാക്കാനാണ് എന്റെ ശ്രമം എന്ന്.

അവരുടെ കണ്ണുകൾ സന്തോഷംകൊണ്ട് ആർദ്രമായി. ഇംഗ്ലീഷ് അറിയാവുന്ന ചെറുപ്പക്കാരൻ ചോദിച്ചു. ഞങ്ങൾ എന്തു തന്നാണു എന്നെ സല്ക്കരിക്കേണ്ടതെന്ന്. ഞാൻ പറഞ്ഞു എന്തു വേണമെങ്കിലും തരാൻ. കടക്കാരൻ ഒരു സിസർ സിഗരറ്റ് എടുത്തുതന്നു.

അവർ മൂവരും കൂടി ഒരു മിനിട്ട് എന്തോ ശാന്തമായി പറഞ്ഞു. എന്നോടു ചോദിച്ചു,–

"ഞാൻ ഇവിടെ ഒരു കമ്പനിയിലെ ശിപായിയാണ്. ഇപ്പോൾ പാകിസ്ഥാനിലെ ജനങ്ങളെപ്പറ്റി ഹിന്ദുസ്ഥാനിലുള്ളവർ എങ്ങിനെ വിചാരിക്കുന്നു?"

എത്ര ആത്മാർത്ഥമായ ചോദ്യം!–

ഞാൻ ചോദിച്ചു—"ഹിന്ദുമുസ്ലിം ലഹളദൈവവിരുദ്ധമായിരുന്നില്ലേ?"

"അതെ." ശിപായി കള്ളവടക്കാരന്റെ നേരെ തലയാട്ടി. ശിപായി പറഞ്ഞു—

"ഞങ്ങളെ വിട്ടുപോയ ഹിന്ദുക്കളെല്ലാം മടങ്ങിവരട്ടെ."

"അവർ നിങ്ങളെ ഭയക്കുന്നു."

കള്ളവടക്കാരൻ ശാന്തമായി പറഞ്ഞു-

"ഞങ്ങൾ ഹിന്ദുസ്ഥാനിൽ ഉള്ളവരേയും."

"എന്തുകൊണ്ട്?" ഞാൻ ചോദിച്ചു.

കള്ളവടക്കാരൻ പെട്ടെന്നു പറഞ്ഞു,-"നമ്മുടെ സൎക്കാർ പറയുന്നു, ഹിന്ദുസ്ഥാൻ മുസ്ലിങ്ങൾക്കു എതിരാണെന്ന്. ഹിന്ദുസ്ഥാൻ മുസ്ലിങ്ങളുടെ നാടായ കാഷ്മീർ പിടിച്ചുവച്ചിരിക്കുന്നുവെന്ന്. ഹിന്ദുസ്ഥാൻ ഞങ്ങൾക്കെതിരായി യുദ്ധം ചെയ്യുന്നുവെന്ന്."

"അതു ഹിന്ദുസ്ഥാനെതിരായുള്ള ദുഷ്പ്രചരണമാണ്." ഞാൻ പറഞ്ഞു.

ഞാൻ ചോദിച്ചു,-

"നിങ്ങൾക്കു എന്നോടു വിരോധമുണ്ടോ?"

"ഇല്ല."

"നിങ്ങൾ എനിയ്ക്കു ഇരിക്കാൻ തന്നില്ലേ. സിഗററു തന്നില്ലേ. നിങ്ങൾ എന്നോടു ഹൃദയം തുറന്നു സംസാരിക്കുന്നില്ലേ. അതുപോലെയാണു ഇന്ത്യയിലെ നിങ്ങളെപ്പോലുള്ള ജനങ്ങളും. എന്നോടു നിങ്ങൾ

പെരുമാറുന്നതുപോലെ ഇന്ത്യയിലുള്ള പീടികക്കാരൻ സ്നേഹമായി നിങ്ങളോടും പെരുമാറും."

അവർ പുഞ്ചിരിച്ചു,-

"ഇന്ത്യയിലേക്കു മടങ്ങുമ്പോൾ അവിടുത്തെ ജനങ്ങളോടും, ഞങ്ങൾ ഹിന്ദുക്കളെ സ്നേഹിയ്ക്കുന്നുവെന്നും അവരുടെ കൂടെ താമസിക്കാൻ ഇഷ്ടപ്പെടുന്നു എന്നും പറയണം."

"തീർച്ചയായും പറയാം."

എനിക്കു ചന്തയിലേക്കു വഴി കാണിക്കാൻ ശിപായിയും എൻെറ കൂടെ വന്നു. വഴിയിൽ വച്ച് അയാൾ തുടന്നു:-

"എൻെറ ശമ്പളം ഇരുപത്തിരണ്ടു രൂപായാണ്. ഞാൻ പട്ടിണി കിടക്കുന്നു. ഹിന്ദുക്കളെ ഓടിച്ചത് എന്തിനാണ്?-മുസ്ലിങ്ങൾക്കുമാത്രം മന്ത്രിമാരാകാൻ. അല്ലാതെ എന്താണ് അർത്ഥം."

മാർക്കററിൻെറ മുമ്പിൽവച്ചു ഞങ്ങൾ പിരിയുമ്പോൾ അയാൾ തൻെറ ക്ഷീണിതമായ ശബ്ദത്തിൽ പറഞ്ഞു,-

"ഹിന്ദുക്കൾ മടങ്ങിഎത്തിയാലേ ദൈവം അനുഗ്രഹിയ്ക്കുകയൊള്ളു."

ഞാൻ മാർക്കററിൽ കടന്നു. ചീര, ചുരയ്ക്കാ, മത്തങ്ങാ, കുമ്പളങ്ങാ, തക്കാളിയ്ക്കാ, പച്ചപറാണിപയറ് ഉൾപ്പെട്ട സസ്യഫലങ്ങളും, മാർക്കററിൻെറ മറെറാരു ഭാഗത്ത് മീനും കണ്ടു. മീൻകച്ചവടക്കാരിൽ സ്ത്രീകളും ഉണ്ടായിരുന്നു. എല്ലാംതന്നെ ആററുമീനാണ്. വലിയ മീൻ ധാരാളം ആയിരുന്നു.

കേരളത്തിൽ ഉൾനാട്ടിലെ പള്ളത്തിയും പരലും കരിമീനും ആരകനും എല്ലാം അവിടെ കണ്ടു. കച്ചവടക്കാരും വാങ്ങാൻ വന്നവരും ധൃതിയിൽ വില പേശിക്കൊണ്ടിരുന്നു. മൂടുപടം ധരിച്ച രണ്ടു സ്ത്രീകൾ കുട്ടതോറും എത്തി മീൻ നോക്കുകയാണ്. അവരിൽ ഒരാൾ ഒരു ചെറിയ കുട്ട നിറയെ മീൻ വാങ്ങി എളിയോടു ചേർത്തു മൂടുപടത്തിനകത്തു ഒതുക്കി. അവിടം തള്ളിനിന്നു. ആൾത്തിരക്കുള്ള റോഡിലൂടെ ആ സ്ത്രീ അതിവേഗം നടന്നു.

ഞാൻ മാർക്കററിൽ നിന്നും വെളിയിലിറങ്ങി തെക്കോട്ടു നടന്നു. മലക്കറി വാങ്ങി സഞ്ചി നിറയെ ഒതുക്കിപിടിച്ച ഒരു യുവാവിനെ വഴിയിൽ വച്ചു കൂട്ടുകിട്ടി. അയാൾ പറഞ്ഞു, ബൂക്കാ ധരിച്ചു ദേഹം മുഴുവൻ മറയ്ക്കുന്ന സ്ത്രീകളെയെല്ലാം ദൈവം നരകത്തിൽ അയച്ചു കഠിനമായി ശിക്ഷിക്കുമെന്ന്. എന്തുകൊണ്ടെന്നാൽ, അയാൾ തുടൎന്നു,–"സൌന്ദൎയ്യം സൃഷ്ടിച്ചിരിക്കുന്നതു് മനുഷ്യനു കാണാനാണ്." അയാൾക്കു് ബൂക്കാ ധരിക്കുന്ന സ്ത്രീകളോടു അത്യധികമായ അരിശം ഉണ്ടായിരുന്നു. ആരെയെങ്കിലും സൗകൎയ്യത്തിനു കിട്ടിയാൽ അയാൾ അവരുടെ ബൂക്കാത്തുണി വലിച്ചുകീറിക്കളയുമെന്ന് വിചാരിക്കാതിരിക്കാൻ ന്യായമില്ല.

ഞങ്ങൾ ഒരുമിച്ചു ഒരു നദിക്കരയിൽ എത്തി. 'ബുരിഗംഗ്'—'ബുരി' എന്നാൽ അർത്ഥം 'പുരാതനം' എന്നാണ്. പുരാതനഗംഗ!—

നദിക്കരയിൽ കടത്തുവള്ളങ്ങൾ കൂട്ടമായിക്കിടന്നു. കടത്തുകാർ യാത്രക്കാരെ വിളിച്ചു ബഹളം കൂട്ടിക്കൊണ്ടിരുന്നു. ഞങ്ങൾ കടത്തുകടന്നു കുറച്ചുനടന്നു.

റൌൺബസ്സിലാണ ഞാൻ മടങ്ങി കാളേജിലേയ്ക്കു പോയതു്. ഏററവും ദുർബ്ബലമായ വണ്ടി കൊല്ലത്തെ മീൻമോട്ടോർപോലെ ശബ്ദിച്ചു. അതുപോലെ ചാടിക്കലുങ്ങി ഓടി. ഒരു ഭാരവണ്ടിയുടെ വേഗതയില്ല. കട്ടത്ത ചാർജ്ജുമാണു്.

ഈ മാഗ്ഗത്തിൽ ഷെയിസ്തഖാൻ റോഡിൽ അദ്ദേഹം കെട്ടിയ ഒരു കോട്ടയുടെ അവശിഷ്ടം ഞാൻ കണ്ടു.

മി. റഹ്മാനെ കാണാൻ ഞാൻ വീണ്ടും കാളേജിൽ എത്തി. അദ്ധ്യാപകരുടെ മുറിയിൽ വച്ചു, ദീർഘകായനായ ഒരു അദ്ധ്യാപകൻ മി. കെ., റഹ്മാനെ സമീപിച്ചു എന്നോടു പരിചയപ്പെടുത്തണമെന്നു പറഞ്ഞു. അദ്ദേഹത്തിനു എന്നിൽ നിന്നും അറിയേണ്ടിയിരുന്നതു് കേരളത്തിലെ സമുദായ ചിട്ടകളേയും രീതികളേയുംപററി ആയിരുന്നു. ജാതി, ബ്രാഹ്മണമേധാവിത്വം, അയിത്തം, കുടുംബബന്ധം, മരുമക്കത്തായം, വിവാഹചടങ്ങുകൾ തുടങ്ങിയ കാര്യങ്ങളെപ്പററി അറിയാൻ അദ്ദേഹം വളരെനേരം എന്നോടു സംസാരിച്ചു. അവയിൽ അദ്ദേഹത്തിനു അതിയായ താല്പര്യം ഉണ്ടായിരുന്നു. അവസാനം മി. കെ. അടുത്തുനിന്ന സ്നേഹിതനോടു തിരിഞ്ഞു പറഞ്ഞു,—

"ഇദ്ദേഹത്തെ ഒന്നു ക്ലാസ്സിൽ കൊണ്ടുപോയി പറയിച്ചാൽ വളരെ രസകരമായിരുന്നു."

അദ്ദേഹത്തിൻെറ സുഹൃത്തു എന്നോടു പറഞ്ഞു,—

"മി. കെ. യുടെ പത്നിയും വനിതാകോളേജ് ലക്ചറർ ആണു്."

മി. കെ.–പെട്ടെന്നു തിരിഞ്ഞു് തിരുത്തി.–"അല്ല. അവൾ ഇപ്പോൾ പ്രൊഫസ്സറായി.

മി. കെ. എന്നോടു പറഞ്ഞു,–

"ഇന്നു വൈകുന്നേരം അഞ്ചുമണിക്കു് താങ്കൾ ദയവായി എന്റെ കൂടെ ചായ കഴിയ്ക്കുമോ!"

ക്ഷണം സ്വീകരിച്ചു. തന്റെ പത്നി പ്രൊഫസ്സറായതുകൊണ്ടു് ലഭിച്ച ഗവണ്മെന്റു ക്വാർട്ടറിലേക്കു് അദ്ദേഹം എനിക്കു മേൽവിലാസം പറഞ്ഞുതന്നു.

ഞാനും റഹ്മാനും അടുത്ത ഒരു ഹോട്ടലിൽ എത്തി ചായ കുടിച്ചു. അദ്ദേഹം പറഞ്ഞു, കഴിഞ്ഞ രാത്രിയിൽ ഒന്നും കഴിച്ചില്ലയെന്നു്. അവർ ഭാര്യയും ഭർത്താവും വെളിയിൽ ആയിരുന്ന തക്കം നോക്കി, രണ്ടു മൂന്നു സുഹൃത്തുക്കൾ അടുക്കളയിൽ കടന്നു ചോറു വാരി ഉണ്ടു. ഈ നല്ല ഫലിതത്തിന്റെ ദുരന്തം, രാത്രി വളരെ വൈകി കയറി ചെന്ന അവർ പട്ടിണി കിടക്കേണ്ടതായിരുന്നു.

വൈകുന്നേരം കാണുവാൻ ഉറച്ചു കൊണ്ടു ഞങ്ങൾ പിരിഞ്ഞു.

'സ്കൂൾ ഓഫ് ആർട്ട്സി'ൽ പോകണമെന്നുള്ള ഉദ്ദേശത്തിൽ ഞാൻ വീണ്ടും ബുരിഗംഗയുടെ ഭാഗത്തേയ്ക്കു തെക്കോട്ടുനടന്നു്, നദീതീരത്തെ സുന്ദർഘട്ടിൽ എത്തി. അവിടെ മോട്ടോർബോട്ടുകളും, ഭാരവാഹികളായ വലിയ സ്റ്റീംബോട്ടുകളും കൂട്ടംകൂടി കിടന്നു. വലിയ പത്തേമാരികളും ഉണ്ടായിരുന്നു. കടവിൽ കൊച്ചുവള്ളങ്ങളും കിടന്നു. വള്ളങ്ങളുടെ ആകൃതി,

വിശേഷമായിരുന്നു. അമരം, കളിവള്ളത്തിൻെറ മട്ടിൽ വളരെ ഉയൻറു കൂർത്തു നിന്നു.

ഇവിടെനിന്നും യാത്രക്കാരേയും സാമാനങ്ങളും വഹിച്ചുകൊണ്ടു ജലവാഹനങ്ങൾ, വലിയ നദികളായ പത്മ, യമുന, ബ്രഹ്മപുത്രായിലൂടെ നാട്ടിൻെറ വിവിധഭാഗങ്ങളിലേയ്ക്കു പോകും.

ഈ നദികളും അവയുടെ ഉപനദികളും ബംഗാളിനു മത്സ്യം നൽകുന്നു. ചോറുപോലെ പ്രധാനമാണ് ബംഗാളിയ്ക്കു മത്സ്യം. ഈ നദികൾ തന്നെയാണ് ആണ്ടുതോറുമുള്ള വെള്ളപ്പൊക്കംകൊണ്ട് ബംഗാളിലെ മണ്ണിനേയും മനുഷ്യരേയും മാനം കാട്ടികുലുക്കുന്നതു്. അപ്പോൾ ഗതാഗതം നിലയ്ക്കും. മീൻപിടുത്തക്കാർ പട്ടിണിയുമായി കുടിലുകളിൽ അമരും. വെള്ളപ്പൊക്കം, ക്ഷാമത്തിൻെറ കാലമാണ്. വെള്ളപ്പൊക്കം കഴിഞ്ഞ ബംഗാൾ രണ്ടാമതു് ജീവൻകൊണ്ടതുപോലിരിക്കും.

സുന്ദർഘട്ടിലേയ്ക്കു, വിവിധ ഭാഗങ്ങളിൽ നിന്നും റോഡുകൾ വന്നുചേരുന്നു. ഘട്ടിനോടു ചേൻറ ഭാഗത്തുള്ള റോഡുകളിൽ തുണിയും പുസ്തകവും സ്റ്റേഷനറിയും കടകൾ ഉണ്ടായിരുന്നു. നദിക്കരയിൽ ധാരാളം ചായക്കടകൾ ഉണ്ട്. അധികവും യാത്രക്കാരേയും ബോട്ടുജോലിക്കാരേയും ഉദ്ദേശിച്ചു് ആകാം. അവിടെ വില കുറഞ്ഞ ഗോതമ്പുറൊട്ടിയും ചായയും വിററു. മുട്ട പുഴുങ്ങി മുളകിൽ വരട്ടിയതും ചായയും ചിലയിടത്തുണ്ടായിരുന്നു.

സായാഹ്നമായപ്പോൾ, മററു നഗരങ്ങളിലെപ്പോലെ റോഡരുകിൽ തറയിൽ, തുണിയും ബനിയനും ലേസും വിൽപനയ്ക്കുവിരിച്ചു. ഉന്തുവണ്ടികളിലെ കച്ചവടക്കാർ, ബ്ലേഡിൻേറയും സൂചിയുടേയും വില വിളിച്ചുപറഞ്ഞു. ഓടക്കുഴൽ വില്പനക്കാരനായ ഒരു നാടൻ ഗായകൻ തൻേറ കെട്ടിൽ നിന്നും ഒരെണ്ണം എടുത്തു് ഊതിക്കൊണ്ടു റോഡിൽ ആശയോടെ ഉലാത്തി. ആ ആൾക്കൂട്ടത്തിൽ ഞാൻ ചുററിനടന്നു. സാധനങ്ങൾക്കു് എല്ലാംതന്നെ ഇന്ത്യയിലേതിനേക്കാൾ വില കൂടുതലാണു്.

നദിക്കരയിലെ ഒരു ചായക്കടയിൽ ഞാൻ കയറി. ബഞ്ചുകളുടെ അടുക്കും, പലഹാരക്കണ്ണാടിയുടെ സ്ഥാനവും മുതലാളിയുടെ ഇരുപ്പും, ലുങ്കിയും പൈജാമായും ജൂബായും ഹാഫ്ഷർട്ടും ഇട്ട ആളുകളും എല്ലാം കൊണ്ടു് തികച്ചും കേരളത്തിലെ ഒരു ചായക്കടയുടെ മട്ടുണ്ടായിരുന്നു.

ചായ കുടിക്കുമ്പോൾ ആളുകൾ ഉച്ചത്തിൽ സംസാരിച്ചു. അവർ അധികവും പറഞ്ഞതു വള്ളത്തിനേയും ബോട്ടിനേയുംപററി ആയിരുന്നു, എന്നു തീർച്ച. ലുങ്കി ഉടുത്ത ഒരാൾ എൻേറ അടുത്തുവന്നു ഒരു കടലാസ്സുകഷണം എൻേറ കയ്യിൽ തന്നു. അതിൽ പെൻസിൽകൊണ്ടു ബംഗാളിയിൽ എന്തോ എഴുതിയിരുന്നു. “ഒന്നു വായിച്ചാട്ടെ”-അയാൾ പറഞ്ഞു. അയാളുടെ കൂടെ ഉണ്ടായിരുന്ന ആറേഴു പേർ ഞാൻ വായിക്കുന്നതു കേൾക്കാൻ എൻേറ മുഖത്തേയ്ക്കു നോക്കി നിൽക്കുകയാണു്. ഞാൻ സവിനയം പറ

ഞ്ഞു, എനിക്കു ബംഗാളി വായിക്കാൻ അറിഞ്ഞുകൂടാ എന്ന്. അവർ കൂട്ടം ചിരിച്ചു. കടയിലെ എല്ലാ മുഖങ്ങളും എൻെറ നേരെ നോക്കി. ചായ മോന്തിക്കൊണ്ട് ഞാൻ പുഞ്ചിരിക്കുമ്പോൾ അവർ ചിരിച്ചുകൊണ്ട് എന്തോ പരസ്പരം പറഞ്ഞു.

അടുത്തു വീതി കുറഞ്ഞ ഒരു റോഡിൽ ധാരാളം പുസ്തകക്കടകൾ ഉണ്ട്. അധികവും വിററതു കാളേജ് പുസ്തകങ്ങൾ ആയിരുന്നു. അവർ പറഞ്ഞു,–

"നോവൽ, വാങ്ങി വായനക്കാർ വളരെ ചുരുക്കമാണ്."

കടകളിൽ തൂക്കിയിരുന്ന മാസികകളിൽ ജിന്നായുടേയും ലിയാക്കത്തു ആലിഖാൻെറയും ചിത്രങ്ങൾ ധാരാളം ഉണ്ടായിരുന്നു.

ഡാക്കായിൽ ചില ഇംഗ്ലീഷ് കമ്പനികൾ ഉണ്ട്. വെള്ളക്കാരെ ഇടയ്ക്കിടയ്ക്കു റോഡിൽ കാണാം. പാകിസ്ഥാൻ ഭരണമണ്ഡലങ്ങളിലും, വ്യവസായത്തുറകളിലും അവക്കുള്ള സ്വാധീനം പ്രസിദ്ധമാണ്. ആംഗ്ലോ-ഇന്ത്യൻ യുവതികളെ ഞാൻ പുസ്തകക്കടകളിൽ കാണുകയുണ്ടായി.

പലരോടും ചോദിച്ചുവെങ്കിലും സ്കൂൾ ഓഫ് ആർട്ട്സ് എവിടെയാണെന്ന് ആരും വ്യക്തമായി പറഞ്ഞുതന്നില്ല അവസാനം അറിഞ്ഞപ്പോൾ സ്കൂളടയ്ക്കാൻ സമയവുമായി.

ഞാൻ സലിമുള്ള ഹാളിലേയ്ക്കുള്ള ബസ്സു കാത്തു നില്ക്കുകയാണ്. തടിച്ചു ദൃഢമായ ദേഹവും കുററിമീശയും ഉള്ള ഒരാൾ എൻെറ അടുത്തു വന്നുനിന്നു. അ

യാറം വളരെ ഘനം കുറഞ്ഞ മസ്ലിൻത്തുണികൊണ്ടു ള്ള ജൂബായും വെള്ളപ്പേജാമായും ധരിച്ചിരുന്നു. രണ്ടു വലികൊണ്ടു തീരണം എന്ന മട്ടിൽ, അയാറം ആ ഞ്ഞുപിടിച്ചു സിഗരററു വലിച്ച്, ആകാശത്തിലേയ്ക്കു നോക്കി പുക വിട്ടും ചിന്താവ്യാപൃതമായ ചിത്തത്തെ പ്രതിബിംബിയ്ക്കുന്ന നിശ്ചയക്കരുത്തുള്ള മുഖം അയാറംക്കുണ്ടായിരുന്നു. എൻെറ കയ്യിൽ തട്ടിക്കൊണ്ടു അയാറം ചോദിച്ചു,–

"സമയം എന്തായി?"

ഞാൻ സമയം പറഞ്ഞപ്പോറം അയാറം എന്നെ സൂക്ഷിച്ചുനോക്കി. വലിയ തലക്കെട്ടുള്ള ഏതോ ബംഗാളിപത്രം മടക്കി സ്വയം വീശിക്കൊണ്ട് അയാറം ഇംഗ്ലീഷിൽ ചോദിച്ചു,–

"നിങ്ങറം ദക്ഷിണേന്ത്യയിൽ ഏതു ഭാഗത്തുനിന്നും വരുന്നു?"

അടുത്ത രണ്ടുമൂന്നു ചോദ്യങ്ങറംക്കു മറുപടി ആയി ഞാൻ എന്നെ അയാറംക്കു പരിചയപ്പെടുത്തി അയാളുടെ വാക്കുകറം വളരെ വ്യക്തമായ ശബ്ദവും അർത്ഥവും ഉള്ളവ ആയിരുന്നു.

സഞ്ചാരത്തിനെത്തിയ ഒരു ദക്ഷിണേന്ത്യൻ ലേഖകനാണെന്നു പറഞ്ഞതോടെ അയാറം തൻെറ തടിച്ച കൈ നീട്ടി എനിക്കു ഹസ്തദാനംതന്നു.

അയാറം പറഞ്ഞു,–

"ഞങ്ങറം ജനങ്ങറം, സന്ദർശകരെ ഇഷ്ടപ്പെടുന്നു. ഗവമ്മെൻറ് സന്ദർശകരെ ഭയക്കുന്നു."

ചുണ്ടുകഠം വിരിഞ്ഞപ്പോഠം, ദേഹത്തിനൊത്ത അയാളുടെ ദൃഢമായ പല്ലുകഠം വ്യക്തമായി. ഘനത്ത ചിന്തകളിൽ പെട്ടെന്നോണം ആയിരുന്നു അയാളുടെ സംസാരം.

"ഇവിടെ എന്തെല്ലാം കണ്ടു?"

ഞാൻ പറഞ്ഞു—

"കുറച്ചു പേരോടു സംസാരിച്ചു?"

"നിങ്ങഠംക്ക് ഇവിടുത്തെ ആളുകളുടെ നന്മ അറിയാനാണോ ഇഷ്ടം?-കുറവുകഠം അറിയാനാണോ?"

"രണ്ടും."

"ഗവമ്മെൻറു മനോഭാവത്തിൽ നിന്നും വളരെ അകൽച്ചയുള്ളവരായി, വഗ്ഗീയലഹളയെ ആവോളം വെറുത്തവരായി ഇവിടെ ധാരാളം ആളുകളുണ്ടെന്നു നിങ്ങഠംക്കറിയാമോ?-"

"അറിയാം."

വഗ്ഗീയലഹളയ്ക്കെതിരായി സംഘടിപ്പിച്ച സമാധാനഘോഷയാത്രവരെ ഗവമ്മെൻറു തടഞ്ഞു. സമാധാനവാളൻറിയർമാക്കും പ്രവത്തകക്കും ജീവാപായം വരുത്തി. ജന്മി-മുതലാളിത്വഭരണക്കൂടങ്ങഠംക്കു ജനദ്രോഹത്തിന് മതം ഒരായുധമാണെങ്കിൽ, അതു് ഇവിടെയാണ്."

പെട്ടെന്നു് എനിക്കു പോകേണ്ട ബസ്സു വന്നു. എൻെറ കൂടെ ആ മാന്യനും കയറി.

"ഞാൻ നിങ്ങളോടു സംസാരിയ്ക്കാം." അയാഠം തുടന്നു-"മുസ്ലിം രാജ്യം സ്ഥാപിച്ചതു ഹിന്ദുക്കളിൽ

നിന്നും മുസ്ലിങ്ങളെ രക്ഷിക്കുവാൻ വേണ്ടിയാണ്. ഇസ്ളാമിൻെറ വിശുദ്ധ തത്വങ്ങൾ പാലിക്കുകയും വളത്തുകയും ചെയ്യുന്നതിനാണ് അതിനുവേണ്ടി ആദ്യമായി അവർ മദ്യനിരോധനം ഉണ്ടാക്കി. കുതിരപ്പന്തായം നിരുത്തലാക്കി. പക്ഷെ, നിങ്ങൾ ശ്രദ്ധിച്ചു കേട്ടുകൊൾക,–ഇവിടെ ഡാക്കാക്ലബ്ബ് എന്നൊരു സ്ഥാപനം ഉണ്ടു്. അവിടെ ഉദ്യോഗസ്ഥന്മാർ പതികളും ഒത്തു് സാധാരണമായി ബാൾരൂം നൃത്തം ചവിട്ടും. അവക്കു വേണ്ടുവോളം മദ്യവും ലഭിക്കും. വ്യഭിചരിച്ചല്ലാതെ ജീവിക്കാൻ മാൎഗ്ഗമില്ലാത്ത യുവതികൾ ഇന്നാട്ടിൽ ഉണ്ടു്. അവരെ കൂട്ടമായ് ഇസ്ലാംപൂരിലും നവാബ്പൂരിലും (ഡാക്കായിലെ ഭാഗങ്ങൾ) നാരായൺഗഞ്ചിലും നിങ്ങൾ കാണും."

ഉറച്ചു ദൃഢമായ ആ ശബ്ദം ശാസിച്ചു–

"അവർ ഇസ്ലാംരാജ്യം സ്ഥാപിക്കുന്നതിന് കരിഞ്ചന്ത നടത്തുന്നു. ജനങ്ങളെ വഞ്ചിക്കുന്നു. വിദേശമേധാവിത്വത്തിന് ജനങ്ങളെ ഒററു കൊടുക്കുന്നു: പുരോഗമനകക്ഷികളെ അടിച്ചമത്തുന്നു. അവരെ ജയിലിലടയ്ക്കുന്നു."

അയാൾ എഴുനേററു കൺഡക്ടരോടു ബസ്സു നിത്താൻ പറഞ്ഞു. എന്നോടു തുടന്നു:—

"പൂവ്വപാകിസ്ഥാനെപ്പററി എന്തെങ്കിലും എഴുതുന്നുണ്ടെങ്കിൽ ഞാൻ പറഞ്ഞതും കൂടി എഴുതിയേക്കണം. വിശ്വാസമില്ലെങ്കിൽ നിങ്ങൾക്കു ഉള്ളിടത്തോളം സുഹൃത്തുക്കളോടു ഒന്നു അന്വേഷിച്ചുനോക്കുക."

ഞാൻ അയാളുടെകൂടെ എഴുന്നേററു നിന്നുകൊണ്ടു പറഞ്ഞു:-

"നിങ്ങളെ കണ്ടുമുട്ടിയതിൽ വളരെ സന്തോഷിക്കുന്നു. ഞാൻ പരിചയപ്പെട്ടത്തിയതുപോലെ, നിങ്ങൾ സ്വയം എനിക്കും പരിചയപ്പെടുത്തുമെന്നു കരുതുന്നു."

അപ്പോൾ മാത്രം ഒരു നേരിയ പുഞ്ചിരിയോടെ അയാൾ പറഞ്ഞു,-

"നിങ്ങൾ എന്തിന് എൻെറ പേരിനെപ്പററി വിഷമിക്കുന്നു!-എൻെറയും പേരു് ഒരു മുസ്ലിമിൻേറതാണു്. ലിയാക്കത്തു് ആലിഖാനും നൂറുൾഅമീനും എതിരായി ജനങ്ങളെ ഉണത്തണമെന്നുകരുതുന്ന ഒരു സാധാരണ മനുഷ്യൻ മാത്രം ഞാൻ."

അയാൾ എനിക്ക് ഹസ്തദാനം ചെയ്തിട്ട് ചാടി ഇറങ്ങി.

അയാൾ പറഞ്ഞതു് ഞാൻ സുഹൃത്തുക്കളിൽ ആരാഞ്ഞു-അവ തികച്ചും [illegible]!-

സലിമുള്ള ഹോസ്റ്റലിന് [illegible]പ്പുറത്തായി ആയിരുന്നു, എന്നെ ചായയ്ക്കു ക്ഷണിച്ച അദ്ധ്യാപകൻെറ കെട്ടിടം. രണ്ടുമൂന്നു നിലകളിൽ കെട്ടി ഉയർത്തിയിട്ടുള്ള ഗവമ്മെൻറു കാർട്ടേഴ്സ് ആയിരുന്നു അവ. അദ്ദേഹത്തിൻെറ 'ഫ്ലാററു്' കണ്ടുപിടിക്കാൻ അത്ര വിഷമം ഉണ്ടായില്ല. മുകൾത്തട്ടിലേയ്ക്കു കയറി ചെന്നു വലത്തോട്ടു തിരിഞ്ഞു ഞാൻ കതകിനു മുട്ടി. ഒരു വൃദ്ധ പരിചാരിക വന്നു തുറന്നു. മി. കെ-അവിടെ ഇ

ല്ലെന്നും, മിസ്സിസ് കെ-ഉണ്ടെന്നും, അവർ വെളിയിലേക്കു വരികയില്ലെന്നും ഭൃത്യ പറഞ്ഞു. ഒരു ബാലൻ എൻെറ കാർഡു വാങ്ങി അകത്തു കൊണ്ടുചെന്നു കൊടുത്തു. രണ്ടു മൂന്നു മിനിററുകൾ കഴിഞ്ഞു അവൻ മടങ്ങിവന്നു. അവൻെറ കയ്യിൽ ഇംഗ്ലീഷിലെഴുതിയ ഒരു കടലാസു കഷണം ഉണ്ടായിരുന്നു. മിസ്സിസ് കെ.-കൊടുത്തയച്ചതാണ്. കാണാൻ കൗതുകമുള്ള അക്ഷരം.-

"മി. കെ. ഇതുവരെ കാളേജിൽ നിന്നും വന്നിട്ടില്ല. എപ്പോൾ വരുമെന്ന് എനിയ്ക്കു അറിയാൻ പാടില്ല. ഒന്നൊന്നര മണിക്കൂറുകഴിഞ്ഞാണെങ്കിൽ അദ്ദേഹം ഇവിടെ കണ്ടേയ്ക്കും."

ഞാൻ ഒരു കൊച്ചുചിരിയോടെ കോണിപ്പടി ഇറങ്ങി. ഈ വനിതാപ്രൊഫസ്സറും ഇരുപതു വയസ്സുള്ള മറിയവും തമ്മിലുള്ള അന്തരം!-ഒന്നു ലോകത്തിൻെറ മുമ്പിൽ മുഖം കാണിക്കുവാനുള്ള കഴിവുകേടിൽ യാഥാസ്ഥിതികത്വത്തിൻെറ മൂടുപടത്തിൽ ചഞ്ചലയായ് ഒളിഞ്ഞുനില്ക്കുന്നു. മറെറാന്ന് കഴിഞ്ഞ പല തലമുറകളുടെ ആചാരബന്ധങ്ങളെയും അവയുടെ മൂടുപടത്തിനെയും പുറംതള്ളി, വിമോചിതമാകാൻ വെമ്പുന്ന അവളുടെ തലമുറയ്ക്കു മാതൃത്വം വഹിക്കുന്നു.

ഈ സംഭവം സുഹൃത്തുക്കൾക്കു ഫലിതവും ചിരിയും നൽകി. മി. കെ-യോട് ഒന്നു ചോദിക്കണമെന്നുള്ള അവരുടെ ഗൗരവത്തെ ഞാൻ സമാധാനപ്പെടുത്തുകയുണ്ടായി. എങ്കിലും മി കെ-യെ ഈ സംഭവം എങ്ങനെ ബാധിച്ചോ എന്തോ!-

വച്ച ഫുൾഷർട്ടും ട്രൌസറും ധരിച്ചിരുന്നു. അദ്ദേഹം പത്രപ്രവർത്തകൻ ആയിരുന്നിട്ടുണ്ട്.

വെളുത്തു പൊക്കം കുറഞ്ഞു് ഉരുണ്ട ദേഹപ്രകൃതിയുള്ള മി. ബാഹ്ഹദീൻ അഹമ്മദ്ദ് ചൌധരി. നീണ്ട ഷെർവാണിയും പൈജാമയും അദ്ദേഹത്തിനിണങ്ങി. അദ്ദേഹം വിദ്യാർത്ഥിഫെഡറേഷൻെറ പ്രസിഡണ്ടായിരുന്നു. അറസ്റ്റ് ചെയ്തു മൂന്നു മാസത്തോളം ജയിലിൽ കിടന്നു. അവിടെവെച്ചുണ്ടായ പ്ളൂറസിദീനം ഇപ്പോഴും പൂർണ്ണമായി ഭേദമായിട്ടില്ല. ഒരു കൊല്ലത്തോളം ഒളിവിൽ നടക്കയുണ്ടായി. ആ കാലത്തു് ഇന്ത്യയിൽ കടന്നു് വോൾട്ടയറിൽ കുറച്ചുകാലം താമസിച്ചിട്ടുണ്ട്.

ചൌധരി അടുത്ത വീട്ടിലാണു താമസം. മുസ്തഫായും ഞാനും അടുത്ത ഹോട്ടലിൽ നിന്നും ഊണു കഴിച്ചു. ഊണ് മുസ്തഫായുടെ പേരിൽ ആയിരിക്കണമെന്നു് അവക്കു നിർബന്ധമുണ്ടായിരുന്നു. ഞങ്ങൾക്കു മീൻകറി ഉണ്ടായിരുന്നു. ഹിൽഷാ കിട്ടിയില്ല.

ഊണുകഴിഞ്ഞു മുസ്തഫായുടെ ലോഡ്ജിലേയ്ക്കു പോയി. പനമ്പു തട്ടി അടിച്ചുണ്ടാക്കിയ ഒരു ഷെഡ്ഡായിരുന്നു അതു്. റെയിൽവേ സ്റ്റേഷനിലേയ്ക്കു പോകുന്നതിനു മുമ്പുള്ള സമയം വിദ്യാർത്ഥികളോടൊത്തു കഴിഞ്ഞു

മുസ്തഫായും ചൌധരിയും ഒത്തു് റയിൽവേസ്റ്റേഷനിലേക്കു തിരിച്ചു. ചൌധരി, തൻെറ സൈക്കിൾ വഴിനീളെ ഉരുട്ടി. വഴിയിൽവച്ചു് വേറൊരു സുഹൃത്തിനെക്കൂടി കിട്ടി. അദ്ദേഹം സിറാജ്ഗഞ്ചുകാളേജി

ലെ ഒരദ്ധ്യാപകനായ മി. ഗോലാകിബ്രിയാ ആയിരുന്നു. മുസ്തഫായെപ്പോലെ കറുത്തുമെലിഞ്ഞ ഒരു യുവാവ്. ട്രയിൻ വരുന്നതിനു മുമ്പ് ധാരാളം സമയം ഉണ്ടായിരുന്നു. സ്റ്റേഷനിൽ എത്തി, പ്ലാററഫോമിൽ ഒരൊഴിഞ്ഞ മൂലയിൽ കിടന്ന ഒരു വലിയ വീഞ്ഞപ്പെട്ടിയുടെ പുറത്തു കയറി ഞങ്ങൾ ഇരുന്നു.

അവർ നാട്ടിനേയും നാട്ടുകാരേയുംപററി ഇടവിട കൂടാതെ സംസാരിക്കുകയാണ്. തങ്ങളുടെ നാട്ടിലെ മനുഷ്യരെപ്പററി തീവ്രമായി ചിന്തിക്കുന്ന യുവാക്കൾ!–

ഒരു ട്രയിൻ വന്നു. ട്രയിനിൻേറയും പ്ലാററഫോമിലേയും മങ്ങിയ വെളിച്ചത്തിൽ അതിൻെറ വരവിന് ശബ്ദത്തിൽ കവിഞ്ഞ് ആകർഷണീയത ഒന്നും ഇല്ലായിരുന്നു. ആ ട്രയിൻ ചിററഗാംങ്ങിലേയ്ക്കോ–മറേറാ ഉള്ളതാണെന്ന് അവർ പറഞ്ഞു. ഏതാനും മിനിററുകൾക്കകം അതു സ്ഥലംവിട്ടു. അരമണിക്കൂർ കൂടി കഴിഞ്ഞു. എനിക്കു സംശയമായി. അവർ സ്റ്റേഷൻ ജോലിക്കാരോടു ചോദിച്ചു. ആ ട്രയിൻ എനിക്കു സിറാജ്ഗഞ്ചിലേയ്ക്കു പോകേണ്ടതായിരുന്നു. പെട്ടെന്ന് ഒരു വല്ലായ്മ അവരുടെ മുഖത്തു കണ്ടു. പക്ഷെ അടുത്ത നിമിഷത്തിൽ അവർ എൻെറ ചുമലിൽ പിടിച്ചു കുലുക്കിക്കൊണ്ട് ആർത്തുപറഞ്ഞു,–

"അപ്പോൾ നിങ്ങൾ ഞങ്ങളുടെ കൂടെ ഒരു ദിവസംകൂടി ഉണ്ടാകും."

അവരുടെ സന്തോഷം എൻെറ നിരാശയെ മാച്ചുകളയത്തക്കതായിരുന്നു.

ചൌധരി ടിക്കററു മടക്കിക്കൊടുത്തു, മൂന്നോ നാലോ അണ കുറച്ചു്. ബുക്കിംഗുക്ലാർക്കു് രൂപ മടക്കിത്തന്നു. അയാഠം ചിരിച്ചുകൊണ്ടു് ചൌധരിയോടു പറഞ്ഞു,–

"നിങ്ങളുടെ വരവും സംസാരവും കണ്ടപ്പോഴെ ഞാൻ അറിഞ്ഞു ഈ ട്രയിനിൽ പോവുകയില്ലെന്നു്."

ഞങ്ങഠം ചൌധരിയുടെ വീട്ടിലെത്തി ട്രെയിനിംഗുകാളേജ് റോഡിലുള്ള ഒരു വലിയ കെട്ടിടം. കയറിയാൽ ഉടനെ ഉള്ള തളത്തിൻെറ വലതുഭാഗത്തെ ചൌധരിയുടെ മുറിയിൽ ഞങ്ങഠം ഇരുന്നു. ആ മുറി, ധാരാളം സ്നേഹിതരെ സ്വീകരിക്കുന്ന ചൌധരിക്കു വേണ്ടി എന്നോണം കെട്ടിടത്തിൻെറ മററു ഭാഗങ്ങളിൽ നിന്നും ഒററപ്പെടുത്തി കെട്ടിയിരുന്നു. രണ്ടു ഭിത്തിയോടും ചേന്നു് ഓരോ കട്ടിൽ കിടന്നു. കട്ടിലുകഠംക്കിടയിലെ വട്ടമേശയിലും ഷെൽഫിലും ആയി കുറച്ചു പുസ്തകങ്ങളും.

കൂട്ടത്തിൽ കാമുകരേയും പ്രേമത്തേയും പററി സംസാരിച്ചു. പലരും യൌവ്വനത്തിനു മുമ്പോ, യൌവ്വനത്തോടെയോ വിവാഹം കഴിക്കും. അല്ലാത്തവർ മിക്കവരും കാമുകരും ആയിത്തീരും. രണ്ടുമൂന്നു പ്രേമകഥകഠം-വളരെ ചിന്താർഹമായിരുന്നു. ഒന്നു്, ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഒരു സ്നേഹിതൻേറതാണു്. അയാഠം ഓണേഴ്സ് മൂന്നാംകൊല്ലം പഠിക്കുകയായിരുന്നു. അയാഠം ഒരു ബാലികയുമായി പ്രേമബദ്ധനായി. പക്ഷെ അച്ഛൻെറ നിർബന്ധംകൊണ്ടു് അയാഠം വേറൊരു പെൺകുട്ടിയെ വിവാഹം കഴി

ച്ചു. എങ്കിലും തൻെറ കാമുകിയെപ്പററി വ്യഥിതനായ അയാൾക്ക് പത്നിയെ സ്നേഹിക്കുവാൻ സാദ്ധ്യമായിരുന്നില്ല. അയാൾ ദുഃഖിതനായി നാട്ടിൽ നിന്നും മടങ്ങി കോളേജിൽ എത്തി. ഈ ഘട്ടത്തിൽ അയാളുടെ കാമുകിയെ വിവാഹം കഴിച്ചുകൊടുക്കുവാൻ ഗവണ്മെൻറ് ഉദ്യോഗസ്ഥനായ പിതാവ് വരനെ നിശ്ചയിച്ചു. അവൾ കീഴടങ്ങാൻ തയ്യാറില്ലായിരുന്നു അവൾ പ്രതിഷേധിച്ചു കരഞ്ഞു. അച്ഛനെതിരായി അമ്മയുടെ കൂട്ടുപിടിച്ചു എന്നിട്ടും അച്ഛൻ അവളുടെ കാമുകനോടു ചേരാൻ അനുവദിച്ചില്ല. അവസാനം അവൾ നിരാഹാരവ്രതം എടുത്തു. അതുകേട്ട കാമുകൻ ഓണേഴ്സ് പരീക്ഷയ്ക്കെഴുതാതെ കാമുകിയുടെ സാമീപ്യം തേടി. നിരാഹാരവ്രതം ജയിച്ചു. എട്ടാം ദിവസം കാമുകനെ വിവാഹം കഴിക്കുവാൻ പിതാവ് അനുവദിച്ചു. അവൾ എട്ടു ദിവസം പട്ടിണി കിടന്നു. കാമുകൻ ഓണേഴസ് പരീക്ഷയ്ക്കു എഴുതിയില്ല. പക്ഷേ പ്രേമം വിജയിച്ചു. രണ്ടുപേരുടേയും അഭീഷ്ടം സാധിച്ചു.

ഓരോ കട്ടിലിലും ഈരണ്ടുപേർവീതം പതിനൊന്നു മണിക്കുശേഷം ഞങ്ങൾ കിടന്നുറങ്ങി.

രാവിലെ ചൌധരിയുടെ കൊച്ചുസഹോദരി അദ്ധ്യാപകൻെറ മുമ്പിൽ ഇരുന്ന് **M-A-T-Mat. C-A-T-Cat.** എന്നു വിളിച്ചുപറയുന്നതു കേട്ടാണ് ഞാൻ ഉണർന്നത്. തൻെറ അമ്മയെ എനിക്കു പരിചയപ്പെടുത്തുവാൻ സാദ്ധ്യമല്ലാത്തതിൽ ചൌധരി ഖേദിച്ചു. വൃദ്ധപ്രായത്തിലും അവർ പഴയ ആചാരങ്ങൾ അണുതെ

ററാതെ പാലിയ്ക്കുന്നു. ബുക്കാ കൂടാതെ പുറത്തിറങ്ങുകയില്ല.

അതിരാവിലെ വേറൊരു യുവാവും ഞങ്ങളോടുകൂടി മി. സയിദ്ദൽഹക്ക്. ആരോഗ്യമുള്ള ദേഹം. ഇരുണ്ട നിറം. കണ്ണട. അദ്ദേഹം നന്നായി ഇംഗ്ലീഷ് സംസാരിച്ചു.

ചൌധരിയുടെ വീട്ടിനടുത്ത് സുന്ദരമായ ഒരു പള്ളിയുണ്ടായിരുന്നു. അതു കാണാൻ ഞങ്ങൾ പോയി. റോഡരുകിൽ അല്പം വിസ്തൃതമായ ഒരു മുൻമുററത്തോടുകൂടി ആ കൊച്ചുപള്ളി ഉയൎന്നുനിന്നു. പള്ളിയുടെ ഭിത്തികൾ നീല വെള്ള തുടങ്ങിയ നിറങ്ങളിലെ ചില്ലുകൾകൊണ്ടു് കാന്തി പിടിപ്പിച്ചിരുന്നു. നിറകാന്തി കൊട്ടത്ത് ലതകളും പൂക്കളും വരച്ചിരുന്നു. നിലാവത്ത് ഈ പള്ളി സുന്ദരമായി തിളങ്ങും. ഇത്തരം മനോഹരമായ പള്ളികൾ ഡാക്കായിൽ ധാരാളം ഉണ്ടു്. മററു ചില പള്ളികളും ഞാൻ അകത്തു കയറി കാണുകയുണ്ടായി. നദീതീരത്തും ഇടവഴിയിലും റോഡുവക്കത്തും എല്ലായിടത്തും അടുത്തടുത്ത് പള്ളികൾ കാണാം. ഡാക്കായിൽ പള്ളികളുടെ എണ്ണം ശതക്കണക്കിനാണു്.

പുരാതന ഡാക്കാ ഏററവും ജനബാഹുല്യമുള്ള ഭാഗമാണു്. അവിടം മുഴുവൻ, ഇടറോഡുകളുടേയും ഇടവഴികളുടേയും ഇരുവശവും അടുത്തടുത്ത് ഒട്ടിപ്പിടിച്ചുനിൽക്കുന്ന, ഒന്നും രണ്ടും നില കെട്ടിടങ്ങൾ കാണാം. ജിഹാംഗറിൻെറ ഗവൎണ്ണരായിരുന്ന ഷെയിസ്തഖാൻെറ കാലം മുതലുള്ള കെട്ടിടങ്ങൾ ഇവിടെ നി

ല്ലുണ്ട്. ഇന്ന് ഇവയുക്കു വെള്ളതേയ്ച പാടുപോലും ഇല്ല. ഇഷ്ടിക ഉരഞ്ഞുപൊടിഞ്ഞു് അററവും പകുതിയും ആയി ഒരുവിധം ഒട്ടിപ്പിടിച്ചു നിൽക്കുകയാണു്. ഈ കെട്ടിടങ്ങൾ കാററിൻെറ നേരിയ ചലനത്തിൽ ഇടിഞ്ഞു വീഴുമെന്നു തോന്നും. ഇവയുക്കകത്തു് എങ്ങിനെ സമാധാനമായി താമസിക്കുന്നോ, എന്തോ! മി. അഫ്ളക്കുർ റഹ്മാൻെറ വീടിരിക്കുന്ന 'നരീൻദാ' എന്ന ഭാഗം ഇത്തരം കെട്ടിടങ്ങളുടെ ഒരു കേന്ദ്രമായിരുന്നു. ആഗ്രായിലും ബനാറീസിലും മററു പല ഉത്തരേന്ത്യൻ പട്ടണങ്ങളിലും ശ്രീനഗറിലും ഇത്തരം അതിപുരാതനങ്ങളായ കെട്ടിടങ്ങളുടെ കൂട്ടങ്ങൾ ഞാൻ കണ്ടുവെങ്കിലും, അവ ഡാക്കായിൽ ഉള്ളിടത്തോളം പഴക്കമേറിയവ ആയിരിക്കുകയില്ല. ഈ കെട്ടിടങ്ങളോളംതന്നെ പഴക്കമേറിയ പള്ളികളും ഡാക്കായിലുണ്ടു്. അവ കേടുപാടു തീർത്തു്, വെള്ളതേയ്ച്ചു നിറങ്ങൾ കൊടുത്തു ചിപ്പിയും കണ്ണാടിയും പതിച്ചു് മനോഹരമായി നിർത്തിയിരിക്കുന്നു—ചിതൽപുററുകൾപോലെ ദ്രവിച്ചുനിൽക്കുന്ന, മനുഷ്യർ നിവസിക്കുന്ന ആ കെട്ടിടങ്ങൾക്കു് ഇടയിൽ നിന്നു് രാത്രിയിൽ ആ പള്ളികൾ മനോഹരമായി തിളങ്ങുമത്രേ. മനുഷ്യനു കൊടുക്കാത്തതു്, അവർ ദൈവത്തിനു കൊടുക്കുന്നു!—

പക്ഷേ കാളേജിലും ഹോട്ടലിലും ഞാൻ കണ്ട വിദ്യാർത്ഥികളിൽ പതിവായി പള്ളികളിൽ പോകുന്നവരും പ്രാർത്ഥന നടത്തുന്നവരും വളരെ ചുരുക്കമായിരുന്നു!—

അഫ്ളക്കുർ റഹ്മാൻെറ വീട്ടിലേക്കു് വീതി

കുറഞ്ഞ കമ്പോളങ്ങളിലൂടെ ഞങ്ങൾ പോയി. ഇരുവശവും അധികവും ഒററനിലക്കെട്ടിടങ്ങളിൽ കടകൾ നിറഞ്ഞു നിന്നു. ജനങ്ങൾ തിങ്ങിനടന്നു. കാറുകൾ വളരെ ചുരുക്കമായി ഓടി.

ഇസ്ലാംപൂർ വഴിയാണു് ഞങ്ങൾ പോയതു്. വളരെ ആൾത്തിരക്കുള്ള റോഡ്, ഇരുവശവും കൂട്ടമായ വീടുകൾ, ഒരു ഇടവഴി എനിക്കു ചൂണ്ടിക്കാണിച്ചു. അതിനുള്ളിലാണു് വേശ്യകളുടെ താവളം. അകത്തു കയറി കാണാൻ സാദ്ധ്യമായിരുന്നില്ല. ജനസംഖ്യക്കണക്കു് അവസാനമായി പൂർത്തിയാക്കുന്നതിനുവേണ്ടി, അന്നു വൈകുന്നേരം ആറുമണിക്കുശേഷം പാകിസ്ഥാൻ ഗവമ്മെൻറു് നിശാനിയമം തന്നെ നടപ്പിലാക്കിക്കളഞ്ഞു.

സുഹൃത്തുക്കൾ എന്നെ ഒരു ഇടറോഡിലേക്കു നയിച്ചു. അവിടെ പുതിയ ഒരു കാര്യം എനിക്കു കാണിച്ചുതരാൻ ആയിരുന്നു. അടുത്തടുത്തായി കൊച്ചുകടകളിൽ പണിക്കാർ ഇരുന്നു് വലിയ ശംഖുകൾ കുറുക്കെ വൃത്തത്തിൽ വെട്ടി വളകൾ ഉണ്ടാക്കുന്നു!–'ശാഖാ' എന്നാണു് ആ വളയുടെ പേരു്. വിവാഹം കഴിച്ച ഓരോ ബംഗാളി ഹിന്ദുസ്ത്രീയും ഈ വള ധരിക്കണമെന്നുണ്ടു്. നെററിയിൽ വലിയ വൃത്തത്തിൽ ചുവന്ന കുങ്കുമപ്പൊട്ടും ഇടണം. ശംഖുവളകളുടെ ഈ ആചാരം ബംഗാളിൽ മാത്രമല്ല, ഉത്തരേന്ത്യയൊട്ടുക്കുള്ള ഹിന്ദുവനിതകളിൽ ഉണ്ടു്.

ഡാക്കായിലെ ആ തെരുവിൻെറ പേരു് 'ശാഖരിപതി' എന്നാണു്. ഈ വളകൾ ഉണ്ടാക്കുന്ന ഹ

ന്ദുക്കൾ 'ശാഖരീസ്' എന്ന പേരിനാൽ അറിയപ്പെടുന്നു. ഇപ്പോൾ അവർ ആ പേരിൽ ഒരു ജാതിതന്നെ ആയിത്തീന്നിരിക്കുന്നു. ഭംഗിയായി തേച്ചുമിനുക്കി ദന്തംപോലെ വെളുപ്പിച്ച ഈ വളകൾ എന്തുകൊണ്ടു ഹിന്ദുക്കൾ തന്നേയും, അതും വിവാഹിതർമാത്രം ധരിക്കുന്നതിലുള്ള ആചാരം എനിക്കു മനസ്സിലായില്ല. വേലയുടെ പ്രത്യേകത അനുസരിച്ചു്, ഒരു ജോഡിക്കു രണ്ടു രൂപാ മുതൽ പത്തുരൂപാവരെ വിലയുണ്ടു്.

ഞങ്ങൾ അഞ്ചുപേരും കൂടി അബ്ദുറഹ്മാന്റെ വീട്ടിൽ ചെന്നു മുട്ടി. പെട്ടെന്നു വാതൽ തുറന്നു. സന്തോഷത്തോടെ ഞങ്ങളെ സ്വാഗതം ചെയ്തു റഹ്മാനോടും പത്നിയോടും സുഹൃത്തുക്കൾ വിളിച്ചുപറഞ്ഞു,–

"ഒരു നല്ല ഫലിതം–ഏററവും നല്ല ഫലിതം ഇന്നലെ സംഭവിച്ചു."

'നല്ല ഫലിതം' കഴിഞ്ഞ രാത്രിയിൽ എനിക്കു ട്രയിൻ തെററിയതായിരുന്നു.

മുറിയിൽ കട്ടിലിലും കസേരകളിലും ആയി ഞങ്ങൾ ഇരുന്നു.

റഹ്മാനും ഭാര്യയും പറഞ്ഞു–

"ഞങ്ങളെ കാണാതെ നിങ്ങൾ പോകാൻ ഒരുങ്ങിയതുകൊണ്ടു് ആ ഫലിതം വേണ്ടതായിരുന്നു."

ഞാൻ റഹ്മാനോടു പറഞ്ഞു–

"നിങ്ങൾ എല്ലാവരുംകൂടി കരുതിക്കൂട്ടി ചെയ്ത ഫലിതമല്ലെന്നു ബോധിപ്പിക്കാൻ, കാരണം ഉണ്ടെങ്കിൽ സമർപ്പിക്കുക!–"

റഹ്മാൻ പറഞ്ഞു,-

"ഞങ്ങൾ കരുതിക്കൂട്ടിചെയ്തതുതന്നെ."

റഹ്മാൻ പറഞ്ഞത് ഫലിതം മാത്രമായിരുന്നു.

ഞങ്ങൾ ചെല്ലുമ്പോൾ മി. റഹ്മാൻ കാളേജിൽ പഠിപ്പിക്കാൻ വേണ്ടി, ഈ ലോക്ക്ഷിന്റെ **'Industry in U. S. S. R.'** എ. കർസ്ക്കിയുടെ **'The Planning of National Economy of U. S. S. R.'** എന്നീ ഗ്രന്ഥങ്ങൾ പഠിക്കുകയായിരുന്നു.

ജന്നാലിങ്കൽ രണ്ടു പടല പച്ചവാഴപ്പഴം ഇരുന്നു. ചൌധരിയും ഹക്കും മുസ്തഫായും കിബ്രിയായും ഓരോന്നു ഉരിഞ്ഞു തിന്നാൻ തുടങ്ങി. മറിയം പറഞ്ഞു,-

"അവർ അങ്ങനെ ഇവിടെ വന്നു ശീലിച്ചു പോയി."

ഞാൻ പറഞ്ഞു,-

"എനിക്കുടനെ അടുത്ത ഗ്രാമങ്ങളിൽ പോകണം."

റഹ്മാനും ഭാര്യയും കൂടി ആജ്ഞാപിച്ചു.-

"ഊണു കഴിഞ്ഞു മാത്രം."

കോഴിയെ ഒന്ന്, ഉടനെ കൊന്നു. എനിക്കു കുളിക്കുവാൻ ഒരു ലുങ്കിയും എടുത്തുതന്നു. വെള്ളസാരിക്കു പുറമേ ഒരു ടൌവ്വലും എടുത്തു ചുററി മറിയം അടുക്കളയ്ക്കകത്തു കടക്കാൻ തയ്യാറായി. മറിയം പറഞ്ഞു:-

"ഈ ടൌവ്വൽ കരിയും അഴുക്കും തേയ്ക്കാനാണ്."

നേരെ മുൻവശമുള്ള മുററത്തു് തെക്കുപടിഞ്ഞാറേ മൂലയിൽ റോഡും മതിലിനോടു ചേൎന്നു് ഒരു കൊച്ചുപുരയായിരുന്നു അടുക്കള.

കുളി കഴിഞ്ഞു് ഞാൻ അടുക്കള വാതുക്കൽ എത്തി. റഹ്മാൻ വിളിച്ചുപറഞ്ഞു:-

"മറിയം, മി. പിള്ള, നീ പാചകം ചെയ്യുന്നതു കാണാൻ വരുന്നു."

അവൾ ചിരിച്ചുകൊണ്ടു ചോദിച്ചു:-

"എന്നെ സഹായിക്കാൻ ഭാവമുണ്ടോ?"

പിഞ്ഞാണങ്ങളിൽ കറിക്കോപ്പുകൾ ഒരുക്കി നിരത്തി വച്ചിരുന്നു. ഇറച്ചി നുറുക്കിയതു്, പരിപ്പു വെള്ളം ചേൎത്തു് ഉടച്ചതു്, മീൻ നുറുക്കിയതു്.

ഞാൻ ചോദിച്ചു,-

"ഇറച്ചിയും മീനും കൂടി തീററാൻ നിശ്ചയിച്ചിരിക്കുകയാണോ?"

"രണ്ടും കൂടി കഴിയ്ക്കാറില്ലേ?"

"സാധാരണയായി ഇല്ല."

"എന്നാൽ ഇന്നു് അസാധാരണമായി കഴിച്ചുകൊള്ളു."

സുഭിക്ഷമായ ഒരു ഊണു തയ്യാറായി ഒരു പായ് നിവൎത്തു്, ഞങ്ങൾ നിരന്നിരുന്നു. ഇറച്ചിക്കറി, സാമ്പാറുപോലെയുള്ള ഒരു ഒഴിച്ചുകൂട്ടാൻ, പരിപ്പുവട, തോരൻ, മീൻകറി ഇത്രയും ആയിരുന്നു പ്രധാനവിഭവങ്ങൾ. എല്ലാം പിഞ്ഞാണങ്ങളിൽ മുമ്പിൽ കൊണ്ടുവന്നു വച്ചു. മറിയം ഞങ്ങൾക്കു വിളമ്പിത്ത

ന്നു എന്നു മാത്രമല്ല, ഞങ്ങളോടൊത്തു് ഇരുന്നു ഉണ്ണുകയും ചെയ്തു. ഓരോ കറിയും പ്രത്യേകമായി ഒന്നിനു പുറകേ ഒന്നു് എന്ന രീതിയിൽ ആണു് ഊണു കഴിച്ചതു്. ഇറച്ചിയും മീനും അധികവും ഞാൻ തിന്നണമെന്നായിരുന്നു, അവരുടെ നിശ്ചയം. ഞാൻ അതിനെ എതിർത്തു. എനിയ്ക്കു നീക്കിവച്ചിരുന്നതു് മററുള്ളവക്കായി പുനർവിഭജനം ചെയ്തു. മറിയത്തിൻെറ കണ്ണു തെററുമ്പോൾ അവളുടെ പാത്രത്തിൽ നിന്നും റഹ്മാൻ ഇറച്ചിക്കഷണം തട്ടി എടുത്തു. അവളോടു് അതു പറഞ്ഞപ്പോൾ, ആ പതി പറഞ്ഞു.

“അതു് അദ്ദേഹത്തിൻെറ പണ്ടു മുതലേ ഉള്ള സ്വഭാവമാണു്. എടുത്തു തിന്നുകൊള്ളട്ടെ.”

ഊണിനു മുമ്പും ഊണു കഴിഞ്ഞും ഞങ്ങൾ സാഹിത്യത്തെപ്പററിയും രാഷ്ട്രീയമായും വളരെ സംസാരിച്ചു. ബംഗാളിലെ ഇടതുപക്ഷ പ്രവത്തനത്തിൻെറ കാതൽകക്ഷികൾ ഓരോന്നായി സംഭാഷണത്തിൽ വന്നു. യുവാക്കൾ, സഖാവു് മുസഫർ അഹമ്മദിനെപ്പററി വീര്യാവേശത്തോടെ പറഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകരിൽ ഒരാളും മുന്നണിനേതാവും ആയ ഈ വയോവൃദ്ധൻ ഇപ്പോൾ ബംഗാൾ ജയിലിലാണു്.

നാസ്രി-റുൾ-ഇസ്ലാം!-ടാഗ്രറിൻെറ കാലഘട്ടത്തിലെ വിപ്ലവകാരി!-ബംഗാളിലെ ഏററവും വലിയ പുരോഗമനകവികളിൽഒരാൾ!-അദ്ദേഹത്തിൻെറ പുസ്തകങ്ങൾ ആദ്യം പ്രസിദ്ധീകരണശാലക്കാർക്കു്, പത്തുരൂപായ്ക്കുവരെ വിൽക്കേണ്ടിവന്നു. അദ്ദേഹ

KOTTAYAM PUBLIC LIBRARY KOTTAYAM.

ത്തിൻെറ ഗാനങ്ങൾ പിന്നീടു വലിയ പ്രതിഫലത്തിൽ റിക്കാർഡു ചെയ്തു. വിപ്ലവത്തിൻെറ കൊടുങ്കാററ് അലച്ച അദ്ദേഹത്തിൻെറ ജീവിതം, ഏററവും ശോചനീയമായി മിസ്റ്റിസിസത്തിലും മതചിന്തയിലും അവസാനിച്ചിരിക്കുന്നു. അൻപത്തിആറോട്ട് അടുത്തു പ്രായമുള്ള അദ്ദേഹം ഇന്ന് പക്ഷവാതസുഖക്കേടുകാരനും ഭ്രാന്തനും ആയിതീൎന്നിരിക്കുന്നു. ജനങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അസാധാരണമായ സ്വാധീനത്തെ ബഹുമാനിച്ചുകൊണ്ട്, ബംഗാളിലെ രണ്ടു ഗവമ്മെൻറുകളും അദ്ദേഹത്തിനു പ്രതിമാസമുള്ള ജീവിതച്ചിലവ് നൽകിവരുന്നതായി അവർ പറഞ്ഞു.

മറിയം, ബംഗാൾ ജീവിതത്തിൻെറയും കലാബോധത്തിൻെറയും തുടിപ്പുകൾ നിറഞ്ഞ ഗാനങ്ങൾ പാടി. റഹ്മാൻ ഓരോ ഗാനത്തിൻേറയും അർത്ഥം എനിക്കു പറഞ്ഞുതന്നു. അവയിൽ ടാഗ്രൂറിൻെറ ഗീതങ്ങളും ഉൾപ്പെടുന്നു. അദ്ദേഹത്തിൻെറ 'ഗീതാഞ്ജലി' നാട്ടിൻെറ വിവിധഭാഗങ്ങളിലെ കലാഹൃദയങ്ങളിൽ നിന്നും ഇന്നു ഗാനാലാപം ചെയ്യുന്നു.

അവസാനം കവി ഹേമങ്കോ ബിശ്വാസിൻെറ ചില ഗാനങ്ങൾ മറിയം പാടി. അദ്ദേഹം കൽക്കട്ടായിൽ ക്ഷയരോഗചികിത്സയ്ക്കു പോകുമ്പോൾ, പീപ്പിൾസ് തിയേററർ അസോസിയേഷൻെറ വാർഷികസമ്മേളനം സംബന്ധിച്ച് അറസ്ററു ചെയ്തു. ഇപ്പോഴും ജയിലിൽ ആണ്. റഹ്മാൻ ആദ്യം അൎത്ഥം വിവരിച്ചുകൊണ്ട്, മറിയം, ബിശ്വാസ് എഴുതിയ 'രക്തപതാകാഭിവാദ്യം' എന്ന ഗാനം പാടിയപ്പോൾ

ഞങ്ങൾ പുളകം കൊണ്ടു. അർത്ഥത്തിലും ചിന്ത യിലും വികാരത്തിലും ഒത്തൊഴുകിയ ആ ഗാനനിർ ഝരിക്കൊപ്പം റഹ്മാനും തൻെറ ഭാര്യയുടെ കൂടെ പാടാതിരിക്കുക സാദ്ധ്യമല്ലായിരുന്നു. ആദ്യം റഹ്മാ നും പിന്നീട് മററു യുവാക്കളും മറിയത്തിനോടൊത്തു രക്തപതാകാഭിവാദ്യം പാടി.

ഞങ്ങൾ ഗ്രാമങ്ങളിലേയ്ക്കു തിരിക്കാൻ തയ്യാറാ യി. സ്നേഹസമ്പന്നരായ മി. അഹ്ളക്കുർ റഹ്മാ നോടും മിസ്സിസ് മറിയം റഹ്മാനോടും ഞാൻ യാത്ര പറഞ്ഞു. രണ്ടുപേരും എനിക്ക് ഹസ്തദാനം നൽകി.

# 14

## 'ഇനിയും എന്നു കാണും?'

മെ: ചൌധരി, കിബ്രിയാ, സയിദ്ദൾഹക്ക് എന്നിവരും ഒത്തു്, ഞാൻ അടുത്ത ഗ്രാമങ്ങളിലേയ്ക്കു പോയി.

ഞങ്ങൾ ബുരിഗംഗയുടെ കരയിൽ എത്തി, ജിഹാംഗറിൻെറ കാലത്തു് കെട്ടിയ ഒരു കോട്ട, ഇടിഞ്ഞുതേഞ്ഞു് നദിയിലേയ്ക്കു നോക്കി നിൽക്കുന്നു. 'ചോട്ട, കട്ടാര' എന്ന കടവിൽനിന്നും ഞങ്ങൾ തെക്കേ കരയിലേയ്ക്കു കടന്നു. അക്കര കയറുന്നതു് 'ഗിൻഗാരാ' എന്ന ചന്തസ്ഥലത്തിലേക്കാണു്. ചന്തദിവസം ഈ സ്ഥലത്തിലേക്കു കടക്കാൻ ആളൊന്നുക്കു് മൂന്നു പൈസ കൊടുക്കണം. കഴിഞ്ഞദിവസം ഒരു വൃദ്ധൻ ഓരോരുത്തരേയും പിടിച്ചു നിത്തി ആ കരം പിരിക്കുന്നതുകണ്ടു. വളരെയധികം ആളുകൾ നിത്യം ഇരുകരകളിലേയ്ക്കും കടക്കുന്ന ഈ കടത്തുകളും, ഗവർമെൻറു ചിലവിൽ അല്ല. കടത്തുകാക്കു കാശുകൊടുക്കണം.

ആ ചന്തസ്ഥലത്തിനു ചരിത്രപ്രാധാന്യം ഉണ്ടു്. ബംഗാളിലെ നവാബായ സുരാജ ഉദൌള, പ്ളാസിയുദ്ധത്തിൽ പരാജയമടഞ്ഞ ശേഷം തൻെറ പത്നിയുമൊത്തു് ആത്മരക്ഷാൎത്ഥം പായുമ്പോൾ ഈ സ്ഥല

ത്തുവച്ചാണത്രേ അദ്ദേഹത്തെ അറസ്ററുചെയ്തത്. 'ഗിൻഗാര' എന്നാൽ അർത്ഥം 'ചങ്ങല' എന്നാണ്.

ചന്തയ്ക്കടുത്തുള്ള ഒരു വീട്ടിൽ നിന്നും, അടുത്ത ഗ്രാമങ്ങളുമായ് പരിചയമുള്ള ഒരു യുവാവിനെ ഞങ്ങൾ സമ്പാദിച്ചു.

ഈ മിത്രങ്ങൾക്കെല്ലാം സംസാരത്തിലും വിനോദത്തിലും, സംസ്കാരത്തിൻേറതായ ഒരു അന്തസ്സുണ്ടായിരുന്നു. അവർ ഓരോരുത്തരുടേയും ഭാവവൃത്തികളുടെ വ്യക്തിത്വം വേർതിരിഞ്ഞു് എന്നിൽ പതിഞ്ഞു. അവരുടെ കൂടെയുള്ള ആ ഗ്രാമപര്യടനം വിനോദത്തിലും ഫലിതത്തിലുമായി നടന്നു. ആ ഗ്രാമങ്ങളേയും അവിടുത്തെ ആളുകളേയുംപററി എനിക്കു പറഞ്ഞുതരാൻ അവർ ഓരോരുത്തരും തൻേറ കഴിവിൻേറ പരമാവധി ശ്രമിച്ചു.

ഞങ്ങൾ പെട്ടെന്ന് ഗ്രാമത്തിലെ നടപ്പാതയിലേയ്ക്കു കടന്നു. പട്ടണത്തിനോടുള്ള സാമീപ്യംകൊണ്ടു് അടുത്തുള്ള വീടുകളിൽ നല്ല ഒരു പങ്ക്, ധനികരായ കച്ചവടക്കാരുടേയും പട്ടണത്തിനെ ആശ്രയിച്ചു കഴിയുന്ന മററാളുകളുടേയും ആയിരുന്നു. അവ കല്ലുകെട്ടി വെള്ളതേച്ച് ചിലയിടത്ത് ഓടുമേഞ്ഞിരുന്നു. കശ്മീരയായിലെ തനിഗ്രാമങ്ങളിൽ ഉള്ളതുപോലെ മുളങ്കുടിലുകൾ ഇവിടെ അകലമാണ്.

ഉള്ളിലോട്ടുപോകുംതോറും വൃക്ഷങ്ങളുടേയും വള്ളികളുടേയും പച്ചഇലച്ചില്ലകളിൽ മൂടി പറമ്പുകൾ കിടന്നു. പറമ്പുകൾക്ക് താഴ്ന്ന് സസ്യങ്ങളും തക്കാളിക്കായും വററൽമുളകിൻേറയും ചെടികൾ നിറഞ്ഞ

കൊച്ചുപാടങ്ങൾ ഉണ്ടായിരുന്നു. ഒന്നു രണ്ടു അടിമാത്രം പൊക്കത്തിലുള്ള ചെടികളിൽനിന്നും, കടുംപച്ചനിറത്തിൽ ഉരുണ്ട തക്കാളിയും കൂട്ടമായി തൂങ്ങിക്കിടക്കുന്നതു് നല്ല ഒരു കാഴ്ചയാണു്. ചിലയിടത്തു കൂവച്ചെടികൾ പോലെ നീണ്ടു വലിയ ഇലകൾ വളർന്നുനിൽക്കുന്ന പുകയിലച്ചെടികൾ കാണാം.

രണ്ടു മൂന്നിടത്തു്, ആളുകൾ സംഘം ചേർന്നു് ചണം പിരിയ്ക്കുന്നതു കണ്ടു വെളുത്ത നിറത്തിൽ കയറിന്റെ ബലത്തിൽ വെണ്മയുള്ള ഈ ചണത്തിന്നു് നല്ല വിലയുണ്ടു്.

'ശുഭോദയം' എന്ന ഗ്രാമം ഹിന്ദു ഭൂരിപക്ഷമുള്ള ഒന്നായിരുന്നു. ആ ഗ്രാമത്തിൽ കയറിയ ഉടൻ ഞങ്ങൾ ഒരു കൊല്ലന്റെ ആലയിൽ പോയി. അവിടെ മൂന്നു ചെറുപ്പക്കാരും ഒരു വൃദ്ധനും ഇരുന്നു. എല്ലാ കൊല്ലന്മാരേയുംപോലെ തീയും പുകയുംകൊണ്ടു് കറുത്ത ദേഹം. ചുട്ടുപഴുത്ത ഇരുമ്പിലേയ്ക്കു് ഉററുനോക്കുന്ന സൂക്ഷ്മമായ കണ്ണുകൾ. ഞങ്ങൾ ചെന്നപ്പോൾ അവർ ഒന്നു രണ്ടു മിനിററുനേരം ഞങ്ങളെ ഉററുനോക്കി. ഒരു ചെറുപ്പക്കാരൻ പണിനിർത്തി ഹുക്കാകുഴലിൽ പുകയിലപ്പൊടി ഇട്ടു. ഞങ്ങൾ ചോദിച്ചപ്പോൾ പറഞ്ഞു, അവർ വള്ളങ്ങളിൽ തറയ്ക്കാൻ ആണിയുണ്ടാക്കുകയാണെന്നു്. ഞങ്ങൾ അവിടെ നില്ക്കുവേതന്നെ പെട്ടന്നവർ കുനിഞ്ഞിരുന്നു പണിതുടൻ്ന.

ഒഴുക്കില്ലാത്ത ഒരു കൊച്ചു തോട്ടിന്റെ കരയിലൂടെ ഞങ്ങൾ പോയി, കുററിച്ചെടികൾക്കിടയ്ക്കുകൂടെയുള്ള ഒരു കാലടിപാതയിലൂടെ. തോട്ടിൽചിലയി

ടത്തു് വള്ളങ്ങൾ കിടന്നു. ചിലർ ചൂണ്ട ഇട്ടുകൊണ്ടിരുന്നു.

ഒന്നു രണ്ടു കുശവഗൃഹങ്ങൾ ഞങ്ങൾ കടന്നുപോയി. വാതുക്കൽ കൂട്ടമായ് മൺകലങ്ങൾ അടുക്കിയിരുന്നു.

ഇരുണ്ട നിറത്തിൽ ഒരുപോലെ മെലിഞ്ഞ മൂന്നു് ഹിന്ദുയുവതികൾ തോട്ടിൽനിന്നും വെള്ളം നിറച്ചകുടങ്ങളും എളിയിൽതാങ്ങി ഞങ്ങളുടെ മുമ്പിലുള്ള പാതയിലേയ്ക്കു് കയറിവന്നു. മൂവരും ഒരുമിച്ചു് ഒരു നിമിഷനേരത്തേയ്ക്കു് ഞങ്ങളെ ഒന്നു തിരിഞ്ഞുനോക്കി. അവർ മുഷിഞ്ഞ വെള്ളവസ്ത്രങ്ങൾ ധരിച്ചിരുന്നു. ബോഡിയ്ക്കും ബ്ളൌസിനും പകരം അരയിൽ നിന്നുമുള്ള വസ്ത്രാഞ്ചലംകൊണ്ടുതന്നെ ഒതുക്കമായ് മാറും പുറവും മറച്ചിരുന്നു. അവർ വിവാഹിതരാണു്. നെററിയിൽ ചുവന്ന കുങ്കുമപ്പൊട്ടു്, കയ്യ്തണ്ടുകളിൽ ശംഖുവളകൾ.

ശുഭോദയത്തിലെ കൊച്ചുപള്ളിക്കൂടവും പോസ്റ്റാഫീസും ഞങ്ങൾ കടന്നു. സ്കൂൾ മുററത്തു് ഗ്രാമബാലന്മാർ പന്തുകളിച്ചു.

തോട്ടുവക്കത്തു് നിരവധി ശിവക്ഷേത്രങ്ങൾ നിന്നു. ചതുരത്തിലുള്ള അടിത്തറയിൽ കല്ലുകെട്ടി ഉറപ്പിച്ച, പത്തു പന്ത്രണ്ടടി ഉയരത്തിലേയ്ക്കു കൂത്തുനില്ക്കുന്ന വെള്ളതേച്ച ഗോപുരമായിരുന്നു. അവയുടെ രൂപം പൊളിഞ്ഞ വാതൽ ദ്വാരത്തിലൂടെ. പടർന്നുകയറിയ കാട്ടുവള്ളികൾക്കിടയിൽ പൊന്തി നിൽക്കുന്ന വലിയ ശിവലിംഗങ്ങൾ കാണാം. മിക്ക ക്ഷേത്രങ്ങൾ

ക്കുചുററും കാട്ടുകൾ തിങ്ങിനിന്നു. അവ സൂക്ഷിച്ചുവ ന്ന ഹിന്ദുക്കൾ നാട്ടുവിട്ടതോടെ, വളരെക്കാലമായി പൂജയും പൂജാരിയും കൂടാതെ തള്ളപ്പെട്ടു!—മനുഷ്യർ സഹിച്ചതോക്കുമ്പോൾ, ഈ ക്ഷേത്രങ്ങളുടേതു് എത്ര നിസ്സാരമാണു്!—

ഉള്ളിലോട്ടു നീങ്ങിനില്ക്കുന്ന ഒരു കൊച്ചു വീട്ടിൻെറ വാതുക്കൽ നടപ്പാതയിൽ ഞങ്ങൾനിന്നു. മുററത്തേയ്ക്കു പോകാം എന്നു ഞാൻപറഞ്ഞു. വീട്ട് ഹിന്ദുവിൻേറതായാലും മുസ്ലീമിൻേറതായാലും അട്ടത്തേയ്ക്കു ചെല്ലുന്നതു് അവിടുത്തെ ആചാരമര്യാദയല്ല എന്നു സുഹൃത്തുക്കൾ പറഞ്ഞു രണ്ടു മിനിട്ടുകൾക്കുള്ളിൽ പൊക്കംകുറഞ്ഞ ഒരു യുവാവു് വെളിയിൽ വന്നു. അഞ്ചാറടി അകലെയാണു് അയാൾ നിന്നതു്. അയാളുടെ കണ്ണുകളിൽ ഭയത്തിൻെറ ഛായ വ്യക്തമായിരുന്നു.

ഞാൻ പറഞ്ഞു—“എനിയ്ക്കു കുറച്ചു വെള്ളം വേണം.”

സുഹൃത്തുക്കൾ പറഞ്ഞു:—

“ഞങ്ങൾ മുസ്ലീങ്ങളായതുകൊണ്ടു് പാത്രത്തിൽ വെള്ളം തരുകഅയാൾക്കു വിഷമമായിരിയ്ക്കും.”

അയാൾ ഹിന്ദുകൊല്ലനായിരുന്നു. സുഹൃത്തുക്കൾ, അയാളോട്ടു് ഞാൻ ഹിന്ദുവാണെന്നു് പറഞ്ഞോ എന്നു നിശ്ചയമില്ല. എന്തായാലും അയാൾ ഒരു പിച്ചളഗ്ലാസ്സിൽ വെള്ളംകൊണ്ടുവന്നു. അയാളെ നോവിയ്ക്കാതിരിക്കുവാൻ ഗ്ലാസ്സു് ഉയർത്തിപ്പിടിച്ചാണു, ഞാൻ വെള്ളം കുടിച്ചതു് അയാളോട്ടു സംസാരിയ്ക്കാൻ

ഞാൻ ശ്രമിച്ചു. അയാൾ ചുണ്ടുകൾ വിറപ്പിച്ചുകൊണ്ട് പറഞ്ഞു—

"അധികം ഹിന്ദുക്കളും നാടുവിട്ടുപോയി. ക്ഷേത്രങ്ങൾ എല്ലാം ത്യജിയ്ക്കപ്പെട്ടിരിയ്ക്കുകയാണ്."

കൂടുതൽ സംസാരിയ്ക്കാതെ ഒഴിഞ്ഞുപോകുന്നത്, അയാൾക്കു വളരെ ആശ്വാസം ആയിരിക്കും എന്നുള്ളതിനു യാതൊരു സംശയവും ഇല്ലായിരുന്നു.

മതത്തിൻെറ കയ്യേററത്തിൽ ഒഴിഞ്ഞുപോയ വീടുകൾ ചിലതു തകൎന്നുകിടന്നു,-മതിൽ ഇടിഞ്ഞ്, മേൽക്കൂര പോയി, വള്ളിയും ചെടിയും പിടിച്ച്. മതത്തിൻെറ സംഘട്ടനം അവരെ തങ്ങളുടെ ആത്മാവിനോടു ബന്ധമുള്ള മണ്ണിൽ നിന്നും അകററി. ആ പറമ്പുകളിൽ എത്ര തലമുറ വളൎന്നിട്ടുണ്ടാവും!-എത്ര വിവാഹങ്ങൾ നടന്നിട്ടുണ്ടാവും!-എത്ര കുടുംബങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടാവും!—ഇന്നു കാട്ടുവള്ളികൾ കയറിക്കിടക്കുന്ന മണ്ണിൽ കൊച്ചുകുഞ്ഞുങ്ങൾ ഓടിനടന്നു കളിച്ചതാണ്. ഇന്നു തകൎന്നുകിടക്കുന്ന മതിൽക്കരികിൽ, അകലെ ഏതോ ഗ്രാമത്തിലുള്ള യുവാവ് ദീർഘനേരം നടന്നെത്തി, തൻെറ കാമുകിയെ കാത്തു വളരെ നേരം ആശയോടെ നിന്നതാണ്!-

സായാഹ്നം അടുക്കുംതോറും പക്ഷികളുടെ വിളി കൂടിക്കൂടി വന്നു, തങ്ങൾക്കു നഷ്ടപ്പെട്ട മനുഷ്യൎക്കുവേണ്ടി വിലാപിയ്ക്കുംപോലെ.

വഴിപ്പാതയിൽ വച്ച്, കിബ്രിയാ, കുററിച്ചെടികൾക്കിടയിൽ നിന്നും ഒരു പൂ പറിച്ചുകൊണ്ടുവന്ന് എന്നോടു ചോദിച്ചു,-

"ഈ പൂവ് നിങ്ങളുടെ നാട്ടിലുണ്ടോ?"

"ധാരാളം ഉണ്ട്."—ഞാൻ പറഞ്ഞു. അവർ എല്ലാവരും കൂടി പറഞ്ഞു—

"ഈ പൂവ് വിപ്ലവകാരികൾ വിശേഷമായി കരുതുന്നു."

ഞാൻ പറഞ്ഞു,-

"ഈ പൂവിനെപ്പററി ഞാനൊരു ഗദ്യകവിത എഴുതിയിട്ടുണ്ട്." *

"കേൾക്കട്ടെ."

ആ കവിത ഞാൻ അവർക്ക് പറഞ്ഞുകൊടുത്തു.

ജീവചൈതന്യം തുളുമ്പുന്ന പൂക്കൾ! പ്രതിഭ ചൊരിയുന്ന പൂക്കൾ!-

മനുഷ്യരക്തത്തിൻെറ മാഹാത്മ്യം അനുസ്മരിപ്പിക്കുന്ന പൂക്കൾ!-

ആ പൂവാണ്, അതിമനോഹരമായ ചെമ്പരത്തിപ്പൂവ്!!-

വീട്ടുതിണ്ണയിൽ ഇരുന്ന് ചിലർ ഹുക്കാ വലിച്ചു. വീട്ടുമുററത്ത് കുളങ്ങൾ ഈ വീടുകളിലും ഉണ്ട്. പല കുളങ്ങളിലും പായൽ മൂടിക്കിടന്നു.

പാടങ്ങൾക്കിടയിലെ വരമ്പിലൂടെ ഞങ്ങൾ നടന്നു.

വയലിറമ്പിലെ തണലിൽ ഇരുന്നു യുവാക്കൾ ചീട്ടുകളിച്ചു

'ബാരാഘർതോല' എന്ന ഗ്രാമത്തിലൂടെയാണ്

---

* കൗമുദി ആദ്യഓണവിശേഷാൽപ്രതിയിൽ.

ഞങ്ങൾ വന്നത്. ഇവിടെ സ്ഥലവാസികൾ ഭൂരിപക്ഷം മുസ്ലിങ്ങൾ ആണ്. വേലി കെട്ടി അടച്ച വീടുകൾക്കിടയിലുള്ള സ്ഥലം ഇടവഴിരൂപം കൊണ്ടിരുന്നു. സായാഹ്നത്തിലെ സുഖത്തിൽ കുഞ്ഞുങ്ങൾ നഗ്നരായി ഓടിനടന്നു കളിച്ചു. ഒരു കുഴൽക്കിണർ കണ്ടതായി ഓർക്കുന്നു. വഴിയരികിൽ നാട്ടുകാർ ഉച്ചത്തിൽ സംസാരിച്ചു.

വേലിക്കെട്ടിനകത്തുനിന്നും സ്ത്രീകളുടെ ശബ്ദം ചിലയിടത്തു കേട്ടു. വെളിയിൽ ആണുങ്ങൾ നടക്കുന്നു എന്നറിയുമ്പോൾ എത്ര പെട്ടെന്നാണു ആ ശബ്ദം നിലയ്ക്കുന്നത്!–സ്ത്രീകളില്ലാത്ത ലോകമെന്ന്, പൂർവ്വബംഗാളിലെ ഗ്രാമങ്ങളിൽ സഞ്ചരിക്കുമ്പോൾ പലപ്പോഴും തോന്നിപ്പോകും.

വളരെ മുഷിഞ്ഞ ബുർക്കാകൊണ്ട് ദേഹം മുഴുവൻ മൂടി, ബുർക്കായ്ക്കുള്ളിൽ എളിയിൽ വച്ചിട്ടുള്ള എന്തോ കെട്ടു തള്ളി ഒരു സ്ത്രീ വളരെ വേഗത്തിൽ ഞങ്ങൾക്കെതിരായി നടന്നുവന്നു. ആരായിരിക്കും? നേരം വൈകി കിട്ടിയ കാശുകൊണ്ട് ചന്തയിൽ നിന്നും ആഹാരസാധനവും വാങ്ങി വീട്ടിൽ വിശന്നിരിക്കുന്ന മക്കളെ പോററാൻ പോകുന്ന അമ്മയായിരിക്കും. അന്തിവരെ ഏതോ വീട്ടിൽ വേല ചെയ്തിട്ട് കിട്ടിയ ചോറുമായി വീട്ടിലേക്കു പോകുന്ന ഒരു എല്ലിൻകോലമായിരിക്കാം.

ദാരിദ്ര്യത്തിൻെറ മുഖങ്ങളാവാം ആ മൂടുപടത്തിൽ ഒളിച്ചുവച്ചിരിക്കുന്നത്!–

അടുത്ത ഗ്രാമമായ 'കൊയ്ബർത്തപാര' ഒരു

ഹിന്ദുഗ്രാമം ആയിരുന്നു. ഇപ്പോൾ പല വീടുകളിലും മുസ്ലിങ്ങൾ പ്രവേശിച്ചു.

ആറു മണിക്കു നിശാനിയമം തുടങ്ങുകയാണ്. അതിനു മുമ്പ് റയിൽവേസ്റ്റേഷനിൽ എത്തണം. ഞങ്ങൾ പാഞ്ഞുനടന്നു. ഞങ്ങൾക്കു മാർഗ്ഗദർശനം ചെയ്തു, 'ഗിൻഗാര' ചന്തയ്ക്കടുത്തു നിന്നും ലഭിച്ച യുവാവ്, ഗ്രാമത്തിലെ ഭേദപ്പെട്ട വീട്ടിൽ നിന്നും ഉള്ള ഒരാളാണ്. അയാൾ വളരെ കുറച്ചേ സംസാരിച്ചുള്ളു. അയാളുടെ നിശ്ശബ്ദത കാണുമ്പോൾ, നിസ്സഹകരണ പ്രസ്ഥാനം അനുഷ്ഠിക്കുകയാണോ എന്നു സംശയിച്ചുപോകും. പക്ഷേ അതു് അയാളുടെ സ്വഭാവം മാത്രം ആയിരുന്നു. സമയമില്ല എന്നു പറഞ്ഞു് ഞാൻ കൂട്ടുകാരെ പായിയ്ക്കുമ്പോൾ, അയാൾ പെട്ടെന്നു ഞങ്ങളെ തടഞ്ഞുനിത്തി,–

"ചായ കുടിച്ചിട്ടേ പോകാനൊക്കു." അയാൾ നിർബന്ധിച്ചു. നിശാനിയമം വീണ്ട് സ്റ്റേഷനിൽ എത്തിയില്ല എങ്കിലും ചായ കുടിച്ചിട്ടേ അയാൾ വിടുകയൊള്ളു എന്നു് തോന്നി. എനിക്കു വിശപ്പും ദാഹവും ഒന്നും തോന്നിയില്ല. ഉച്ചയ്ക്കു നൽകിയ ഊണിന്റെ കൂടെ മി. റഹ്മാനും മിസ്സിസ്സ് റഹ്മാനും കൂടി എന്റെ വയററിൽ കയറി ഇരിക്കുംപോലെ അതു വീത്തിരുന്നു. ഞങ്ങൾ ചായ കുടിക്കാൻ കയറിയതു് ഒരു നാടൻകട ആയിരുന്നെങ്കിലും മികച്ച കട ആയിരുന്നു. ഞങ്ങളുടെ ആതിഥേയൻ ഓരോ പിഞ്ഞാണം നിറയെ പഞ്ചാരയും പാലും ഇററിററു വീഴുന്ന മധുരക്ഷണങ്ങൾ വരുത്തി. ബംഗാളിലെ ഉൾനാടൻ കട

യിൽപോലും ഈ മധുരക്കുഴമ്പുകൾക്ക എന്തു സ്വീക രണമാണ്!-വയറിന്നു സുഖം തോന്നാത്തതുകൊണ്ടു് ഞാൻ വളരെ വിഷമിച്ച് കഷ്ടിച്ച് ഒരെണ്ണം തിന്നു.

നദിയുടെ മറെറാരു ഭാഗത്തെ കരയിലാണ് ഞ ങ്ങൾ മടങ്ങി എത്തിയതു്. അവിടെവച്ച്, ഞങ്ങളുടെ മാർഗ്ഗദർശി യാത്ര പറഞ്ഞു.

നദിക്കരയിൽ ബോട്ടും വള്ളങ്ങളും പണിഞ്ഞു കൊണ്ടിരുന്നു.

x x x x

നിശാനിയമം നടപ്പിലാക്കാൻ, തോക്കുതാങ്ങിയ പട്ടാളവും പോലീസും-നദിക്കരയിലുള്ള റോഡുമുഖ ത്തു നിന്നു

കൂട്ടത്തിൽ നിന്ന ആരോ എൻെറ ചുമലിൽ തട്ടി ചോദിച്ചു—

"ജനസംഖ്യകണക്കെടുക്കാൻ ഞങ്ങളുടെ ഗവ ണ്മെൻറു നടപ്പാക്കിയ ഈ നിശാനിയമത്തെപ്പററി എന്തു പറയുന്നു?''

ഒരു സൈക്കിൾ റിക്ഷായ്ക്കു കഷ്ടിച്ചു റയിൽവേ സ്റ്റേഷനിൽ എത്താനുള്ള സമയമേ ഉണ്ടായിരുന്നാ ള്ളു. ആദ്യം വിളിച്ച മൂന്നു റിക്ഷാക്കാരും വന്നില്ല. അ വർ പറഞ്ഞു,-

"വന്നാൽ, അർദ്ധരാത്രി വരെ മടങ്ങിവരാൻ പോലീസു സമ്മതിക്കുകയില്ല."

അവസാനം രണ്ടിരട്ടി നിരക്കിൽ ഒരു റിക്ഷാ ക്കാരൻ സമ്മതിച്ചു. ഞാനും ചൌധരിയും അതിൽ

കയറി. മി. ഹക്ക് വീട്ടിൽ ഓടി എത്തി സൈക്കിളും എടുത്തുകൊണ്ട് സ്റ്റേഷനിലേയ്ക്കു വരാം എന്നു പറഞ്ഞു. ചൌധരി, തൻെറ വീട്ടിൻെറ പടിയ്ക്കൽ റിക്ഷാ എത്തിയപ്പോൾ, ചാടിഇറങ്ങി കിടക്കയും ബാഗും എടുത്തുകൊണ്ടുവന്നു് കൂടെ കയറി. കണ്ടും കുഴിയും ആയിക്കിടന്ന റോഡിലൂടെ ചാടിയും ആടിയും റിക്ഷാ പോയി. യുദ്ധകാലത്തു് ബ്രിട്ടീഷ് അമേരിക്കൻ പട്ടാളക്കാരുടെ ട്രക്കുകളും ജീപ്പുകളും ഓടി റോഡുകൾ തകൻറുകിടക്കുകയാണു്. ഞങ്ങൾ സ്റ്റേഷനിൽ എത്തിയപ്പോൾ മി ഹക്കും സൈക്കിളിൽവന്നുചേൻറു.

പതിനൊന്നു മണിയോട്ട് അടുത്തു മാത്രം നിശാനിയമം തീരുന്നതുകൊണ്ട്, അതുവരെയുള്ള വണ്ടികളിൽ പോകേണ്ട ആളുകൾ ആറുമണിക്കു മുമ്പ് സ്റ്റേഷനിൽ തടിച്ചുകൂടിയിരുന്നു. സ്റ്റേഷനിൽ പ്രകാശമുള്ള വിളക്കില്ല. ഇരിക്കാൻ ബഞ്ചുമില്ല. യാത്രക്കാർ പ്ലാററ്ഫോമിലും തിണ്ണയിലും ആയി ചുററിപ്പററി നിന്നു. ഞങ്ങൾ റസ്റ്റാറണ്ടിൽ പോയി ചായ കുടിച്ചു. ഞാൻ ട്രയിനിൽ പോയിക്കഴിഞ്ഞു് കുറച്ചു നേരം വൈകിയാലേ, എൻെറ സ്നേഹിതക്കു നിശാനിയമം തീൻറു വീട്ടിലേയ്ക്കു പോകാൻ ഒക്കുകയൊള്ളു. അവർ പറഞ്ഞു,-

"നിങ്ങളെ വിട്ടുപിരിയുവാൻ പോകുമ്പോൾ. എത്ര മണിക്കൂർ സ്റ്റേഷനിൽ താമസിച്ചാലും, ഞങ്ങൾക്കതു വിഷമം ആകയില്ല."

ബംഗാൾ തികച്ചും കർഷകരുടെ ഒരു രാജ്യമാണു്. പക്ഷേ പശ്ചിമബംഗാളിൽ തുണിയും ചണവും

വ്യവസായം പ്രബലപ്പെട്ടിട്ടുണ്ട്. പൂർവ്വബംഗാളിനു വ്യവസായസ്ഥാപനങ്ങൾ ഇല്ല. കൽക്കട്ടാ, വ്യവസായവികാസവും തുറമുഖസൌകര്യവും ഉള്ള ഒരു നഗരമാണു്. ഡാക്കായ്ക്കു രണ്ടുമില്ല. പൂർവ്വപാകിസ്ഥാൻെറ തലസ്ഥാനമാണെന്നുള്ളതാണു് ഡാക്കായുടെ പ്രത്യേകത. ഡാക്കായുടെ ഇതുവരെയുള്ള നേട്ടം അവിടത്തെ സർവ്വകലാശാലയാണു്. വ്യവസായങ്ങളുടെ അഭാവം കൊണ്ടു്, സമൂഹമായി പണിയെടുക്കുന്ന തൊഴിലാളികൾ ചുരുക്കമാണു്. അതുകൊണ്ടു് സംഘടിതമായ തൊഴിലാളിപ്രവർത്തനമില്ലാ. ഇതു് ഒരു സൌകര്യമായി ഇടതുപക്ഷപ്രവർത്തനത്തെ അടിച്ചമർത്തുന്നതിനും പ്രവർത്തകരെ മർദ്ദിക്കുന്നതിനും ഗവമ്മെൻറു കാണുന്നു ഇന്ത്യയിൽനിന്നായാലും പാക്കിസ്ഥാനിൽനിന്നായാലും ഉള്ള, ഇടതുപക്ഷപത്രങ്ങൾ ഗവമ്മെൻറ് നിരോധിച്ചിരിക്കുകയാണു്. പുസ്തകശാലകൾ എല്ലാം അടപ്പിച്ചു. പക്ഷേ, കാലത്തേയും ജീവിതത്തേയും പററിബോധമുള്ള ഒരു ജനത പാകിസ്ഥാനിൽ രൂപം കൊള്ളുന്നുണ്ടു്. മാർക്സ് എന്നും സോഷ്യലിസമെന്നും കേൾക്കുമ്പോൾ ഇന്നത്തെ പാകിസ്ഥാൻ ഗവണ്മെൻറു ഞെട്ടും!- പക്ഷേ സോഷ്യലിസത്തെപ്പററിയുള്ള ചിന്തകൾ ജനങ്ങൾ സ്നേഹവായ്പോടെ ഹൃദയത്തിൽ പുലർത്തുന്നുണ്ടു്. ഒരു സോഷ്യലിസ്ററു വ്യവസ്ഥിതി സ്ഥാപിക്കുന്നതിലുള്ള ആശയവിശ്വാസവും സമരമനോഭാവവും ഇടത്തരക്കാരിൽ പ്രത്യേകിച്ചു് ബുദ്ധിജീവികളിൽ പ്രബലമായി പ്രചരണം കൊള്ളുന്നു!-

ഭരണകൂടത്തിൻെറ എല്ലാ നിയന്ത്രണങ്ങൾക്കും

എതിരായി, മാർച്ച് ഒൻപതിന് അവർ സമാധാന സമ്മേളനം കൂടുക ആയിരുന്നു.

പ്ലാററ്ഫോറത്തിൻെറ ഒരററത്തു കൂട്ടിയിരുന്ന ആററുമണലിൽ ഞങ്ങൾ ഇരുന്നു. വിശപ്പുണ്ടാകാഞ്ഞതുകൊണ്ട്, ഊണപേക്ഷിച്ച് ഞാൻ ഓറഞ്ചു വാങ്ങി.

വെളുത്തു മെലിഞ്ഞ ഒരു യുവാവ് ഞങ്ങളുടെ അടുത്തേക്കു വന്നു. ചൌധരിയും ഹക്കും അയാളോടു രണ്ടു മൂന്നു മിനിററുനേരം സംസാരിച്ചു. അയാളും ഒരു വിവാഹസംഘത്തിനോടൊത്ത് സിറാജ്ഗഞ്ചിലേക്കു പോവുകയാണ്. വെയിററിംഗ് റൂമിലേയ്ക്കു വധുവും സംഘവും കയറിപ്പോകുന്നതു കണ്ടു. ഇളംനീലനിറത്തിൽ മേൽത്തരം തുണികൊണ്ടുള്ള ബൂക്കാ വധു ധരിച്ചിരുന്നു.

അയാൾ എന്നോടു പറഞ്ഞു—

"നമുക്ക് ഒരുമിച്ചു യാത്ര ചെയ്യാം."

അയാളും വെയിററിംഗ് റൂമിലേയ്ക്കു പോകുമ്പോൾ സ്നേഹിതർ എന്നോടു പറഞ്ഞു, അയാളെ വിശ്വസിച്ച് രാഷ്ട്രീയമായി സംസാരിക്കരുതെന്ന്. കാളേജിൽ വച്ച്, അധികാരികളുടെ ചാരനായി വിപ്ലവകാരികളായ വിദ്യാർത്ഥികളെ ഒററുകൊടുക്കുക ആയിരുന്നു, അയാളുടെ ജോലി.

ട്രെയിനിൽ വച്ച്, സിറാജ്ഗഞ്ചിൽ എത്താറായ ശേഷമേ അയാളെ ഞാൻ കാണുകയുണ്ടായുള്ളു. അടുത്ത വണ്ടിയിൽ ഇരുന്നു അയാൾ ചോദിച്ചു—

"ഉറക്കം ശരിയായോ?"

"വളരെ."–ഞാൻ പറഞ്ഞു.

"നിങ്ങൾ ഉറങ്ങുമ്പോൾ വെളുപ്പിനെ ഞാൻ വണ്ടിയിൽ വന്നു നോക്കി."

"കൃതജ്ഞത."

രാത്രി ഒൻപതര ആയി. ബെല്ലടിച്ചു. ട്രെയിൻ വരുന്നു.. എന്നോടു ചേർന്നിരുന്ന ഹക്കും ചൌധരിയും എന്നെ പെട്ടെന്നു ഞെട്ടി തിരിഞ്ഞുനോക്കി. ഞാൻ അവരെ പിരിയുകയാണ്.

ഞങ്ങൾ ഒരുമിച്ച് ട്രെയിനിൽ കയറി. നിറയെ യാത്രക്കാർ ഉണ്ടായിരുന്നു. ഏതാനും ജവുളിക്കെട്ടുകൾക്കു പുറത്ത് എൻെറ കിടക്ക വിരിച്ച്, കിടക്കുവാൻ സൌകര്യം കണ്ടു. ട്രെയിൻ വിടാൻ ബല്ലടിച്ചു. ഹക്കും ചൌധരിയും എനിക്ക് ഹസ്തദാനം നൽകുകയാണ്...

"ഇനിയും എന്നു കാണും?–"

എൻെറ ഹൃദയവും അവരോടു ചോദിക്കുന്നു,–

"നാം എന്നിനിയും കാണും?"

ഞാൻ പറഞ്ഞു,–

"നാം വീണ്ടും കാണും!"

വളരെ ഹൃദയസ്പൃക്കായ ഒരു വേർപാട് ആയിരുന്നു അത്. എനിക്ക് എന്നെത്തന്നെ സമാശ്വസി[illegible]പ്പിക്കണമായിരുന്നു. ഞാൻ പറഞ്ഞു:—

"നാം എത്ര അകലേയും കഴിഞ്ഞുകൊള്ളട്ടെ,

ചിലപ്പോാൾ നാം തമ്മിൽ കണ്ടില്ല എന്നു തന്നെ വരാം.

"മതവൈരമില്ലാത്ത, മനുഷ്യത്വം നിറഞ്ഞ, ഒരു ജനാധിപത്യരാഷ്ട്രം സ്ഥാപിക്കാൻ നാടൊട്ടുക്കു പടൻപിടിച്ചിരിക്കുന്ന യത്നത്തിൽ, നിങ്ങളുടെ ധീരമായ പാട്ടുകൾ വീഴട്ടെ. അപ്പോൾ ജനങ്ങളുടെ ഹൃദയത്തിൽ വിലസുന്നതായിത്തീരുന്ന നിങ്ങളുടെ നാമവും ശബ്ദവും, എന്നേപ്പോലുള്ള നിങ്ങളുടെ എല്ലാ മിത്രങ്ങളുടേയും ചെവിയിൽ വന്നലച്ചുകൊള്ളും. നിങ്ങളുടെ നാമവും ശബ്ദവും, എന്നേപ്പോലുള്ള നിങ്ങളുടെ എല്ലാ മിത്രങ്ങളുടേയും ചെവിയിൽ വന്നലച്ചുകൊള്ളും. നിങ്ങളുടെ നാമവും ശക്തിയും, മധുരമായി ഞങ്ങളുടെ ചിത്തത്തിൽ എക്കാലവും പററിച്ചേൻനില്ക്കും!—അപ്പോൾ നിങ്ങൾ, എന്നെപ്പോലുള്ള എല്ലാ മിത്രങ്ങൾക്കും വിലപ്പെട്ടവരായിത്തീരും!!"—

# 15

## സിറാജ്ഗഞ്ച്

ട്രെയിൻ ഓടുകയാണ്. സഹയാത്രക്കാർ തങ്ങളുടെ ഭാഷ സംസാരിക്കാൻ കഴിയാത്ത ഈ മനുഷ്യനെ സസ്നേഹം വീക്ഷിക്കുന്നു. ആ തുണിക്കെട്ടുകൾക്കു മുകളിൽ കിടന്നു ഞാൻ ഉറങ്ങി, ഇരുവശവും പുഞ്ചിരിക്കുന്ന മുഖങ്ങളെ കണ്ടുകൊണ്ട്.

രാവിലെ, ഇളംമഞ്ഞനിറത്തിലുള്ള അതിവിശാലമായ നെൽപാടങ്ങൾ കണ്ടുകൊണ്ട് ഞാൻ ഉണർന്നു. കുളിരേറിയ പ്രഭാതം!–

ജഗന്നാദ്ഗഞ്ചിൽ ട്രെയിൻ നിന്നു.

നദിക്കരയിൽ ഞങ്ങൾക്കുവേണ്ടി ഒരു കൊച്ചുകപ്പൽ,–'സുരാജ്ദൗള' കാത്തുകിടന്നു. രണ്ടുമണിക്കൂറിലധികം ഞങ്ങൾക്കു കപ്പലിൽ ഇരുന്നാൽ മതിയായിരുന്നു. ഭാവനാസക്തനായ ചിത്രകാരൻെറ സ്വപ്നലോകംപോലെ തോന്നിയ്ക്കുന്ന നദീതടത്തിലെ വിശാലമായ വെള്ളമണൽപ്പരപ്പിലേയ്ക്ക്, ഞങ്ങൾ ഇറങ്ങി.

സിരാജ് ഗഞ്ച് ഘാട്ട്!-വള്ളങ്ങളും, ഒന്നു രണ്ടു ബോട്ടുകളും നദിക്കരയിൽ കിടന്നു.

റയിൽപാളങ്ങൾ ഓടിയ മണൽപ്പുറം. അകലെയായി ഇരുവശവും വൃക്ഷങ്ങളും വീടുകളും കാണാം.

നദിക്കരയിൽ കാത്തുകിടന്ന ട്രെയിനിൽ ഞങ്ങൾ കയറി. അവിടെ 'അമൃതബസാർ പത്രിക' വില്ക്കാൻ കൊണ്ടുവന്നു. എൻെറ പുറകേ രണ്ടുപേർ തങ്ങളുടെ ഭാണ്ഡങ്ങളുമായി എതിർസീററിൽ വന്നിരുന്നു. അവർ പരസ്പരം ഉച്ചത്തിൽ വഴക്കു പറയുകയാണ്. അടുത്തിരുന്ന ഒരു മാന്യൻ എന്നോടു ചോദിച്ചു –

"നൂറുൾ അമീൻെറ പ്രസ്താവന വായിച്ചോ?"

"ഏതു പ്രസ്താവന?"

എനിക്കോർമ്മ വന്നു,–കിഴക്കൻബംഗാൾ പ്രധാനമന്ത്രി മി. നൂറുൾഅമീൻ, ഒരു ലക്ഷം പേരുടെ ഒരു യോഗത്തിൽ കാഷ്മീർ മുസ്ലിംങ്ങളെ സ്വതന്ത്രരാക്കുവാൻ പാകിസ്ഥാൻ നിശ്ചയിച്ചിരിക്കുന്നുവെന്നു പ്രസ്താവിച്ചിരിക്കുന്നു. ഫെബ്രുവരി 28-ാംനു-യിലെ 'പാകിസ്ഥാൻ ഒബ്സർവറി'ൽ ഞാൻ ആ വാർത്ത വായിച്ചു. ഇന്ത്യയിൽ നിന്നുള്ള യുദ്ധഭീതിയുടേയും, കാഷ്മീരിനുവേണ്ടിയുള്ള 'ജീഹാദി'ൻേറയും പ്രചരണം കൊണ്ടു് ജനങ്ങളുടെ ശ്രദ്ധയെ യുദ്ധസന്നാഹങ്ങളിൽ കേന്ദ്രീകരിയ്ക്കുകയും, പാകിസ്ഥാൻ ജനതയുടെ നട്ടെല്ലു തകർത്തുകൊണ്ടിരിക്കുന്ന കടുത്ത ആഭ്യന്തരപ്രശ്നങ്ങളെ മൂടിവയ്ക്കുകയും ചെയ്യുക പകിസ്ഥാൻ ഗവമ്മെൻറു വളരെ പ്രധാനമായ നയമായി സ്വീകരിച്ചിരിക്കുകയാണ്. കാഷ്മീരിൽ ഒരു യുദ്ധം ഏതവസരത്തിലും ഉണ്ടാകുമെന്ന മട്ടിലാണ് ജനങ്ങളിൽ പ്രചരണം നടത്തിയിരിക്കുന്നതു്. ചിലർ എന്നോടു പറഞ്ഞു,—

"കാഷ്മീരിൽ പോകുന്നതു വളരെ സൂക്ഷിച്ചു വേണം."

ന്യൂമാൻ അമീൻെറ പ്രസ്താവനയെപ്പററി എൻെറയും ആ മാന്യൻെറയും സംഭാഷണം, വഴക്കുപിടിച്ചു കൊണ്ടിരുന്നവരിൽ ഒരാളുടെ ശ്രദ്ധയിൽ എത്തി. അയാൾ തൻെറ അഭിപ്രായം അവതരിപ്പിച്ചു.

സംഭാഷണം അങ്ങിനെ തുടരുന്നതു കണ്ടു. കാൽ മണിക്കൂറിനുള്ളിൽ വഴക്കുകാർ രണ്ടുപേരും കൂടി ഒത്തുചേന്ന്, അടുപ്പത്തോടെ, പാകിസ്ഥാൻ-കാഷ്മീർ-ഇന്ത്യാ കാര്യം സംസാരിക്കുന്നതു കേട്ടു!-

ഒൻപതു മണിക്ക് ഞാൻ സിറാജ്ഗഞ്ച് സ്റ്റേഷനിൽ ഇറങ്ങി. സിറാജ്ഗഞ്ച് 'ഇസ്ലാമിയാ' കാളേജ് വൈസ്പ്രിൻസിപ്പാളിനെ മി. അഹ്ളക്കുർ റഹ്മാൻ കത്തു മുഖേന എനിക്കു പരിചയപ്പെടുത്തിയിരുന്നു. കിടക്കക്കെട്ട് ഞാൻ സ്റ്റേഷനിൽ തന്നെ നിക്ഷേപിച്ചു. ഒരു ക്ലോക്കുറൂം അവിടെ ഇല്ലായിരുന്നു എങ്കിലും, അതു സൂക്ഷിക്കുവാൻ അവർക്കു കാരുണ്യം ഉണ്ടായി.

വീതി കുറഞ്ഞ ഒരു റോഡിൻെറ ഇരുവശവും ആ കൊച്ചുപട്ടണത്തിലെ ചെറിയ കടകൾ നിന്നു. ഒരു മൈൽ കഴിഞ്ഞു് ആ കൊച്ചുറോഡ്, സാധാരണ വീതിയുള്ള മറെറാരു റോഡിൽ അവസാനിച്ചു. റോഡിൽ മണൽഇളകി പൊടിപടലം പൊങ്ങിപ്പറന്നു. ഇരുവശവും സാധാരണ വലിപ്പത്തിൽ ഏതാനും രണ്ടുനില കെട്ടിടങ്ങൾ ഉണ്ട്. അവ മാർവാഡി കച്ചവടക്കാരുടേതായിരുന്നു. വർഗ്ഗീയലഹള അടുത്തപ്പോൾ, അവർ കൊണ്ടുപോകാവുന്നിടത്തോളം സ്വത്തുക്കളുമായി നാടുവിട്ടു. പണം പലിശയ്ക്കു കൊടു

ത്തും കള്ളക്കച്ചവടം ചെയ്തും ഉണ്ടാക്കിയ ഈ മാളികകൾ, അവർക്കു കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഇപ്പോഴും അവയിൽ ചിലതു് ഒഴിഞ്ഞുകിടക്കുകയാണു്.

വായ്പൊളിച്ചിരുന്ന എൻെറ ഷൂസു നന്നാക്കാൻ റോഡുവക്കിലെ ഫലിതപ്രിയനായ ഒരു ചെരുപ്പുകുത്തിയെ ഞാൻ സമീപിച്ചു. ഷൂസ് നന്നാക്കുന്ന സമയം കൊണ്ടു് അടുത്ത ഹോട്ടലിൽ പോയി ഊണു കഴിക്കാൻ അയാൾ സർവ്വത്ര പൊളിഞ്ഞ രണ്ടു പഴയ ചെരുപ്പുകൾ എനിക്കു തന്നു. അതു ഇട്ടുകൊണ്ടു് ഹോട്ടലിലേക്കു ഞാൻ നടക്കുമ്പോൾ അയാൾ കൂട്ടുകാരോടു ചൂണ്ടിക്കാട്ടി—

"ഹാ......ഹാ......സാബു, നടക്കുന്നതു നോക്കിയേ്ക്കാ!"

ഒരു കൊച്ചുഹോട്ടൽ ആയിരുന്നു അതു്. ഞാൻ അകത്തേക്കു കടക്കുമ്പോൾ ഒരു വലിയ ചട്ടിയ്ക്കകത്തേയ്ക്കു് എന്തോ വലിയ മീൻ വെട്ടി നുറുക്കി ഒരാൾ തള്ളുകയാണു്. അയാൾ കറുത്തുമെലിഞ്ഞു്, ലുങ്കി മാത്രം ഉടുത്ത ഒരു നാല്പതാംവയസ്സുകാരൻ ആയിരുന്നു. അയാൾ ചട്ടിനീക്കിക്കൊണ്ടു് ഒരു തുണിയെടുത്തു് കയ്യ് തുടച്ചു് ഓടി എൻെറ അടുത്തെത്തി "വന്നാട്ടെ" എന്നു വിനീതമായ് പറഞ്ഞു. എൻെറ കയ്യിലെ ബാഗു വാങ്ങി ബഞ്ചിലേയ്ക്കു വച്ചു. "അങ്ങേയ്ക്കു് എന്തു വേണം?" എന്നു വളരെ താഴ്മയിൽ ചോദിച്ചു. ഞാൻ ചോറും ഇറച്ചിയും തരാൻ പറഞ്ഞു. അയാൾ വലതുകയ്യ് ഉയർത്തി ആംഗ്യം കാണിച്ചു പറഞ്ഞു;-

"ഇറച്ചി ഇല്ല. ഒന്നാംതരം മൊട്ട പൊരിച്ചതു തരാം."

പെട്ടെന്നു ചോറും മൊട്ട പൊരിച്ചതും, 'ചട്ടിണി' ഉണ്ടാക്കാൻ ഉപ്പും മുളകും കൊണ്ടുവന്നു. വീണ്ടും അയാറം മീൻ നുറുക്കാൻ ഇരുന്നു. എൻെറ എതിർവശത്തിരുന്ന പോലീസുകാരൻ എഴുന്നേററു റോഡിലേയ്ക്കു നടന്നപ്പോറം ഹോട്ടൽക്കാരൻ മീൻചട്ടി മാററി എൻെറ അടുത്തെത്തി. അയാറം പോലീസുകാരനെ ചൂണ്ടി ഒററമൂച്ചിലായി വളരെ ദേഷ്യത്തിൽ എന്തോ ഒക്കെ പറഞ്ഞു. പോലീസുകാരൻ എപ്പോഴും കടം ചോദിയ്ക്കുമെന്നും, കൊടുത്താൽ തിരിച്ചുതരുകയില്ലെന്നുമാണ് അയാറം പറഞ്ഞതെന്ന് ഞാൻ ധരിക്കുന്നു.

എൻെറ ഷൂസും വാങ്ങി ഞാൻ കാളേജിലേയ്ക്കു നടന്നു. വൈസ്പ്രിൻസിപ്പാറം മി. റഫ്ക്കർ റഹ്മാനെ അദ്ദേഹത്തിൻെറ വീട്ടിൽ വച്ചു ഞാൻ കണ്ടു–ഇരുണ്ട നിറവും മാംസളമായ ദേഹവും ഉള്ള ഒരു യുവാവ്!–ഞങ്ങറം പെട്ടെന്നു കാളേജിൽ എത്തി, ഒരു മിഡിൽ സ്കൂളിൻെറ ആർഭാടം മാത്രം തോന്നിയ്ക്കുന്ന നീണ്ട ഷെഡ്ഡുമാത്രമായിരുന്നു, കാളേജ്. അദ്ധ്യാപകരുടെ മുറിയിൽ വച്ച് പ്രിൻസിപ്പാളിനേയും കണ്ടു. വിദ്യാത്ഥികറം എന്നെ കാണാൻ മുറിയുടെ വാതുക്കലും, വരാന്തയിലെ ജനാലിങ്കലും കൂടി.

അഞ്ഞൂറോളം വിദ്യാർത്ഥികറം ഈ കാളേജിലുണ്ട്. പക്ഷെ മൂന്നു പെൺകുട്ടികറം മാത്രമേയുള്ളു. പ്രിൻസിപ്പാളുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോ

ൾ അവരിൽ ഒരാൾ അദ്ധ്യാപകരുടെ മുറിയിൽ നിന്നു. ഇരുണ്ട നിറത്തിൽ മെലിഞ്ഞു പൊക്കം കുറഞ്ഞ ഒരു പെൺകുട്ടി. മൂട്ടപടത്തിൽ നിന്നും ഇറങ്ങിവന്ന ചാഞ്ചല്യം അവൾക്കില്ലായിരുന്നു. അവൾ ഞങ്ങളുടെ സംഭാഷണം ക്രൂസലൊന്നും ക്രൂടാതെ വീക്ഷിച്ചു.

ഓരോ മിനിട്ടും എൻെറ കയ്യിൽ നിന്നും ചാടിപ്പോകുന്നു എന്ന മട്ടിൽ വളരെ വിവശതയിൽ ഞാൻ പറഞ്ഞു:—

“ഇന്നു സന്ധ്യയ്ക്കുതന്നെ എനിക്കു കൽക്കട്ടായിലേക്കു തിരിക്കണം. പെട്ടെന്ന് എന്നെ ആരുടെയെങ്കിലും ക്രൂട്ടോട്ടക്രൂടി ഗ്രാമത്തിൽ അയയ്ക്കാൻ സഹായിക്കണം.”

അദ്ധ്യാപകരുമായി ഒന്നാലോചിച്ചിട്ട് പ്രിൻസിപ്പാൽ, ജൂനിയർ ബി. ഏ. വിദ്യാർത്ഥിയായ ഒരു യുവാവിനെ വിളിപ്പിച്ചു. മി. സയ്ഫുൾ ഇസ്ലാം!- സാധാരണ ഉയരം, ഇളംവെള്ളപ്പനിറം, ലാളിത്യം സ്ഫുരിയ്ക്കുന്ന മുഖഭാവം.

മി. റഫ്ക്കർ റഹ്മാൻ, ഊണ് ഞാൻ ഹോട്ടലിൽ നിന്നും കഴിച്ചതിൽ പരിഭവം പറഞ്ഞു. അദ്ദേഹവും, എൻേറയും ഇസ്ലാമിൻേറയും ക്രൂടെ വെളിയിലേക്കു വന്നു. അതിൻെറ ഫലം, വീണ്ടും മൊട്ട പൊരിച്ചതും ചായയും ആയിരുന്നു!-

# 16

## ഗാനം ഒഴുകിയ ഗ്രാമം

"ഒരു 'ടോം ടോ'മിൽ കയറിപ്പോകുക.–അതു കൊണ്ടു് സമയം ലാഭിയ്ക്കാൻ കഴിയും." ഞങ്ങൾ ഗ്രാമത്തിലേയ്ക്കു തിരിയ്ക്കാൻ തയ്യാറാവുമ്പോൾ, പ്രിൻസിപ്പാൾ കാളേജിൽവച്ചു് മി. ഇസ്ലാമിനോടു പറഞ്ഞു. ഞാൻ ചോദിച്ചു,—

"എന്താണു് ടോം ടോം?"

"ഇവിടുത്തെ കുതിരവണ്ടിയാണു്."

"കേൾക്കാൻ ഇമ്പമുള്ള പേരു്"

അദ്ദേഹം പറഞ്ഞു,—

"സഞ്ചാരത്തിനു് അതുപോലെ സുഖകരമായിരിയ്ക്കണമെന്നില്ല."

ഞാൻ കാളേജിലേയ്ക്കു ചെന്ന റോഡിലൂടെ മടങ്ങിവന്നു് വലത്തോട്ടു തിരിഞ്ഞു, അവിടവിടെയായ് വീടുകളുള്ള ഒരു പറമ്പിൽ എത്തി. അവിടെ മൂന്നാലു 'ടോംടോം' കിടന്നു. കുതിരകൾനിന്നു മേയുന്നുണ്ടായിരുന്നു. ഇസ്ലാം ഞങ്ങൾക്കുവേണ്ടി ഒരു വണ്ടി ഏർപ്പാടു ചെയ്തു. വളരെ ദുർബ്ബലഗാത്രനായ പതിനാലു വയസ്സോളമുള്ള ഒരു ബാലൻ കുതിരയെ വണ്ടിയോടു കെട്ടുമ്പോൾ ഞങ്ങളുടെ ചുററും അടുത്ത വീടുകളിലെ കൊച്ചു കുട്ടികൾ വന്നുകൂടി അവർ മിക്കവാറും;

നഗ്നരായ്, മണ്ണിൽ കളിയ്ക്കുക ആയിരുന്നു. അവർ എല്ലാംതന്നെ, കറുത്തുതേമ്പി എല്ലു പിടിച്ചിരുന്നു.

'ടോം ടോം' ഒരു ടൊങ്കതന്നെയാണ്. മുകൾക്കൂരയില്ലാത്ത തുറന്ന ഒരു കുതിരവണ്ടി.

രണ്ടു മൈലോളം വടക്കോട്ടു ഞങ്ങളുടെ ടോം ടോം ചാടിപ്പോയി. ബംഗാളിലെ മനുഷ്യരെപ്പോലെ തന്നെ അനാരോഗ്യനായിരുന്നു ആ കുതിര. മണ്ണുമാത്രമായ റോഡിൽ അവൻ വണ്ടിവലിക്കുവാൻ വളരെ കഷ്ടപ്പെട്ടു. റോഡ് ചിലയിടത്തു ഭയങ്കരമായി ഇടിഞ്ഞുകിടന്നു. അവിടെ, വലതുവശത്തെ വയലിലേയ്ക്കിറക്കി വണ്ടിവലിക്കേണ്ടിയിരുന്നു.

വണ്ടിക്കാരൻ ബാലൻ വിഷാദനായി ഇരുന്നു. അവൻെറ മുഖഭാവം കണ്ടാൽ, തൻെറ എല്ലാ യത്നങ്ങളിലും ഇടയ്ക്കു കയറാനായി. എവിടെയോ അപകടം ഒളിച്ചിരിക്കുന്നതായി അവൻ കണ്ടുപിടിച്ചിരിക്കുന്നു എന്നു തോന്നും. അവൻ പറഞ്ഞു:—

"ഞാൻ ഓർമ്മയായ നാളുമുതൽ അച്ഛൻെറ കൂടെ ജോലി ചെയ്യുന്നു. ഇപ്പോൾ എനിക്കു കടുത്ത ജോലിയുണ്ട്. പക്ഷേ ഞങ്ങൾക്കു സന്തോഷം കിട്ടുന്നില്ല—"

ഞാൻ ചോദിച്ചു:—

"എന്തുകൊണ്ട്?"

"പലപ്പോഴും പട്ടിണി കിടക്കണം."

ഇസ്ലാം ചോദിച്ചു:-

"എന്നാൽ നീ എന്തുകൊണ്ട് മററു വല്ല ജോലി അന്വേഷിക്കുന്നില്ല"

"ഈ തൊഴില്, ലോകം കാണാൻ തുടങ്ങിയതു മുതൽ എനിയ്ക്കു പരിചയമുണ്ട്. അതുകൊണ്ടു് ഞാൻ ഇതു് ഇഷ്ടപ്പെടുന്നു."

അവൻെറ ചിന്താവിഷയം, ടോം ടോം കൊണ്ടു് അവനു് എങ്ങിനെ സന്തോഷമായിജീവിക്കുവാൻ കഴിയും എന്നുള്ളതാണു്!–

കുതിര നട്ടവു് വളച്ചു് ആയാസപ്പെട്ടു് വയലിലെ കട്ടമണലിലൂടെ വണ്ടി വലിച്ചു. ചിലയിടത്തു് കുഴി വീണുകിടന്ന വണ്ടിച്ചാലുകളിൽ പൈത പുതഞ്ഞു. വണ്ടിക്കാരൻ ബാലൻ ചാട്ട ഓങ്ങി-കുതിരയെ ഉണത്തിക്കൊണ്ടു പറഞ്ഞു:–

"ഞാൻ അവനെ അടിച്ചാൽ കഷ്ടമാണു്!–ഈ പുതമണ്ണിൽ അവൻ എങ്ങിനെ വണ്ടി വലിയ്ക്കും!–"

ഞാൻ പറഞ്ഞു:–

"റോഡു നന്നാക്കിത്തരാൻ ഗവമ്മെൻറിനെ നിർബന്ധിയ്ക്കണം."

"എത്ര കാലമായ് ഞങ്ങൾ നിർബന്ധിയ്ക്കുന്നു. ഏതു ഗവമ്മെൻറു് ഞങ്ങളുടെ സങ്കടം ചെവിക്കൊള്ളാനാണു്!–റോഡു നന്നായിക്കിടന്നാൽ ഞങ്ങളുടെ കുതിര സുഖമായി വണ്ടി വലിയ്ക്കും. അവനു പെട്ടെന്നു ക്ഷീണം ഉണ്ടാകയില്ല. ഞങ്ങൾക്കു സമയവും ലാഭിക്കാം"

"നീ പറഞ്ഞതു ശരിയാണു്"

അവൻെറ ചിന്തയെ ഉന്നംവച്ചുകൊണ്ടു് ഞാൻ പറഞ്ഞു:–

"അതുപോലെ ഗ്രാമങ്ങളിലേക്കു ധാരാളം റോ

KOTTAYAM PUBLIC LIBRARY KOTTAYAM.

ഡുകൾ ഉണ്ടെങ്കിൽ, നിങ്ങളുടെ പട്ടിണിയും തീരും"

ഞാൻ പറഞ്ഞതു അവനു വളരെ ഇഷ്ടപ്പെട്ടു. അവൻ തലയുയർത്തി അവൻെറ അടുത്ത സീററിലിരുന്ന എന്നെ ശ്രദ്ധിച്ചുനോക്കി.

അവൻ പറഞ്ഞു–"ഗ്രാമവീഥികൾ ഉണ്ടായാൽ ജനങ്ങൾക്കും സന്തോഷമുണ്ടാകും. ഉൾനാട്ടിലുള്ളവർക്കു തങ്ങളുടെ വിളവുകൾ ചന്തയിൽ കൊണ്ടുവന്നു വില്ക്കാൻ കഴിയും. ഞങ്ങൾക്കു വണ്ടിവിടാൻ ധാരാളം വഴികൾ ഉണ്ടാകും. അതുകൊണ്ടു ധാരാളം യാത്രക്കാരേയും കിട്ടും.–" അവൻ തുടന്നു ഞങ്ങളോടു ചോദിച്ചു–

"പാവങ്ങളായ ഈ വണ്ടിക്കാർ വിചാരിച്ചാൽ റോഡുണ്ടാക്കാൻ ഒക്കുമോ?

ഞാൻ പറഞ്ഞു:–"വണ്ടിക്കാർ ഒത്തുചേന്ന് ഗവൺമെൻറിനെ നിർബന്ധിയ്ക്കണം. നിങ്ങളെ പിൻതാങ്ങി ജനങ്ങളും പ്രക്ഷോഭണം കൂട്ടും"

സയ്ഫുൾ ഇസ്ലാം അവനോട് അതിനെപ്പററി തുടന്നു സംസാരിച്ചു. അവൻ ചിന്താമൂകനായ് ഇരുന്നു!–

പാടത്തിലൂടെ ഞങ്ങൾ നീങ്ങുമ്പോൾ പെട്ടെന്ന് ഒരു കാററടിച്ചു. ഞങ്ങളുടെ മൂക്കിലും വായിലും പൊടിമണ്ണു കയറി, അകലെ നിന്നുപോലും കരിയില ചീറി പറന്നുവന്നു. കുതിര തലകുലുക്കി ചീററി. മൂന്നമിനിട്ടു നേരത്തേയ്ക്കു വണ്ടി നിർത്തേണ്ടിവന്നു.

ഗ്രാമപാതയുടെ വാതുക്കൽ 'ടോം ടോം' നിന്നു. ഇരുവശവും വീട്ടുകാർ വേലികെട്ടിയ, നാലഞ്ചടി

വീതിയിലുള്ള ഗ്രാമപാത. ഇരുവശവും ധാരാളം വീടുകൾ. ആകാശത്തിലേയ്ക്ക് ഉയൎന്നുനില്ക്കുന്ന മുളക്കൂട്ടങ്ങൾ.

ഇടതുവശത്തെ ഒരു പറമ്പിൽ കയറി ഒരു വീട്ടിലേയ്ക്ക് ഞങ്ങൾ കടന്നു.. ഏതോ സെമിന്ദാരുടെ ഒരാശ്രിതൻ അവിടെ താമസിക്കുന്നു. അവിടെ ഇസ്ലാമിൻെറ ഒരു സ്നേഹിതനുണ്ട്. വീട്ടുമുററത്ത് തറ അടിച്ചൊതുക്കിയ കളത്തിൽ കതിർക്കററകൾ അടുക്കിവച്ചിരുന്നു. കടും ചുവപ്പു നിറത്തിൽ വലിയ വററൽമുളക് പായിൽ ഉണങ്ങാൻ കിടന്നു. മുററത്തായി ഒരു വലിയ കച്ചിൽ തൊഴുനിന്നു. തൊഴുവിൻെറ ആകൃതി കേരളത്തിൻേറതുപോലെ ആയിരുന്നു. അടുത്ത്, രണ്ടു ജോടി നല്ല ആരോഗ്യമുള്ള കാളകളും മൂന്നാലു പശുക്കളും ഉണ്ടായിരുന്നു. വീട്ടിൻെറ അല്പം വലിയ ആകൃതിയും മൺചുവരും, അതു ഒരു ഭേദപ്പെട്ട കൃഷിക്കാരൻേറതാണെന്നു വ്യക്തമാക്കി. പുകയിലച്ചെടികൾ പറമ്പിൽ പലയിടത്ത് കൂട്ടമായിനിന്നു.

ആ ഗ്രാമത്തിലേതായ കറുത്തുമെലിഞ്ഞ ഒരു വിദ്യാർത്ഥിയെ ഞങ്ങൾക്കു കൂട്ടു കിട്ടി. 'ചന്ദ്രക്കുണ' എന്നാഗ്രാമത്തിൽ കുറച്ചുദൂരം വീടുകൾക്ക് ഇടയ്ക്കുകൂടെയുള്ള പറമ്പുകളിൽ കയറിപ്പോയി.

ഞങ്ങൾ നടന്നടുക്കുന്നതു് ദൂരെനിന്നുതന്നെ സൂക്ഷിച്ചുകൊണ്ടിരുന്ന ഒരു മദ്ധ്യവയസ്ക്കൻ, പെട്ടെന്നു മുന്നോട്ടു വന്ന് ഗൗരവമായ് ഞങ്ങളോടു ചോദിച്ചു,-

എന്തിനാണ് ഈ വീടുകൾക്ക് ഇടയ്ക്കുകയറി നടക്കുന്നതു്?" ഇസ്ലാം സമാധാനം പറഞ്ഞു, ഞങ്ങൾ വഴിപ്പാതയിലേയ്ക്കു പോകുകയാണെന്ന്.

വഴിപ്പാതയിലെത്തുന്നതിനു മുമ്പായി കൌതുകമുള്ള ഒരു സംഭവം ഉണ്ടായി.

ഇടതുവശത്തെ മുളക്കൂട്ടത്തിൻെറ ഇടകലൻ മറവിൽ ഒരു കളമുണ്ടായിരുന്നു. മാറിനു മുകൾവരെ വെള്ളത്തിൽമുങ്ങി ഒരു യുവതി കുളിച്ചുകൊണ്ടിരുന്നു. കുളിക്കാനാണു ഇറങ്ങിയതെങ്കിലും കളിക്കുകയായിരുന്നു അവൾ. മുഖം താഴ്ത്തിപ്പിടിച്ച്, വെള്ളത്തിനടിയിലൂടെ വിരൽകൊണ്ടുണ്ടാക്കിയ ചുഴികൾ അവൾ കാണുകയാണ്. ഒരു മിന്നൽപോലെ അവൾ ഞങ്ങളെ കണ്ടു പെട്ടെന്നു വെള്ളത്തിനടിയിലേയ്ക്കു താഴുന്നതു കാണായി. ഞങ്ങൾ കടന്നുപോയിട്ടേ അവൾ പൊങ്ങിയൊള്ളു.

ചങ്ങാതികൾ ആരോ പറഞ്ഞു-"കൊള്ളാം, മിടുക്കിയാണ്." ചുവരുകൾക്കകത്തു വളൎന്നതാണെങ്കിലും, വെള്ളത്തിൽ മുങ്ങിഒളിക്കാൻ കഴിഞ്ഞല്ലോ!-

മിക്കവാറും വരണ്ടുകിടന്ന ഒരു ചെറുനദിക്കരയിലൂടെ ഞങ്ങൾ നടന്നു. കിളച്ചുകിടന്ന പാടത്തിൻെറ നടുക്ക് വൃക്ഷക്കൂട്ടങ്ങളോടുകൂടി എട്ടും പത്തും വീടുകൾ കൂട്ടമായി നിന്നു.

വലതുവശത്തെ പാടം കുറുകെ കടന്ന് ഞങ്ങൾ അടുത്ത ഗ്രാമത്തിൽ കയറി. അവിടെ ഇസ്ലാമിൻെറ ഒരു സഹപാഠിയെ കണ്ടു. മെലിഞ്ഞുകറുത്ത ആ യുവാവ് ഒരു തോൎത്തുമാത്രം ഉടുത്തു മററു പണിക്കാരുമൊത്തു ജോലിയിൽ ഏൎപ്പെട്ടിരിക്കുകയാണ്. ദേഹത്തുനിന്നും വിയൎപ്പൊഴുകി. കൃഷി അയാളുടെ പാരമ്പര്യമാണ്. കവിതയും ചരിത്രവും പഠിപ്പിക്കുന്നതിനേ

ക്കാരം, മണ്ണിനെപ്പററി ചിന്തിക്കാൻ അയാരം ഇഷ്ട പ്പെടുന്നു എന്നുള്ളതു തീർച്ച. താൻ പഠിക്കാൻ മിടുക്കനല്ലെന്നു് അയാരം പറഞ്ഞു മററു പല വിദ്യാർത്ഥികളേയുംപോലെ അയാളും നേരത്തെ വിവാഹിതനാണു്.

ബംഗാളിലെ സെമിന്ദാരി രീതിയെപ്പററി അയാളോടും ഞാൻ സംസാരിച്ചു അതിനേപ്പററി വ്യക്തമായ ഒരു ധാരണ അയാരംക്കില്ല. സെമിന്ദാരുടെ കീഴിൽ സാധാരണ കർഷകനെ ഞെക്കിപിടിക്കുന്നതായി അനവധി സ്ഥാനങ്ങളും ആളുകളും ഉണ്ടെന്നു് അയാരംക്കറിയാം ഈ ഇടക്കൂട്ടരുടെ മണ്ണുമായുള്ള ബന്ധം ശരിയായ കർഷകനെ ചൂഷണം ചെയ്യുന്നതാണെന്നുള്ളതുപോലെ തന്നെ വിഷമം പിടിച്ച ഒരു കാര്യവുമാണു്. എല്ലാവരുടേയും ഭാരം താങ്ങുന്നതു, സെമിന്ദാരുടെ ഭരണശൃംഖല കൊളുത്തിയിരിക്കുന്ന സാധാരണ കർഷകൻ തന്നെ!–അയാരം കൂടെക്കൂടെ സംസാരത്തിനിടയ്ക്കു പറഞ്ഞു:–

"സെമിന്ദാരി നിർത്തിയാലെ ബംഗാളിലെ പട്ടിണി തീരുകയൊള്ളു."

ഞങ്ങരം മടങ്ങിവരുമ്പോരം അയാളുടെ വീട്ടിൽ നിന്നും ചായ കുടിയ്ക്കുവാൻ, ഞാൻ അറിയാതെ, ഇസ്ലാമുമായ് അയാരം ഏർപ്പാടു ചെയ്തു.

'കൊക്കുഷാബാഡി' ഒരു ഹിന്ദുഗ്രാമം ആയിരുന്നു. ഒരു ഹിന്ദുഭവനത്തിൻെറ വേലിവാതുക്കൽ പോയി ഞങ്ങരം നിന്നു. ഇസ്ലാം, ഗൃഹനായകനെ വിളിച്ചു. ധോത്തി മാത്രം ധരിച്ച ഒരു മദ്ധ്യവയസ്കൻ തിണ്ണയിലേക്കു ഇറങ്ങി ഞങ്ങളെ നോക്കി. അസ്വാസ്ഥത

യോടെയാണ് അയാറം സാവധാനം വേലിക്കലേയ്ക്കു വന്നതു്. ആ വേലിവാതുക്കൽ നിന്ന് ഞങ്ങറം സംസാരിച്ചു. നരയ്ക്കാൻ തുടങ്ങിയ മുടിയും കററിത്താടിയും അയാറംക്കുണ്ടായിരുന്നു. കണ്ണുകറം മങ്ങി കവിറം ത്തടം ഒട്ടിത്തുടങ്ങി. എങ്കിലും, അയാറം ആരോഗ്യം തോന്നിക്കുന്ന ദൃഢകായനായിരുന്നു. അയാളോടൊപ്പം പ്രായമുള്ള ഗൃഹനായിക മുറിവാതുക്കൽ നിന്ന് തല നീട്ടി ആകാംക്ഷയോടെ ഞങ്ങളുടെ സംഭാഷണം ശ്രദ്ധിച്ചു. ഇസ്ലാം, എന്നെ അയാറംക്കു പറഞ്ഞുകൊടുത്തു. ഇസ്ലാം പ്രത്യേകമായി പറഞ്ഞു, ഞാൻ ഗ്രാമങ്ങറം മാത്രം കാണാനായി വന്നതാണ്. ഇവിടുത്തെ ജനങ്ങളുടെ ജീവിതരീതിയെപ്പററി, ഗ്രാമീണരോടു സംസാരിച്ചറിയാൻ ഇഷ്ടപ്പെടുന്നു. ഗൃഹനായകൻ എന്നെ സാവധാനമായി സൂക്ഷിച്ചുനോക്കി.

അദ്ദേഹം പറഞ്ഞു–"ഞങ്ങറംക്കു പ്രത്യേകമായി വിശേഷമൊന്നുമില്ല. ഞങ്ങറം സന്തോഷമായിതന്നെ കഴിയുന്നു."

"ഇവിടെ നിന്നും ഹിന്ദുക്കറം ഇൻഡ്യയിലേക്കു പോയിട്ടില്ലേ?"

"ഉണ്ടു്. അധികം ആളുകളും പോയി." അദ്ദേഹം ചുററുമുള്ള വീടുകറം ചൂണ്ടിക്കാണിച്ചു. അവിടെ നിന്നെല്ലാം ഹിന്ദുക്കറം പോയതാണ്. പക്ഷേ, അദ്ദേഹം പറഞ്ഞു—

"ബംഗാളിൽ വർഗ്ഗീയലഹള ഉണ്ടാകാത്ത ചുരുക്കം ചില ഗ്രാമങ്ങളിൽ ഒന്നാണിതു്."

"പിന്നെ, എന്തുകൊണ്ടു ഹിന്ദുക്കറം പോയി?"

"ഭയന്നു്."

"നിങ്ങൾക്കു ഭയമില്ലേ?"

"എൻെറ മുസ്ലിം മിത്രങ്ങൾ എനിക്കു് അഭയവും രക്ഷയും നൽകുന്നു."

അദ്ദേഹത്തിൻെറ ജോലി പരിപ്പ് പയറ് തുടങ്ങിയ ധാന്യങ്ങൾ ക്രയവിക്രയം ചെയ്യുക ആയിരുന്നു. അതുകൊണ്ടു് തൃപ്തമായി ജീവിച്ചുവന്നതാണു്.

മുൻവശത്തുള്ള പാടത്തിലൂടെ ഞങ്ങൾ അടുത്ത ഗ്രാമത്തിലേയ്ക്കു നടക്കുമ്പോൾ, ഇസ്ലാം വർഗ്ഗീയലഹളക്കാലത്തിനു മുമ്പുള്ള ഹിന്ദു-മുസ്ലിം സമുദായങ്ങളുടെ സൌഹൃദമേറിയ ജീവിതത്തെപ്പററി പറഞ്ഞു. സായാഹ്നങ്ങളിൽ കുട്ടികൾ എല്ലാവരുംകൂടി ഉല്ലാസത്തോടേ കുടുകുടുവും കിളിയുംതട്ടും, കളിയ്ക്കുമായിരുന്നു. ഇരുസമുദായങ്ങളുടെയും മതാഘോഷങ്ങൾ കുഞ്ഞുങ്ങൾ ഉത്സവമായി കൊണ്ടാടി. ഹിന്ദുക്കളുടെ ദുർഗ്ഗാപൂജയ്ക്കും സരസ്വതിപൂജയ്ക്കും മുസ്ലിങ്ങളും സന്തോഷത്തോടെ പങ്കെടുത്തു. മുസ്ലിങ്ങളുടെ ആഘോഷങ്ങളിൽ ഹിന്ദുക്കളും ഭാഗഭാക്കായിരുന്നു.

ഇരുമതക്കാരും സാധാരണമായി പരസ്പരം തൊട്ടുതിന്നാറില്ല. ഇസ്ലാം പറഞ്ഞു–

"ഞങ്ങൾ സ്നേഹിതർ, പരസ്പരം വീടുകളിൽ ചെല്ലുകയും ആഹാരം കഴിക്കുകയും ചെയ്യാറുണ്ടായിരുന്നു."

ഈ അദ്ധ്യായത്തോടു് ഹൃദയലോലുപനായ ഒരു മദ്ധ്യവയസ്കൻെറ ശബ്ദങ്ങൾ കൂടി ഞാൻ കൂട്ടിഇണക്കുന്നു കഴിഞ്ഞകാലസ്മരണകളെ അയവിറക്കിക്കൊ

ണ്ടു് വൎത്തമാനകാലത്തെ ഖേദത്തോടെ വീക്ഷിക്കുന്ന ചിന്താശക്തിയുള്ള ഒരു ഗ്രാമീണൻ!-വളരെ നേരം പറയുവാനും അറിയിയ്ക്കാനുമുള്ളതായി, അദ്ദേഹം വളരെയേറെ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു.

ഞാനും ഇസ്ലാമും ഗ്രാമത്തിൽ നിന്നും കിട്ടിയ മിത്രവുംകൂടി, വിത്തു വിതയ്ക്കാൻ ഉളകിമറിഞ്ഞുകിടന്ന പാടം ചവുട്ടിപ്പോവുകയാണു്. ഒരു വൃക്ഷത്തണലിൽ ആ മദ്ധ്യവയസ്കൻ നിന്നു. ധോത്തി മാത്രം ഉടുത്തിരുന്നു. തലയിൽ ഒരു വെള്ളഷാളിട്ടിരുന്നു. നഗ്നമായ മാറു്, ഉരുണ്ടു് ഒതുക്കമുള്ള ദൃഢമായ ദേഹം, സാധാരണ പൊക്കം, ശാന്തമായ മുഖഭാവം, ചിന്താദ്യോതകമായ കണ്ണുകൾ.

ഞങ്ങൾ നടന്നു് അടുക്കുന്നതുവരെ അദ്ദേഹം ഞങ്ങളെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. ഇസ്ലാമിനോടു ചോദിച്ചു, ഞാൻ ആരാണെന്നു്. ഞാൻ പെട്ടെന്നു നിന്നു. അദ്ദേഹം 'സലാം' പറഞ്ഞു.

അദ്ദേഹത്തിനു് ബംഗാളിയെ അറിയാവൊള്ളു. അദ്ദേഹം പറഞ്ഞു,-

"ഞാൻ കൃഷിക്കാരൻ മാത്രമാണു്. നാടു വിട്ടു വളരെയൊന്നും പോയിട്ടില്ല."

സൌമ്യമായി, വ്യക്തമായ ഭംഗിയുള്ള ബംഗാളിയിൽ അദ്ദേഹം സംസാരിയ്ക്കുമ്പോൾ, ഞാൻ ഇസ്ലാമിൻെറ മുഖത്തേക്കു നോക്കി, പരിഭാഷ അറിയാൻ.

അദ്ദേഹത്തിൻെറ കററമീശ എഴുന്നുനിന്നു. അദ്ദേഹം, അധികം വളൎന്നിട്ടില്ലാത്ത താടി തടവിക്കൊണ്ടു് പറഞ്ഞു,-

"ലഹളയ്ക്കു മുമ്പ് ഞങ്ങൾക്കു സന്തോഷമായ ഒരു ജീവിതം ഉണ്ടായിരുന്നു. ഞങ്ങളുടെ കൂടെ കഴിഞ്ഞ ഒരു വിഭാഗം ജനങ്ങൾ വിട്ടുപോയപ്പോൾ ശൂന്യമായ ഒരന്തരീക്ഷം ഇവിടെ ഉണ്ടായി. ഒഴിഞ്ഞ വീടുകളും മൂകമായ മനുഷ്യനേയും നാം സാമീപ്യത്തിന് ഇഷ്ടപ്പെടുന്നില്ല. മനുഷ്യസ്വഭാവവിശേഷങ്ങളെ മതത്തിനു തടയുവാൻ കഴിയുമോ?- പ്രായത്തിനും പരിചയത്തിനും അനുസരിച്ച് ഞങ്ങൾ ഇടപഴകി. മുമ്പ് ഈ പാടത്ത് ഹിന്ദുക്കളുടേയും മുസ്ലിങ്ങളുടേയും കുഞ്ഞുങ്ങൾ കൂട്ടമായി ഓടിക്കളിക്കുന്നതു നിങ്ങൾ കാണുമായിരുന്നു. സ്ത്രീകൾ അടുത്തിരുന്നു പാട്ടു പാടി. പരസ്പരം ദുഃഖങ്ങളും സുഖങ്ങളും പറഞ്ഞു. പാടത്ത് പുരുഷന്മാർ ഒത്തൊരുമിച്ചു വേല ചെയ്തു. പങ്കുകൃഷി നടത്തി. ആ നല്ല കാലം എവിടെപ്പോയി?-എങ്ങിനെ പോയി?-പഴയ കാലത്തെപ്പററി ചിന്തിക്കുമ്പോൾ എനിക്കു ദുഃഖം ഉണ്ടാകുന്നു."

## 17

## യുവതലമുറയുടെ സന്ദേശം

ഉഴുതുമറിച്ച പാടം ചവുട്ടി ഞങ്ങൾ പടിഞ്ഞാറോട്ടു നടന്നു. അതിവിശാലമായ പാടത്തിന്റെ നടുവിലൂടെ ഒഴുകുന്ന കൊച്ചുനദിയുടെ വെള്ളമണൽത്തിട്ടയിൽ ഞങ്ങൾ ഇരുന്നു. സായാഹ്നരശ്മികളും ഒത്ത് കുളിർകാററ് ഞങ്ങളെ തഴുകി. ഇസ്ലാം അയാൾക്കറിയാവുന്ന നാട്ടുപാട്ടുകളും ചൊല്ലുകളും കഥകളും പറഞ്ഞു.

നദിയിലെ വരണ്ട ചാലിന്റെയടുത്ത് വെള്ളക്കൊക്കുകൾ വന്ന് വെള്ളത്തിലേക്കു നോക്കിയിരുന്നു. തിട്ടകളിലെ മാളങ്ങളിൽ നിന്ന് ഇറങ്ങി പൊന്മാൻ മീൻ നോക്കി വെള്ളത്തിൽ മുത്താൻ പറന്നു.

ഞങ്ങൾ മടങ്ങുമ്പോൾ, പാടങ്ങളിൽ നിന്നു പണിക്കാർ ധൃതിയിൽ തൂമ്പായെടുത്തു വെട്ടുകയാണ്. സന്ധ്യയ്ക്കു മുമ്പ് പണി മുഴമിയ്ക്കുവാൻ വെമ്പുന്ന നുകക്കാർ കാളയെ അടിച്ചു ശീഘ്രം ഉഴുതു. കടുകും വെള്ളമധുരകിഴങ്ങും, തക്കാളിക്കായും പിടിച്ചുനില്ക്കുന്ന പാടത്തിന്റെ നടുക്കുടെ രണ്ടുമൈൽ ഞങ്ങൾ നടന്നു.

വയലിലെ വരമ്പിലൂടെ ഞങ്ങളെ കടന്ന് ഒരു പല്ലക്കു പോയി. വാഹകർ അണച്ചുതാങ്ങി അതിവേഗം നടക്കുന്നുണ്ടായിരുന്നു. അതിനകത്ത് പിതാ

വിൻെറ വീട്ടിലേയ്ക്കോ, ഭർത്താവിൻെറ വീട്ടിലേയ്ക്കോ പോകുന്ന ഒരു യുവതി ആയിരിക്കാം.

ഇസ്‌ലാം, എന്നെ അയാളുടെ സഹപാഠിയുടെ വീട്ടിലൂടെ കൊണ്ടുപോയാണു് മടങ്ങിയതു്. മുൻവശത്തെ ചാവടിപ്പുരയിൽ ഞങ്ങളെ ഇരുത്തി. ഞങ്ങൾ മടങ്ങിവരുന്നതിനിടയ്ക്കു് അവിടെ സൽക്കാരത്തിനുള്ള സംരംഭമായിരുന്നു. വെളുത്ത വസ്ത്രവും വിയർപ്പുമാററിയ ദേഹവുമായി അയാൾ എത്തി. കാളേജ്‌വിദ്യാർത്ഥി എങ്കിലും ഇംഗ്ലീഷിൻെറ സ്വാധീനക്കുറവുകൊണ്ടു് അയാൾ അധികം സംസാരിച്ചില്ല. അയാൾ എപ്പോഴും ചിരിച്ചുനിന്നു. പന്ത്രണ്ടിലധികം കോഴിമുട്ട പുഴുങ്ങി മുളകുമസാല പുരട്ടി ചുവപ്പിച്ച ഒരു വെള്ളപിഞ്ഞാണി നിറയെ ആയി കൊണ്ടുവന്നു. അതുപോലെ വലിയ അളവിൽ ചായയും.

ഞങ്ങൾ വേഗത്തിൽ 'ടോം ടോ'മിൽ എത്തി. ഞങ്ങൾ താമസിച്ചുപോയതായി വണ്ടിക്കാരൻ പരാതിപ്പെട്ടു. എനിക്കു കൽക്കട്ടായിലേക്കു പോകേണ്ട ട്രെയിൻ ആറരമണിയോടടുത്തു് സിറാജ്‌ഗഞ്ചിൽ എത്തും. അതിനു വളരെ ചുരുങ്ങിയ ഒരു സമയമേ അവശേഷിച്ചിരുന്നുള്ളു.

വൈസ്‌പ്രിൻസിപ്പാലിൻെറ വീട്ടിൽ ചെറുപ്പക്കാരനായ മറെറാരു കാളേജദ്ധ്യാപകൻ കൂടി ഉണ്ടായിരുന്നു. റയിൽവേ സ്റ്റേഷനിലേക്കുള്ള യാത്രയിൽ 'ടോം ടോ'മിൽ വച്ചാണു് ഞങ്ങൾ സംസാരിച്ചതു്. ആ ചുരുങ്ങിയ സമയത്തിനുള്ളിൽ, ആലപ്പുഴയും കൊല്ലവും ഉൾപ്പെടെയുള്ള കേരളത്തിലെ പട്ടണങ്ങളേ

യും വ്യവസായങ്ങളേയുംപററി അറിയാൻ അദ്ദേഹം വളരെ തല്പരനായിരുന്നു. കൊല്ലത്തിൻെറ ചരിത്ര പ്രാധാന്യം അദ്ദേഹം അറിഞ്ഞിട്ടുണ്ട്. അദ്ദേഹം കൊല്ലം എസ്. എൻ. കാളേജിനെപ്പററിയും അവിടുത്തെ വിദ്യാത്ഥികളെപ്പററിയും ചോദിച്ചു ഞാൻ പറഞ്ഞു, അവർ കാലം അറിഞ്ഞ വിപ്ലവകാരികളാണെന്ന്. അദ്ദേഹം പുഞ്ചിരിച്ചു. എസ്. എൻ. കാളേജ് പ്രിൻസിപ്പാൾ അവിടെ ഉദ്യോഗത്തിനു തന്നെ ക്ഷണിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

'ടോം ടോം' കാളേജിൻെറ മുമ്പിൽ ആയപ്പോൾ അദ്ദേഹം ഇറങ്ങി. ഒരു extra ക്ലാസ്സിനു വിദ്യാർത്ഥികൾ, വരാന്തയിൽ തങ്ങളുടെ അദ്ധ്യാപകനെ കാത്തു നിന്നു. അവരുടെ കയ്യിൽ മടക്കിയ കമ്പിളിപ്പുതപ്പുകൾ കണ്ടു. സന്ധ്യ കഴിഞ്ഞാൽ വളരെ തണുപ്പായിരിക്കുമെന്ന് 'ടോം ടോ'മിൽ ഇരുന്ന എന്നോടു അവർ വിളിച്ചുപറഞ്ഞു.

ഞാൻ പറഞ്ഞു–"നല്ലതുതന്നെ. വേണ്ടിവന്നാൽ നിങ്ങളുടെ അദ്ധ്യാപകനേയും രക്ഷിക്കാമല്ലോ."

* * *

ഞാൻ സിറാജ്ഗഞ്ച് റയിൽവേസ്റ്റേഷനിൽ വണ്ടികാത്തു നിൽക്കുകയാണ്. രണ്ടുമൂന്നു മിനിററേ ഉള്ളൂ—എൻെറ പാകിസ്ഥാൻ പര്യടനത്തിൻെറ അവസാനനിമിഷങ്ങൾ അതിവേഗം കടന്നുപോകുന്നു.... അടുത്ത പ്രഭാതത്തിൽ ഞാൻ കൽക്കട്ടായിൽ എത്തും. പൂർവ്വപാകിസ്ഥാനിലുള്ള എല്ലാ മിത്രങ്ങളേയും ഞാൻ

പിരിയുകയാണ്. ഈ മിത്രങ്ങളെ തിരിച്ചറിയാൻ ഞാൻ അവരുടെ അടുത്തേയ്ക്കു വന്നു,-ദാരിദ്ര്യത്തിൽ, മതവിദ്വേഷത്തിൽ, പ്രഭുമേധാവിത്വമർദ്ദനത്തിൽ, ഞെരിയുന്ന ജനങ്ങളിൽ നിന്നും, രാഷ്ട്രീയതന്ത്രങ്ങൾ അറിഞ്ഞുകൂടാത്ത സ്നേഹശീലരായ നല്ല മനുഷ്യരെ, യുവവിപ്ലവകാരികളെ, ബുദ്ധിജീവികളെ തിരിച്ചറിയാൻ ഞാൻ പൂർവ്വപാകിസ്ഥാനിൽ വന്നു. ഞാൻ പിരിയുകയാണ്.-വിഷാദാത്മകത്വം എനിക്കു തോന്നാതിരിക്കുവാൻ കഴിഞ്ഞില്ല.

പ്ലാററ്ഫോമിൽ എന്നോടു ചേൎന്ന് സയ്ഫുൾ ഇസ്ലാമും അദ്ദേഹത്തിൻെറ രണ്ടുമൂന്നു സ്നേഹിതരും നിൽക്കുന്നു. പൂർവ്വബംഗാളുമായി പരിചയപ്പെടുന്നതിന് എന്നെ അവസാനമായി സഹായിച്ച പ്രിയപ്പെട്ട ഇസ്ലാം!—കാളേജിലെ പ്രബുദ്ധതയുള്ള വിദ്യാൎത്ഥികളിൽ ഒരാളാണ് അയാൾ എന്ന് സംശയമില്ല. എൻെറ കൂടെ ഗ്രാമത്തിലേയ്ക്കു വരാൻ അയാളെ അദ്ധ്യാപകർ തിരഞ്ഞെടുത്തതു് അതുകൊണ്ടുതന്നെയാവാം. അയാൾ എപ്പോഴും മന്ദസ്മിതം തൂവി, നാട്ടുകാരുടെ ശബ്ദത്തെ എനിക്കു പരിഭാഷ ചെയ്തുതന്നു. അവർ പറഞ്ഞതിൽ, അയാൾ വളരെയൊക്കെ വിട്ടുപോയിട്ടുണ്ടാവും. ഇംഗ്ലീഷിലേയ്ക്കു പരിഭാഷ ചെയ്യുന്നതിലുള്ള അയാളുടെ കഴിവു പരിമിതമായിരുന്നു. അതു് പാകിസ്ഥാനിലെ വിദ്യാഭ്യാസരീതിയുടെ ന്യൂനത മാത്രമാണ്. ഇസ്ലാമിനു ബംഗാളിഭാഷയിലും സാഹിത്യത്തിലും വളരെ പ്രതിപത്തിയുണ്ട്.

ട്രെയിൻ വന്നു. എൻെറ കൂടെ ഇസ്ലാമും ട്രെ

യിനകത്തു കയറി. ആ കൊച്ചു സ്റ്റേഷനിൽ ആ വലിയ വണ്ടികൾ രണ്ടുമൂന്നു മിന്നിററിൽ കൂടുതൽ നില്ക്കുക സാദ്ധ്യമല്ല. ട്രെയിൻ വിട്ടു. ഇസ്ലാം എൻെറ കൂടെ ട്രെയിനിനകത്തുതന്നെ നില്ക്കുകയാണ്. ട്രെയിൻ വിട്ടത് അയാഠം അറിയുന്നുണ്ട്. അവസാനമായി അയാഠം സ്നേഹവാത്സ്യോടെ ആലിംഗനം ചെയ്തു. പുഞ്ചിരിച്ചുകൊണ്ടുള്ള അയാളുടെ അപ്പോഴത്തെ മധുരമായ മുഖഭാവം ഞാൻ ഓക്കുന്നു. അയാളുടെ കയ്യിൽ അമത്തി മുറുകെ ഞാൻ ഹസ്തദാനം ചെയ്തു. അയാഠം സവിനയം പറഞ്ഞു:—

"താങ്കളുടെ കൂടെ ആയിരുന്ന അവസരങ്ങളിൽ അറിവില്ലായ്മ വല്ലതും കാണിച്ചുവെങ്കിൽ ഞാൻ അതിനു മാപ്പു ചോദിക്കുന്നു."

ഇസ്ലാം ട്രെയിനിൽ നിന്നും ചാടി ഇറങ്ങി.

ഞാൻ ജന്നലിങ്കൽ വന്ന് തെല്ലുനേരം വെളിയിലേയ്ക്കു നോക്കി.

കോട്ടിട്ട തടിച്ച സഹയാത്രക്കാരൻ എന്തോ പ്രാധാന്യത്തോടെ എന്നെ വീക്ഷിക്കുന്നുണ്ട് അയാഠം പുഞ്ചിരിച്ചു. എനിക്ക് ഇരിക്കുവാനും കിടക്കുവാനും വേണ്ടുവോളം സ്ഥലമുണ്ട്.

പൂവ്വബംഗാളിൻെറ മദ്ധ്യേ ഞാനൊന്നു കറങ്ങി വന്നു. തുറമുഖങ്ങളും കൊച്ചുപട്ടണങ്ങളും പൂർവ്വഭാഗത്തെ മലനാട്ടുകളും ആയി, എന്നേപ്പോലുള്ള ഒരു സന്ദർശകന് സഞ്ചരിക്കുവാൻ അവിടെ വളരെ സ്ഥലമുണ്ട്.

പൂവ്വപാകിസ്ഥാനിൽ നിന്നും ഇന്ത്യയുടെ ഇതര

ഭാഗങ്ങളിലേയ്ക്കും കാഷ്മീരിലേക്കും ഞാൻ യാത്ര തുടന്നു. ഓരോ ദിവസവും എനിക്കു സംഭവബഹുലമായിരുന്നു. ദീർഘമായ ആ യാത്രയ്ക്കുശേഷം തയ്യാറാക്കിയ ഈ വിവരണത്തിൽ ചില വിവരങ്ങൾ വിട്ടുപോയിരിക്കാം.

ചുരുങ്ങിയ ഒരു കാലം മാത്രമേ എനിക്കു പൂവ്വ പാകിസ്ഥാനിൽ സഞ്ചരിക്കുവാൻ കഴിഞ്ഞൊള്ളൂ. ജനങ്ങളെ കാണാൻ ചെല്ലുന്ന ഒരു ബുദ്ധിജീവിയുടെ ആത്മരക്ഷയെ ഭീതിപ്പെടുത്തുന്ന നിയന്ത്രണങ്ങൾ അവിടെ അനുഭവപ്പെട്ടു. എങ്കിലും, കണ്ടിടത്തോളം ഞാൻ കൃതാർത്ഥനാണ്. പ്രതീക്ഷിച്ചിരുന്നതിലും വളരെ കൂടുതൽ ജനങ്ങളോട്ട് അടുക്കുന്നതിനു എനിക്കു കഴിഞ്ഞു.

ആശങ്കയോടെ ഇന്ത്യയെ വീക്ഷിയ്ക്കുന്ന ഇന്ത്യയിൽ വീക്ഷിയ്ക്കപ്പെടുന്ന പൂവ്വബംഗാളിലേക്കു ഞാൻ പോയി. അവിടുത്തെജനങ്ങളെ മനസ്സിലാക്കുവാനുള്ള എൻെറ യത്നത്തെ ഭീതിപ്പെടുത്തത്തക്കതായിരുന്നു അവരെ പ്രതിനിധീകരിക്കുന്ന കല്ക്കട്ടായിലെ പാകിസ്ഥാൻഡെപ്യൂട്ടിഹൈക്കമ്മീഷണർഓഫീസ്സിലെ എൻെറ അനുഭവം. പൂവ്വബംഗാളിൽ ചരിത്രസ്മാരകങ്ങൾ ഇല്ലെന്നു് അവർ പറഞ്ഞു. കാഴ്ചബംഗ്ലാവില്ലെന്നു് അവർ പറഞ്ഞു. അവ ഉണ്ടെങ്കിലും എനിക്കു ജനങ്ങളെ മാത്രം കണ്ടാൽ മതിയായിരുന്നു. അവരെ മനസ്സിലാക്കുകയും അവരുടെ ചിത്തത്തിൽ സ്പർശിക്കുകയും മാത്രം ചെയ്താൽ മതിയായിരുന്നു.

പാകിസ്ഥാൻ ഹൈക്കമ്മീഷണരുടെ ഒന്നാം

സെക്രട്ടറി പറഞ്ഞു, ഞാൻ പൂർവ്വപാകിസ്ഥാനിൽ 'പാലും തേനും ഒഴുകുന്ന ഒരു രാജ്യം' കാണുമെന്ന്. അങ്ങിനെ ആയിരുന്നെങ്കിൽ!-ഞാൻ ഇടപഴകിയ ആ നാട്ടുകാരുടെ ആനന്ദത്തുടിപ്പുകൾ ആഹ്ളാദത്തോടെ കടലാസ്സിൽ പകത്തുമായിരുന്നു—പക്ഷേ പാലും തേനും അവിടെ ഒഴുകുന്നില്ല. കായലിൻെറ വീതിയുള്ള, സമുദ്രത്തിൻെറ ആഴമുള്ള ഗംഭീരങ്ങളായ നദികൾ മാത്രം അവിടെ ഒഴുകുന്നു. മണ്ണില്ലാത്ത മക്കൾക്കു മത്സ്യം നൽകി, അവ ഒഴുകുന്നു. വൻപിച്ച ജന്മികളുടെ ഭരണമേധാവിത്വത്തിൻകീഴിൽ, മനുഷ്യരുടെ രക്തവും കുടിച്ച് പ്രഭുത്വത്തിൻെറ ശൃംഗങ്ങൾ ഉയത്തുന്ന വിശാലമായ പാടങ്ങൾക്ക് ഇടയ്ക്കുകൂടെ ആ നദികൾ ഒഴുകുന്നു.

ആ പാടങ്ങൾക്കിടയ്ക്ക്, ജന്മിത്വം അവകാശപ്പെടുന്ന ഫലവൃക്ഷങ്ങളുടെ വീർപ്പു മുട്ടിക്കുന്ന തണലിൽ മുളകൊണ്ടു കെട്ടിയ കർഷകക്കുടിലുകൾ തൂങ്ങുന്നു കൂടിനിൽക്കുന്നു· അവ്വർ വേല എടുക്കുന്ന പാടം അവക്ക് അവകാശപ്പെട്ടതല്ല. അവിടെ, അവരുടെ വിയർപ്പിൽ ഉയർന്നു ചാഞ്ചാടുന്ന കതിർക്കൂട്ടം, അവക്കാശ്വാസമല്ല. നാടു മുഴുവൻ വിളഭൂമികൾ ഉള്ളപ്പോൾ, അവർ പട്ടിണിയിൽ ജീവിക്കുന്നു!-

അവരുടെ ഗ്രാമങ്ങളിൽവച്ച്, അവരുടെ വാഹനങ്ങളിൽ വച്ച്, ഞാൻ അവരെ കണ്ടു. അവരുടെ ജീവിതം മണ്ണിനോട് ഒട്ടിപ്പിടിച്ചുകിടക്കുന്നു. പക്ഷേ, സെമിന്ദാരികൾ, അവരെ ആ മണ്ണിനോടു ചേത്തു് അരയ്ക്കുകയാണ്. ഒരു നീണ്ട സമരം അവക്കു മുമ്പിൽ കിടക്കുന്നു! മണ്ണ് മോചിപ്പിക്കുവാനുള്ള സമരം!!-

മുമ്പു ഞാൻ അറിഞ്ഞിട്ടുള്ള മനുഷ്യജീവികളേക്കാൾ ദൈന്യത കുറഞ്ഞവരായി, മനുഷ്യസ്നേഹം ഇല്ലാത്തവരായി, ഞാൻ എങ്ങും അവരെ കണ്ടില്ല. മണ്ണിനെ സ്നേഹിക്കുന്നതുപോലെ അവർ അയൽവാസികളായ മനുഷ്യരേയും സ്നേഹിച്ചു. ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ആചാരവലയങ്ങളെ ലംഘിച്ച്, അയൽവാസികളായ ഹിന്ദുക്കളെ അവർ ആത്മാർത്ഥമായി സ്നേഹിച്ചു. സാമൂഹ്യജീവിതത്തിൽ, ഇരുക്കൂട്ടരും സ്നേഹത്തിൽ ഉറച്ച നല്ല പങ്കാളികളായിരുന്നു. എല്ലാ മനുഷ്യരേയും കൂട്ടിപ്പിടിച്ചു കിടക്കുന്ന മഹത്തായ ഒരു സംസ്കാരം തങ്ങളുടെ പൂർവ്വികർ കെട്ടിപ്പടുത്തിട്ടുണ്ടെന്നും അവർ വിശ്വസിച്ചു. മാത്രമല്ല, അവർക്കെല്ലാം അറിയാം അവരെ പുരാതനരായ ഹിന്ദുക്കളിൽനിന്നും മതംമാററം ചെയ്യപ്പെട്ടിട്ടുള്ളതാണെന്ന്. ഹിന്ദുക്കൾ തങ്ങളുടെ സഹോദരികളും സഹോദരന്മാരുമാണെന്ന്!–

TTAYAM PUBLIC LIBRARY KOTTAYAM

അവരോടു പറഞ്ഞു,–മതമാണ് ഏററവും വലുതെന്ന് ജീവിതവും മനുഷ്യന്റെ ആനന്ദവും മുക്തിയും നൽകുന്നതു് ദൈവവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന മതമാണെന്ന്.

അവരോടു പറഞ്ഞു, തങ്ങളുടെ ദൈവവിചാരത്തെ പാലിക്കുവാനും തങ്ങളുടെ ദൈവവിശ്വാസികളെ രക്ഷിക്കുവാനും പ്രത്യേകമായൊരു രാഷ്ട്രം വേണമെന്ന്.

ഹിന്ദുക്കൾ, തങ്ങളുടെ ദൈവവിശ്വാസം പാലിക്കാൻവേണ്ടി മുസ്‌ലിങ്ങൾക്ക് എതിർ നിൽക്കുന്ന

വരാണെന്ന് അവരെ ധരിപ്പിച്ചു. ഹിന്ദുക്കൾ അവരുടെ ദൈവത്തിൽ വിശ്വാസം ഇല്ലാത്തവരും അവരെ വെറുക്കുന്നവരും ആണെന്നു ധരിപ്പിച്ചു. തങ്ങൾക്കു ലഭിച്ച പ്രേരണയിൽ, സ്വന്തം മതം രക്ഷിയ്ക്കാനെന്നുള്ള വിശ്വാസത്തിൽ അവർ ന്യൂനപക്ഷമായ ഹിന്ദുക്കളെ ആക്രമിച്ചു. അതുകൊണ്ട് വർഗ്ഗീയലഹള ഉണ്ടായി......

അവരെ അങ്ങിനെ മനുഷ്യക്കൊലയ്ക്കു പ്രേരിപ്പിച്ചതു്, അവർ പാലിച്ച ദൃഢമായ മനുഷ്യസ്നേഹത്തിൽ കുത്തിയ വഞ്ചനയുടെ കത്തി ആയിരുന്നു. അവർ അതിൽ അതീവ ദുഃഖിതരാണ്. അവർ എന്നോടു പറഞ്ഞു തങ്ങൾ 'തെററു ചെയ്തു എന്ന്.'

അവർ പ്രവർത്തിച്ചതു്, സ്വന്തം ആത്മവിശ്വാസത്തിലല്ല, ചിന്താശക്തിയിലല്ല. അവർക്കു സാമൂഹ്യബോധം കുറവാണ്. രാഷ്ട്രീയവിശ്വാസങ്ങളില്ല. അവർ അന്ധമായി അനുസരിച്ചതു് അവരെ അടിമകളായി വച്ചിരിക്കുന്ന സെമിന്ദാരന്മാരെയാണ്. കൊലയ്ക്കു പ്രചോദനം നൽകിയതു് ആ ജന്മികളാണ്.

അവസാനം നേതാക്കൾ പറഞ്ഞ പ്രത്യേകരാഷ്ട്രം കിട്ടി. ജന്മികൾ നാടൊട്ടുക്കു ജനങ്ങളുടെ രക്തം ഒഴുക്കിയതു് അതിനാണ്. ജന്മികളും അവരുടെ നേതാക്കന്മാരും കൂടി ഭരണക്കൂടമുണ്ടാക്കി. മന്ത്രിമാരായി. അധികാരികൾ സ്വന്തം രാഷ്ട്രമെന്ന് ജനങ്ങളോടു വിളിച്ചുപറയുന്നു. എങ്കിലും ജനങ്ങൾക്കു ഭൂമിയില്ല. അവരുടെ ജീവിതം കടുത്ത വിലക്കയററം കൊണ്ട് ഒന്നിനൊന്ന് അധഃപതിക്കുക മാത്രം ചെയ്തു.

ഏകമതാനുയായികളുടെ രാഷ്ട്രമായതുകൊണ്ട്, അവരുടെ ദൈവവിശ്വാസം വർദ്ധിച്ചതായുമില്ല. പഴയതുപോലെ ഇപ്പോഴും അതാതു സമയങ്ങളിൽ പള്ളിയിൽ നിന്നും നീണ്ട വാങ്കുവിളി കേൾക്കും. പഴയതുപോലെ ഇഷ്ടമുള്ളവർ പള്ളിയിൽ പോകും. അവക്കു ദൈവത്തെ മനസ്സിലാക്കി കൊടുക്കേണ്ട ഹാഫിസ്സുകൾ തന്നെയും, ദുഃഖംകൊണ്ട്, പട്ടിണികൊണ്ട്, നിരാശകൊണ്ട്, ഇടിഞ്ഞുതേഞ്ഞവരാണ്. അദ്ദേഹം ദൈവത്തെപ്പററി അവരോടു പറയുന്നതുകൊണ്ടു അദ്ദേഹത്തോട് അവക്കു അടുപ്പമുണ്ട്. ഞാൻ കേട്ടു,–അദ്ദേഹം പറയുന്നു. പാവങ്ങളായ ഗ്രാമീണർക്കു സ്കൂളില്ല എന്ന്. അവക്കു വിദ്യാഭ്യാസ സൌകര്യം ഇല്ല എന്ന്, ജനങ്ങൾ അറിയുന്നുണ്ട്,–അവക്ക് വിദ്യാഭ്യാസം ഉണ്ടാകുമ്പോൾ, വിശാലമായ ലോകത്തെപ്പററിയും കെട്ടുപിണഞ്ഞു കിടക്കുന്ന മനുഷ്യബന്ധത്തെപ്പററിയും വിജ്ഞാനം ഉണ്ടാകുമ്പോൾ, അവർ ഒരിയ്ക്കലും മററുള്ളവരുടെ ഉപകരണം ആകുകയില്ല. അവക്കു സ്വന്തം തെററുതിരുത്താൻ കഴിയും. അവക്കു സ്വന്തമായ ഭരണവും, ജീവിതവും സ്വതന്ത്രമായ മനുഷ്യബന്ധവും ഉണ്ടാക്കാൻകഴിയും. ഇന്നുവരെ സംഭവിച്ചതുപോലെ അവർവഞ്ചിയ്ക്കപ്പെടുകയില്ല.

അവരുടെ നാട്ടിലെ അദ്ധ്യാപകർ എന്നോടു പറഞ്ഞു. ജനങ്ങൾക്കു വിദ്യാഭ്യാസം നൽകാത്തതു് ഗവമ്മെൻറിൻെറ നയമാണെന്ന്.

"ജനങ്ങൾക്കു് അറിവുണ്ടായാൽ അവർ കൊള്ളരുതായ്മകളെ എതിക്കും. ജനങ്ങളെ അടിമകളും വിഡ്ഢികളും ആക്കിത്തീക്കണമെന്നാണ് ഗവമ്മെൻറിൻെറ നയം."

12 OCT 1981

ജനങ്ങളെ വെളിച്ചത്തിൽനിന്നും മാററിനിത്തുന്നതിന് ഭരണാധികാരികൾ തന്ത്രവും ശക്തിയും മർദ്ദനവും പ്രയോഗിക്കുന്നു. ഇന്ത്യയ്ക്കെതിരായി 'ജിഹാദ്!' ജനങ്ങളെ ഘനത്ത ആഭ്യന്തര പ്രശ്നങ്ങളിൽ നിന്നും വേർതിരിപ്പിച്ച് ഒരു യുദ്ധവെപ്രാളത്തിൽ പമ്പരം ചുററുന്നു. ജനങ്ങൾക്കു സംഘടന ഉണ്ടാക്കാൻ, അവരെ അവശതകൾ ധരിപ്പിയ്ക്കുവാൻ, മനുഷ്യജീവിതത്തേയും സമാധാന നിർഭരമായ രാഷ്ട്രബന്ധത്തേയും പററി അവർക്ക് അറിവുകൊടുക്കുവാൻ ശ്രമിച്ച ഇടതുപക്ഷ പ്രവർത്തകരെ മർദ്ദിച്ചു, ജയിലിലടച്ചു. സംഘടനകൾ തകർത്തു. പക്ഷെ അവരെ വിശ്വസിക്കുന്ന ബുദ്ധിജീവികൾ, അദ്ധ്യാപകരും വിദ്യാർത്ഥികളും പാകിസ്ഥാനിലെ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്നു. ഭരണകൂടത്തിൻെറ മർദ്ദനസംവിധാനത്തിൽ, ബുദ്ധിയുള്ള ജനവിഭാഗം വിപ്ലവാത്മകമായ അവരുടെ രാഷ്ട്രീയ വിശ്വാസങ്ങളിൽ അനുദിനം കൂടുതൽ തീവ്രവാദികളായ്ത്തീരും!—ഇന്നു ജയിലിൽ കിടക്കുന്ന ജനനേതാക്കളുടെ കാലടികളെ പിന്തുടൎന്നുകൊണ്ടു അവർ വിപ്ലവത്തിൻെറ ജ്വാല ഉയർത്തിപ്പിടിയ്ക്കും!—

മതം പറഞ്ഞു് അവരെ കബളിപ്പിയ്ക്കുവാൻ ഒക്കുകയില്ല. കാരണം മനുഷ്യബന്ധത്തിനു വിരുദ്ധമായി നില്ക്കുന്ന മതത്തെ അവർ വെറുക്കുന്നു. ജന്മിത്വം കൊടുത്തു് അവരെ കയ്യിലാക്കാൻ ഒക്കുകയില്ല. അവർ നിലകൊള്ളുന്നതു് സെമിന്ദാരിയിൽനിന്നും ഭൂമി മോചിപ്പിച്ച്, കർഷകത്തൊഴിലാളിയുടെ കരുത്തേറിയ കയ്യോട്ടിൻെറ മുമ്പിൽ അർപ്പിക്കുവാനാണ്. സ്ത്രീകളുടെ സന്മാർഗ്ഗം പറഞ്ഞാലും അവർ വഞ്ചിയ്ക്കപ്പെട്ട

കയില്ല-അവരുടെ നിശ്ചയം മൂടുപടം പൊളിച്ച് ആ ചാരശൃംഖലകൾ തകർത്ത്, ജീവിതവ്യഗ്രതയിൽ,സ്ത്രീയ പുരുഷൻെറ തോളോടു ചേർത്തു നിർത്തുവാനാണ്.

അവർ പാകിസ്ഥാനു പ്രകാശം കൊണ്ടുവരും!-

അവർ വരുമ്പോൾ, മണ്ണും മനുഷ്യരും സ്വതന്ത്രമാകും. രാഷ്ട്രം, മതത്തിൻേറതിൽനിന്നും മനുഷ്യൻേറതാകും. അന്നു വിശാലമായ വയലുകളിൽ നീണ്ട കതിരുകൾ ആടുമ്പോൾ മനുഷ്യന് ആനന്ദം ഉണ്ടാകും. ആവമ്പിച്ച മുളങ്കൂട്ടങ്ങളിൽനിന്നും കാൺക്രീററു വരെ പണിയും. ചണവും തുണിയും നെയ്യുന്ന വ്യവസായശാലകൾ ഉയരും. വൻനദിയിലെ മത്സ്യസമ്പത്ത് തീററിും പണവും കൊണ്ടുവരും. നദിയുടെ ഒഴുക്കിൽനിന്നും വിദ്യുച്ഛക്തി എടുക്കും.

നാടൊട്ടുക്കു വിളക്കു കത്തും!-

പാകിസ്ഥാനിലെ യുവതലമുറയുടെ സന്ദേശം, ഞാൻ ഉച്ചത്തിൽ പറയുന്നു,- പാകിസ്ഥാൻ ഒരുകാലവും ഒരു മതാധിപത്യ രാഷ്ട്രമായി നിലകൊള്ളാൻ പോകുന്നില്ല. ഇന്ത്യയ്ക്കൊപ്പമായി, ഏഷ്യയിലെ എല്ലാ രാജ്യങ്ങൾക്കും ഒപ്പമായി, പാകിസ്ഥാനിലും ഒരു സോഷ്യലിസ്ററു വ്യവസ്ഥിതി ഉയരും!!-

വെളുപ്പാംകാലത്തെ ശീതളിമയിൽ അമന് പുലരിയിൽ ഞാൻ കൽക്കട്ടായിൽ എത്തി,-സുരക്ഷിതനായി, സംതൃപ്തനായി, വിജയചിത്തനായി.

ഡാക്കായിലുള്ള സുഹൃത്തുക്കൾ ആവശ്യപ്പെട്ടു, ഇന്ത്യയിൽ എത്തിയശേഷം അവക്ക് എൻെറ സന്ദേശം അയച്ചുകൊടുക്കണമെന്ന്. പാററ്നായിൽനിന്ന് ഞാൻ അതു് അയച്ചു,-

"എൻെറ സുഹൃത്തുക്കളേ,

"ഈ സന്ദേശം എഴുതാൻ തൂലിക എടുക്കുമ്പോഠം, നിങ്ങഠം എനിയ്ക്കു നൽകിയ മധുരവും വിശുദ്ധവും ആയ സ്നേഹത്തിൻെറ സ്മരണകഠം എൻെറ ഹൃദയം നിറഞ്ഞു കവിയുന്നു. നിങ്ങളിൽ ചിലരോടുകൂടി, ഗ്രാമങ്ങളിലൂടെ വീടുതോറുംപോയി കർഷകരോടു സംസാരിച്ച് ഞാൻ അലഞ്ഞുനടന്നപ്പോഠം, അവരുടെ ലാളിത്യം എനിയ്ക്കാശ്വാസം നൽകി. അവരുടെ ആത്മാർത്ഥത എൻെറ ഹൃദയത്തിനു കുളിർമ്മയേകി. അവരുടെ സ്നേഹം എന്നിൽ ജീവത്തായി വിലസുന്നു. അവരുടെ അജ്ഞതയിൽ ഞാൻ ഖേദിക്കുന്നു. കാരണം, അവർ എൻെറ സ്വന്തം ആളുകഠം ആണ്.

ഇടുങ്ങിയ മനസ്ഥിതി ഇല്ലാത്ത, വിശപ്പില്ലാത്ത, അടിമത്വമില്ലാത്ത, ജനത അധിവസിക്കുന്ന ഒരു ലോകം നാം കാണുന്നുണ്ട്.

"പാകിസ്ഥാനിലെ യുവാക്കളേ!—നിങ്ങളുടെ കാളേജുകളിലും ഹോസ്റ്റലുകളിലും വീടുകളിലും, എൻെറ ചുറ്റും നിങ്ങഠം കൂടിയപ്പോഠം, നിങ്ങളോട് ഞാൻ ദീർഘമായി സംസാരിച്ചപ്പോഠം, നിങ്ങഠം എത്ര രാഷ്ട്രീയ പ്രബുദ്ധരാണെന്ന് ഞാൻ മനസ്സിലാക്കി. ജനതയെ പ്രോജ്ജ്വലമായ ഒരു ലക്ഷ്യത്തിലേക്കു നയിക്കുന്നതിനുള്ള, നിങ്ങളുടെ ശക്തിയിലും ധീരതയിലും എനിയ്ക്കു പൂർണ്ണമായ വിശ്വാസമുണ്ട്!!—"

SAHITHYA ... KOTTAYAM ... LTD.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 910 Acc. No. 34416

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 31 OCT 1999 | | |
| 22 DEC ... | | |
| 16 AUG 2004 | | |
| 14 SEP 2004 | | |
| 29 NOV 2005 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

910 34416

ബാലകൃഷ്ണപിള്ള, ഒ.കെ

കിഴക്കേ പാകിസ്ഥാനിൽ

574418

KOTTAYAM PUBLIC LIBRARY

Call No 910 Acc. No 34416

Author ബാലകൃഷ്ണപിള്ള. കെ. ജി

Title കിഴക്കേ പാകിസ്ഥാനിൽ

Indic Digital Archive Foundation

gpura.org